
കുമാരപുരം ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനരേഖ




OFFICE OF THE KUMARAPURAM GRAMA PANCHAYAT

ജനകീയാസൂത്രണ പ്രസ്ഥാനം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി


കുമാരപുരം ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസനരേഖ



ആലപ്പുഴജില്ല

കേരളം



കുമാരപുരം ഗ്രാമ പഞ്ചായത്ത്
ഭരണ സമിതി



ബി. ആനന്ദവല്ലി
(പ്രസിഡൻറ്)



എൻ. പുഷ്പാംഗദൻ
(വൈസ്. പ്രസിഡൻറ്)



കെ. യശോദരൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)



ആശാ രാമചന്ദ്രൻ



എം. പി. രഘുനാഥ്



എ. അസനാരുകുഞ്ഞ



ശിവാനന്ദൻ. എം



ടി. ഗീതാകുമാരി



വി. സരസ്വതിയമ്മ



ദയാനന്ദൻ. കെ

മുൻകാല സാരഥികൾ



വി. കൃഷ്ണൻ



കെ. യശോധരൻ



ജി. പി. മംഗലത്ത്മഠം




കെ. കെ. കൃഷ്ണൻനായർ



ആർ. സി. പൊടിക്കളം

കുമാരപുരം ഗ്രാമ പഞ്ചായത്ത്



ഭരണസാരഥികൾ 1950 - 95

ഭരണസമിതി അംഗങ്ങൾ	സീറ്റ് നം.	കാലയളവ്	കുറിപ്പ്
കെ. എം. ഉണ്ണിത്താൻ (പ്രസിഡൻറ്) എം. അപ്പുക്കുട്ടൻ എൻ. ജി. ഭരതൻവൈദ്യൻ എൻ. കേശവപിള്ള എസ്. പത്മനാഭൻ	6	1950 - 53	
വി. കൃഷ്ണൻ (പ്രസിഡൻറ്) ആർ. ശങ്കരക്കുറുപ്പ് പി. കെ. ശ്രീധരൻനായർ ജി. ഗോപാലപിള്ള എൻ. വാസുദേവൻപിള്ള കെ. എൻ. രാഘവൻ	6	1953 -59	
ജി. ഗോപാലപിള്ള (പ്രസിഡൻറ്) എൻ. വാസുദേവൻപിള്ള എൻ. കരുണാകരൻ ടി. കെ. നാരായണൻ കെ. എൻ. രാഘവൻ പി. കെ. ശ്രീധരൻനായർ	6	1959 - 64	
ആർ. ചെല്ലപ്പൻ (പ്രസിഡൻറ്) കെ. സുകുമാരൻ എസ്. അനിരുദ്ധൻ എൻ. ജനാർദ്ദനൻപിള്ള എം. വി. ജോസഫ് എൻ. രാജമ്മ കെ. ചെല്ലപ്പൻ	7	1964 - 79	
കെ. കെ. കൃഷ്ണൻനായർ (പ്രസിഡൻറ്) എൻ. പുഷ്പാംഗദൻ കെ. അശോകപ്പണിക്കർ ടി. എൻ. കൃഷ്ണൻകുട്ടി പി. ഒ. ഇബ്രാഹിംകുട്ടി എം. ഗോപിനാഥപ്പണിക്കർ കെ. യശോധരൻ സി. കെ. രാമപ്പണിക്കർ കെ. സതീഭായി	9	1979 - 84	
കെ. യശോധരൻ (പ്രസിഡൻറ്) എൻ. ജനാർദ്ദനൻപിള്ള പി. ഭാർഗവൻ കെ. സുകുമാരൻ കെ. രാധമ്മ എ. അസനാരുകുഞ്ഞ് എം. രവീന്ദ്രൻ കെ. ചെല്ലമ്മ ബി. ആനന്ദവല്ലി	9	1988 - 95	


കെ. പത്മനാഭപിള്ള
എം. ജയരാമൻ
എം. തങ്കപ്പൻ
സി. ജി. വർഗീസ്
ഡി. സുധീഷ്
എ. കൃഷ്ണൻകുഞ്ഞ്
യു. ദിലീപ്കുമാർ
ആർ. പ്രകാശൻ
എസ്. ഡി. ബേബി
സി. ചെല്ലമ്മ
ജില്ലാ പരിശീലകർ

ക്രമ. നം	ഉ ള്ള ട ക്ക ം	പേജ്
01.	വികസന രേഖയ്ക്ക് ഒരാമുഖം	
02.	പഞ്ചായത്ത് ഒറ്റനോട്ടത്തിൽ	
03.	സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം	
04.	ഭൂ പ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി	
05.	സാമൂഹ്യ സാമ്പത്തിക മേഖലകൾ	
	01. കൃഷി, ജലസേചനം	
	02. മൃഗ പരിപാലനം, മത്സ്യ ബന്ധനം	
	03. വിദ്യാഭ്യാസം	
	04. കുടിവെള്ളം, പൊതുജനാരോഗ്യം	
	05. വ്യവസായം	
	06. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	
	07. പാർപ്പിടം, സാമൂഹ്യ ക്ഷേമം	
	08. സംസ്കാരം	
	09. വനിത	
	10. സഹകരണ സംഘങ്ങൾ	
	11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	
	12. വിഭവ സമാഹരണം	
06.	1996-97 നാം പിന്നിട്ട വികസന പാതകൾ	
07.	ഉപസംഹാരം	



"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ, അപ്പോൾ മാത്രമേ ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുകയുള്ളൂ"

— ഗാന്ധിജി



വികസനരേഖാ ശിൽപികൾ

കലാക്ഷേത്രം അപ്പുക്കുട്ടൻ

- ജി. വിജയൻ
- സി. മധു
- ജെ. സുരേന്ദ്രൻ
- എസ്. ഡി. ബേബി

ഡി. റ്റി. പി. ടൈപ്പ്സെറ്റിംഗ്
സെഡ്പാക് കംപ്യൂട്ടർ ഡിവിഷൻ
ആലപ്പുഴ-1. ഫോൺ 6[illegible]

മേൽനോട്ടം:
എൻ. പുഷ്പാംഗദൻ

1

വികസനത്തിലേക്ക് ഒരു മുഖം

ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ബലിയർപ്പിച്ച ദേശാഭിമാനികൾ വിഭാവന ചെയ്ത സ്വാതന്ത്ര്യം ബ്രിട്ടീഷുകാരിൽനിന്നുലഭിച്ച കേവലമായ അധികാര കൈമാറ്റമായിരുന്നില്ല. അടിമത്തത്തിൽനിന്നും ചൂഷണത്തിൽ നിന്നും പട്ടിണിയിൽനിന്നും നിരക്ഷരതയിൽ നിന്നുമുള്ള സ്വാതന്ത്ര്യം അവകാശങ്ങൾക്കുവേണ്ടി സംഘടിക്കാനും വിലപേശാനുമുള്ള സ്വാതന്ത്ര്യം, അവസരസമത്വത്തിനുള്ള സ്വാതന്ത്ര്യം, ഭരണാധികാരത്തിൽ പങ്കുകൊള്ളാനുള്ള സ്വാതന്ത്ര്യം എന്നിവയെല്ലാമടങ്ങുന്ന 'ജനങ്ങളുടെ സ്വാതന്ത്ര്യ' മായിരുന്നു. ദേശീയതലത്തിൽ ഇനിയുമത് സക്ഷാത്കരിക്കപ്പെട്ടിട്ടില്ല. കേരളത്തിൽ കുറെയേറെ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കുന്നുമില്ല. സംസ്ഥാനത്തിലെ 20 ജനപ്രതിനിധികൾ ഡൽഹിയിലും 140 ജനപ്രതിനിധികളും അവരിൽപ്പെട്ട 20-നു താഴെ മന്ത്രി മാരടങ്ങുന്ന ഭരണനേതൃം തിരുവനപുരത്തും ഇരുന്ന് വിവിധ ജനങ്ങളുടെ അധികാരങ്ങളും ക്ഷേമകാര്യങ്ങളും തീരുമാനിക്കുന്ന സംവിധാനമാണല്ലോ ഇതുവരെ കണ്ടുവന്നത്. ഇന്നിതാ സ്വാതന്ത്ര്യലബ്ധിയുടെ 50-ാം വാർഷികമാഘോഷിക്കുന്നതിനു മുമ്പായിതന്നെ, കേരളത്തിലെങ്കിലും ആ പഴയചരിത്രം മാറ്റിക്കുറിച്ചിരിക്കുന്നു. ഗ്രാമ പഞ്ചായത്തുകൾക്ക് ഒട്ടേറെ അധികാരങ്ങൾ കൈവന്നിരിക്കുന്നു. ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ വാർഡ്ഗ്രാമസഭകൾ, 'ജനങ്ങളുടെ പാർലമെൻറ്' എന്ന സ്ഥാനം ഏറ്റെടുത്തിരുക്കുന്നു. ഈ വാർഡ് പാർലമെൻറിൽ ആസൂത്രണവിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കാനും നടപ്പാക്കാനും വിഭവസമാഹരണത്തിനും ജനങ്ങൾക്ക് അധികാരം നൽകിയിരിക്കുന്നു. ഒമ്പതാം പഞ്ചവൽസരപദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിക്കുകയും പദ്ധതിയുടെ 40 ശതമാനം വിഹിതം പഞ്ചായത്തുകൾക്കായി നീക്കി വെക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ജനങ്ങൾ തീരുമാനിക്കുന്ന പദ്ധതികളേ നടപ്പാക്കുകയുള്ളൂ എന്ന സ്ഥിതി വന്നിരിക്കുന്നു. അങ്ങനെ സങ്കൽപം യാഥാർഥ്യമായിരിക്കുന്നു. അതിന്റെ തുടക്കമാണ് 1996 ആഗസ്റ്റ് 17-ന് കേരളത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനം.

ഇതുവരെ നടപ്പാക്കിക്കഴിഞ്ഞ പദ്ധതികൾകൊണ്ട് കുറെയൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സമ്പന്നരും ദരിദ്രരും തമ്മിലുള്ള സാമ്പത്തികാന്തരം കുറക്കുവാനോ, ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ സാധിക്കുന്നതിനോ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോ ധനവിനിയോഗമരുസരിച്ചുള്ള നേട്ടങ്ങൾ അനുസരിച്ചുള്ള നേട്ടങ്ങളുണ്ടാക്കുന്നതിനോ കഴിഞ്ഞിട്ടില്ലെന്നതാണ് അനുഭവം. അഴിമതിയും,

ധനയൂർത്തും, ഫലപ്രാപ്തിയില്ലായ്മയും നേട്ടങ്ങളെ കോട്ടങ്ങളാക്കിമാറ്റി. ഇതുമൂലം പദ്ധതികളുടെ ഗുണ ഭോക്താക്കളാകേണ്ട ജനങ്ങൾ. ഇവയിൽ ഒരു പങ്കു മില്ലാത്തവരായി അന്യഥാ ഒഴിഞ്ഞുമാറി നിൽക്കുന്നു. അവരിലെ ദേശീയബോധം കെട്ടടങ്ങുന്നു. ഇവക്ക് ഒരു പരിഹാരം കാണുക മാത്രമല്ല തീരുമാനങ്ങളെടുക്കുന്നതിലും സജീവമായ ജനാധികാരവും ജനപങ്കാളിത്തവും ഉറപ്പാക്കുകവഴി, ജനാഭിലാഷങ്ങൾക്കനുസരിച്ചുള്ള അഴിമതിയില്ലാത്ത ജനങ്ങളെ സാമൂഹ്യനേട്ടങ്ങൾക്കുടമാകളാക്കുന്ന ഒരു പുത്തൻ പൗരത്വബോധവും വികസന സംസ്കാരവും വളർത്തിയെടുക്കുക കൂടിയാണ് ജനകീയാസൂത്രണം കൊണ്ട് ലക്ഷ്യമാക്കുന്നത്. ജനകീയാസൂത്രണങ്ങളുടെ കോണിൽ നിന്നു നോക്കുമ്പോൾ ഈ പഞ്ചായത്തുനേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ കുടിവെള്ളക്ഷാമവും ഗതാഗതപ്രശ്നവുമാണ്. വികസനമെന്നാൽ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ടല്ല ഇതുകാണുന്നത്. ഗ്രാമത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ മുറികൾക്കുള്ളിൽ ടാപ്പുകൾ തിരിക്കുമ്പോൾ ശുദ്ധജലം ലഭിക്കുന്നു. മറ്റുപ്രദേശങ്ങളിൽ, കൈകളിൽ കുടങ്ങളുമേന്തി, ചുട്ടനൂമുകളിൽ ഉടുമുണ്ടുയർത്തി ചെളി വെള്ളത്തിലൂടെ കിലോമീറ്ററുകൾ താണ്ടി അമ്മമാരും സഹോദരിമാരും കുടിവെള്ളത്തിനായി ക്യൂ നിൽക്കുന്നു. ഒരു കാലത്ത് വിധിക്കപ്പെട്ടിരുന്ന മുഴുപ്പട്ടിണിപോലെ കുടിവെള്ളക്ഷാമവും അവർ സഹിച്ചിരുന്നു. ഇന്നവർ സാമ്പത്തിക നിലവാരത്തിൽ അഖിലേന്ത്യ ശരാശരിക്കും താഴെയാണെങ്കിലും ഒരോകുടുംബവും ഒരു തുണ്ടുഭൂമിക്കും അതിലുള്ള കിടപ്പാടത്തിനും ഉടമയാണ്. ചെയ്യുന്ന ജോലിക്ക് കൂലി ചോദിച്ചുവാങ്ങാൻ കെൽപ്പ് ആർജ്ജിച്ചവരാണ്. സാക്ഷരരാണ്. ഇനിയുമവർ കുടിവെള്ളത്തിന്റെയും ഗതാഗതത്തിന്റെയും കാര്യത്തിൽ അവഗണന നേരിടേണ്ടകാര്യമില്ല. ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സാമ്പത്തിക വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

കേരളപ്പിറവിക്കുശേഷം വന്ന ഭരണമാറ്റങ്ങളിലൂടെ കാർഷിക ബന്ധങ്ങളിൽ നടന്ന പരിഷ്കാരങ്ങളും 1970 കളോടെ സംഘടിത ജനമുന്നേറ്റങ്ങളിലൂടെ നടപ്പായ ഭൂപരിഷ്ക്കരണങ്ങളും നിശ്ചലമായിക്കിടന്ന ജർമി കുടിയാൻ വ്യവസ്ഥക്ക് അന്ത്യംക്കുറിച്ചു. നൊമ്പരങ്ങൾ സഹിച്ചുകൊണ്ട് അത് പുതിയൊരു സാമൂഹ്യവ്യവസ്ഥക്ക് ജന്മം കൊടുത്തു. അതോടെ, സമ്പന്ന ലോകരാജ്യങ്ങൾക്ക് സമാനമായി ഒരു പുത്തൻ നാഗരികത വളർന്നുവന്നു. പക്ഷെ സാമ്പത്തിക വളർച്ചവഴിമുട്ടി നിന്നു മുതലാളിത്ത സാമ്പത്തിക വികസനം ഈ പുത്തൻ നാഗരികതക്ക് അനുയോജ്യമല്ലെന്നതുതന്നെയാണ് ഇതിനുകാരണം. ഈ സ്ഥിതിവിശേഷത്തിന് അനുയോജ്യമായ വികസന മാർഗം ജനകീയാസൂത്രണമാണെന്ന് വർഷങ്ങൾക്കു മുമ്പേ നിർദേശിക്കപ്പെട്ടെങ്കിലും അതിനുപരിഗണന ലഭിക്കാതെ പോയി. ഇപ്പോഴെങ്കിലും ഇത് നടപ്പാക്കിയിരിക്കുന്നത് കാലഘട്ടത്തിന്റെ ആദമ്യമായ രാഷ്ട്രീയാഭിലാഷത്തിന്റെ ആവിഷ്കാരമാണ്.

ജനകീയാവശ്യങ്ങൾക്കുവേണ്ടി പദ്ധതികൾ നടപ്പാക്കിയാൽ പണവും അധ്വാനവുമായി വിഭവങ്ങൾ ലഭിക്കുമെന്നതുറപ്പാണ്. ബസ് സർവീസ് നടക്കുന്ന കാട്ടിൽ മാർക്കറ്റ് -കെ.വി. ജെട്ടി റോഡിൽ ചെമ്പു തോടിനുകുറുകെയുള്ള പാലം രണ്ടു മൂന്നു വർഷങ്ങൾ കൂടുമ്പോൾ പതിനായിരവും, ഇരുപതിനായിരവും രൂപാ വീതം മുടക്കി ജനങ്ങൾതന്നെ അറ്റകുറ്റപ്പണികൾ തീർക്കുകയും, അത് വീണ്ടും പൊളിഞ്ഞുപോകുമ്പോൾ വീണ്ടും അവർ തന്നെ പണിയുകയും ചെയ്യുന്ന സംഭവങ്ങൾ ഈ ഗ്രാമത്തിലുണ്ട്. ഇപ്പോഴും ഈ പാലം ജനങ്ങൾ തന്നെ നന്നാക്കിയിരിക്കുകയാണ്. ഈ കാലമത്രയും അധികാരകേന്ദ്രങ്ങൾക്ക് പാലത്തിന്റെ കാര്യമെടുക്കുമ്പോൾ തളർവാതമാണ്. ഗുണഭോക്താക്കളായ ഒരു ചെറിയ വിഭാഗം ജനങ്ങൾ 25.000 -ത്തിലധികം രൂപ സ്വയം സമാഹരിച്ചും അധ്വാനം സംഭാവന നൽകിയും ഓടക്കുമുകളിൽ ബലമുള്ള കോൺക്രീറ്റ് സ്ലാബുകൾ നിർമിച്ചു നിരത്തി വാഹന ഗതാഗതയോഗ്യമായി റോഡു നിർമിച്ചുകൊണ്ട് 96-ലെ ഓണം ആഘോഷിച്ച സംഭവം ഈ പഞ്ചായത്തിൽ 6-ാം വാർഡിൽ ഉണ്ടായല്ലോ. ജനകീയാവശ്യങ്ങൾക്ക് പദ്ധതികൾ നടപ്പാക്കാൻ, അധികാരം ജനങ്ങൾക്ക് നൽകിയാൽ പണമായും, അധ്വാനമായും വിഭവങ്ങൾ സമാഹരിക്കുവാനും മുടക്കുന്ന വികസന ഫണ്ടിനുപരിയായി നേട്ടങ്ങ

ളുണ്ടാക്കുവാനും കഴിയുമെന്ന് ഈ അനുഭവങ്ങൾ പഠിപ്പിക്കുന്നു.

40-ാം കേരളപ്പിറവി ദിനമായ 1996 നവംബർ 1-ാം തീയതി കേരളമാകെ പുനരർപ്പണ ദിനമായി ആചരിച്ചുവല്ലോ. അന്നാണ് ഈ പഞ്ചായത്തിൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കർമ്മ പരിപാടിയുടെ ഉദ്ഘാടനം ചെയ്യപ്പെട്ടത്.

ഇരുപതോളം വർഷങ്ങളായി മുണ്ടോലി പാട ശേഖരത്ത് നെൽകൃഷി നിലച്ചിട്ട്. പലനിലങ്ങളും കരഭൂമിയായി മാറി. നീരൊഴുക്കുണ്ടായിരുന്ന സ്ഥല ങ്ങളിൽ കലുങ്കുകൾ നിർമിക്കാതെ റോഡുകൾ പണിതതിനാൽ അവശേഷിച്ച വയലുകളിൽ വെള്ളം കെട്ടി നിന്നു. ഒഴുക്ക് ചാലുകൾ പലതും അടഞ്ഞു. വർഷകാലത്ത് കരഭൂമിയും വീടുകൾവരെ യും വെള്ളത്തിലാകുന്ന സ്ഥിതിയുണ്ടിവിടെ. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനും, നെൽകൃഷി പുന രാരംഭിക്കുവാനും അമ്പിയിൽ പടിഞ്ഞാറ്, കടവ ങ്കൽ പ്രദേശങ്ങൾ തുടങ്ങി മുണ്ടോലി ജംഗ്ഷൻവരെ യുള്ള പാടശേഖരങ്ങളിലെ വെള്ളം പഴയതുപോ ലെ ഒഴുക്കിവിടുകയാണ് പോംവഴി. ഇതുവഴി പാതി രാംകുളങ്ങര വാലേൽക്കടവ് റോഡിന് വടക്കുവശമു ള്ള പ്രദേശമാകെ വെള്ളക്കെടുതിയിൽ നിന്ന് മോചി തമാകുകയും പാടങ്ങൾ കൃഷിയോഗ്യമാവുകയും ചെയ്യും. ഇതിനുവേണ്ടി അടഞ്ഞ തോടുകൾ പുനഃർ നിർമിക്കുവാൻ ഒരു പദ്ധതി തയാറാക്കി. പഷ്ണവ ള്ളിയിൽ കിഴക്ക് നാരാകത്തറ-വലിയകുളങ്ങര-റോ ഡിൽ ഒരു കലുങ്ക് നിർമിക്കുവാൻ തറക്കല്ലിടുകയും ചെയ്തു. ഇതായിരുന്നു ഉദ്ഘാടന പരിപാടിയായി തെരഞ്ഞെടുത്തത്.

കേരളത്തിൽ ആവിഷ്കരിച്ചുനടപ്പാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം ലോകം മുഴുവൻ ആകാംക്ഷയോടെ ഉറ്റുനോക്കുന്ന ഒരു പരീക്ഷണമാണെന്ന് കേട്ടാൽ അതിശയിക്കേണ്ടതില്ല. സംസ്ഥാന ആസൂ ത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ തലങ്ങ ളിൽ നടന്ന ശിൽപശാലകളിൽനിന്ന് പരിശീലനം ലഭിച്ച വിഭവസേവകരും, ഉദ്യോഗസ്ഥരും അനുഭവജ്ഞാനമുള്ള മറ്റ് വിദഗ്ധരും യുവാക്കളും അടങ്ങുന്ന സമിതികളാണ് ഈ ഉദ്യമങ്ങളിൽ പഞ്ചായത്തിനെ സഹായിക്കുന്നത്.

പഞ്ചായത്തുതലത്തിൽ ജനകീയാസൂത്രണം ഫലപ്രദമാകണമെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാർ തലങ്ങളിൽ ആയിരക്കണക്കിന് ഉന്നതോ ദ്യോഗസ്ഥന്മാരുടെ കീഴിൽ നടന്നുവന്നിരുന്ന എല്ല സാങ്കേതിക പ്രവർത്തനങ്ങളും ചെറിയ രൂപത്തിലാ യാലും പഞ്ചായത്തുതലത്തിൽ നടക്കേണ്ടതുണ്ട്. പദ്ധതികൾ നടപ്പിലാക്കേണ്ടത് ജനങ്ങളുടെ ആവശ്യ ങ്ങളനുസരിച്ച് മുൻഗണനാക്രമത്തിലായിരിക്കണം. അതിന്റെ ആദ്യപടിയായി പഞ്ചായത്തിലെ 10 വാർ ഡുകളിലും 1996 ഒക്ടോബർ 13-നുള്ളിൽ വിശേ ഷാൽ ഗ്രാമസഭകൾ കൂടി. 10 ഗ്രാമസഭകളിലുമായി 721 വനിതകളും 1375 പുരുഷന്മാരുമടക്കം 2116 സഭാംഗങ്ങൾ പങ്കെടുത്തു. ജനപങ്കാളിത്തത്തിൽ 327 പേർ പങ്കെടുത്ത 7-ാം വാർഡിലെ ഗ്രാമസഭ ഏറെ ശ്രദ്ധേയമായി. സർക്കാർ ആഫീസുകളിൽനി ന്നും, മറ്റ് പൊതസ്ഥാപനങ്ങളിൽനിന്നും പദ്ധതികൾ ക്ക് സഹായകമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കു കയുണ്ടായി. ഈ ജോലിയിൽ പ്രാദേശിക വിഭവസേ വകരുൾപ്പെടെ 50 സന്നദ്ധ പ്രവർത്തകർ പങ്കെടു ത്തു. ഒരു ശതാബ്ദക്കാലമായി പഞ്ചായത്തിൽ വന്ന ചിരതപരമായ സാമൂഹ്യമാറ്റങ്ങൾ അന്വേഷിച്ചും, കേട്ടറിഞ്ഞും പഠിക്കുവാൻ 10 പേർ വ്യാപൃതരായി. പഞ്ചായത്തുമെമ്പർമാരും, ജില്ലാ-പ്രദേശിക വിഭവ സേവകരും സംയുക്തമായി ചേർന്ന് ആണ് ഈ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചത്.

വിശേഷാൽ ഗ്രാമസഭകളിൽനിന്ന് ഉയർന്നു വന്ന നിർദേശങ്ങളും വിവിധ സ്രോതസുകളിൽനിന്ന് ശേഖരിച്ച സ്ഥിതിവിവരങ്ങളും സംയോജിപ്പിച്ച സമാ ഹരിച്ചതാണ് ഈ റിപ്പോർട്ട്. ഇതേ പടിയായോ, ഭേദ ഗതികളോടെ അംഗീകരിക്കപ്പെടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മുൻഗണനാക്രമത്തിൽ വിവിധ സ്കീമുകളും, പദ്ധതികളും തയാറാക്കുകയെന്ന സാങ്കേതിക ജോലിയാണ് അടുത്തപടി. ഈ വിക സന സെമിനാറിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കർമസമിതികളാണ് ഈ ജോലി നിർവഹിക്കുന്നത്.

ഇല്ലായ്മകളുടെ പരിവേദനങ്ങൾ മാത്രം പറയാ


നുള്ള കുമാരപുരം പഞ്ചായത്തുനിവാസികൾക്ക് വികസനമെന്നത് ഒരു മരീചികമാത്രമായിരുന്നു. വികസനത്തിനുവേണ്ടി വിഭവങ്ങളും അധ്വാനവും നൽകാൻ തയാറാണെന്നു തെളിയിച്ചവരാണ് നമ്മൾ. ഈ അനുഭവസമ്പത്ത് ഭാവി സംരംഭങ്ങൾ ഏറ്റെടുക്കാൻ നമുക്ക് ധൈര്യം പകരുന്നു. ഇതിനായി ഇന്നു ലഭിച്ചിരിക്കുന്ന ജനകീയാധികാരം ഉന്നതമായ ലക്ഷ്യബോധത്തോടെ ഉപയോഗിച്ചുകൊണ്ട് നാം നമുക്ക് വേണ്ടി നിർദേശിക്കുകയും നാം നടപ്പാക്കുകയും ചെയ്യുന്ന ആസൂത്രണപദ്ധതികൾ വിജയിപ്പിച്ചുകൊണ്ട് ഈ പിന്നോക്കഗ്രാമത്തെ, സമ്പൽസമൃദ്ധമായതും, സ്വയം പര്യാപ്തമാവുമായ ഒരു മാതൃകാ ഗ്രാമമെന്ന ഉന്നത പദവിയിലേക്ക് ഉയർത്തിയെടുക്കുവാൻ ഒരൊറ്റ മനസോടെ ഒരൊറ്റ ശക്തിയായി നമുക്ക് യത്നിക്കാം. 21-ാം നൂറ്റാണ്ടിന്റെ കുങ്കുമപ്പുലരിയെ വരവേൽക്കാൻ നമ്മുടെ പഞ്ചായത്തിന് വിയർപ്പും വിഭവങ്ങളും നൽകി അണിയിച്ചൊരുക്കാം.

കുമാരപുരം പഞ്ചായത്ത്

ഒറ്റനോട്ടത്തിൽ

2

ജില്ലാ പഞ്ചായത്തിന്റെ പേര്	ആലപ്പുഴ
താലൂക്ക്	കാർത്തികപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത്	ഹരിപ്പാട്
അസംബ്ലി നിയോജക മണ്ഡലം	ഹരിപ്പാട്
പാർലമെൻറ് മണ്ഡലം	ആലപ്പുഴ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	കുമാരപുരം, കാർത്തികപ്പള്ളി
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	കരുവാറ്റ
പഞ്ചായത്തിന്റെ പേര്	കുമാരപുരം ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് നിലവിൽ വന്ന വർഷം	1953
വിസ്തീർണ്ണം	13. 75 സ്ക്വ. കി. മീ.
അതിർത്തികൾ	കിഴക്ക് - കൊപ്പാറ-കാർത്തികപ്പള്ളിറോഡ് തെക്ക് - വാടച്ചിറ തോട് പടിഞ്ഞാറ് - കാട്ടിൽ മാർക്കറ്റ്-പഞ്ചാരച്ചിററോഡ് വടക്ക് - നങ്ങ്യാർകുളങ്ങര-സമുദായത്തിൽ തോട്
വാർഡുകൾ	10
സംവരണ വാർഡുകൾ വനിതാ സംവരണം	1, 4, 6, 7
SC/ST സംവരണം	8
ജനസംഖ്യ	21,560
പുരുഷൻ	10,654
സ്ത്രീകൾ	10,906
പഞ്ചായത്ത് പ്രസിഡൻറിന്റെ പേര്	ബി. ആനന്ദവല്ലി
വൈസ് പ്രസിഡൻറിന്റെ പേര്	എൻ. പുഷ്പാംഗദൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്റെ പേര്	കെ. യശോധരൻ
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	യു. അഷ്റഫ്



സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം

ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന് പടിഞ്ഞാറ് ഒരു കിലോമീറ്റർ മാറി ഹരിപ്പാടിന്റെ അതിർത്തിയിലുള്ള കൊപ്പാറ-കാർത്തികപ്പള്ളി തോടു തൊട്ടുള്ള ഗ്രാമമാണ് കുമാരപുരം. ക്ഷേത്രനാഥന്റെ നാമവുമായി ബന്ധപ്പെടുത്തി 'കുമാരപുരം' എന്ന് ന്യായമായി അറിയപ്പെടേണ്ടിയിരുന്നത് ഹരിപ്പാടാണ്. സ്വന്തം ആസ്ഥാന പണ്ഡിതനു നൽകാതെ കുമാരൻ എന്നുകൂടി അറിയപ്പെടുന്ന സുബ്രഹ്മണ്യൻ, ചിത്തിരഉൽസവ സമാപനം കുറിക്കുന്ന ആറാട്ടിനു പുറപ്പെട്ടുവരും വഴി 'ഇറക്കിപൂജ' എന്ന വിശ്രമം തനിക്കായി ഒരുക്കാറുള്ള പരിസര ഗ്രാമത്തിന് കനിഞ്ഞുനൽകിയ പേരാണത്രേ 'കുമാരപുരം'? ഐതിഹ്യത്തിന് അടിസ്ഥാനമില്ലെന്ന് വന്നാലും, അന്ന് എന്നോ കൊത്തിവെച്ച പൂജാശിലക്കുപിന്നിൽ പലതിനും സാക്ഷ്യം വഹിച്ചുകൊണ്ട് പഴമയേയും പുതുമയേയും കൂട്ടിയിണക്കിയ ഒരു പടുകിഴവൻ അരയാൽ വൃക്ഷം അടുത്തകാലത്ത് വഴിമാറിക്കൊടുത്ത വിശിഷ്ട സ്ഥാനത്താണ് ഇന്നത്തെ വില്ലേജിന്റെ ആസ്ഥാനം. നാരകത്തറ കവലയിലെ ഈ വില്ലേജ് ഓഫീസിനോട് തോളുരുമ്മി നിൽക്കുന്ന പഞ്ചായത്ത് ഓഫീസിനും ഇതിൽ കവിഞ്ഞൊരു സ്ഥല പുരാണം കേട്ടറിവില്ല.

പിൽക്കാലത്ത് ലോകപ്രശസ്തരായിത്തീർന്ന രണ്ടു രാജകുമാരന്മാരുടെ കൂടി ഗ്രാമമാണ് കുമാരപുരം. ഇവരിൽ മൂത്തിർന്നയാൾ കേരള കാളിദാസനും പ്രായം കുറഞ്ഞയാൾ കേരള പാണിനിയും തന്നെ.

അനന്തപുരം കൊട്ടാരത്തിലെ ത്രിമൂർത്തികളായി കുമാരനാശാന്റെ 'പ്രരോദന'ത്തിൽ പരാമർശിക്കപ്പെട്ട രാജകുമാരൻമാരിൽ ഏറ്റവും പ്രശസ്തരായ രണ്ടുപേരാണ് കേരള കാളിദാസൻ എന്നറിയപ്പെട്ട കേരളവർമ്മ വലിയ കോയിത്തമ്പുരാനും കേരള പാണിനി എന്നറിയപ്പെട്ട എ.ആർ. രാജരാജവർമ്മയും. വാഗ്ഭടൻകൂടി ചേരുമ്പോൾ ത്രിമൂർത്തികളായി.

അനന്തപുരം കൊട്ടാരം സ്ഥിതി ചെയ്യുന്നത് നാഷനൽ ഹൈവേയ്ക്ക് തെക്ക് അഞ്ഞൂറ് മീറ്റർ മാറി കൊപ്പാറ-കാർത്തികപ്പള്ളി തോടിന്റെ [illegible]ത്താണ്. ഈ കൊട്ടാരത്തിന് ഇരുനൂറ്റിമൂപ്പത് വർഷങ്ങൾ പിന്നിട്ട പൂർവകാല ചരിത്രത്തിന്റെ പിന്തുണയോടെ ഒട്ടേറെ അനുഭവങ്ങൾ അയവിറക്കാനുണ്ട്.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മാതാവും കുടുബാംഗങ്ങളും ചങ്ങനാശ്ശേരി കൊട്ടാരത്തിൽനിന്ന് 132 വർഷം മുമ്പ് കൃത്യമായി പറഞ്ഞാൽ കൊല്ലവർഷം 1040 മകരം 18-ന് കുമാരപുരത്തിന് തെക്കേ അതിർത്തി ഗ്രാമത്തിലുള്ള കാർത്തികപ്പള്ളി കൊട്ടാരത്തിലേക്ക് താമസം മാറിവന്നു. അനന്തപുരം കൊട്ടാരം പണി പൂർത്തിയാക്കി.

1046-ൽ അവർ അവിടേക്ക് താമസം മാറ്റി. ചരിത്രം കുറേക്കൂടി പിന്നിലേക്ക് തള്ളിയാൽ ഇവർ മലബാറിലെ പരപ്പനാട്ടുരാജവംശജരാണെന്നുകാണാം. ഹൈദരാലിയുടെ ആക്രമണം ഭയന്ന് തിരുവിതാംകൂറിൽ അഭയം തേടിയ കുഞ്ഞിക്കുട്ടിതമ്പുരാട്ടിക്കും കുടുംബാംഗങ്ങൾക്കും താമസ സൗകര്യം ചങ്ങനാശ്ശേരി കൊട്ടാരത്തിൽ അനുവദിച്ചത് കാർത്തികതിരുനാൾ മഹാരാജാവായിരുന്നു. തമ്പുരാട്ടിയുടെ മൂത്തപുത്രൻ തിരുവിതാംകൂർ രാജകുടുംബത്തിലെ ലക്ഷ്മീഭായി തമ്പുരാട്ടിയെ പരിണയിച്ചതിനാലാണത്രേ പിന്മുറക്കാർ കോയിത്തമ്പുരാക്കൻമാരായി അറിയപ്പെട്ടത്. എ.ആർ. രാജരാജവർമ്മക്ക് രണ്ടുവയസ്സുള്ളപ്പോൾ അനന്തപുരം കൊട്ടാരത്തിൽ താമസം മാറിയെത്തി. ബാല്യവും കൗമാരവും അവിടെ കഴിച്ചുകൂട്ടിയ എ.ആറിന്റെ മാതുലനാണ് കേരള കാളിദാസൻ.

ദ്വിതീയാക്ഷര പ്രാസത്തെച്ചൊല്ലി കേരളത്തിലുടനീളം ഏതു തൂലിക തുമ്പിലും നാവിൻ തുമ്പിലും പൊരിഞ്ഞ പോരാട്ടം നടക്കുന്ന കാലം. ആയില്യം തിരുനാളിന്റെ അനിഷ്ടത്തിനു പാത്രീഭൂതനാവുക നിമിത്തം വീട്ടുതടങ്കലിനു വിധിക്കപ്പെട്ട കേരളവർമ്മക്ക് ആലപ്പുഴ കൊട്ടാരം വിട്ട് സ്വന്തം ഗ്രാമമായ കുമാരപുരത്തെ കൊട്ടാരത്തിൽ ശിക്ഷാകാലം കഴിച്ചുകൂട്ടാനുള്ള ഉത്തരവായി. ഭാഗിനേയനായ എ.ആറിന് മാതുലനായ കവിശ്രേഷ്ഠന്റെ സാമീപ്യം അനുഗ്രഹമായി. പ്രാസത്തിന്റെ പ്രോക്താവായ മാതുലനും പ്രാസവിരോധിയായ ഭാഗിനേയനും പുറത്തുനടന്ന പ്രാസയുദ്ധം വകവെക്കാതെ അനന്തപുരം കൊട്ടാരത്തിൽ അനുഭവവേദ്യമായ അവിസ്മരണീയ നിമിഷങ്ങളുടെ അനുഭൂതിയിൽ ആമഗ്നരായി അവരുടെ ഗുരുശിഷ്യാ ബന്ധം അരക്കിട്ടുറപ്പിക്കുകയായിരുന്നു.

വലിയ കോയിത്തമ്പുരാന് വീട്ടുതടങ്കൽ 'ഊർവ്വശീ ശാപം ഉപകാര'മെന്നപോലെ അനുഭവപ്പെട്ടത് 'മയൂരസന്ദേശ'മെന്ന കാവ്യരചനക്ക് കാരണമായപ്പോഴാണ്. ശ്രീസുബ്രഹ്മണ്യ സന്നിധാനത്തിലെത്താറുള്ള വലിയ കോയിത്തമ്പുരാൻ അവിടെ പീലി വിരിച്ചാടിയ മയിലിനെ മനസ്സിലേറ്റി തിരികെവന്നു. തന്റെ വിരഹത്തിനു വിരാമമിടുന്നതിന് തക്കതായ സന്ദേശം തലസ്ഥാന നഗരിയിലായിരുന്ന പ്രാണപ്രേയസിക്ക് എത്തിച്ചുകൊടുക്കാൻ മനസ്സിലിരുന്ന കുമാരവാഹനത്തെ നിയോഗിക്കുക വഴി മലയാള ഭാഷയും പീലിവിരിച്ചാടിയ കഥ പ്രശസ്തമാണല്ലോ.

'തോട്ടിൽകുടി തരിതതരമത്തോണി
ചൊവ്വായൊഴുക്കിൽ
പാട്ടിൽകൂടിട്ടുകൊടൊഴുകികായലിൽ
ചേർന്നുചെന്നാൽ
ബോട്ടിൽക്കേറിബ്ബഹുരസമായ്
പാട്ടുപാടിച്ചുപോകും
നാട്ടിൽ കേൾപ്പുള്ളവർ ചിലർ
നിനക്കക്ഷിലക്ഷീരവിക്കും'
(മയൂരസന്ദേശം)

കൊപ്പാറ-കാർത്തികപ്പള്ളി തോട്ടിലൂടെ തോണിതുഴഞ്ഞ് കുറഞ്ഞ സമയം കൊണ്ട് കായംകുളം കായലിലെത്താൻ കഴിയുമെന്നകാര്യം വിനോദസഞ്ചാരവകുപ്പിന് ഇന്നും അറിയില്ലെങ്കിലും അന്ന് തോട്ടിനു മീതെ തെക്കോട്ടുപറന്ന് തിരുവനന്തപുരത്തെത്തിയ കുമാരവാഹനത്തിനു തിട്ടമായിരുന്നു.

അനന്തപുരം കൊട്ടാരത്തിലെ 'വൈദ്യൻതമ്പുരാൻ' എന്ന ബിഷഗ്വരശ്രേഷ്ഠനെപ്പറ്റി കേൾക്കാത്തവരായി അക്കാലത്ത് ആരും ഉണ്ടായിരുന്നില്ല. ശ്രീനാരായണഗുരുവിന്റെ സതീർത്ഥ്യനായ ഹരിപ്പാടു ശങ്കരൻവൈദ്യൻ അയിത്ത വിരോധിയായ വൈദ്യൻ തമ്പുരാന്റെ അറിയപ്പെട്ട ശിക്ഷ്യനായിരുന്നു.

കൊട്ടാരക്കഥയിൽ തന്നെ കുടുങ്ങിനിന്നാൽ തൂലികയ്ക്കുവിട്ടുമാറാനാവാത്ത വിധം സംഭവികാസങ്ങളാണ് കുറിക്കാനുണ്ടാവുക. 1870-നുമുമ്പ് അനന്തപുരം കൊട്ടാരവളപ്പിന് 100 മീറ്റർ തെക്ക് ഇപ്പോൾ കെ.കെ.കെ.വി.എം ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന അനന്തപുരം ഒരുകാലത്ത് ദളവാപുരം എന്നറിയപ്പെട്ടിരുന്നതായി പറയപ്പെടുന്നു. മാർത്താണ്ഡവർമ്മയുടെ കാലത്ത് നാട്ടുരാജ്യങ്ങൾ പിടിച്ചടക്കുകയും നാട്ടുരാജാക്കന്മാരുടെ സമ്പത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തപ്പോൾ പട്ടികയിൽപെടാതെ വിട്ടുപോയ സ്ഥലമായിരുന്നത്രേ ദളവാപുരം. ദളവാപുരത്തിന്റെ പ്രൗഢി വിളിച്ചോതുന്ന വലിയ കൽപടവുകളും അടിത്തട്ടിൽ തറയോട് പാകിയിട്ടുള്ളതുമായ വലിയ ഒരു കുളം ഇന്നും സ്കൂളിന്

തെക്കുഭാഗത്ത് അവശേഷിക്കുന്നു. പല ഭാഗങ്ങളും നികന്ന ഈ കുളത്തിന് ഇപ്പോൾത്തന്നെ 30 സെൻറ് വിസ്തീർണ്ണമുണ്ട്. ദളവാപുരത്തെ ഏറ്റവും അവസാന അവകാശി പാലക്കാട് ചിറ്റൂരുള്ള അങ്കരാത്ത് മന്നാടിയാർ അയിരുന്നു. കൈവശാവകാശമെന്ന നിലയിൽ സ്വന്തമായപ്പോൾ ഈ സ്ഥലത്ത് മഹാകവി കാളിദാസ സ്മാരകമായി ഒരു ഹൈസ്കൂൾ സ്ഥാപിച്ചത് ശ്രീ ജി.പി. മംഗലത്തുമഠം ആയിരുന്നു. ദളവാപുരത്തോടു ബന്ധപ്പെട്ട ഒരു ഓണാവ് (ജെയിൽ) ഉണ്ടായിരുന്ന സമീപ സ്ഥലം ഇന്നറിയപ്പെടുന്നത് ''ഡാണാപ്പടി'' എന്നാണ്. സ്കൂളിൻെറ നിർമാണ വേളയിൽ ദളവാപുരത്തെ അതിപുരാതന ചാവടിപ്പുര പൊളിച്ചുമാറ്റുകയാണുണ്ടായത്.

കുമാരപുരത്ത് ആത്മവിദ്യാസംഘം സ്ഥാപിച്ച 'വാഗ്ഭടാനന്ദ ഗുരുദേവൻ' ഗ്രാമത്തിൻെറ ഹൃദയഭാഗമായ കവറാട്ട് ഒട്ടേറെ പ്രശസ്തരുമൊത്ത് 1926-ൽ ഒരു മഹാസമ്മേളനത്തിന് പങ്കെടുത്തത് സാംസ്കാരിക ചരിത്രത്തിൻെറ പൊൻതാളിൽ കുറിച്ചിട്ടിരിക്കുന്നു. മഹാകവി വള്ളത്തോൾ, ബ്രഹ്മവ്രതസ്വാമികൾ, ലക്ഷ്മി എൻ. മേനോൻ എന്നിവരൊക്കെ ആ സമ്മേളനത്തിന് മഹിമയേറ്റിയവരാണ്.


താമല്ലാക്കൽ കരയിലുള്ള പുരാതന മദ്രസ്സയും കവറാട്ടുള്ള ശിവക്ഷേത്രവും തിരുവിലഞ്ഞാൽ ക്ഷേത്രവുമൊക്കെ ഈ ഗ്രാമത്തിൻെറ മതമൈത്രീ ഭാവത്തിൻെറ പാരമ്പര്യത്തിന് മകുടോദാഹരണങ്ങളായി നിലകൊള്ളുന്നു. താമല്ലാക്കൽ തന്നെയുള്ള ക്രിസ്തീയദേവാലയത്തിന് അത്രയേറെ പഴക്കമില്ല.

സാമൂഹ്യ സാഹചര്യങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ 1969-ലെ ഭൂപരിഷ്കരണ നിയമം നടപ്പിലായതിനുമുമ്പും പിമ്പും എന്നുവേർതിരിച്ച് ഇവിടുത്തെ ജനസമൂഹത്തിൻെറ സ്ഥിതി അറിയുകയാവും അഭികാമ്യം. ഏതാനും കുത്തക ജന്മികളുടെ കൈകളിൽ ഭൂസ്വത്ത് മുഴുവൻ ഒതുങ്ങിയിരുന്ന കാലമാണ് 69-നു മുമ്പുള്ളത്. സാധാരണ ജനങ്ങളിൽ നല്ലൊരു ഭാഗം വൻകിട ജന്മിമാരുടെ ആശ്രിതരായി അവർക്കുവേണ്ടി കാലികമേച്ചും കൃഷിപ്പണി ചെയ്തും അവരനുവദിച്ച തുണ്ടുപറമ്പുകളിൽ കുടികിടപ്പുകാരായി കഴിഞ്ഞവരാണ്. വിദ്യാഭ്യാസം താഴെക്കിടയിലുള്ള അവർണന് അനുവദിക്കാത്ത കാലത്തും പിൽക്കാലത്ത് അതിനുള്ള അവസരം കൈവന്ന കാലത്തും സാധാരണക്കാരുടെ കുടുംബങ്ങളിലേക്ക് അറിവിൻെറ വെളിച്ചം പകരാൻ ഔപചാരിക വിദ്യാഭ്യാസം കടന്നുചെന്നില്ല. മുതിർന്നവരുടെ കൃഷിപ്പണി കഴിയുവോളം കുരുന്നുകളിൽ കുഞ്ഞിവയ്ക്കാനും കുഞ്ഞുങ്ങളെകാക്കാനും മുതിർന്ന കുട്ടികൾ നിയോഗിക്കപ്പെട്ടപ്പോൾ താൽപര്യമുള്ളവർക്കുപോലും വിദ്യാലയത്തിൻെറ പടിവാതിൽ കടക്കാനായില്ല. നിരക്ഷരത രൂക്ഷമാകാൻ ഇത് ഇടയാക്കി. പാരമ്പര്യ വ്യവസായങ്ങളായ കൈത്തറി നെയ്ത്തിൽ ഇടത്തരക്കാരായ ഏതാനും ആളുകൾ ഏർപ്പെട്ടിരുന്നു. വിദ്യുത്സമ്പാദനത്തിനുള്ള സൗകര്യം അത്തരക്കാർക്ക് ഏറെക്കുറെ ലഭ്യമായി.

1940-ൽ സ്വാതന്ത്ര്യസമരാവേശം ഈ പ്രദേശത്തേക്കും അലയടിച്ചെത്താൻ തുടങ്ങി. ബഹുഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളിൽ നിർണായകമായ പ്രതികരണം ഉളവാക്കാൻതക്ക കരുത്ത് ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർക്ക് ഉണ്ടായിരുന്നില്ലാ എന്ന് കരുതാം. കെ.ജി.എം പണിക്കർ, എസ്. അനിരുദ്ധൻ തുടങ്ങി വിരലിലെണ്ണാൻ കഴിയുന്നത്ര വ്യക്തികളേ സജീവമായി രംഗത്ത് പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ.

1957-ൽ ശ്രീ ഇ.എം.എസ്സിൻെറ നേതൃത്വത്തിൽ അധികാരമേറ്റ ആദ്യത്തെ കമ്യൂണിസ്റ്റ് ഗവൺമെൻറ് കുടിയൊഴിപ്പിക്കൽ നിരോധന നിയമം, കാർഷിക ബന്ധ നയം എന്നിവയിലൂടെ ഇവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരിൽ ആത്മവീര്യം പകർന്നു. 1969-ൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിലായപ്പോൾ അവരിലെ ആത്മാഭിമാനത്തിൻെറ അഗ്നി ആളിക്കത്തി. ''ഇത്തിരി മണ്ണു ലഭിച്ചപ്പോൾ, എത്രവിലങ്ങുകൾ പൊട്ടിപ്പോയ്!''. 1270 കുടികിടപ്പുകാർ ആവേശപൂർവം ശബ്ദമുയർത്തി. അന്ന് ചെറ്റക്കുടിലുകൾക്കുമുന്നിൽ പൊട്ടിച്ചിതറി വീണ കൈച്ചങ്ങലകളുടെ കിലുകിലാരവം കേട്ട് അസ്വസ്ഥതപൂണ്ടുവശായ വൻകിട ജന്മിമാർ ആരുംതന്നെ കുമാരപുരത്തുണ്ടായിരുന്നില്ല.

ആത്മാഭിമാനത്തിൻെറ നീരുറവയിൽ സംശുദ്ധമാക്കിയ ഒറ്റമനസ്സുമായ്, സ്വന്തം ഭൂമിയിൽ അടിയുറച്ചുനിന്ന് ഒരുപുതുപുത്തൻ സംസ്കാരത്തിൻെറ സിന്ദൂരച്ചെപ്പ്, കുമാരപുരത്തിനായി തുറന്നുനീട്ടിയ ഇവിടുത്തെ കർഷക സഹസ്രങ്ങളെ അഭിനന്ദിക്കാതെ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലത്തിലുന്നിയ ഈ കുറിപ്പ് പൂർണമാവുകയില്ല.



ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഭൂപ്രകൃതി

ആലപ്പുഴ ജില്ലയുടെ തെക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള കാർത്തികപ്പള്ളി താലൂക്കിൽ ഉൾപ്പെട്ടതാണ് കുമാരപുരം പഞ്ചായത്ത്. കായംകുളം നാട്ടുരാജ്യത്ത് ഉൾപ്പെട്ടിരുന്ന ഈ പ്രദേശം ഓണാട്ടുകരയുടെ ഭാഗമാണ്. ഇവിടെ ഇരിപ്പു നിലങ്ങളാണ് കൂടുതലും. വർഷത്തിൽ രണ്ടുപ്രാവശ്യം നെൽകൃഷിയും ഒരു തവണഎള്ളുകൃഷിയും ചെയ്തുവന്നിരുന്നു.

വടക്ക് കരുവാറ്റാ, പടിഞ്ഞാറ് തൃക്കുന്നപ്പുഴ, തെക്ക് കാർത്തികപ്പള്ളി, കിഴക്ക് ഹരിപ്പാട്, ചെറുതന എന്നീ പഞ്ചായത്തുകൾ അതിരിടുന്നതാണ് കുമാരപുരം പഞ്ചായത്ത്.

കിഴക്കേ അതൃത്തിയിലൂള്ള കെപ്പാറ- കാർത്തികപ്പള്ളി തോട്, കാർത്തിക തിരുനാൾ കായംകുളം കായലും പമ്പയാറുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി വെട്ടി തീർത്തതാണ്. ഈ തോട് കുമാരപുരം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. കൊല്ലവർഷം 1040 മകരം 18-ന് കേരളവർമ വലിയകോയിത്തമ്പുരാന്റെ കുടുംബാംഗങ്ങൾ ചങ്ങനാശ്ശേരി കൊട്ടാരത്തിൽനിന്നും കാർത്തികപ്പള്ളി കൊട്ടാത്തിലേക്ക് താമസം മാറ്റാനായി കെട്ടുവള്ളത്തിൽ ജലയാത്ര ചെയ്തത് ഈ തോട്ടിലൂടെയായിരുന്നു. കേരള കാളിദാസൻ തന്നെ മയൂരസന്ദേശത്തിൽ വർണ്ണിച്ച് ഈ തോടിനെ അനശ്വരമാക്കി.

കാർത്തികപ്പള്ളി കൊപ്പാറ തോട്ടിൽനിന്നും ആരംഭിച്ച് കുമാരനാശാൻ സ്മാരകത്തിന് സമീപത്തുള്ള പല്ലനയാറ്റിൽ ചേരുന്ന സമുദായത്തിൽ തോട് കുമാരപുരം പഞ്ചായത്തിന്റെ വടക്കേ അതിർത്തി വേർതിരികുന്നു.

13.75 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ള കുമാരപുരം പഞ്ചായത്തിനെ 10 വാർഡുകളായി വിഭജിച്ചിരിക്കുന്നു. നാഷനൽ ഹൈവേ 47, 4 കിലോമീറ്റർ കുമാരപുരം പഞ്ചായത്തിൽ കൂടെ കടന്നുപോകുന്നു. നാഷണൽ ഹൈവേയോടുചേർന്നുള്ള പ്രദേശം താരതമ്യേന വികസിതമാണ്.

കരവെയ്പ് കാലത്തിനുമുമ്പ് കണ്ടൽവനങ്ങളും ലഗൂണുകളുമായി കിടന്നിരുന്ന ഈ പ്രദേശം കാലക്രമത്തിൽ മണ്ണടിഞ്ഞ് സമതലപ്രദേശമായി തീർന്നതാകാം.

ഭൂമിക്കടിയിൽ കണ്ടൽവനങ്ങളുടെ അവശിഷ്ടങ്ങളായ കൂറ്റൻ തടികൾ കണ്ടെത്താൻ ഇപ്പോഴും കഴിയുന്നുണ്ട്. പടിഞ്ഞാറൻ പ്രദേശങ്ങളാകട്ടെ ഇത്തരം തടി ശേഖരങ്ങൾ പൊടിഞ്ഞുണ്ടായ കരിനിലങ്ങളാണ്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ

കിണർകുഴിച്ചാൽ കുടിവെള്ളം ലഭിക്കുന്നു. മധ്യഭാഗം കഴിഞ്ഞാൽ കുടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കാൻ കഴിയുന്നില്ല. തോടുകളും ചിറകളും അടങ്ങിയ ഈ പ്രദേശം ഓരുജലം മാത്രം ലഭിക്കുന്ന പ്രദേശങ്ങളാണ്. തെങ്ങ് സമൃദ്ധിയായി വളരുന്നുണ്ടെങ്കിലും രോഗബാധിതമാണ്.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നു മേഖലകളായി തിരിക്കാം. കിഴക്കുഭാഗം എക്കൽ ഉൾപ്പെട്ടമണൽ പ്രദേശമാണ്. അതിനുപടിഞ്ഞാറുവശം പഞ്ചായത്തിന്റെ മധ്യഭാഗം എക്കൽ മണലും ചെളിയും ചേർന്ന പ്രദേശമാണ്.

പടിഞ്ഞാറൻ പ്രദേശം ഓരുനിറഞ്ഞ ചെളിപ്രദേശം മാത്രമാണ്.

എക്കൽ മണ്ണുള്ള കിഴക്കൻ പ്രദേശം സമതലപ്രദേശമാണ്. കുടിവെള്ളപ്രശ്നം രൂക്ഷമല്ല. കിണർ വെള്ളം ലഭിക്കുന്നു. എല്ലാത്തരം കൃഷിയും സമൃദ്ധമായി വളരുന്ന പ്രദേശമാണ്. ഇരുപ്പൂനിലവും പുഞ്ചയും ഈ പ്രദേശത്തുണ്ട്. ഇരുപ്പൂ നിലത്തിൽ മൂന്നാം വിളയായി എള്ള് കൃഷിചെയ്തുവന്നിരുന്നു. ഇപ്പോൾ എള്ള് കൃഷി ഇല്ലെന്നുതന്നെ പറയാം. പുഞ്ചയിൽ രണ്ടാം വിളയായി മുണ്ടകൻ കൃഷി ചെയ്തിരുന്നു. വെള്ളപ്പൊക്ക കെടുതികൾ രൂക്ഷമായതിനെ തുടർന്ന് പുഞ്ചകൃഷി നിലവിൽ അപൂർവമായി മാത്രമേ ചെയ്യുന്നുള്ളൂ.

മധ്യഭാഗത്തുള്ള എക്കൽമണലുംചെളിയും ചേർന്ന പ്രദേശങ്ങളിൽ എല്ലാ വിളകളും നന്നായി കൃഷിചെയ്തുവിളവെടുക്കാം. കുടിവെള്ളത്തിന് കിണറുകളേയും കുളങ്ങളേയും ആശ്രയിക്കാൻ കഴിയാത്തതിനാൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്.

പടിഞ്ഞാറൻ പ്രദേശം (ഓരുചെളി പ്രദേശം) തോടുകളും ചിറകളും അടങ്ങിയ പ്രദേശമാണ്. ഇവിടെ തെങ്ങുകൃഷിയാണ് പൂർണമായിട്ടുള്ളത്. കയർ വ്യവസായം ഇവിടത്തെപ്രധാന തൊഴിലിൽ ഉൾപ്പെടുന്നു.

തരിശായി കിടന്ന കരിനിലചതുപ്പുകളിൽ ചിറകുത്തി തെങ്ങുവെച്ചുപിടിപ്പിച്ച നിശ്ചയ ദാർഢ്യത്തിന്റെ കഥപറയുന്ന പ്രദേശമാണിത്.

തൊണ്ടു തല്ലി ചകിരിയാക്കി സ്വർണ്ണവർണ്ണമാർന്ന കയർ പിരിച്ചെടുക്കുന്ന കരവിരുത് ഈ പ്രദേശത്തിന്റെ പ്രത്യേകതകളിൽപ്പെടുന്നു. തൊണ്ടുതല്ലു മില്ലുകൾ വന്നതുകൊണ്ട് ചകിരിച്ചോറുളവാക്കുന്ന പരിസരമലിനീകരണം രൂക്ഷമാണ്.

പഞ്ചായത്തിന്റെ മധ്യ ഭാഗത്തുകൂടി കടന്നു പോകുന്ന ചെമ്പുതോട് ജലയാത്രാ മാർഗമായിരുന്നു. പ്രകൃതിരമണീയമായ ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വട്ടക്കായലും മറ്റും ടൂറിസവുമായി ബന്ധപ്പെടുത്താവുന്നതാണ്. വികസന സാധ്യത വളരെയുള്ള മേഖലയാണിത്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശം സമുദ്രനിരപ്പിൽനിന്നും നാലു മീറ്റർ ഉയരത്തിലാണെങ്കിലും പടിഞ്ഞാറൻ പ്രദേശത്തെ ചതുപ്പുകൾ സമുദ്രനിരപ്പിലും താഴെയാണ്.

കൃഷിയോഗ്യമല്ലാത്ത തരിശായി 28.5 ഹെക്ടർ സ്ഥലം മാത്രമാണുള്ളത്. എന്നാൽ കൃഷിയോഗ്യമായ തരിശ് 35 ഹെക്ടറോളം വരും. 731.5 ഹെക്ടർ സ്ഥലം പുരയിടത്തിൽപ്പെടുന്നു. 282.1 ഹെക്ടർ സ്ഥലമാണ് നിലമായി ഉപയോഗിക്കുന്നത്.

ജനപ്രകൃതി

1991 ലെ സെൻസസ് അനുസരിച്ച് കുമാരപുരം പഞ്ചായത്തിലെ ജനസംഖ്യ 21560 ആണ്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗം 1061. ആകെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ 10906 സ്ത്രീകളും 10654 പുരുഷന്മാരുമാണുള്ളത്. 21560 ജനങ്ങൾക്കായി 5842 വീടുകളാണ് പഞ്ചായത്തിലുള്ളതാണ്. അവയിൽ 2512 ഓലപ്പുരകളാണ്.

ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1833 ആണ്. സംസ്ഥാന ജനസാന്ദ്രത 7499 മാത്രമാണ്. സംസ്ഥാന ശരാശരിയുടെ 2.5 ഇരട്ടിയാണ് പഞ്ചായത്ത് ജനസാന്ദ്രത.

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. വിദ്യാഭ്യാസം തേടുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ വർഷം തോറും വർധിക്കുന്നുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം അടയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് രക്ഷകർത്താക്കൾക്ക് ഒരു നല്ല പങ്ക് നിർ

വഹിക്കാനുണ്ട്. ഈ കടമനിറവേറ്റാൻ രക്ഷകർത്താക്കൾ തയ്യാറാകണം. ഗൾഫ് നാടുകളിലേക്കുള്ള തൊഴിലന്വേഷകരുടെ പ്രവാഹം ഉയർന്നതോടെ ഉരുത്തിരിഞ്ഞുവന്ന ഉപഭോഗസംസ്കാരം ഈ പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്നത് ഒരു ഫാഷനായി മാറിയിട്ടുണ്ട്.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിനായി സ്ഥലം എടുത്തിട്ടുണ്ടെങ്കിലും ഇതുവരെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

തൊഴിലില്ലായ്മ രൂക്ഷമാണ്. വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. പരമ്പരാഗതമായ കയർ വ്യവസായം മാത്രമാണുള്ളത്. ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്.

കാർഷികരംഗം അനാകർഷകമായതോടെ തൊഴിലാളികൾ മറ്റുമേഖലകളിലേക്കു കടന്നുകഴിഞ്ഞു. കെട്ടിടനിർമ്മാണരംഗത്തേക്കാണ് കൂടുതൽപേരും എത്തിച്ചേർന്നത്.

ജാതിപരമായ ഉച്ചനീചത്വം നിലനിന്നിരുന്നു. ദേശീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെയും മറ്റും പ്രവർത്തന ഫലമായുണ്ടായ സാമൂഹ്യ മാറ്റങ്ങളിലൂടെ മതനിരപേക്ഷസംസ്കാരംകെട്ടിപ്പടുക്കുവാൻ പഞ്ചായത്തിനുകഴിഞ്ഞിട്ടുണ്ട്.

ജലപ്രകൃതി

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കാലവർഷവും ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. ശരാശരി കിട്ടുന്ന മഴയുടെ വാർഷിക കണക്ക് 2200 മില്ലീമീറ്ററാണ്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ നെൽകൃഷി മഴയെ ആശ്രയിച്ചാണ് നടത്തിവരുന്നത്. പരിസ്ഥിതി പ്രശ്നങ്ങൾ മഴയുടെ സ്ഥിരം സ്വഭാവത്തെ തകിടം മറിച്ചതുകാരണം കൃഷിയെ അത് സാരമായി ബാധിച്ചു.

പ്രധാന നദികളൊന്നും പഞ്ചായത്തിലൂടെ കടന്നുപോകുന്നില്ല. പമ്പയാറ്റിൽ നിന്നും ആരംഭിച്ച് കായംകുളം കായലിൽ എത്തുന്ന മൂന്ന് തോടുകൾ പഞ്ചായത്തിന്റെ തെക്കുവടക്കായിട്ടുണ്ട്. കിഴക്കേ അറ്റത്തായി കൊപ്പാറ-കാർത്തികപ്പള്ളിതോടും പഞ്ചായത്തിന്റെ മധ്യഭാഗത്തായി ചെമ്പുതോടും പടിഞ്ഞാറെ ഭാഗത്തായി നാൽക്കവല-കായംകുളം കായൽ തോടുമുണ്ട്. ഇവകളെ ബന്ധിപ്പിക്കുന്നതും കിഴക്കുപടിഞ്ഞാറായി ഒഴുകുകുന്നതുമായ 6 ചെറുതോടുകളുമുണ്ട്.

1 വടക്കേ അതിർത്തിയിലുള്ള സമുദായത്തിൽ തോട്
2 കാരാന്തറ-ചെമ്പുതോട്
3 പാലോന്നിൽ-ചെമ്പുതോട്
4 വട്ടക്കായൽ-പുത്തൻപുരതോട്
5 കോവാലിൽ തോട്
6 കാടഞ്ചാലിൽ തോട്

ചിറകളും തോടുകളും വെള്ളക്കെട്ടു പ്രദേശങ്ങളും അടങ്ങിയതാണ് പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ. ഓരുവെള്ളം വർഷത്തിൽ എല്ലാ മാസങ്ങളിലുമുണ്ട്. ഓരു ജലമൽസ്യകൃഷിക്ക് ഇവിടം ഉപയോഗിക്കാൻ കഴിഞ്ഞാൽ വൻനേട്ടമുണ്ടാക്കാൻ കഴിയും.

കിഴക്കൻ ഭാഗത്തെ മണൽ പ്രദേശങ്ങളിൽ കുളങ്ങളുടെ ഒരു നിരതന്നെയുണ്ടായിരുന്നു. ഉപ്പുവെള്ളത്തിന്റെ ആക്രമണം കിഴക്കോട്ട് വ്യാപിക്കാതിരിക്കാൻ പഴമക്കാർ കണ്ടെത്തിയ ശാസ്ത്രീയ സംവിധാനം. ആധുനിക മനുഷ്യർ നികത്തിത്തുടങ്ങിയതോടെ ഉപ്പുവെള്ളത്തിന്റെ വ്യാപ്തി കിഴക്കോട്ടു കടന്നുവരുന്നുണ്ട്.

കരകൃഷിക്ക് ഏറെ സഹായകമായിരുന്നു ഈ കുളങ്ങൾ. കാലം കഴിഞ്ഞപ്പോൾ കുളങ്ങൾ വെട്ടിവൃത്തിയാക്കുന്നത് ഏറെ പണച്ചിലവുള്ള കാര്യമായി. കിണറുകൾ വ്യാപകമായതോടെ കുളങ്ങളുടെ പ്രാധാന്യം കുറഞ്ഞു. കുളങ്ങൾ ചെളിമൂടി നികന്നപ്പോൾ ഭൂഗർഭ ജലവിതരണം ക്രമാതീതമായി താഴ്ന്നു. കുഴൽ കിണറുകൾ വിസ്മൃതിയിലേക്കാണ്ടു. ഇനിയും അവശേഷിക്കുന്ന കുളങ്ങളെങ്കിലും സംരക്ഷിക്കേണ്ടത് അടിയന്തിരമായ കാര്യമാണ്. ഇപ്പോൾ


നിലവിലുള്ള കുളങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

പട്ടിക ഒന്ന്


പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ ശുദ്ധ ജല ദൗർലഭ്യം നേരിടുന്നവയായതുകൊണ്ട് ഭൂഗർഭ ജലത്തെയാണ് ആശ്രയിക്കുന്നത്.


അമിതമായ ഭൂഗർഭജലചൂഷണം വരും തലമുറയോടുള്ള ക്രൂരതയാണ്. പമ്പയാറ്റിൽനിന്നും വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള പദ്ധതികൾ തായറാക്കി പ്രാവർത്തികമാക്കണം. കുടിവെള്ളക്ഷാമത്തിന് അറുതി വരുത്താൻ നല്ല മാർഗം അതാണ്.

5.1


കിഴവാഴ
ചെറുന്ന
കൃഷി.
ഹരിപ്പാട്
തെങ്ങ്
നെല്ല്
പ്രാടശേഖരം
I
II
III
IV
V
VI
VII
VIII
IX
X
കുമാരപുരം
തുങ്കനപ്പുഴ
കായംകുളം

5.1





കൃഷി, ജലസേചനം

കൃഷിയിൽ ഉള്ള വിശ്വാസം പാടേ നഷ്ടപ്പെട്ട കർഷകരുടെയും കർഷകത്തൊഴിലാളികളുടേയും ക്രൂരമായ അവഗണനക്ക് വിധേയമായി കുത്തനേ തകർന്ന കൃഷിയെന്ന അടിസ്ഥാന മേഖല വീണ്ടും ഒരിക്കൽ കൂടി ഉയിർത്തെഴുന്നേൽക്കേണ്ടത് കുമാരപുരമെന്ന അവികസിത ഗ്രാമത്തിന്റെ അനുപേക്ഷണീയാവശ്യങ്ങളിലൊന്നാണ്. കാർഷികേതര വരുമാനമാർഗ്ഗങ്ങൾ തെളിഞ്ഞപ്പോൾ കർഷകത്തൊഴിലാളിക്കും ഭക്ഷ്യോൽപാദന രംഗത്തുനിന്ന് പിന്തിരിയേണ്ടിവന്നതുകൊണ്ടുമാത്രം മുരടിച്ചു പോയതല്ല കാർഷിക മേഖല. കൂലിക്കൂടുതലിനെച്ചൊല്ലി കാർഷികവൃത്തി വിട്ടൊഴിഞ്ഞവരുണ്ട്. വേണ്ടത്ര തൊഴിലാളികൾ ലഭ്യമല്ലെന്നുകണ്ട് പിന്തിരിഞ്ഞ കർഷകരുണ്ട്. വളം, കീടനാശിനി ഇവയൊന്നും വേണ്ടസമയത്ത് കിട്ടുന്നില്ലെന്നുകണ്ട് കയ്യൊഴിഞ്ഞവരും കണ്ടേക്കാം. ഇവയുടെ വില വർധന കൃഷിയെ ആദായകരമല്ലാതാക്കിയെന്ന വാദഗതിയുമായി മറ്റ് മേഖലകളിലേക്ക് കൂറുമാറിയവരുമുണ്ട് കൂട്ടത്തിൽ. ഇപ്പറഞ്ഞവരൊക്കെ നിരത്തിയ കാരണങ്ങൾ ഒന്നുംതന്നെ ഉള്ളിൽ തട്ടിപ്പറഞ്ഞവയോ യഥാർഥവസ്തുതക്ക് നിരക്കുന്നവയോ അല്ലെന്ന് ആത്മാർഥതയുള്ള കർഷകൻ കണ്ടെത്തിയിരിക്കുന്നു. പുതുപ്പണ സംസ്കാരത്താൽ വിശീകരിക്കപ്പെട്ട് ഒന്നും രണ്ടും മേഖലകൾ താണ്ടി കൈതൊടാതെ മീൻ പിടിക്കാൻ കഴിയുന്ന വെള്ളകോളർ മേഖലയായ സേവന മേഖല അഥവാ ത്രിതീയ മേഖല തേടിപ്പോയവരാണവരൊക്കെ എന്നതാണ് സത്യം. കാലഘട്ടം കൽപിക്കും വിധം ഇക്കൂട്ടരെ വികസനത്തിന്റെ സ്ഥായീഭാവം ബോധ്യമാക്കി മാടിവിളിച്ച് പുതിയതും ശാസ്ത്രീയവുമായ വികസന സംസ്കാരത്തിന്റെ മുന്നണിയിൽ നിലയുറപ്പിച്ചുവേണം കുമാരപുരത്തിന് വികസന ലക്ഷ്യത്തിലേക്ക് ചുവടുവെച്ചടുക്കാൻ.

ഭൂപ്രകൃതി (ചാർട്ട് കാണുക)

ഭൂഉപഭോഗം

ഭൂ ഉപഭോഗത്തിൽ ഗണ്യമായ മാറ്റം ഉണ്ടായിരിക്കുന്നു. കൃഷിയിടങ്ങൾ നല്ലൊരളവ് പാർപ്പിടങ്ങളായി മാറി. കുറേ ഭാഗങ്ങൾ കച്ചവടസ്ഥാപനങ്ങൾക്കായി മാറ്റപ്പെട്ടു. ഏറെ ഭാഗം നെടുകെയും കുറുകെയും ഓടിയ റോഡുകൾക്കുവേണ്ടിയും. കുഴിച്ചു കുളമാക്കിയ കൃഷിയിടങ്ങളും കുറവല്ല. എത്രമാത്രം കൃഷിഭൂമിയാണ് ഈ വിധമൊക്കെ കുഴിച്ചും നികത്തിയും ഉപഭോഗ ഭേദത്തിന് വിധേയമായതെന്നതിന് വ്യക്തമായ കണക്ക് ലഭ്യമല്ല. ഇന്നിപ്പോൾ നിലം

282 ഹെക്ടറായി കുറഞ്ഞിരിക്കുന്നുവെന്ന് ഔദ്യോഗിക കണക്ക് സൂചിപ്പിക്കുന്നു.

ഭൂമി സംബന്ധിച്ച വിവരങ്ങൾ 1. A യിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

ആകെ ജനസംഖ്യ 21560 ആയിരിക്കെ ഈ ഗ്രാമത്തിലെ ആകെ ഭൂ ഉടമകളുടെ എണ്ണം 10879 ആണെന്നു കാണുന്നു. (പട്ടിക 2.A). വർധിച്ച തോതിൽ കുടികിടപ്പവകാശം വാങ്ങിയവരുൾപ്പെട്ട ഈ ഭൂഉടമകളിൽ ഒരേക്കറിനുതാഴെ മാത്രം ഭൂമി കൈവശം വെക്കുന്ന 10171 പേരാണുള്ളത്. ഇവരിൽ 6224 പേരും 25 സെൻറിനുതാഴെമാത്രം ഭൂമിയുള്ളവരാണ്. 2469 പേർ നാമമാത്ര ഭൂഉടമകളാണ്.

ചരിത്രം:

കുറേ വർഷങ്ങൾക്കുപിന്നിലുള്ള കാർഷികരംഗം അൽപമൊന്ന് അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. നെൽകൃഷി ഇരുപ്പൂനിലങ്ങളിൽ സമൃദ്ധമായിരുന്നു. ഒന്നാം പൂവും രണ്ടാം പൂവും നെല്ലും, മൂന്നാംവിള എള്ള് അഥവാ മുതിര എന്ന രീതി പരക്കെ അനുവർത്തിച്ചിരുന്നു. ഇത്തരം നീണ്ടു പരന്ന നെൽപ്പാടങ്ങൾക്കു മീതെകൂടിയാണല്ലോ കേരള കാളിദാസന്റെ മയൂരം പ്രേമസന്ദേശവുമായി തലസ്ഥാന നഗരിയിലേക്ക്പറന്നത്!

> *'രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളേയും*
> *വണ്ടുംഞണ്ടുംവടിവൊടു കളിക്കുന്ന കച്ചങ്ങളേയും*
> *തണ്ടും കെട്ടി തരമൊടുചരിക്കുന്ന വള്ളങ്ങളേയും*
> *കണ്ടുംകൊണ്ടച്ചെറുപുഴതൻ തീരമാർഗ്ഗേണപോകാം'*
>
> (മയൂരസന്ദേശം)

കൊച്ചുവിത്ത്, കുലമറിയൻ, കവുങ്ങുംപൂത്താലി, അതിക്കിര എന്നൊക്കെ പേരുകളോർക്കുന്ന കർഷകൻ ഇന്നും നമ്മുടെ കൂട്ടത്തിലുണ്ട്. 'കൊച്ചുവിത്തുവെച്ചാൽ കൊഞ്ചിക്കുഴയും', 'അതിക്കിരാവച്ചാൽ ആർത്തുവിളിക്കും', എന്നാൽ 'ചമ്പാവ് വച്ചാൽ ചങ്കിച്ചിരിക്കും' എന്ന് ഓരോ വിത്തിനങ്ങളെയും അക്കാലത്തെ വിദ്വാന്മാർ വിലയിരുത്തിയിരുന്നു.

ഫൈറോവളം മാത്രം നൽകിയും കാളയേയോ കന്നിനേയോ കൊണ്ടോ കവുപ്പയാൽ ഉഴുതും മണ്ണിനെ താലോലിച്ചവർക്ക് രാസപരിശോധന നടത്താതെ മണ്ണിന്റെ ഗുണനിലവാരം തിട്ടപ്പെടുത്താനറിയാമായിരുന്നു. അശാസ്ത്രീയ രാസവളപ്രയോഗം കൊണ്ടും കീടനാശിനി പ്രയോഗം കൊണ്ടും കരുത്തുകളഞ്ഞ മണ്ണ്, കൃഷിയിൽ കണ്ണില്ലാത്ത ഇന്നത്തെ കർഷകനെ വെറുക്കുന്നുണ്ടാവും.

89-90 ൽ ആരംഭിച്ച ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഇവിടെ വലിയ പ്രതികരണം ഉളവാക്കിയില്ല. കേരളത്തിൽ പൊതുവേ നെല്ലുൽപാദനത്തിൽ ഒരു സർവകാല റിക്കാർഡുനേടാൻ ഈ രീതി സഹായിച്ചിരുന്നു. 2018 കി.ഗ്രാം/ ഹെക്ടർ എന്ന ഉൽപാദനക്ഷമത അന്ന് കൈവരിച്ചുവെങ്കിൽ ഇന്നോ? പട്ടിക 3.A നോക്കിയാൽ കാണുന്നത് 1500 കി.ഗ്രാം/ഹെക്ടർ.

നിലവിലുള്ള അവസ്ഥ:

ഇന്നത്തെ നിലയിലേക്കുതന്നെ ശ്രദ്ധതിരിക്കാം. മൂന്നാംവിള എന്നൊന്നില്ല. കൃഷിയിടങ്ങൾ ചുരുങ്ങിയതിനെപ്പറ്റി പ്രതിപാദിച്ചുകഴിഞ്ഞു. ഉള്ള നിലങ്ങളിലെ നെൽകൃഷിക്ക് മുരടിപ്പ് അനുഭവപ്പെടാനുള്ള വിശദീകരണത്തിന് കർഷകന്റെയും കർഷകത്തൊഴിലാളിയുടേയും പങ്കുമാത്രമേ നാം വിശകലനം ചെയ്തുള്ളൂ. കൃഷിക്കാരൻ സ്വയം തീരുമാനങ്ങൾ കൈക്കൊള്ളുന്ന അവസ്ഥ ഇവിടെ ഇല്ല. കൃഷി വകുപ്പ്, ജലസേചനവകുപ്പ്, ഗ്രാമവികസന വകുപ്പ്, സഹകരണ വകുപ്പ് അങ്ങിനെ കുറെ വകുപ്പുകളുടെ തീരുമാനങ്ങൾക്ക് അവൻ 'റാൻ' മൂളുകയാണ് ചെയ്യുന്നത്. വേണ്ട സമയത്ത് വേണ്ട സ്ഥലത്ത് വേണ്ടത്ര അളവിൽ വെള്ളം എത്തിക്കാൻ കഴിയാതെ ജലസേചനവകുപ്പ് പ്രതിക്കൂട്ടിൽ നിൽക്കുന്നു. കൃഷിവകുപ്പിന്റെ പരിചരണം പിഴയ്ക്കുമ്പോൾ കയ്യിൽ കിട്ടിയ രാസവളം കാലംതെറ്റികഴിച്ച കൃഷിഭൂമിക്ക് ആരോഗ്യഹാനി സംഭവിക്കുന്നു. കൃഷിയിറക്കാൻ ലഭിക്കേണ്ട സാമ്പത്തിക സഹായം കൊയ്ത്തുകഴിഞ്ഞുമാത്രം കിട്ടുന്നു. എന്തിന്, ഒരേ ലക്ഷ്യ

ത്തിൽ ഒത്തുനിന്ന് കർഷകന് കരുത്തുപകരേണ്ട വകുപ്പുകൾ തന്നെ തമ്മിലിടഞ്ഞും ഒരുമവിട്ട് ഒറ്റപ്പെട്ടും പ്രവർത്തിക്കുമ്പോൾ ഉദ്ദേശിച്ച ഫലം വ്യർഥമാകുന്നു.

ഈ അവസ്ഥമാറ്റി, പഴയ ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായത്തിന് പുതിയ പരിവേഷം ചാർത്തി വീണ്ടും ഫലപ്രദമായി അവതരിപ്പിച്ച് ഉള്ള കൃഷിയിടം ഉപയുക്തമാക്കുകയാണ് ഉൽപാദനം വർധിപ്പിക്കാനുള്ള ഏക പോംവഴിയെന്നു കരുതാം. പരിഷ്കരിച്ച കൂട്ടുകൃഷി സംരംഭങ്ങളിൽ പശ്ചാത്തല സൗകര്യ വികസനം, സേവനങ്ങളുടെ ഒരു പാക്കേജ് എന്നിവയുടെ സഹായം ലഭ്യമാവുമെന്നതിനാൽ നെല്ലുൽപാദനം കൂടുതൽ ആദായകരമാവുമെന്നതിൽ പക്ഷാന്തരമില്ല.

ജലസേചനവകുപ്പിന്റെയും കൃഷിവകുപ്പിന്റെയും പ്രവർത്തനം വികേന്ദ്രീകരണത്തിനുവിധേയമാക്കി പഞ്ചായത്ത്, പ്രാദേശിക കർഷകസംഘം എന്നിവയുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതും ആവശ്യമായിവന്നിരിക്കുന്നു. നമുക്ക് 1, 2, 3, 4, 5, 6, 7 വാർഡുകളിലായി ആകെ 8 പാടശേഖരങ്ങൾ തന്നെയുണ്ട്.

(പട്ടിക കാണുക)

ഇവയിൽ 5, 6, 7 വാർഡുകളിലെ മുഴുവൻ നെൽപ്പാടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് രൂപം നൽകിയ 'മുണ്ടോലി നെല്ലുൽപാദന സമിതി'യിലാണ് ഏറ്റവും കൂടുതൽ കൃഷിക്കാരുള്ളത്. സമിതിക്ക് സ്വന്തമായി ഒരു ട്രാക്ടർ സമ്പാദിക്കാനും കഴിഞ്ഞിട്ടുണ്ട്. പെരുമ്പുക്കുളങ്ങര രണ്ടാം സ്ഥാനത്താണ്. മൂന്നാം വാർഡിന്റെ കിഴക്കുഭാഗത്ത് പുഞ്ചകൃഷിയാണ്. പാലക്കുന്നേൽ പാടശേഖരത്ത് മുണ്ടകൻ കൃഷിചെയ്തിരുന്നു. ഇവിടെയും പാണൂർ, അമ്പീത്തറ എന്നീ പാടശേഖരങ്ങളിലും നെൽകൃഷി ഏറെക്കുറെ നിലച്ചമട്ടാണ്. കാർഷികേതരാവശ്യങ്ങൾക്കായി കൃഷിഭൂമി നികത്തിയതിനാലാണ് ഇവിടങ്ങളിൽ ഇങ്ങനെ സംഭവിച്ചത്. 1993-94 ലെ കണക്കനുസരിച്ച് 53 മെട്രിക്ടൺ നെല്ലുൽപാദിപ്പിച്ചിരുന്നതാണ്. 135 ഹെക്ടർ കൃഷിഭൂമി 96 ഹെക്ടറായി ചുരുങ്ങിയിരിക്കയാണ് 1996 ൽ.

നെൽകൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളെ ഗ്രാമസഭാചർച്ചകളിൽ വ്യക്തമായി തിട്ടപ്പെടുത്തി ചിട്ടയോടെ നിരത്താനും അവയ്ക്കെല്ലാം തന്നെ ശാസ്ത്രീയ ബോധത്തോടെയും സാഹചര്യത്തിന്റെ പ്രത്യേകതകളിലൂന്നിക്കൊണ്ടും കൃത്യതയുള്ള പരിഹാര മാർഗങ്ങൾ നിർദേശിക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുവേ നിർദേശിക്കപ്പെട്ട ഗ്രൂപ്പ്ഫാമിംഗ് രീതിയുമായി ബന്ധപ്പെടുത്തി ഏതാനും വസ്തുതകൾ കൂടി ഇവിടെ പ്രതിപാദിക്കുന്നു.

1. ഒരു പാടശേഖരത്തെ ഒരു കാർഷിക യൂണിറ്റായി കണക്കാക്കുക.
2. യൂണിറ്റിലെ കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടേയും ഉടമാവകാശത്തിൽ മാറ്റം വരുത്തരുത്.
3. ഓരോ കൃഷിക്കാരനും ഉടമാവകാശം, ഇപ്പോഴത്തെ ഉൽപാദനച്ചെലവ്, ഉൽപാദനം, മിച്ചം, വാർഷിക തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ അംഗീകരിച്ച് ധാരണാപത്രം ഒപ്പുവെക്കുക.
4. മിച്ചം ഉൽപന്നം എങ്ങനെ വീതിക്കണമെന്ന് നിശ്ചയിക്കുക.
5. ആസൂത്രണം നൽകുന്നത് ഗ്രൂപ്പ് ആയിരിക്കും. ഇതിലേക്ക് ഓരോ കൃഷിക്കാരനും നൽകുന്ന പണം, അധ്വാനം എന്നിവക്ക് കണക്കുവെക്കും. മൊത്തം ഉൽപാദനച്ചെലവും മിച്ചവും കണക്കാക്കുമ്പോൾ ഈ വക കാര്യങ്ങൾ പരിഗണിച്ചിരിക്കണം.
6. ഇപ്രകാരം ഉള്ള സംഘത്തെ സഹായിക്കുക എന്നത് കൃഷിഉദ്യോഗസ്ഥന്മാരുടെ ചുമതലയാകയാൽ അവർ പ്രവർത്തിക്കുന്നത് പൂർണമായും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലായിരിക്കും.
7. നീർ തടാടിസ്ഥാനത്തിൽ സമഗ്രമായ സ്ഥല ജല മാനേജ്മെൻറ് പദ്ധതികൾ നടപ്പാക്കാവുന്നതാണ്. മണ്ണൊലിപ്പോ നീർക്കെട്ടോ തടയാനും വേനൽക്കാലത്ത് വേണ്ടത്ര വെള്ളം ലഭ്യമാക്കാനും ഇതുപകരിക്കും.
8. മേൽപ്പറഞ്ഞ കാര്യങ്ങളെ അടിസ്ഥാനമാക്കി ഭക്ഷ്യോൽപാദന ലക്ഷ്യത്തോടെയുള്ള ഒരു

ജനകീയ മുന്നേറ്റത്തിന് രൂപം നൽകണം. CAPART NABARD എന്നിവയുടെ സാമ്പത്തിക സഹായം പ്രതീക്ഷിക്കാം.

9. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ഈ ജനകീയമുന്നേറ്റത്തിന്റെ മുന്നണിപ്പോരാളികളാക്കാൻ കഴിയണം.

10. പഞ്ചായത്തിൽ എത്രവേണമെങ്കിലും ബണ്ടുകളും നീർച്ചാലുകളും സൃഷ്ടിച്ചുകൊണ്ടും പച്ചില വളത്തിനായി പതിനായിരക്കണക്കിന് മരങ്ങൾ വച്ചു പിടിച്ചിച്ചുകൊണ്ടും ഒരു മഹായജ്ഞമാക്കി മാറ്റണം ഈ കാർഷിക സംരംഭത്തെ. പ്രത്യേകിച്ചും അനുകൂലമായി മാറിവന്ന ഇന്നത്തെ സാഹചര്യത്തിൽ. നെല്ലുൽപാദനത്തിൽ അൽഭുതം സൃഷ്ടിച്ചില്ലെന്നുവന്നാലും ബഹുദൂരം മുന്നേറാനാവുമെന്ന കാര്യത്തിൽ തർക്കംവേണ്ട. എന്നാൽ വീണ്ടും പാടത്തേക്കു മടങ്ങുമ്പോൾ ഒരു കാര്യം ഓർത്തുവെക്കുന്നത് നന്ന്. കൃഷിയെ ഒരു സംയോജിത പദ്ധതിയായി (Integrated Project) നിലനിർത്തി നീങ്ങിയെങ്കിൽ മാത്രമേ ആദായകരമാവൂ എന്ന സത്യം.

ഇനി തെങ്ങിനെപ്പറ്റി:

നാണ്യവിളകളിൽ മുന്നിൽ നിൽക്കുന്ന തെങ്ങാണ് നമ്മുടെ മുഖ്യവിള.

നെൽകൃഷി ചുരുങ്ങിയപ്പോൾ വികസിക്കയും അതേസമയം കാർഷികേതരാവശ്യങ്ങൾക്കായി കരയ്ക്ക് ഉപഭോഗമാറ്റം വന്നപ്പോൾ സ്വയം ചുരുങ്ങുകയും ചെയ്ത കൃഷിയിടങ്ങളിൽ കേരങ്ങൾ എണ്ണത്തിൽ വർധിച്ചെന്നതൊഴിച്ചാൽ ഉദ്പാദനത്തിൽ പിന്നോക്കം പോയിരിക്കുന്നു. 731 ഹെക്ടർ തെങ്ങുകൃഷിക്കായി നാം നിലനിർത്തിയിട്ടുണ്ട്. പട്ടിക 4.A യിൽ വാർഡുതിരിച്ചുള്ള കണക്കാണ്.

1, 13, 910 കായ്ഫലമുള്ള തെങ്ങുകൾ പത്തു വാർഡുകളിലായി തലയുയർത്തി നിൽക്കുന്നു. എന്നാൽ 43678 എണ്ണത്തിനും മാരകരോഗം ബാധിച്ചിരിക്കുന്നതുകാണുക.

തെങ്ങ് കൽപവൃക്ഷമാണെന്ന സങ്കൽപം നമുക്കുള്ളത് നല്ലതാണ്. സങ്കൽപം സത്യത്തിൽ അധിഷ്ടിതവുമാണ്. എന്നാൽ ഈ സങ്കൽപം നമ്മുടെ പൂർവികരെ വല്ലാതെ ഭ്രമിപ്പിച്ചിരുന്നതുകൊണ്ടാവാം കൽപവൃക്ഷം കനിഞ്ഞുതന്നത് കൈനീട്ടിവാങ്ങി കുമ്പിട്ടതല്ലാതെ പകരം അങ്ങോട്ട് വേനൽക്കാലത്ത് ദാഹജലം പോലും നൽകാതെ അവഗണിച്ചത്. അന്നും ഇന്നും കുടിവെള്ളത്തിനു കേഴുന്ന കുമാരപുരത്തുകാർക്കെങ്കിലും കൽപവൃക്ഷത്തിന്റെ കുടിനീർമോഹം മനസിലാക്കാനുള്ള കഴിവുണ്ടാകേണ്ടതായിരുന്നു. വേനലുണക്കിന് വേണ്ടത്രവെള്ളം നൽകിയിരുന്നെങ്കിൽ മേൽസൂചിപ്പിച്ചമാതിരിയുള്ള മഹാരോഗങ്ങൾക്ക് നമ്മുടെ തീരദേശ നെടുങ്കന്മാർ (West Coast Tall)വഴങ്ങി തളരുമായിരുന്നില്ല എന്നകാര്യം തീർച്ച. പോരായ്മ ഇനിയെങ്കിലും പരിഹരിച്ചുകൂടേ എന്നതുപരിഗണിക്കാനുള്ള സമയമായിരിക്കുന്നു.

സർക്കാരിനും ഇന്നോളം ഈ കൽപവൃക്ഷത്തോട് ചിറ്റമ്മ നയമായിരുന്നു. നെല്ലിനും റബറിനും നൽകുന്ന ആനുകൂല്യമൊന്നും അതേയളവിൽ തെങ്ങിനുനൽകാനുള്ള മടി മനസിലാകുന്നില്ല.


ഉൽപാദനം വർധിപ്പിക്കാനുള്ള ഒട്ടേറെ നിർദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുള്ളത് അതേപടി നിരത്തിയിട്ടുള്ളത് അവ അർഹിക്കുന്ന പരിഗണനയോടെയാണ്. കൂടുതൽ മാർഗങ്ങളെക്കുറിച്ചും നമുക്ക് ചിന്തിക്കാം.


പാടങ്ങളിൽ തെങ്ങുവെച്ചാൽ ഉൽപാദനം വർധിക്കും എന്ന ധാരണ അടിസ്ഥാന രഹിതമാണ് എന്നോർക്കുക. ഉൽപാദനം കുറയുമെന്നതിലുപരി അത് നീർവാർച്ചയെ തകിടംമറിക്കുക കൂടിചെയ്യുമെന്നതാണ് വസ്തുത. ഉൽപാദനം വർധിപ്പിക്കാനായി നമുക്ക് മറ്റുവഴികൾ തേടാം.

✶ ബോർഡോ ✶

1 കിലോഗ്രാം തൂരിശ് 50 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനി 1 കിലോഗ്രാം നീറ്റുകക്കാചൂടുവെള്ളം ചേർത്ത് 50 ലിറ്ററാക്കിയ ലായനിയിലേക്ക് ഒഴിച്ചുകൊണ്ടിരിക്കെ ഇളക്കിക്കൊണ്ടിരുന്നാൽ ബോർഡോ മിശ്രിതമെന്ന കുമിൾനാശിനി റെഡി.

ഭൂപ്രകൃതി





വിസ്തീർണ്ണം - 13. 75 sq. km

1.	എക്കൽ കലർന്ന മണൽ
2.	എക്കൽ മണലും ചെളിയും
3.	ഓരുനിറഞ്ഞ ചെളി

T.I.C തെങ്ങ് കൃഷി സംബന്ധിച്ച സമിതിവിവരം

		തെങ്ങ് കൃഷി ചെയ്ത ഹെക്ടർ	കായ്ക്കാത്തവ	കായ്ക്കുന്നവ	ആകെ	നട്ട് വിൽപന	ലീഫ് നോട്ട്	ബഡ് നോട്ട്	സ്റ്റെം ഇഞ്ചിംഗ്	ആകെ
1		70.3	2800	12760	15560	9800	1500	2100	930	14330
2		78	3800	11800	15600	6200	800	1100	48	8148
3		6.8	800	11700	12500	2000	750	200	-	2950
4		74	1900	12900	14800	1800	600	200	-	2600
5		69	2500	115000	14000	1600	650	250	-	2500
6		72	4400	10050	14450	800	750	700	-	2250
7		75	4500	11000	15500	850	600	500	50	2000
8		76	4800	11200	16000	1100	800	700	20	2620
9		77	4400	11000	15400	2000	600	500	40	3140
10		71	4800	10 000	14800	1800	650	700	40	3140
00	ആകെ.									43678

ഒഴിവാക്കാം. ജലസേചനം ഉൽപാദനം വർധിപ്പിക്കും. രോഗപ്രതിരോധശക്തി വർധിപ്പിക്കും. കാറ്റുവീഴ്ച ബാധിച്ച് ഉൽപാദനം നിലച്ചവയെയും മറ്റു രോഗങ്ങൾ നിയന്ത്രണാധീനമാകാതെ വൃക്ഷങ്ങൾ നശിച്ചാൽ അത്തരം വൃക്ഷങ്ങളേയും വെട്ടിമാറ്റി പകരം അത്യുൽപാദനശേഷിയുള്ളതോ ലഭ്യമായതിൽമെച്ചപ്പെട്ടതോ ആയവ വച്ചുപിടിപ്പിക്കാം.

ഒരു തെങ്ങിൽ നിന്ന് പ്രതിവർഷം 100 എന്നകണക്കിൽ തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽനിന്ന് നല്ല വിത്തുകൾ ശേഖരിച്ചു തൈകൾ ആവശ്യാനുസരണം ഉണ്ടാക്കുന്ന ഒരു സമഗ്രപദ്ധതിക്ക് പഞ്ചായത്തിൽ തന്നെ രൂപം നൽകാം. അശാസ്ത്രീയ രാസവളപ്രയോഗം ഒഴിവാക്കാം. ആവുന്നത്ര ജൈവവളം ഉണ്ടാക്കി ഉപയോഗപ്പെടുത്താം. പാടങ്ങൾ നികത്തുന്ന പരിപാടി പാടേ ഉപേക്ഷിക്കാം. സമഗ്രവികസന പരിപാടി ആസൂത്രിതമായി നടത്തുന്നതിന് നമ്മുടെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ഉപയോഗപ്പെടുത്താം. നേഴ്സറികൾ പ്രവർത്തിക്കുന്നത് ഈ വിഭാഗത്തിന്റെ ചുമതലയിലാവാം. പഞ്ചായത്തിനെ പ്രസ്തുത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ചുമതല ഏൽക്കാവുന്നതാണ്.

കൽപവൃക്ഷം
കനിഞ്ഞുനൽകിയ
ആരോഗ്യപാനീയം
-ഇളനീർ

ഇടവിള:

കൃഷി ആദായകരമാക്കാൻ ഹ്രസ്വകാല ഇടവിള നിർദേശിക്കപ്പെടുന്നു. നമ്മുടെ വരുമാനത്തിൽ നല്ലൊരുപങ്ക് പച്ചക്കറി പുറത്തുനിന്നും വാങ്ങാൻ ചെലവാക്കുന്നു. ഏതാനും വർഷങ്ങളേ ആയുള്ളൂ വീടുതോറുമുള്ള അടുക്കത്തോട്ടങ്ങളും താഴ്ന്ന നിലങ്ങളുടെ ഓരത്തും താഴ്ന്ന പറമ്പുകളിലും, ഡിസംബർ മുതൽ മേയ്വരെയുള്ള കാലത്ത് പാടത്തും ഉണ്ടായിരുന്ന 'സീസണൽ' കൃഷിയും നിർത്തിയിട്ട്. പച്ചക്കറിയുടെ ഉപയോഗം ഒഴിവാക്കിയിട്ടോ കുറച്ചിട്ടോ അല്ല സ്വന്തമായി കൃഷിചെയ്യുന്നതിൽനിന്ന് നാം പിന്തിരിഞ്ഞത്. മറിച്ച് വ്യാപകമായി പച്ചക്കറിയുടെ ഉപയോഗം ആരോഗ്യ സംരക്ഷണബോധം വർധിച്ചപ്പോൾ വർധിപ്പിക്കുകയാണുണ്ടായത്. അമിത വില കൊടുത്ത് വാങ്ങാൻ തയ്യാറായതിന്റെ പിന്നിൽ ഒരു സത്യം മാത്രം. ഒരുതരം കൃഷിയിലും ആരും തൽപരരല്ല. കാരണം വ്യക്തം. കാർഷികേതരവരുമാനവർധനയും സമയക്കുറവും. പച്ചക്കറി കൃഷിയോ ഇടവിളയോ ആർക്കും നഷ്ടം ഉണ്ടാക്കിയതായി തെളിവില്ല. പ്രകൃതിക്ഷോഭം കരകൃഷിയെ നശിപ്പിച്ച അവസരങ്ങളിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അതിന് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടായിരിക്കും.

പലതിലും ഇപ്പോൾ നാം കൂടുതൽ ബോധവാന്മാരാണ്. പ്രത്യേകിച്ച് സാമ്പത്തിക വളർച്ചയിലൂന്നിയ ഗ്രാമ വികസനം, ആരോഗ്യം, സ്വാശ്രയത്വം ഇത്യാദി അടിസ്ഥാന കാര്യങ്ങളിൽ. നമ്മുടെ സമ്പത്ത് അന്യ സംസ്ഥാനത്തേക്ക് ഒഴുകിമാറുന്നതിനും സ്വയം സാമ്പത്തിക സുരക്ഷിതത്വത്തിന് തുരങ്കം വക്കുന്നതിനും ഇടയാക്കുന്ന ഉപഭോഗസംസ്കാരത്തിന് ഇനി വൈകാതെ തിരിശ്ശീലയിടുന്നതിന് നാം ഒന്നാകെ തീരുമാനിച്ചിരിക്കയാണല്ലോ. അതിന്റെ അടിസ്ഥാനത്തിൽ വിശേഷാൽ ഗ്രാമസഭാ ചർച്ചകളിൽ പത്തുവാർഡുകളിലും പൊതുവായി നിഷ്കർഷിച്ച ഹ്രസ്വകാല ഇടവിളയാണ് പച്ചക്കറികൃഷി. F.S. പുഷ്പ കൃഷി, ഔഷധസസ്യകൃഷി, കൂൺകൃഷി എന്നിവയും പരക്കെ നിർദേശിക്കപ്പെട്ട ഇടവിള കൃഷിയാണ്. ഈ വക കൃഷി ആരോഗ്യസംരക്ഷണത്തിന് ഏറ്റവും ചെലവുകുറഞ്ഞ ഭക്ഷ്യവസ്തുക്കൾ തരുന്നതുപോലെതന്നെ നല്ലവരുമാനം നേടിത്തരികയും ചെയ്യുമെന്നുള്ളതിനാൽ വളരെ പ്രാധാന്യം നൽകി നടപ്പാക്കേണ്ടിയിരിക്കുന്നു.

★ ★ ★

T-3

ക്രമ നമ്പർ	ഇനം	വിസ്തീർണ്ണം		
		ഹെക്ടർ	ആർ	ച:മീറ്റർ
1	നിലം	282	01	38
2	പുരയിടം	731	61	23
3	പുറമ്പോക്ക്	88	82	42
4	കൃഷിയോഗ്യ തരിശ്	35	—	—
5	കൃഷിയോഗ്യമല്ലാത്ത തരിശ്	28	50	
6	ആകെ	1102	45	03

2.4

നമ്പർ	ഭൂ ഉടമകൾ	എണ്ണം
1	5 ഏക്കറിനു മുകളിൽ	10
2	2 നും മേൽ 5 നും താഴെ	192
3	1 നും മേൽ 2 നും താഴെ	506
4	50 സെന്റിനും മേൽ 1 ഏക്കറിനും താഴെ	1202
5	25 സെന്റിനും മേൽ 50 സെന്റിനും താഴെ	2745
6	10 സെന്റിനും മേൽ 25 സെന്റിനും താഴെ	3755
7	1 സെന്റിനും മേൽ 10 സെന്റിനും താഴെ	2469
8	ആകെ	10879

കാർഷികോപകരണങ്ങൾ - ലഘുരേഖ

വാർഡ്	ഉഴവുപകരണങ്ങൾ		നാടൻ കലപ്പ	മനുഷ്യരധ്വാനിക്കുന്നവ			മെതിയന്ത്രം തെങ്ങുകയറ്റയന്ത്രം, പമ്പ് സെറ്റ് തുടങ്ങിയവ
	കാളകൂർ	മുരട		ഒറ്റക്കാൽ തൂമ്പ	തൂമ്പ	മറ്റുള്ളവ	
1	—	—	20	3	3	—	ഇല്ല
2	—	1	27	2	1	—	—
3	—	—	12	1	1	—	—
4	—	—	11	2	2	--	—
5	—	—	9	2	2	—	—
6	—	1	12	3	3	തെങ്കിലൻ-1	—
7	—	—	3	1	1	—	—
8	—	—	—	—	—	—	—
9	—	—	—	—	—	—	—
10	—	—	—	—	—	—	—

ക്രമ നം.	പാടശേഖരത്തിന്റെ പേര്	വാർഡ്
1	ആക്കാത്തറപാടശേഖരം	1
2	പെരുമ്പൂക്കുളങ്ങര "	1
3	കോയിക്കലേത്ത് "	1,2,3
4	പാണൂർ "	2
5	പാലോന്നിൽ "	2
6	അമ്പീത്തറ "	2,4
7	പാലക്കുന്നേൽ "	1,4
8	മുണ്ടോലി "	5,6,7

ഭൂമിസംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	ഇനം	വിസ്തീർണ്ണം ഹെ.	ആർ.	ച. മീ
1	നിലം	282	01	38
2	പുരയിടം	731	61	23
3	പുറമ്പോക്ക്	88	82	42
	ആകെ	1102	45	03
1	കൃഷിയോഗ്യത്തരിശ്	35	–	–
2	കൃഷിയോഗ്യമല്ലാത്തത്	28	50	
	ആകെ	63	50	

കൂലിച്ചെലവ്

തൊഴിലിനം (പുരുഷൻ)	കൂലി രൂ		തൊഴിലിനം (സ്ത്രീ)	കൂലി രൂ	
നെൽകൃഷി ഉച്ചപ്പണി	75		നെൽകൃഷി	44	
നെൽകൃഷി ഒരുദിവസം	125				
തെങ്ങുകൃഷി	100				
മറ്റുകൃഷി	100				

കുറിപ്പ്

1. ഓണാട്ടുകര പ്രദേശത്ത് 7 മണിക്കൂർ നേരത്തേക്ക് പുരുഷന് 70 രൂ. സ്ത്രീക്ക് 44 രൂ. നിലവിലുള്ള കൂലിനിരക്കാണ്.

2. ഉഴുവ് തൊഴിലാളി - 6 ചാൽ ഉഴവ് നടത്തിനിലം കൃഷിയോഗ്യമാക്കുന്നതിന്12.5 പറ നെല്ല്

3. വളം ചേർക്കൽ - ഏക്കറിന് 40 രൂ

4. മരുന്നുതളി - ഒരു കുറ്റിപമ്പിന് 5 രൂ

5. പൂരയിടം കിളക്കുക- 50 രൂപയും ഭക്ഷണവും (ഉച്ചവരെ)

ടി 8 എ.എം - 5 പി. എം. 100 രൂ.

	ഭൂഉടമകൾ	എണ്ണം
1	5 ഏക്കറിന് മുകളിൽ	10
2	2 നു മേൽ 5 നു താഴെ	192
3	1 നു മേൽ 2 നു താഴെ	506
4	50 സെൻറിനുമേൽ 1 ഏക്കറിനുതാഴെ	1202
5	25 സെൻറിനുമേൽ 50 സെൻറിനുതാഴെ	2745
6	10 സെൻറിനുമേൽ 25 സെൻറിനുതാഴെ	3755
7	1 സെൻറിനുമേൽ 10 സെൻറിനുതാഴെ	2469
	ആകെ	10879


ഹരിപ്പാട് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം


1994 മുതൽ 1996 വരെയുള്ള മഴയുടെ അളവ്


1994 mm (TENTHS)		1995 mm (TENTHS)			
ജാനുവരി	മഴയില്ല –	ജാനുവരി	മഴയില്ല –	ജാനുവരി	46 mm TENTHS
ഫെബ്രുവരി	മഴയില്ല –	ഫെബ്രുവരി	17 mm TENTHS	ഫെബ്രുവരി	മഴയില്ല
മാർച്ച്	20 mm TENTHS	മാർച്ച്	13 mm TENTHS	മാർച്ച്	മഴയില്ല
ഏപ്രിൽ	84 mm TENTHS	ഏപ്രിൽ	279 mm TENTHS	ഏപ്രിൽ	94 mm TENTHS
മേയ്	244 mm TENTHS	മേയ്	373 mm TENTHS	മേയ്	34 mm TENTHS
ജൂൺ	481 mm TENTHS	ജൂൺ	430 mm TENTHS	ജൂൺ	389 mm TENTHS
ജൂലൈ	612 mm TENTHS	ജൂലൈ	505 mm TENTHS	ജൂലൈ	325 mm TENTHS
ആഗസ്ത്	347 mm TENTHS	ആഗസ്ത്	246 mm TENTHS	ആഗസ്ത്	73 mm TENTHS
സെപ്തംബർ	265 mm TENTHS	സെപ്തംബർ	251 mm TENTHS	സെപ്തംബർ	311 mm TENTHS
ഒക്ടോബർ	480 mm TENTHS	ഒക്ടോബർ	145 mm TENTHS	ഒക്ടോബർ	139 mm TENTHS
നവംബർ	154 mm TENTHS	നവംബർ	65 mm TENTHS	നവംബർ	174 mm TENTHS
ഡിസംബർ	മഴയില്ല –	ഡിസംബർ	മഴയില്ല –	ഡിസംബർ	--
	2687		2324		1485.2

കാലാവസ്ഥാ കലണ്ടർ

മഴയുടെ അളവ്







നെൽകൃഷി

A.നെൽകൃഷി പ്രശ്നങ്ങൾ, സ്ഥിതി വിവരങ്ങൾ പരിഹാര നിർദേശങ്ങൾ

വാർഡ് -1

ഇവിടെ ജലനിർഗമനമാർഗ്ഗങ്ങൾ തടസ്സപ്പെട്ടിരിക്കുന്നു. ഉൽപാദനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. വിരികുഴിച്ചു കൃഷി ആക്കുകയും നികത്തി പുരയിടമാക്കുകയും ചെയ്യുന്നു. നിലത്തിനുചുറ്റും തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നു. പല വിളകൾ പലസമയങ്ങളായി ഇറക്കുന്നതുകാരണം കീടങ്ങളുടെ ശല്യം വർധിക്കുന്നു. കാർഷിക മേഖലയാണ് ഈ പ്രദേശം. ഇവിടെമുരടിപ്പ് വ്യക്തമായി ദൃശ്യമായിരിക്കുന്നു.

വാർഡ് -2

പൂർണമായും കാർഷിക മേഖലയാണ്. നെല്ല്, തെങ്ങ് എന്നിവയാണ് മുഖ്യവിളകൾ. പച്ചക്കറികൾ, വാഴ, കപ്പ തുടങ്ങിയ വിളകളുമുണ്ട്. ഈ വാർഡിൽ നാറു പാടശേഖരങ്ങൾ കൃഷിയോഗ്യമായിട്ടുണ്ട്. പൊതുവേ ഉൽപാദനം കുറഞ്ഞുകാണുന്നു. കൃഷി ആദായകരമല്ലെന്ന ധാരണ പരന്നിരിക്കുന്നു. മുളക്കീത്തറ-കാരാന്തറ റോഡുനിർമ്മാണത്തിനുശേഷം പാലോന്നി, പാണൂർ പാടശേഖരങ്ങളിലെ കൃഷി അസാധ്യമായി മാറി. പാലോന്നി പാടശേഖരത്തിന് നടുവിലൂടെ മുമ്പ് നീരൊഴുക്കുണ്ടായിരുന്ന തോട് കയ്യേറ്റം മൂലം ഇല്ലാതായി.

അമ്പീത്തറ പാടശേഖരത്ത് കെട്ടിനിൽക്കാനിടയുള്ള ജലം ഒഴുകി മാറിക്കൊണ്ടിരിക്കുന്നതിനു സഹായകമായിരുന്ന നീരൊഴുക്കുമേഖല ഗാർഹികാവശ്യത്തിനും മറ്റുമായി നികത്തിയതിനാൽ കൃഷിയെ ബാധിച്ചു. കവറാട്ടു വടക്കുവശത്തുള്ള പാടശേഖരത്തിനു നടുവിലൂടെ റോഡു നിർമിക്കുകയും ഗാർഹികാവശ്യത്തിനായി പാടം നികത്തുകയും ചെയ്തതിനാൽ പാലോന്നി തോട്ടിലേക്ക് വെള്ളമൊഴുകിമാറുന്നത് തടയപ്പെട്ടു. ഇവിടെ കൃഷി തകരാറിലായി. വാപ്പറമ്പിൽ പടിഞ്ഞാറുവശത്തുള്ള പാടശേഖരത്തിനു നടുവിലൂടെ വടക്കോട്ട് റോഡ് നിർമിച്ചതിനാലും മുമ്പ് നീരൊഴുക്ക് ഉണ്ടായിരുന്നിടം നികത്തിയതിനാലും വെള്ളം മഴക്കാലത്ത് കെട്ടിനിന്ന് കൃഷിക്ക് തടസ്സം നേരിട്ടു. ചൊവ്വയിൽ ഓടനിർമിച്ചതിനാൽ വർഷകാലത്തുണ്ടാകുന്ന ജലം ഒഴുകി കോടന്നൂർ പാടശേഖരത്തിൽ എത്തി കെട്ടി നിൽക്കും.

ഉത്പാദനം ഈ പാടത്തെ നെൽകൃഷി പാടെ തകർന്നു. വിത്ത്, വളം, കീടനാശിനി എന്നിവയുടെ ദൗർലഭ്യം, വർദ്ധിച്ച വില എന്നിവ കർഷകനെ നിരാശനാക്കി.

വാർഡ് -3

കല്ലേലിപ്പടി മുതൽ വടക്കോട്ട് മണച്ചിറക്കൽ വരെ 30 ഏക്കർ പുഞ്ചകൃഷിയുണ്ട്. ജലനിർഗമന മാർഗങ്ങൾ പൊതുവേ അടഞ്ഞുപോയിട്ടുണ്ട്. കൃഷി ആദായകരമല്ലാതായി തീർന്നിരിക്കുന്നു. വലുത്തുപുരയിടത്തിനു പടിഞ്ഞാറുവശം വെള്ളം കെട്ടി നിൽക്കുന്നതിനാൽ കരകൃഷിയും നിലത്തിലെ കൃഷിയും ഒരുപോലെ അസാധ്യമാകുന്നു. വാർഡിന്റെ വടക്കുഭാഗത്ത് പലഭാഗങ്ങളിലും മലിനജലം കെട്ടിക്കിടക്കുന്നു. കരകൃഷി പൊതുവേ മുടങ്ങിയിരിക്കുന്നു. വിത്തും വളവും കീടനാശിനിയും ആവശ്യാനുസരണം ലഭ്യമല്ല. വില വർധന അസഹനീയമായിരിക്കുന്നു. കൂലികൂടുതൽ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

വാർഡ് -4

ഓരുവെള്ളം കയറി കൃഷിക്ക് ദോഷം ചെയ്യുന്നു. ജല നിർഗമന സൗകര്യമില്ല. വിത്ത്, വളം, കീടനാശിനി എന്നിവ വിലവർധിച്ചും ക്ഷാമം നേരിട്ടും കൃഷിക്കാരനു താങ്ങാനാവുന്നതിലേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. കൃഷി ലാഭകരമല്ലാതായി തീർന്നിരിക്കുന്നു.

വാർഡ് -5

ജലനിർഗമന സൗകര്യങ്ങൾ അടഞ്ഞുപോയിരിക്കുന്നു. വെള്ളം കയറ്റിറക്കിനു സൗകര്യമില്ല. വിത്ത്, വളം, കീടനാശിനി ഇവകൾക്ക് വിലവർധനയും ക്ഷാമവും നേരിടുന്നു. കൃഷി ആദായകരമായി അനുഭവപ്പെടുന്നില്ല. കൂലിക്കൂടുതൽ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

വാർഡ് -6

നെൽകൃഷി ചെയ്യാതെ ഏക്കർ കണക്കിനു ഭൂമി തരിശായി കിടക്കുന്നു. ജലനിർഗമന മാർഗമില്ലാത്തതാണ് ഇതിനുകാരണം. ഗതാഗതസൗകര്യത്തിനുവേണ്ടി നെൽവയലുകളെ കീറിമുറിച്ചുകൊണ്ട് റോഡുകൾ തീർക്കുകയും റോഡിന്റെ ഇരുവശവും നികത്തി തെങ്ങിൻ തൈകൾ നടുകയും ചുരയിടമാക്കുകയും അവിടവിടെ വീടുകൾ നിർമിക്കുകയും ചെയ്തതുകാരണമാണ് ജലനിർഗമന സൗകര്യം നഷ്ടമായത്.

വാർഡ് -7

ജലനിർഗമന മാർഗങ്ങൾ അടഞ്ഞതുകാരണം നെൽകൃഷി ദുഷ്കരവും ആദായരഹിതവുമായിത്തീർന്നിരിക്കുന്നു. റോഡുകൾ വെള്ളംകെട്ടിക്കിടന്ന് നശിക്കുന്നു. കൃഷിയിൽ പൊതുവേ കർഷകർക്ക് താൽപര്യം കുറയുന്നു. വിത്ത്, വളം, കീടനാശിനി എന്നിവയുടെ വർധിച്ച വിലയും ക്ഷാമവും ബുദ്ധിമുട്ടുണ്ടാക്കുന്നു. ആധുനിക കൃഷി സമ്പ്രദായത്തെ കുറിച്ചുള്ള അറിവ് വ്യാപകമല്ല. നടിൽ വസ്തുക്കൾ പലതും ലഭ്യമല്ല. വിപണന സൗകര്യമില്ല. കാർഷിക മേഖലയാണ്. നെൽകൃഷി, പച്ചക്കറി കൃഷി, നാളികേരം, കവുങ്ങ്, കശുമാവ് തുടങ്ങി ഏതിനും യോജിച്ച കൃഷിഭൂമിയുണ്ട്.

വാർഡ് -8

ചെളിയും മണലും നിറഞ്ഞ ഉപ്പുരസമുള്ള മണ്ണാണ് ഈ പ്രദേശത്തുള്ളത്. [illegible] കൃഷി ചെയ്യുന്നവരാണ്. 95 % ആളുകളും ഈ കൃഷിയിൽ [illegible] ന്ധ പരിപാടിയിലും [illegible] എന്നാൽ അധ്വാനത്തിനുവേണ്ട പ്രതിഫലം [illegible] ക്കുന്നില്ല. പഞ്ചായത്തിലെ [illegible] വെള്ളം [illegible] പ്രദേശങ്ങളിൽ

നടീൽ വസ്തു വിതരണം കൃഷിഭവൻമുഖേന

ക്രമനമ്പർ	ഇനം	വർഷം		
		1993-94	94-95	95-96
1	തെങ്ങ്	1845	1080	1200
2	കുരുമുവ്	160	—	—
3	ഗ്രാമ്പൂ തൈ	100	2500	12000
4	കമുങ്ങ്	—	150	1000
5	പയർവിത്ത്	270 kg	168 kg	126 kg
6	കിഴങ്ങുവർഗ്ഗങ്ങൾ	250	280 kg	3295
7	വഴവള്ളിത്തല	311	—	30 kg
8	ഞാഞ്ഞൂവിത്ത്	30 kg	115 kg	—
9	വാഴക്കന്ന്	1750	300	
10	നെല്ല്വിത്ത്	1500 kg	250 kg	398 kg
11	കുരുക്കനാട്ട്	-	400	---
12	കൊക്കോ	--	—	100
13	വെണ്ടക്കാവിത്ത്	30 kg	3.35 kg	4.63 Pkt
14	നീറ്റുമുൾവിത്ത്	--		100 kg

കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള ഒരു ജലമാനേജ്മെൻറ് ഇവിടെ നിലവിലില്ല. ഓരുവെള്ളം ഇവിടെ വളരെയധികം പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നു.

വാർഡ് -9

ജലനിർഗമന മാർഗങ്ങൾ അടഞ്ഞുപോയിട്ടുണ്ട്. മലിനജലം കെട്ടിക്കിടക്കുന്നുണ്ട്. വെള്ളം കെട്ടിനിൽക്കുന്ന പ്രദേശമാണ്. ഇവിടെ വള്ളങ്ങൾ വാഹനങ്ങളായി ഉപയോഗിച്ചു വരുന്നു. ഈ ജലഗതാഗത മാർഗങ്ങൾ പലതും അടയ്ക്കപ്പെട്ടിരിക്കുന്നു. വാഴ, കമുങ്ങ്, മരച്ചീനി, ചേമ്പ്, പച്ചക്കറികൾ, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ (ചേന, കാച്ചിൽ) എന്നിവ ഇടവിളയായി കൃഷിചെയ്തുവരുന്നു. നെൽകൃഷി നാമമാത്രമാണ്.

വാർഡ് -10

പ്രധാന കൃഷി തെങ്ങാണ്. ഈപ്രദേശം കായലുകളാൽ ബന്ധപ്പെട്ട തോടും അതിനോടനുബന്ധിച്ചുള്ള കൈവഴികളാലും ഇടകലർന്ന ചതുപ്പുള്ള താഴ്ന്ന പ്രദേശമാണ്. അതുകൊണ്ടുതന്നെ വർഷത്തിൽ രണ്ടും മൂന്നും തവണ വെള്ളപ്പൊക്കം ഉണ്ടാകാറുണ്ട്. പഞ്ചായത്തിൻെറ ഏറ്റവും പടിഞ്ഞാറെ അതിർത്തി പ്രദേശമാണ്. വാഴ, കപ്പ, ചേന, ചേമ്പ്, കാച്ചിൽ, പയർ, ഇഞ്ചി, മഞ്ഞൾ, മുളക്, കൂരുമുളക്, പച്ചക്കറികൾ എന്നിവ ഇടവിളയായി കൃഷിചെയ്യുന്നുണ്ട്. കൃഷിഭവൻ വളരെ അകലെയാണ്. ഉപ്പുവെള്ളം വേലിയേറ്റ സമയത്ത് കയറി കൃഷിനാശം സംഭവിക്കാറുണ്ട്.

B.നാളികേര കൃഷിയും ഇടവിളയും

വാർഡ് -1

തെങ്ങിനെ ബാധിക്കാറുള്ള സാധാരണ എല്ലാ രോഗങ്ങളും പ്രകടമാണ്. സാമ്പത്തിക പരാധീനത കാരണം രോഗം ബാധിച്ച തെങ്ങുകൾ നിക്കം ചെയ്യാറില്ല. ഉൽപാദനം കുറഞ്ഞുവരുന്നു. വേനൽക്കാലത്ത് ജലസേചന സൗകര്യം ഇല്ല. വളം, കീടനാശിനി എന്നിവയുടെ വിലവർധനവും ദൗർലഭ്യവും നാളികേര കൃഷിയെയും ബാധിച്ചിട്ടുണ്ട്. സങ്കരയിനം അഥവാ അത്യുൽപാദനശേഷി കൂടിയ തൈകൾ ലഭ്യമല്ല. ഇടവിള കൃഷിയുണ്ട്. എന്നാൽ പച്ചക്കറിക്കുവേണ്ടതായ നല്ലവിത്തിനങ്ങൾ ലഭ്യമല്ല. ഇടവിളകൃഷിപ്പു രോഗമിപ്പിക്കാൻ സാധ്യതകൾ ഏറെയാണ്.

വാർഡ് -2

60 % പ്രദേശത്ത് തെങ്ങു കൃഷിയാണ്. പരമ്പരാഗതരീതി അവലംബിക്കുന്നു. ഇക്കാരണത്താലും അനിയന്ത്രിത തെങ്ങുരോഗങ്ങളാലും ഉൽപാദനം നന്നേ കുറവായി വരുന്നു. വേനക്കാല ജലസേചനം അനുവർത്തിക്കുന്നില്ല. ഉൽപാദനശേഷി കുറഞ്ഞ തൈകൾ മാത്രമേ ലഭിക്കാറുള്ളൂ. രോഗബാധിത വൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം നല്ലയിനം തൈകൾ വെച്ചുപിടിപ്പിക്കാനുള്ള സാമ്പത്തിക ശേഷി സ്വന്തമായുള്ളവർ വിരളം. രാസവളം, കീടനാശിനി എന്നിവയുടെ വിലവർധനവ് കൂലിച്ചെലവ് വർദ്ധന എന്നീ ഘടകങ്ങളും ഉൽപാദന മാന്ദ്യത്തിന് കാരണമാണ്.

മേൽത്തരം തെങ്ങിൻ തൈകളെപ്പറ്റിയുള്ള അറിവോ അതിൻെറ ഗുണമേന്മയിലുള്ള വിശ്വാസമോ കർഷകർക്കില്ല. ചെറുകിടനാമമാത്ര കർഷകരാകയാൽ തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെയുള്ള കീടനാശിനി പ്രയോഗം വേണ്ടത്ര പ്രാധാന്യത്തോടെ നടത്തുന്നില്ല. അതിനുള്ള സാമഗ്രികളും ലഭിക്കാറില്ല.

ജലക്ഷാമം ഉള്ളകാലത്ത് തെങ്ങിന് ആവശ്യമായ ജലസേചനസൗകര്യം ഇല്ല. വാർഡിൽ മണ്ണുപരിശോധന നടത്തിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. നാളികേര വികസന പദ്ധതികളൊന്നും ഈ പ്രദേശത്ത് നടപ്പാക്കിയിട്ടില്ല.

വാർഡ് -3

വാർഡിലെ തെങ്ങുകൾക്ക് രോഗബാധ കൂടുതലാണ്.

രാസവളം, കീടനാശിനി വിപണനം.

	സ്ഥാപനത്തിന്റെ പേര്	1993-94 രാസവളം		കീടനാശിനി		1994-95 രാസവളം		കീടനാശിനി		1995-96. രാസവളം		കീടനാശിനി	
		രാ:വ:	കീ.നാ			രാ:വ	കീ.നാ			രാ:വ	കീ.നാ		
1	S.C.B. 2147	9 ടൺ	-			10 ട.	-			11.5ട	-		
2	S.C.B. 1449	2 "	-			1.5"	-			-	-		

കൃഷിഭവൻ മുഖേന ദുരിതാശ്വാസവിതരണം

വർഷം	പ്രശ്നബാധിത ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം	തെങ്ങിൻ തൈകളുടെ എണ്ണം	തുക രൂ.
1993-94	31.6 ഹെ:	57	6325 -
1994-95	420 ഹെ:	668	57860 -

മണ്ഡ ചീയലും കാറ്റുവീഴ്ചയുമാണ് സാധാരണ രോഗങ്ങൾ. രോഗനിയ്രന്തണം നടത്തുന്നില്ല. രോഗംബാധിച്ച തെങ്ങിനുപകരം തെങ്ങ് വച്ചുപിടിപ്പിക്കാൻ സംവിധാനമില്ല. വെള്ളം കെട്ടിനിൽക്കുന്നതിനാൽ പലയിടത്തും കരകൃഷി അസാധ്യമാകുന്നു ഇടവേള കൃഷിക്ക് ഈ പ്രദേശം അനുയോജ്യമാണ്. എന്നാൽ വിത്തിനങ്ങൾക്ക് ക്ഷാമമാണ്. രാസവളം, കീടനാശിനി എന്നിവക്ക് വിലവർദ്ധനയും ക്ഷാമവും നേരിടുകയാൽ ഉൽപാദന ക്ഷമത എന്ന ലക്ഷ്യം വളരെകയലെയാണ്. പച്ചക്കറി, പയറ്, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ എന്നിവ ഇടവിളകളാണ്.

വാർഡ് -4

തെങ്ങിന് കാറ്റുവീഴ്ച തുടങ്ങിയ സാധാരണ രോഗങ്ങൾ കാണുന്നുണ്ട്. കീടനാശിനി പ്രയോഗം ശാസ്ത്രീയമായി നടക്കുന്നില്ല. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളോ നടീൽ വസ്തുക്കളോ ലഭിക്കാറില്ല.

വാർഡ് -5

രോഗം ബാധിച്ച തെങ്ങിനുപകരം അത്യുൽപാദന ശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി ഇല്ല. കീടനാശിനിപ്രയോഗം വ്യാപകമല്ല. ഇടവിളയായി കിഴങ്ങുവർഗങ്ങളും പച്ചക്കറിയും ഉണ്ട്. എന്നാൽ നല്ലവിത്തിനങ്ങൾ ലഭ്യമല്ല. വേനൽക്കാലത്ത് തെങ്ങിന് ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

വാർഡ -6

തെങ്ങിന് രോഗബാധ രൂക്ഷമാണ്. നാമമാത്രകർഷകർ കീടനാശിനി പ്രയോഗം നടത്താറില്ല. ജലസേചനം വേനൽക്കാലത്ത് പതിവില്ല. അതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

വാർഡ് -7

തെങ്ങിന് രോഗബാധ വ്യാപകമാണ്. കീടനാശിനിപ്രയോഗം വ്യാപകമല്ല. നാളികേര വിളവെടുപ്പ് പ്രയാസമേറിയതായിരിക്കുന്നു. മണ്ണുപരിശോധന നടത്താറില്ല. വേനൽക്കാലത്ത് തെങ്ങിന് ജലസേചനം നടത്തുന്ന പതിവില്ല. ഇടവിളയായി പച്ചക്കറികളും കിഴങ്ങുവർഗങ്ങളും വാഴയും ഉണ്ട്. നല്ല വിത്തിനങ്ങളോ നടീൽ വസ്തുക്കളോ ലഭിക്കാറില്ല.

വർഡ് -8

തെങ്ങിന് രോഗബാധ വ്യാപകമായിവരുന്നു. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ ആക്രമണവുമുണ്ട്. വളം, കീടനാശിനി എന്നിവയുടെ ക്ഷാമവും വിലവർധനയും മൂലം ഉപഭോഗവും കുറഞ്ഞിരിക്കുന്നു. അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ലഭ്യമല്ല. കേടായ തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വയ്ക്കാൻ സഹായം ലഭ്യമല്ല.

വാർഡ് -9

തെങ്ങിന് രോഗം നാൾക്കുനാൾ വർധിച്ചുവരുന്നു. രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പകരം നല്ല തൈകൾ വെച്ചുപിടിപ്പിക്കാൻ സഹായം ഇതുവരെ ലഭിച്ചിട്ടില്ല. അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ലഭ്യമല്ല. രാസവളം, കീടനാശിനി എന്നിവയുടെ വില വർധന മൂലം ഉപയോഗം കുറച്ചു. എലി, വാവൽ തുടങ്ങിയവയുടെ ഉപദ്രവം തെങ്ങിന് ദോഷമാവുന്നു. തേങ്ങയുടെ വിലക്കുറവ് കേരകർഷകരെ സാമ്പത്തികമായി ബാധിക്കുന്നു. കീടനാശിനി പ്രയോഗം ശാസ്ത്രീയമായി നടത്താറില്ല. വാഴ, കവുങ്ങ്, മരച്ചീനി, ചേമ്പ്, പച്ചക്കറികൾ, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ ഇവ ഇടവിളകളാണ്. മേൽത്തരം വിത്തിനങ്ങൾ ലഭ്യമല്ല.

വാർഡ് -10

പ്രധാന കൃഷി തെങ്ങുകൃഷിയാണ്. രോഗ ബാധ മൂലം ഉൽപാദനം കുറഞ്ഞു വരുന്നു.

00

* ജലസേചന സൗകര്യങ്ങൾ *

നമ്പർ	ഏതു ജലസേചന സൗകര്യം	കുഴൽ കിണർ	കുളം	തോട് പമ്പ്	നാട്ടുകാർക്ക് ഉപയോഗം	നാമമാത്ര കാർഷികർ	ഇടത്തരം കർഷകർ	വൻകിട കർഷകർ
1	ഉണ്ട്	12	8	ഉണ്ട്	ഉണ്ട്	420	12	ഉണ്ട്
2	"	5	7	"	"	440	24	"
3	"	2	4	"	"	380	9	"
4	"	2	7	"	"	390	10	"
5	"	3	7	"	"	410	7	"
6	ഇല്ല	3	6	"	"	390	6	"
7	ഉണ്ട്	2	3	"	"	410	9	"
8	"	6	-	"	"	-	-	"
9	"	7	-	"	"	414	12	"
10	"	2	-	"	"	*388	21	"

*8, 10 വാർഡുകൾ ചേർന്ന

കാറ്റുവീഴ്ച, മണ്ടചീയൽ, നീരൊലിപ്പ് എന്നീ രോഗങ്ങളും കീടശല്യവും വ്യാപകമാണ്. കീടനാശിനി പ്രയോഗം ശാസ്ത്രീയമായി നടക്കുന്നില്ല. നല്ലയിനം തൈകൾ ലഭ്യമല്ല. രാസവളം, കീടനാശിനി എന്നിവയുടെ വിലക്കയറ്റം ഉപയോഗം കുറച്ചിരിക്കുന്നു. രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പകരം അത്യുൽപാദന ശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കുന്ന സഹായ പദ്ധതി ഏർപ്പെടുത്തിയിട്ടില്ല. ഉൽപന്നത്തിന് ന്യായവില ലഭിക്കുന്നില്ല. സംഘങ്ങളിലെ നാളികേര ലേല നടപടിയിൽ അഴിമതിയുണ്ട്. പ്രകൃതി ക്ഷോഭം മൂലം ഇടവിളകൾക്ക് നാശനഷ്ടമുണ്ടാകാറുണ്ട്.

പരിഹാര നിർദേശങ്ങൾ:

നിയമവിരുദ്ധമായി മൂമി കുഴിക്കുകയും നികത്തുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെയും മറ്റ് അധികാരികളുടെയും സഹായത്തോടെ തടയുക.

കൃഷിക്ക് ദോഷകരമാവുന്ന ചൂടൽമരങ്ങൾ വെട്ടിമാറ്റുക

ജലനിർഗമന മാർഗ്ഗങ്ങൾ താഴെപ്പറയും വിധം സ്വീകരിക്കുക

കോയിക്കലേത്ത് പാടത്തിന്റെയും ഹൈവേക്ക് പടിഞ്ഞാറുവശം കെ.വി. ജെട്ടി റോഡിനു തെക്കുവശമുള്ള പാടത്തിന്റെയും ജലം ഒഴുകി പോകുംവിധം അശ്വതി ഭവനത്തിനു തെക്കുവശത്ത് നിന്നും തോട്ടിലേക്ക് ഓടനിർമിക്കുക. ഈ ഓടയോടൊപ്പം പാടത്തേക്ക് ആവശ്യത്തിന് വെള്ളം കയറ്റാൻ വേണ്ടി ചീപ്പ് നിർമിക്കുക.

തിരുവിലഞ്ഞാൽ ക്ഷേത്രത്തിനുതെക്കുവശമുള്ള പാടശേഖരത്തെ വെള്ളം ഒഴിഞ്ഞുപോകുന്നതിന് സിയോൺ കൊട്ടിക്കലേത്ത് റോഡിൽ കലുങ്കുനിർമിക്കുക, പുത്തൻപുരയിൽ വടക്കേയറ്റം ഓടനിർമിക്കുക. കാവുങ്കൽ പുരയിടത്തിനുപടിഞ്ഞാറുവശം വെട്ടിശേരിൽ കിഴക്കുവശമുള്ള നിലങ്ങളിലെ വെള്ളം ഒഴിഞ്ഞുപോകുന്നതിന് വെട്ടിശേരി റോഡിന്റെ കിഴക്കുവശത്തുകൂടി ഓടയോ പൈപ്പോ സ്ഥാപിക്കുക.

വല്ലോന്നിൽ വടക്കുവശമുള്ള തോട്ടിൽ ജലം ഒഴുകുന്നതിനും തടഞ്ഞുനിർത്തുന്നതിനുമുള്ള കലുങ്കും ഷട്ടറും ഉണ്ടാക്കുക. തൈക്കൂട്ടത്തിൽ തെക്കുവശത്ത് കലുങ്കും ചീപ്പും നിർമിക്കുക. തയ്യിൽ കരിയിൽ കിഴക്കേയറ്റത്ത് കലുങ്കും ചീപ്പും നിർമിക്കുക. പുറാട്ടുപടിഞ്ഞാറുവശം പാടശേഖരത്തെ വെള്ളം ഒഴുകുന്നതിനുവേണ്ടി വടക്കേതോട്ടിലേക്ക് പൈപ്പ് സ്ഥാപിക്കുക. തൈക്കൂട്ടത്തിൽ നാലുകണ്ടത്തിൽ റോഡിൽ പുറാട്ടുപടിഞ്ഞാറുവശം പൈപ്പ് സ്ഥാപിക്കുക. വിളയിൽ കിഴക്കതിൽ പടിഞ്ഞാറുവശത്തെ ജലം ഒഴികുന്നതിന്വേണ്ടി തറയിൽ മുഞ്ഞനാട്ട് റോഡിൽ പൈപ്പോ കലുങ്കോ സ്ഥാപിക്കുക. പുത്തൻപുരയിൽ വടക്കുവശം വടക്കോട്ടുള്ള ഓട താഴ്ത്തിവയ്ക്കുക. ആക്കാത്തറ പടിഞ്ഞാറുവശത്തുള്ള പാടത്തെ വെള്ളം ഒഴുകുന്നതിനുവേണ്ടി തോട്ടിലേക്ക് പൈപ്പ് സ്ഥാപിക്കുക. കനകപ്പന്റെ നിലത്തിനുകിഴക്കേയറ്റത്ത് ഓടയോ പൈപ്പോ സ്ഥാപിക്കുക. കലാലയത്തിൽ കിഴക്കുവശത്തുള്ള ഓടയ്ക്ക് ഷട്ടർ നിർമിക്കുക. കൂട്ടുകൃഷി സമ്പ്രദായം ശക്തിപ്പെടുത്തുക. ഈ വർഡിലെ പാടശേഖരത്തെ രണ്ടു സമിതികളായി സംഘടിപ്പിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കണം. കൃഷിക്ക് ആവശ്യമുള്ള അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവൻ മുഖേന യഥാസമയം കൃഷിക്കാർക്ക് നൽകണം. കൃഷി ഒരേ സമയത്ത് ഇറക്കാൻ സഹായിക്കുക. കീടനാശിനിയും വളവും കൃഷിക്കാർ ഒരുപോലെ ഉപയോഗിക്കുക. കൃഷിഭവന്റെ സഹായത്തോടെ ഇത്തരം കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കുക. ഒന്നാം വാർഡിലും നാലാം വാർഡിലുമായികിക്കുന്ന മുണ്ടകനിലങ്ങൾ ഒരുപ്പൂവിനുപകരം ഇരുപ്പൂകൃഷി ചെയ്യുകയും വിളവുവർധിപ്പിക്കുകയും ചെയ്യുന്നതിനായി പഞ്ചായത്തിന്റെ പുറംബണ്ട് പിച്ചിംഗ് കെട്ടിബലപ്പെടുത്തുക. പാടശേഖരത്തിനുള്ളിൽ വെള്ളം കയറ്റിറക്കിന് കയ്ച്ചാലുകൾ നിർമിക്കുക. വെള്ളം പമ്പുചെയ്തുകളയുന്നതിന് മോട്ടോർ പുരയും മോട്ടോറും സ്ഥാപിക്കുക.

ഓരുജലം കയറാതിരിക്കുവാൻ ആലുംമൂട്ടിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക. ഷട്ടറോടുകൂടിയ കലുങ്കു നിർമിക്കുക. തോട്ടുചിയിൽ വടക്കുവശം ഓരുവെള്ളം കയറായിരിക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുക.

വാർഡ് -2

മുളക്കീഞ്ഞറ-കാരാന്തറ റോഡിലെ പാണൂർ ജംഗ്ഷനിലുള്ള കലുങ്കിലൂടെ വടക്കുവശത്തുനിർമിച്ചിരിക്കുന്ന ഡ്രയിനേജ് പൈപ്പ് ഇപ്പോഴുള്ളതിനേക്കാൾ താഴ്ത്തി സ്ഥാപിക്കുക. പ്രസ്തുത റോഡിൽ കുറുകെ ഒരു ഡ്രയിനേജ് പൈപ്പ് സ്ഥാപിച്ചാൽ പാണൂർ പാടശേഖരത്ത് കെട്ടിനിൽക്കുന്ന അധികജലം മേൽ സൂചിപ്പിച്ച വഴിയിലൂടെ ഒഴുകിമാറും. വടക്കോട്ട് കാരാന്തറ തോട്ടിലേക്ക് ഓട നിർമിക്കണം. പാലോന്നിപാടത്തിനു നടുവിലൂടെ മുമ്പുണ്ടായിരുന്ന തോട് കയ്യേറ്റക്കാരിൽനിന്ന് തിരികെ എടുത്ത് തോട് പൂർവസ്ഥിതിയിലാക്കിയാൽ ഈ പാടത്തെ ജലനിർഗമന സംവിധാനം പൂർണമാകും. അമ്പീതറ പാടശേഖരത്തിലെ അധികജലം ഒഴുകിപോകാനുള്ള ഇപ്പോഴത്തെ വഴിയിൽ ഡ്രയിനേജ് പൈപ്പ് സ്ഥാപിക്കണം. ഒരടിവ്യാസമുള്ള സിമൻറ് പൈപ്പ് ഇതിനായി ഉപയോഗിക്കണം. കവറാട്ടു വടക്കുവശമുള്ള കൃഷിയിടത്തിലെ ജലമൊഴുകിപോകുന്നതിനുവേണ്ടി മറ്റത്ത് വടക്കുവശത്തുകൂടിയുള്ള കൈച്ചാൽ ഇപ്പോഴുള്ളതിനേക്കാൾ ഒരടിവലിപ്പം കൂട്ടുകയും രണ്ടടി ആഴം വർധിപ്പിക്കുകയും ചെയ്ത് പാലോന്നി പാടശേഖരത്തുള്ള തോട്ടിലേക്ക് തിരിച്ചുവിടുക. വാപ്പറമ്പിൽ പാടശേഖരത്തിലെ ജലമൊഴുകി മാറാൻ കൊച്ചുപറമ്പിൽ വടക്കുവശത്ത് റോഡിനു കുറുകെ ഒരടി വ്യാസമുള്ള ഡ്രയിനേജ് പൈപ്പ് സഥാപിക്കുക. കോടന്തറ പ്രദേശത്തെ ജലമൊഴുക്ക് തടയപ്പെട്ടത് പരിഹരിക്കാൻ ഇപ്പോഴുള്ള സംവിധാനം മെച്ചപ്പെടുത്തണം.

ഗ്രൂപ്പുഫാമിംഗ് ഏർപ്പെടുത്തുക
വിള ഇൻഷുറൻസ് നടപ്പിലാക്കുക

അതിനായി അതാതുപ്രദേശങ്ങളിലെ പാടശേഖരകമ്മിറ്റികൾ ചേർന്ന് ബഹുജന സഹായത്താൽ പരിഹരിക്കവുന്നതും ആവശ്യമായ പൈപ്പും മറ്റുകാര്യങ്ങളും പഞ്ചായത്തിൻെറ സഹായത്തോടെ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. വിത്ത്, വളം, കീടനാശിനി ഇവ ആവശ്യമായ തോതിൽ എല്ലാവർക്കും സബ്സിഡി നിരിക്കിൽ കൃത്യമായി ലഭ്യമാക്കണം. നെല്ലുൽപാദക സമിതി കാര്യക്ഷമമായി പ്രവർത്തിക്കുവാൻ വാർഡുമെമ്പർ ചെയർമാനായി പുനഃസംഘടിപ്പിക്കുക.

വാർഡ് -3

കല്ലേലിപ്പടി മുതൽ വടക്കോട്ട് മണച്ചിറക്കൽ വരെയുള്ള 30 ഏക്കർ പുഞ്ചകൃഷി ഫലപ്രദമായി നടത്തുന്നതിന് സ്ഥിരമായി ബണ്ട് നിർമിക്കുകയും മോട്ടോർ സ്ഥാപിക്കുകയും ചെയ്യണം. പഞ്ചായത്ത് ഗ്രൗണ്ടിൻെറ വടക്കുവശത്തുനിന്നും പോക്കാട്ടുറോഡുവരെ ഓടനിർമിക്കണം. കാനപ്പറമ്പിൽ തെക്കുവശത്തുള്ള കലുങ്കും പുത്തൻകണ്ടത്തിൽ വടക്കുവശത്തുള്ള കലുങ്കും വെള്ളം ഒഴിഞ്ഞുപോകത്തക്കവിധം വെള്ളം സൗകര്യപ്പെടുത്തിയാൽ ഇപ്പോൾ കൃഷി ഇറക്കാതിരിക്കുന്ന നിലങ്ങളിൽ കൂടി കൃഷി ഇറക്കാൻ സാധിക്കും. കർഷക തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിക്കും. വല്യത്തുപുരയിടത്തിനു പടിഞ്ഞാറു വശത്തെ വെള്ളം ഒഴിഞ്ഞുപോകാൻ സൗകര്യപെടുത്തിയാൽ ആഭോഗങ്ങളിൽ താമസിക്കുന്നവർക്ക് നിലത്തിലെയും കരയിലെയും കൃഷി സൗകര്യം ലഭിക്കും. വാർഡിൻെറ വടക്കു ഭാഗത്ത് വിലഞ്ഞാൽ ക്ഷേത്രത്തിനു കിഴക്കുവശത്ത് പല ഭാഗങ്ങളിലായി കെട്ടിക്കിടക്കുന്ന മലിനജലം കൊച്ചാലപ്പുഴ തോട്ടിലേക്ക് ഒഴുക്കി വിട്ടാൽ ഈ പ്രദേശത്തെ മൂടങ്ങിക്കിടക്കുന്ന കരകൃഷി ഫലപ്രദമായി പുനഃസ്ഥാപിക്കാം. നെൽകൃഷിക്കും കരകൃഷിക്കും ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനു വേണ്ടി കുഴൽക്കിണറുകൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായം നൽകണം.

വിത്തും വളവും കീടനാശനികളും സൗജന്യ നിരക്കിൽ കൃത്യമായി ലഭ്യമാക്കണം.

വാർഡ് -4

കാട്ടിച്ചാലിൽ വടക്കുവശത്തുകൂടി കിഴക്കുപടിഞ്ഞാറു കിടക്കുന്ന തോട് കിഴക്ക് പരിച്ചേരിൽ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ചെമ്പുതോട് വരെ വെട്ടി മുട്ടിക്കുക. തെങ്ങുകൃഷിക്കും ഇതുപ്രയോജനം ചെയ്യും. വടക്ക് ആലും മൂട്ടിൽ തോട് വീതികൂട്ടുക. കൈതപ്പറമ്പിൽ വടക്കുനിന്നും കിഴക്കോട്ട് അമ്പീത്തറ പടിഞ്ഞാറുവശം വരെ തോടുവെട്ടി കൃഷിക്ക് പ്രയോജനപ്പെടുത്തുക. ഓരുവെള്ളം കയറി കൃഷിനശിക്കാതിരിക്കാൻ കാലാകാലങ്ങളിൽ കാർഷികബണ്ട് ചെയ്യിക്കുക. നന്തുകാട്ടിൽ മുട്ട് ഷട്ടർഇട്ട് ഓരുവെള്ളം തടയത്തക്കരീതിയിൽ ശരിയാക്കുക. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെകൊണ്ട് ഇതുചെയ്യിക്കാവുന്നതാണ്. ആവശ്യാനുസരണം രാസവളം കൃഷിഭവന്റെ നേതൃത്വത്തിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യിക്കുക. നല്ലയിനം വിത്തും കീടനാശിനിയും ഇതേവിധം ലഭ്യമാക്കുക. സർക്കാരിൽ ഇതിനായി സമ്മർദം ചെലുത്തുക. പടന്നയിലെ വടക്കുവശത്തുള്ള റോഡിൽ നെൽകൃഷിയുടെ ആവശ്യം പരിഗണിച്ച് ഒരു കലുങ്ക് സ്ഥാപിക്കുക. പാലക്കുന്നിൽ പാടശേഖരത്തിൽ കൃഷിചെയ്യുന്നതിന് അവശ്യം വേണ്ട ബണ്ടുകൾ പൊക്കം വരുത്തി ബലപ്പെടുത്തുന്നതിന് സഹായം ഉറപ്പാക്കുക. പാടശേഖര സമിതിക്ക് വെള്ളം കയറ്റിയിറക്കാനുള്ള ഓടയും പൈപ്പുകളും സ്ഥാപിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് സാമ്പത്തിക സഹായം നൽകേണ്ടതാണ്. പാലക്കുന്നേൽ പാടശേഖരത്തിന് മോട്ടോർ, പെട്ടി, പറ സഹിതം ഒരു പമ്പുസെറ്റ് വാങ്ങുന്നതിനും തറ നിർമിക്കുന്നതിനും പഞ്ചായത്ത് ധനസഹായം നൽകേണ്ടതാണ്.

വാർഡ്-5

ബ്ളാഹയിൽ കിഴക്കുവശത്തെ നെൽപ്പാടം കൃഷിചെയ്യുന്നതിന് പഷ്ണവള്ളിവടക്കുവശത്ത് ഒരു കലുങ്കും തെക്കോട്ട് ഒരു ഓടയും നിർമിക്കുക. പറപ്പള്ളി പടിഞ്ഞാറുവശത്തെ നെൽപാടം കൃഷിചെയ്യുന്നതിന് നടുവിൽ കൂടി കനാൽ വെട്ടി കൈതപ്പറമ്പിൽ വടക്കുവശത്തുള്ള തോട്ടിൽ മുട്ടിക്കുകയും കൾവർട്ട് കെട്ടി ഷട്ടർ ഇടുകയും വേണം. വാളാക്കോട് വടക്കുവശം മുതൽ ചാങ്ങയിൽ വടക്കുവശം വരെയുള്ള നിലം കൃഷി ചെയ്യുന്നതിന് ചാങ്ങയിൽ വടക്കുവശത്തുള്ള കലുങ്ക് താഴ്ത്തി കെട്ടുകയും ആവശ്യമായ കലുങ്ക് നിർമിക്കുകയും വേണം. ഇല്ലത്തു കിഴക്കുവശം മുതൽ മങ്ങാട്ടുവടക്കുവശംവരെ ഓട നിർമിക്കുക. മണിമല തെക്കുവശം മുതൽ തുണ്ടിൽ പടിഞ്ഞാറുവശംവരെ ഓടയും കലുങ്കും നിർമിക്കുക.

വാർഡ് -6

ഗീതാ മന്ദിരത്തിൽ വടക്കുവശത്ത് നിന്നും പാലേരിൽ കിഴക്കുവശത്തുവരെ എത്തി നിൽക്കുന്ന ഓട പടിഞ്ഞാറോട്ടു നീട്ടി മുണ്ടോലി-നാരകത്തറ ടാർറോഡ് ക്രോസ് ചെയ്ത് മംഗലശേരി വടക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ട് വന്ന് വടക്കോട്ട് തിരിച്ച് വാലടിയിൽ പടഞ്ഞാറുവശത്തുള്ള ഓടയുമായി ബന്ധിപ്പിക്കുക. ഉണിത്തറയിൽ വടക്കുവശത്തുവരെ വന്നു നിൽക്കുന്ന ഓട പടിഞ്ഞാറോട്ടു നീട്ടി പഷ്ണവള്ളിൽ കിഴക്കുവശത്തുകൂടി തെക്കോട്ടു തിരിച്ച് പാലേരി കിഴക്കുവശത്തുനിന്നും പടിഞ്ഞാറോട്ടു നീട്ടി വരുന്ന ഓടയുമായി മഠത്തിൽ പടിഞ്ഞാറുവശത്ത് വച്ച് യോജിപ്പിക്കുക. ബ്ലാഹയിൽ കിഴക്കുവശത്തെയും ശ്രീഭവനത്ത് പടിഞ്ഞാറുവശത്തെയും പാടത്തെ വെള്ളം ഒഴിഞ്ഞുപോകാൻ നാരകത്ര-മുണ്ടോലി റോഡിൽ പഷ്ണവള്ളിൽ കിഴക്കുഭാഗത്ത് ഒരു കലുങ്ക് നിർമിക്കുക. നാരകത്ര-മുണ്ടോലി -റോഡിൽ മുണ്ടോലി വടക്കുവശത്ത് മഠത്തിൽ പടിഞ്ഞാറുവശത്ത് ഇപ്പോഴുള്ള പൈപ്പ് മാറ്റി കലുങ്ക് നിർമിക്കുക.

അനന്തപുരത്ത് തെക്കു ഭാഗത്തുകൂടി കല്ലമ്പറമ്പ് ഭാഗത്തെ പാടത്തുനിന്നും വെള്ളം ഒഴുകിപ്പോകാൻ കരിപ്പോലിൽ പടിഞ്ഞാറുവശത്തുനിന്നും

അനന്തപുരം തെക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടുവന്ന് ലീലാ മന്ദിരത്തിൽ തെക്കുകിഴക്കേ ഭാഗത്തുള്ള ഓടയും കലുങ്കുമായി യോജിപ്പിക്കുക. തീക്കോയിക്കൽ തെക്കുഭാഗത്തുവന്നു നിൽക്കുന്ന ഓട അവിടെനിന്നും പടിഞ്ഞാറോട്ടുനീട്ടി പന്തിരാമ്പള്ളി വടക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടുവന്ന് മുണ്ടോലിപാടവുമായി ബന്ധപ്പിക്കുക. മംഗലത്തുമഠത്തിൽ തെക്കുവശത്തുവന്നു നിൽക്കുന്ന ഓട അവിടെനിന്നും റോഡിന്റെ തെക്കു ഭാഗത്തുകൂടി പടിഞ്ഞാറോട്ടു നീട്ടി പീടികയിൽ വടക്കുവശത്തെ ഓടയുമായി ബന്ധിപ്പിക്കുക. എരുവന്തറ ലക്ഷം വീടു കോളനിക്കു തെക്ക് കിഴക്കുഭാഗത്തായി വന്നുനിൽക്കുന്ന ഓട റോഡിന്റെ തെക്കേ വശത്തുകൂടി പടിഞ്ഞാറോട്ടുനീട്ടി മുണ്ടപ്പള്ളി കിഴക്കുവശത്തെ തോടുമായി ബന്ധിപ്പിക്കുക.

മുണ്ടോലി പാടശേഖരത്തിലെ വെള്ളം ഒഴിഞ്ഞുപോകാൻ പീടികയിൽ വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടു നിർമിച്ചിട്ടുള്ള ഓട എരുവന്തറ ലക്ഷം വീടു കോളനിക്കു തെക്കുകിഴക്കുഭാഗത്തുവെച്ച് അവസാനിക്കുന്നു. ഇവിടെനിന്നും പടിഞ്ഞാറോട്ട് വെള്ളം ഒഴുകിപ്പോകാൻ റോഡിനു തെക്കുവശത്തുകൂടി ഉണ്ടായിരുന്ന ചെറിയ കൈത്തോട് വസ്തു ഉടമ നികത്തി പുരയിടമാക്കി. ഇപ്പോൾ ഈ വസ്തുവിനുള്ളിൽ കൂടിയുള്ള ചെറിയ കയ്ച്ചാലുപോലുള്ള തോട്ടിൽ കൂടിയാണ് വെള്ളം ഒഴുകുന്നത്. ഏതുസമയവും ഇത് മണ്ണിട്ടു നികത്താനുള്ള സാധ്യതയുണ്ട്. അങ്ങനെവന്നാൽ മുണ്ടോലി പാടശേഖരത്തെ ഒരു തുള്ളി വെള്ളംപോലും ഒഴിഞ്ഞുപോകില്ല. ഇതിന് അടിയന്തിരമായി പരിഹാരം കാണണം. അമ്പിയിൽ പടിഞ്ഞാറുവശത്തേയും തയ്യിൽ കിഴക്കുവശത്തേയും പാടത്തെ വെള്ളം ഒഴിഞ്ഞുപോകാൻ പാതിരംകുളങ്ങര മഠത്തിനുപടിഞ്ഞാറുവശത്തെ റോഡിൽ ഒരു കലുങ്ക് നിർമിക്കുക. പാതിരുകുളങ്ങര മഠത്തിനുപടിഞ്ഞാറുവശത്തെ റോഡിന്റെ കിഴക്കേ അരികിൽ കൂടി തെക്കോട്ട്, നടയിൽ പടിറ്റത്തിൽ വടക്കുഭാഗത്തുള്ള റോഡിന്റെ വടക്കേ അരികിൽ കൂടി പടിഞ്ഞാറോട്ടുവന്ന് നടേപടിറ്റത്തിൽ പടിഞ്ഞാറുവശത്തുകൂടി തെക്കോട്ട് തറയിൽ പടിഞ്ഞാറുവശത്തെ ഓടയുമായി ബന്ധിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തുക. നടയിൽ പടിറ്റത്തിൽ വടക്കുഭാഗത്തും ബംഗ്ലാവിൽ കിഴക്കുഭാഗത്തും ഓരോ കലുങ്കുവീതം നിർമിക്കുക.

കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക. മേൽത്തരം വിത്തും വളവും യഥാസമയം സൗജന്യ നിരക്കിൽ ലഭ്യമാക്കുക. കാർഷിക ഉപകരണങ്ങൾ യാഥാസമയം ലഭ്യമാക്കുക. കൃഷിയിടങ്ങൾ കൃഷിഭവൻ ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് ആശവ്യമായ നിർദേശങ്ങൾ നൽകുക. കൃഷി ഇറക്കുമ്പോഴും വിളവെടുക്കുമ്പോഴും ആവശ്യത്തിനു തൊഴിലാളികളെ ലഭ്യമാക്കുക. രോഗബാധക്കെതിരെയുള്ള മരുന്നു തളിയും മറ്റ് കീടരോഗനിയന്ത്രണങ്ങളും എല്ലാ കൃഷിക്കാരും കൂട്ടായി നടത്തുന്നതിന് പ്രേരിപ്പിക്കുക. ജൈവവളകൃഷി രീതി നിലവിൽ വരുത്തുക. പഞ്ചായത്തിന്റെ അധീനതയിൽ കൃഷിക്കാർക്ക് ആവശ്യമായ എല്ലാ വിധ കാർഷിക ഉപകരണങ്ങളും ലാഭനഷ്ടമില്ലാത്ത രീതിയിൽ കൃഷിക്കാർക്ക് ലഭ്യമാക്കുക. കാർഷികോപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന് പഞ്ചായത്ത് അധീനതയിലോ കൃഷിഭവൻ മുഖാന്തിരമോ വർക്ഷോപ്പുകൾ പ്രവർത്തിപ്പിക്കുക. വിത്തിടീൽ യന്ത്രം, നടീൽയന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം തുടങ്ങിയ ആധുനിക കാർഷികോപകരണങ്ങളും പഞ്ചായത്തിന്റെ അധീനതയിൽ സൂക്ഷിച്ച് ലഭ്യമാക്കുക. കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കാൻ ഏർപ്പാടുണ്ടാക്കുക. ജൈവവളങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് നാം പാഴാക്കിക്കളയുന്ന ചകിരിച്ചോറ് ജൈവവളം നിർമാണത്തിന് ഉപയോഗപ്പെടുത്തി കൃഷിക്കാർക്ക് വിതരണം ചെയ്യുക. കുട്ടികൾക്ക് പോഷണം നിറഞ്ഞ ആഹാരം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന് എല്ലാ വീടുകളിലും മാവ്, ഓമ (കപ്പങ്ങ) തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക. കൃഷിഭവനുകളുടെ പ്രവർത്തനം മൂലമുള്ള നേട്ടങ്ങൾ എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കണം. കൃഷിഭവൻ പ്രവർത്തനം കുറ്റമറ്റതാക്കണം.

00

തൊഴിൽ പ്രശ്നം തൊഴിലാളികളെ ലഭ്യമാക്കുന്ന പ്രശ്നം എന്നിവ നമ്മുടെ സാമ്പത്തിക സാമൂഹ്യ വശങ്ങൾ കണക്കിലെടുത്തും കൊടുക്കുന്ന വേതനം കണക്കിലെടുത്തും മിതമായ ജോലിചെയ്യുവാനുള്ള നിബന്ധനകൾ ഉണ്ടാകണം. കൃഷിക്കാർക്ക് ഉചിതമായ പരിശീലനം യഥാസമയം നൽകുവാനുള്ള സംവിധാനമുണ്ടാകണം.

വാർഡ് -7

കാർത്തികപ്പള്ളി-ഡാണാപ്പടി റോഡിനു പടിഞ്ഞാറുവശം കമലാലയം, വല്യത്ത് തുടങ്ങിയ പുരയിടങ്ങൾക്ക് തെക്കുവശം പുതുക്കുണ്ടം വഴിയുള്ളതും കിഴക്കുപടിഞ്ഞാറു സ്ഥിതിചെയ്യുന്നതുമായ റോഡിനു വടക്കുവശം ഉപ്പേരിൽ ചെറുകപ്പറമ്പ് പുരയിടത്തിന് തെക്കുപടിഞ്ഞാറ് ഭാഗംവരെ സാങ്കേതിക വിദഗ്ദരുടെ വിദഗ്ദ്ധ അഭിപ്രായത്തോടുകൂടി ആഴം, വീതി ഇവ നിർണയിച്ച് വാച്ചാൽ വെട്ടുക. ഉപ്പേരിൽ ചെറുകപ്പറമ്പു പുരയിടത്തിന്റെ തെക്കുപടിഞ്ഞാറായി പോകുന്ന റോഡിന്റെ കിഴക്കേയറ്റത്ത് ഇപ്പോൾ നിലവിലുള്ള പൈപ്പ് മാറ്റി കലുങ്കുസ്ഥാപിക്കുക. ഉപ്പേരിൽ-ചെറുകപ്പറമ്പ്-കണ്ണന്തറ റോഡിനു പടിഞ്ഞാറുവശം റോഡിനോട് ചേർന്ന് കലുങ്കിന്റെ വിസ്താരം കണക്കാക്കി വാച്ചാൽ വെട്ടി ഗോവാലിൽ തോടിന്റെ കിഴക്കേയറ്റത്ത് തെക്കുവശം കലുങ്ക് നിർമിച്ച് ടി. പാടശേഖരങ്ങളിൽ ജലനിർഗമന ജലസേചനസൗകര്യങ്ങൾ ലഭ്യമാക്കുക.

ഡാണാപ്പടി-കാർത്തകിപ്പള്ളി റോഡിനു കിഴക്കുവശം ഗ്രാവൽ റോഡിനു വടക്കുവശം ആരിയത്തറവയലിൽ തെക്കുവടക്ക് വാച്ചാൽ വെട്ടി പടിഞ്ഞാറോട്ട് ഓടയും വാച്ചാലും നിർമിച്ച് മീനത്തേതിൽ തെക്കുവശം ഡാണാപ്പടി-കാർത്തികപ്പള്ളി റോഡിൽ ഉള്ള കലുങ്കിൽ മുട്ടിക്കുക. ടി കലുങ്കിന്റെ ആഴം വർധിപ്പിക്കുക. ടി കലുങ്കിൽനിന്നും പടിഞ്ഞാറോട്ട് സജിയുടെ പുരയിടത്തിനുവടക്കുകിഴക്കുഭാഗം മുതൽ ആക്കാട്ടുതറയിൽ പുരയിടത്തിനു തെക്കുവശത്തുകൂടി സാംസ്കാരിക സേവാസംഘത്തിനു സമീപമുള്ള കലുങ്കുവരെ വാച്ചാൽ വെട്ടി ടി വാച്ചാലിൽനിന്നും നേരേ തെക്കോട്ട് മംഗലശ്ശേരിൽ പുരയിടത്തിനും മണ്ണാന്തറ പുരയിടത്തിനും കിഴക്കുഭാഗം ഇപ്പോൾ നിലവിലുള്ള പൈപ്പും വാച്ചാലും വിസ്താരപ്പെടുത്തി കുരിശും മൂടിന് പടിഞ്ഞാറ് വശമുള്ള കലുങ്കിൽ എത്തിക്കുക. ടി കലുങ്കിൽനിന്നും നേരെ തെക്കുപടിഞ്ഞാറോട്ട് വാച്ചാൽ വെട്ടി ഇടക്കുള്ള ചിറയിൽ വിസ്താരമുള്ള പൈപ്പ് ഇട്ട് സജിയുടെ പുരയിടത്തിനു വടക്കുവശം എത്തിക്കുക. ടി വാച്ചാലുകൾ പൊക്കത്താഴ്ചയുള്ള നിലങ്ങളിൽ കൂടി വരുന്നതിനാൽ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ വീതിയും താഴ്ചയും നിർണയിക്കണം.

ടി സജിയുടെ പുരയിടത്തിനു വടക്കുവശം മുതൽ തുണ്ടിൽ തറയിൽ പുരയിടത്തിന് പടിഞ്ഞാറുഭാഗം വരെ രണ്ടുവശവും കരിങ്കൽ ഭിത്തികെട്ടി ആവശ്യമായ താഴ്ചയോടുകൂടിയ ഓടനിർമിക്കണം.

ടി ഓടയിൽനിന്നും നേരെ പടിഞ്ഞാറോട്ട് വാച്ചാൽവെട്ടി കണ്ണന്തറ മുൻവശം കൂടി തെക്കോട്ടു പോകുന്ന റോഡിൽ ഇപ്പോഴുള്ള പൈപ്പ്മാറ്റി അവിടെ കലുങ്കു നിർമിക്കുക.

കരിപ്പോലിൽ പടിഞ്ഞാറുവശം പൂമംഗലം വീടിന് വടക്കുവശം മുതൽ തെക്കുവടക്ക് ഇപ്പോഴുള്ള റോഡിൽ പടിഞ്ഞാറുവശം തെക്കുവടക്കും കാരപ്പറമ്പിൽ, വിലയം എന്നീ വീടുകൾ സ്ഥിതിചെയ്യുന്ന പുരയിടങ്ങളുടെ വടക്കുവശത്തുകൂടി ഡാണാപ്പടി -കാർത്തികപ്പള്ളി റോഡിൽ ലീലാമന്ദിരം വീടിനു സമീപമുള്ള കലുങ്കിലേക്ക് ചേർക്കുക.

ടി കലുങ്കിൽനിന്നും പടിഞ്ഞാറോട്ട് ഇപ്പോഴുള്ള ഓട പടിഞ്ഞാറോട്ട് സേതുനിവാസ് മുൻവശം വരെ നിർമിക്കുക.

ടി ഓടയിൽ നിന്നും പടിഞ്ഞാറോട്ട് മുണ്ടോലി ക്ഷേത്രത്തിനു വടക്കുവശമുള്ള റോഡിനു സമാന്തരമായി വാച്ചാൽ വെട്ടി മുണ്ടോലിൽ ക്ഷേത്രത്തിന് പടിഞ്ഞാറുവശമുള്ള റോഡുവരെ വന്നിട്ട് ടി റോഡിൽ കലുങ്ക് നിർമിക്കുക. മുണ്ടോലിൽ ക്ഷേത്രത്തിന് തെക്കുഭാഗത്തുനിന്നും നേരെ തെക്കോട്ട് പുന്നാംവായ്ക്കൽ പുരയിടത്തിനു കിഴക്കുവശത്തുകൂടി ചെമ്പാപടി-ഓച്ചിറ്റത്ത് സെന്റർ റോഡിൽ നിലവിലുള്ള [illegible] വാച്ചാൽ വെട്ടുക.

ടി റോഡിൽനിന്നും തെക്കോട്ട് കളീക്കൽ കിഴക്കുഭാഗതുനിന്നും പടിഞ്ഞാറോട്ടു പോകുന്ന റോഡിലുള്ള കലുങ്കുവരെ വാച്ചാൽ വെട്ടുക. ടി കലുങ്കിന്റെ വീസ്താരം വർധിപ്പിക്കുക.

മൂന്നുകുളങ്ങര പുരയിടത്തിനു തെക്കുഭാഗത്തായി നാരകത്ര-വലിയകുളങ്ങര റോഡിൽ കുറുകെ പൈപ്പിടുക.

മാവോലിൽ കിഴക്കുഭാഗം തെക്കുവടക്ക് വാച്ചാൽ തെളിച്ച് തെക്കുഭാഗത്ത് കിഴക്കുപടിഞ്ഞാറു കിടക്കുന്ന റോഡിലുള്ള കലുങ്കുമായി ബന്ധപ്പെടുത്തുക.

കുഴികണ്ടം പുരയിടത്തിന് വടക്കുകിഴക്കുള്ള നിലങ്ങളിൽ നിന്നുള്ള വെള്ളം കിഴക്കുപടിഞ്ഞാറുള്ള ചിറയിൽ പൈപ്പിട്ട് തെക്കോട്ട് ഒഴുക്കുക.

ചെറുശ്ശേരി വടക്കുകിഴക്കുഭാഗത്തുള്ള നിലങ്ങളിലെ വെള്ളം തെക്കുപടിഞ്ഞാറായി പോകത്തക്കവിധം വാച്ചാൽ സൗകര്യം മുണ്ടപ്പള്ളി കലുങ്കുവരെ ഉണ്ടാകണം.

ഉപ്പുവെള്ളം വെളിയിൽനിന്നും കയറാത്തവിധം മുണ്ടപ്പള്ളിൽ കലുങ്ക് പഞ്ചാരമുക്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡിലെ കലുങ്ക്, ഗോവാലിപാലം എന്നിവിടങ്ങളിൽ സ്ഥായിയായിട്ടുള്ള ഷട്ടറുകൾ നിർമിക്കുക.

ഗോവാലിൽ പാലം മുതൽ കണ്ണന്തറ വരെയുള്ള തോട് തെളിക്കുക. കൃഷി ഇറക്കുന്നതിന് ആവശ്യമായ നെൽവിത്ത് (അത്യുൽപാദന ശേഷിയുള്ളത്) സൗജന്യനിരക്കിൽ വിതരണം ചെയ്യുക. പാടശേഖരത്ത് ഒരേസമയം കൃഷിയിറക്കുന്നതിനും ഒരേ നെൽവിത്ത് ഉപയോഗിക്കുന്നതിനും ആവശ്യമായ നിർദേശങ്ങളും കർഷകർക്ക് ബോധവത്കരണവും നടത്തുക. മണ്ണുപരിശോധന നടത്തി വളപ്രയോഗത്തിന് ആവശ്യമായ നിർദേശം നൽകുക. ജൈവവളം, രാസവളം, കീടനാശിനി എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുക. സ്പ്രേയറുകൾക്ക് സബ്സിഡി വർധിപ്പിക്കുക. കൃഷിയായുധങ്ങൾ, ട്രാക്ടർ ഉൾപ്പെടെ സൗജന്യ നിരക്കിൽ ലഭ്യമാക്കുക. വിളവെടുപ്പ് ഒരേസമയം നടക്കത്തക്കവിധം സംവിധാനം ചെയ്യുക. ധാന്യ സംഭരണികൾ സൗജന്യമായി ലഭ്യമാക്കുക. പാടശേഖരങ്ങളിലെ കൃഷി നശിപ്പിക്കുന്ന താറാവ്, കോഴി എന്നിവ പാടശേഖരങ്ങളിൽ ഇറങ്ങാത്ത വിധം നിയമം മൂലം തടയുക. പാടശേഖരങ്ങളിലെ ജലസേചന, ജലനിർഗമനങ്ങൾക്ക് തടസം സൃഷ്ടിക്കത്തക്കവിധത്തിൽ നിലം നികത്തലും നിലം താഴ്ത്തലും നിയമാനുസൃതം തടയുക. എലി നശീകരണം വ്യാപകമാക്കുക. കാലാകാലങ്ങളിൽ കർഷകരെ ബോധവത്കരിക്കുക.

വാർഡ് -8

(നെൽകൃഷിക്കായുള്ള പ്രത്യേക നിർദേശങ്ങൾ ഉന്നയിച്ചിട്ടില്ല) -ജലസേചനവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ

ഓരു ജലപ്രവാഹം നിയന്ത്രിക്കാൻ ബണ്ടുകൾ നിർമിക്കുകയും ചിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്യുക. നവംബർ-ജൂൺ വരെയുള്ള മാസങ്ങളിലാണ് ഓരു ജല ഭീഷണിയുള്ളത്. ഈ കാലയളവിൽ കൃഷിഭവന്റെ ശ്രദ്ധയുണ്ടാകണം.

വാർഡ് -9

നെൽകൃഷി നാമമാത്രമാണ്. പ്രത്യേക നിർദേശങ്ങളില്ല. ജലനിർഗമന നിർദേശങ്ങൾ:

അടഞ്ഞതും അടച്ചതുമായ ജലഗതാഗതമാർഗങ്ങൾ തുറന്ന് ജലഗതാഗതം പുനഃസ്ഥാപിക്കുക. മലിന ജലം ഒഴുകി പോകുന്നതിന് കുറ്റിവേലി മുക്കിനു കിഴക്കുവശം , തെറ്റിമൂട്ടിൽ തെക്കുവശം തെറ്റിമൂട്ടിൽ പടിഞ്ഞാറുവശം, കാട്ടിൽ കിഴക്കുവശം, കെ. വി. ജട്ടി റോഡിൽ കന്നാലിക്കുഴി കിഴക്കുവശം എന്നീ സ്ഥലങ്ങളിൽ കലുങ്കു നിർമിക്കണം.

തോട്ടപ്പള്ളി സ്പിൽവേ, തൃക്കുന്നപ്പുഴ ചിപ്പ് എന്നിവയുടെ ഷട്ടറുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന സംവിധാനങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിലാക്കണം. പുളിക്കീഴ്-കാട്ടിൽ മാർക്കറ്റ് റോഡിനോടുചേർന്നു കിടക്കുന്ന തോട് ഗതാഗതയോഗ്യമാക്കുക. പ്രസ്തുത തോട്ടിൽ കാട്ടിൽ മാർക്കറ്റിന്റെ

അടുത്തുള്ള പാലത്തോട് ചേർന്ന് അടഞ്ഞുകിടക്കുന്ന ബണ്ട്, മണിക്കണാൻ ചിറ അവസാനിക്കുന്ന സ്ഥലത്തുള്ള ബണ്ട് എന്നിവ തുറന്ന് ജലഗതാഗതം സുഗമമാക്കി തൃക്കുന്നപ്പുഴആറിനോട് യോജിപ്പിക്കുക.

മുഴുവൻ കർഷകരെയും വിള ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുക.

വാർഡ് -10

വൃശ്ചിക വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ തോട്ടപ്പള്ളി സ്പിൽവേയും തൃക്കുന്നപ്പുഴ ചീപ്പും യഥാസമയം അടച്ചിടേണ്ടതാണ്.

നീരൊഴുക്ക് സുഗമമാക്കാൻ വേണ്ടി ചില സ്ഥലങ്ങളിൽ ഇട്ടിരിക്കുന്ന ബണ്ടുകൾ മുറിച്ച് അവിടെ ആവശ്യമായ കലുങ്കുകൾ നിർമിക്കണം. നിലവിലുള്ള ബണ്ടും പാലങ്ങളും സ്ഥിരസംവിധാനമാക്കിയാൽ തുടർന്ന് ബണ്ടിട്ട് നീരൊഴുക്ക് തടയുന്ന ഏർപ്പാട് ഇല്ലാതാക്കാം.

കൃഷിഭവന്റെ ആനുകൂല്യം ഏറ്റവും അകലെയുള്ള ഈ പ്രദേശത്തുള്ളവർക്കും ലഭിക്കത്തക്കവിധം കൃഷിഭവന്റെ ഒരു വിതരണകേന്ദ്രം ഈ വാർഡിൽ സ്ഥാപിക്കണം.

B. നാളികേരം, ഇടവിള

വാർഡ് -1

തെങ്ങിന്റെ രോഗം തടയുവാൻ വർഷത്തിൽ രണ്ടു പ്രാവശ്യം മരുന്നുതളി നിർബന്ധമാക്കുക. രോഗം ബാധിച്ച തെങ്ങുകൾ പിഴുതുമാറ്റി പകരം തൈകൾ വെച്ചുപിടിപ്പിക്കാൻ സാമ്പത്തിക സഹായം നൽകുക വേനൽക്കാലത്ത് ജലസേചന സൗകര്യത്തിനായി കുഴൽ കിണർ സ്ഥാപിക്കുക. ഇതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക. നിലവിലുള്ള സബ്സിഡി വർധിപ്പിക്കുക. ഇടവിളകളായ കപ്പ, ചേന, വാഴ, കുരുമുളക് എന്നിവയ്ക്ക് ആവശ്യമായ വളവും മേൽത്തരം നടീൽ വസ്തുക്കളും സബ്സിഡി റേറ്റിൽ ലഭ്യമാക്കുക. കൃഷിഭവനിലൂടെ പച്ചക്കറി കൃഷി വാർഡിൽ വ്യാപകമാക്കാനുള്ള നടപടികൾ ഉറപ്പാക്കുക. മേൽത്തരം വിത്തുകളും നടീൽ വസ്തുക്കളും വളം, കീടനാശിനി എന്നിവയും കൃഷിഭവനിലൂടെ യഥാസമയം ലഭ്യമാക്കുക. കൃഷിവിദഗ്ധരുടെ സഹായം ലഭ്യമാക്കുക.

വാർഡ് -2

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഒരു സബ് സെൻറർ തുറക്കുക. തെങ്ങുകൃഷിയും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ നടപ്പാക്കാൻ ഉതകും വിധം കർഷകരെ ബോധവാന്മാരാക്കുക. റീ-പ്ലാന്റേഷൻ പദ്ധതിയിൽ വാർഡിനെ ഉൾപ്പെടുത്തുക. കേരള പൂളിന്റെ ആനുകൂല്യ പരിധി അഞ്ചുസെന്റ് കൃഷിഭൂമിയാക്കി പുനഃസ്ഥാപിക്കുക. കീടനാശിനി പ്രയോഗം ഒരേസമയം നടത്തുവാനും കീടനാശിനി, വളം, തെങ്ങിൻ തൈകൾ എന്നിവ സൗജന്യവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുക. മണ്ണുപരിശോധന കാലാകാലങ്ങളിൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ജൈവ വള പ്രയോഗ രീതിയോ രാസവള പ്രയോഗമോ ആവിഷ്കരിക്കുക. ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലെ തെങ്ങുകൃഷിക്ക് ജലസേചനത്തിനായി ഒരു സോഷ്യൽ ഇറിഗേഷൻ സ്കീം നടപ്പിലാക്കുക. കേരകർഷക സമിതി വർഡുതലത്തിൽ പുനഃക്രമീകരിക്കുകയും മുഴുവൻ കർഷകരേയും ഇതിൽ അംഗങ്ങളാക്കുകയും ചെയ്യുക. ഏറ്റവും നല്ല നാളികേര കർഷകനെ തെരഞ്ഞെടുത്ത് പഞ്ചായത്തു തലത്തിൽ അർഹമായ അംഗീകാരം നൽകുക വാർഡിനെ മാതൃകാ പച്ചക്കറിയുൽപാദന പ്രദേശമായി പ്രഖ്യാപിച്ച് കൃഷി യാരംഭിക്കുക. ഇടവിളകൃഷിക്ക് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുക

കൃഷിവകുപ്പിന്റെയും സന്നദ്ധസംഘടനകളുടെയും സഹായത്താൽ ഒരു കൂട്ടുകൃഷിയിടം പച്ചക്കറി കൃഷിക്കായി കണ്ടെത്തുക.

വാർഡ് -3

രോഗം ബാധിച്ച തെങ്ങുകൾ മാറ്റി പകരം നല്ലയിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിനും മുറിച്ചുമാറ്റുന്ന വൃക്ഷങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുക. വേനൽക്കാലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക. കിണറുകൾ, കുഴൽകിണറുകൾ എന്നിവ നിർമിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക. പച്ചക്കറി കൃഷി വാർഡിൽ വ്യാപകമാക്കുക, സാമ്പത്തിക സഹായം ഇതിന് ലഭ്യമാക്കുക, ഇതിനായി കൃഷിഭവന്റെ സേവനം ലഭ്യമാക്കുക. തെങ്ങിന് കീടനാശിനിപ്രയോഗം ഒരേസമയം വ്യാപകമായി നടത്താൻ ഏർപ്പാടുണ്ടാക്കുക.

വാർഡ് -4

തെങ്ങുകൃഷി വികസനത്തിനായി കേരഫെഡിന്റെ സഹായം തേടണം. രോഗബാധയേറ്റ തെങ്ങുകൾ വെട്ടിമാറ്റി പകരം നല്ലതൈകൾ വച്ചുപിടിപ്പിക്കുന്ന റീ പ്ലാന്റേഷൻ പരിപാടി കൃഷിഭവൻ മുഖാന്തിരം വാർഡിൽ നടപ്പാക്കുക. കാലാകാലങ്ങളിൽ താങ്ങുവില പുതുക്കി നിശ്ചയിച്ച് നാളി കേര കർഷകന് ആശ്വാസം നൽകുക. കശുമാവു കൃഷി പ്രോൽസാഹിപ്പിക്കുക. ഇടവിളകൃഷിക്ക് സാമ്പത്തിക സഹായം നൽകി പ്രോൽസാഹിപ്പിക്കുക. കീടനാശിനി പ്രയോഗം ശാസ്ത്രീയമായ വ്യാപകമാക്കു.

വാർഡ് -5

പഞ്ചായത്തിന്റെ സഹായത്തോടെ വർഷത്തിൽ രണ്ടുതവണ തെങ്ങിന് മരുന്നുതളിക്കുക. രോഗം ബാധിച്ച തെങ്ങുവെട്ടിമാറ്റി പകരം നല്ലയിനം തൈകൾ വെച്ചുപിടിപ്പിക്കുന്നതിന് സഹായം ലഭ്യമാക്കുക. വേനൽക്കാല ജലസേചനത്തിന് കുഴൽകിണർ നിർമിക്കാൻ സാമ്പത്തിക സഹായം നൽകുക. വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കിക്കൊണ്ട് പച്ചക്കറി കൃഷി വാർഡിൽ വ്യാപകമാക്കുക. പഞ്ചായത്തുചെയ്തുകൊണ്ടിരിക്കുന്ന ബണ്ടുകൾ ഓരുവെള്ളം കയറാതെ മുൻകൂട്ടി ചെയ്യുക. കൃഷിക്കുവേണ്ട വെള്ളം കയറ്റാനും ഇറക്കാനും നാരകത്രപുത്തൻപുരയിൽ തെക്കുവശം മുതൽ വട്ടക്കായൽവരയുള്ള തോടുവെട്ടി വൃത്തിയാക്കണം. കൈതപ്പറമ്പിൽ വടക്കുവശം മുതൽ വട്ടക്കായൽവരെയുള്ള തോട് ജലഗതാഗതത്തിനുവേണ്ടി വെട്ടിവൃത്തിയാക്കണം. കൃഷിക്കും ഇതാവശ്യമാണ്.

വാർഡ് -6

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം നല്ലയിനം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുക. ഇതിന് ആവശ്യമായ ധനസഹായം കൃഷിഭവനിലൂടെ ലഭ്യമാക്കുക. തെങ്ങുകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുക. തെങ്ങിന് ഇടവിളയായി കപ്പ, വാഴ, കൈതച്ചക്ക, പയറുവർഗങ്ങൾ, പച്ചക്കറി എന്നിവ കൃഷിചെയ്യാൻ നിർബന്ധിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. ജലസേചനത്തിന് ആവശ്യമായിവരുന്ന വൈദ്യുതി സൗജന്യമായി നൽകുക. സംയോജിതകൃഷിക്ക് ആവശ്യമുള്ള കന്നുകാലികൾ, കോഴി, താറാവ്, പന്നി, മുയൽ എന്നിവയെ വളർത്തുക. മത്സ്യകൃഷി വ്യാപകമാക്കുക.

കൃഷിക്കാരന്റെ ഉൽപന്നങ്ങൾ ആദായകരമായി വിൽക്കുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള നിയന്ത്രിത മാർക്കറ്റ് നടപ്പിലാക്കുക. ഇതുവഴി മധ്യവർത്തികളെ ഒഴിവാക്കാനും കർഷകന് കൂടുതൽ വില ലഭിക്കാനും സാധിക്കും. ഇടവിള കൃഷിയിൽ കവുങ്ങ് ഉൾപ്പെടുത്തി കുരുമുളക് കൃഷി വർധിപ്പിക്കുക. തെങ്ങിന്റെ ജലസേചനത്തിന് പമ്പുസെറ്റുകളും മറ്റും വാങ്ങാനും കിണർ, കുളം എന്നിവ കുഴിക്കാനും നൽകാവുള്ള സാമ്പത്തിക സഹായം

പത്തുസെന്റുവരെ ഭൂമിയുള്ള കർഷകർക്കു കൂടി ലഭ്യമാക്കുക. നാളികേരത്തിന് തറവില നിശ്ചയിച്ച് വില താഴാതെ നിലനിർത്തുക. ഉൽപാദനം വർധിക്കുന്ന സമയത്ത് വിലയിടിയാത്ത വിധം വില നിയന്ത്രിക്കുക. തെങ്ങുകയറ്റത്തിനുള്ള യന്ത്രം കൃഷിഭവനിലൂടെ കേരകർഷകർക്ക് ലഭ്യമാക്കുക.

വാർഡ് -7

പഞ്ചായത്തിന്റെ മാധ്യഭാഗത്ത് എല്ലാ വാർഡുകാർക്കും സൗകര്യപ്രദമായ സ്ഥലത്ത് സർക്കാർ ചെലവിൽ വസ്തുവാങ്ങി കെട്ടിടം നിർമിച്ച് കൃഷിഭവൻ പ്രവർത്തിപ്പിക്കുക. വാർഡിലെ രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം അത്യുൽപാദന ശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കാനുള്ള നപടികൾ സ്വീകരിക്കുക. കൃഷി വിദഗ്ധന്മാരുടെ നിർദേശത്തോടുകൂടി ആണ്ടിൽ രണ്ടുതവണ തെങ്ങുകൾ ഒരുക്കി കീടനാശിനികൾ പ്രയോഗിക്കുന്നതിന് ഏർപ്പാടുണ്ടാക്കുക. കോക്കനട്ട് ഡവലപ്മെന്റ് ബോർഡിൽനിന്നുമുള്ള സാമ്പത്തിക സഹായത്തോടുകൂടി പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്ന നടപടി വ്യാപകമാക്കുക. നാളികേരം യഥാസമയം ഇട്ട് വിളവെടുക്കുന്നതിന് ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുക. യഥാസമയം മണ്ണുപരിശോധന നടത്തി രാസവളപ്രയോഗമോ ജൈവവള പ്രയോഗമോ നിശ്ചയിക്കുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. കേര കർഷകരെ ഗ്രൂപ്പുകളായി തിരിച്ച് കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പാക്കുക. പയ്യന്നള്ളി പുരയിടത്തിൽ ഇറിഗേഷൻ വകുപ്പിൽനിന്നും സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കിൽനിന്നും കാർഷിക ആവശ്യത്തിനായി പൈപ്പ് ലൈൻ വലിച്ചിട്ടുള്ളത് വൈദ്യുതി കണക്ഷൻ കിട്ടാത്തതുമൂലം ഉപയോഗപ്രദമല്ല. കണക്ഷൻ നൽകി വാട്ടർടാങ്ക് കേരകർഷകർക്ക് പ്രയോജനപ്രദമാക്കണം.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമായി ലഭ്യമാക്കണം. കാർഷികാവശ്യത്തിനുവാങ്ങുന്ന മോട്ടോറിന്റെ സബ്സിഡിത്തുക വർധിപ്പിക്കുക. കാർഷിക ഉപകരണങ്ങൾ വാടകയ്ക്കു നൽകുന്നതിന് സബ്സിഡി അനുവദിക്കുക. തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി കൃഷിചെയ്യുന്നതിന് മംഗള അടയ്ക്കാ തൈകൾ, നല്ലയിനം വാഴക്കന്നുകൾ എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കുക. പച്ചക്കറി കൃഷി വ്യാപകമാക്കുക. ഇതിനായി യൂണിറ്റുകൾ ഏർപ്പെടുത്തുക. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ സൗജന്യനിരക്കിൽ ലഭ്യമാക്കുക. രോഗനിയന്ത്രണത്തിന് വിദഗ്ധസഹായം ഉറപ്പുവരുത്തുക. രാസവളം, ജൈവവളം, കീടനാശിനി എന്നിവ വാങ്ങാൻ സാമ്പത്തിക സഹായം നൽകുക. അധിക ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക. 'ഹരിത' തുടങ്ങിയ ഏജൻസികൾ മുഖേന ബാങ്കുകൾ സ്ഥാപിച്ച് വിപണന സൗകര്യം വർധിപ്പിക്കുക. പുഷ്പ കൃഷിയും യൂണിറ്റടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രകാരം നടപ്പാക്കുക. ഓരോ യൂണിറ്റിനും ആവശ്യമായ സ്പ്രേയർ, കൃഷി ആയുധങ്ങൾ മുതലായവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

വാർഡ് -8

കൃഷിഭവനിലൂടെ കീടനാശിനികൾ യഥാസമയം ലഭ്യമാക്കുക. തെങ്ങിന് റീപ്ലാന്റേഷൻ സ്കീം പ്രകാരം സാമ്പത്തിക സഹായം നൽകി അത്യുൽപാദന ശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കാനുള്ള ഏർപ്പാടുണ്ടാക്കുക. തെങ്ങിന് മണൽ, ചെളി, പായൽ ഇവ വളമായിടുന്നതിന് നൽകിവരുന്ന ധനസഹായം മെച്ചപ്പെടുത്തുക. ഇടവിളകൃഷിക്ക് പ്രത്യേകിച്ച് പച്ചക്കറി, ഏത്തവാഴ എന്നിവക്ക് മേൽത്തരം വിത്ത്, നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ കൃഷിഭവനിലൂടെ ലഭ്യമാക്കുക. ജൈവവളപ്രയോഗത്തിന് പ്രാമുഖ്യം നൽകുക. ഓരുജലപ്രവാഹം നിയന്ത്രിക്കുക.

വാർഡ് -9

രോഗം ബാധിച്ച മുഴുവൻ തെങ്ങുകൾക്കും പകരം അത്യുൽപാദനശേഷിയുള്ള തൈകൾ


വച്ചുപിടിപ്പിക്കാൻ സാമ്പത്തിക സഹായവും തൈകളും ലഭ്യമാക്കണം. ചെറുകിട കർഷകർക്കുകൂടി എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണം. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം തെങ്ങുകൃഷിക്കും ഏർപ്പെടുത്തുക. വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കണം. നാളികേരത്തിന് ഏഴുരൂപയിൽ കുറയാത്തവിധം വില നിയന്ത്രിക്കണം. തെങ്ങുകൃഷിക്ക് ദോഷം ചെയ്യുന്ന എലി, വാവൽ എന്നിവയെ ഫലപ്രദമായി നേരിടാൻ നടപടിയുണ്ടാവണം. ഇടവിളകൃഷി വ്യാപകമാക്കണം. ഇടവിളക്കുള്ള വിത്ത്, നടീൽ വകകൾ, വളം, കീടനാശിനി തുടങ്ങിയവ സൗജന്യനിരക്കിൽ ലഭ്യമാക്കണം. നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കണം. മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായവും ബോധവത്കരണവും ഏർപ്പെടുത്തണം.

വാർഡ് -10

വർഷത്തിൽ രണ്ടുതവണ മരുന്നു തളി വ്യാപകമായി നടത്തി തെങ്ങിന്റെ രോഗം നിയന്ത്രിക്കുന്ന ചുമതല കൃഷിഭവൻ ഏറ്റെടുക്കണം. രോഗം ബാധിച്ച തെങ്ങുകൾക്ക് പകരം നല്ലയിനം തൈകൾ വച്ചുപിടിപ്പിക്കാനുള്ള സാമ്പത്തിക സഹായം നൽകണം. സൗജന്യനിരക്കിൽ രാസവളം, ജൈവവളം, കീടനാശിനി എന്നിവ ലഭ്യമാക്കണം. നാളികേരത്തിന്റെ വില നിയന്ത്രിച്ച് ഉൽപാദകന് പരമാവധി ആനുകൂല്യം ഉറപ്പാക്കണം. നാളികേരം വേർ ചെയ്യുന്ന സംഘങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തണം. ഇടവിളകൃഷിക്കായി ഇഞ്ചി, മഞ്ഞൾ, കുരുമുളക്, വാഴയിനങ്ങൾ എന്നിവയുടെ മികച്ച നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കണം. പ്രകൃതിക്ഷോഭത്താലുണ്ടാകുന്ന നഷ്ടം പൂർണമായും പരിഹരിക്കാൻ സാമ്പത്തിക സഹായം ഉറപ്പാക്കണം. വൃശ്ചിക വേലിയേറ്റം മൂലം ഇടവിള നശിക്കാതെ തോട്ടപ്പള്ളി സ്പിൽവേയും തൃക്കുന്നപ്പുഴ ചീപ്പും യഥാസമയം അടച്ചിടണം.

(പട്ടിക കാണുക)


കുറിപ്പ്: എതാനും വർഷങ്ങൾക്കുമുമ്പുവരെ ജലഗതാഗതം മെച്ചപ്പെട്ട രീതിയിൽ നിലനിന്ന കൊപ്പാറ-കാർത്തികപ്പള്ളി തോട് കുമാരപുരം പഞ്ചായത്തിന്റെ വിലമതിക്കാനാവാത്ത സാംസ്കാരിക പൈതൃകത്തിന്റെ രജതരേഖയാണ്. അവഗണിക്കപ്പെട്ട നിലയിൽ ഹരിപ്പാട് പഞ്ചായത്തിന്റെ പൊതുമാർക്കറ്റിനോടുചേർന്ന അറവുശാലയിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുകവഴി അന്തസും പരിശുദ്ധിയും നഷ്ടപ്പെട്ട് നീരൊഴുക്കില്ലാതെ, പോളപ്പുതപ്പിനടിയിൽ ദു:ഖം മറച്ചു തേങ്ങുന്ന ചരിത്രപ്രസിദ്ധമായ ഈ തോടിനുമുക്തിയേകുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയണം; കഴിയുമെന്ന് പ്രത്യാശിക്കാം.



തോടുകളുടെ വിവരങ്ങൾ

വാർഡ്	തോടിന്റെ പേരു്	നീളം KM	വീതി M.	സ്ഥിതിവിവരം
3	കൊപ്പറ-കാർത്തികപ്പള്ളിത്തോട്	6	12	12 മീ. എന്ന വിതികുറഞ്ഞു. ഗത്താഗതം തടസ്സപ്പെട്ടിരിക്കുന്നു.
9	നാൽക്കവല-കായംകുളം കായൽ തോട്	7	10	ഭാഗികമായിമാത്രം ഗത്താഗതസൗകര്യമുണ്ട്
9,10	ചെമ്പുത്തോടു്	5	10	ഗത്താഗതയോഗ്യം
1,9	സമുദായത്തിൽ-നാൽക്കവലത്തോട്	3	4.5	"
1	കാരാന്തറ-ചെമ്പുത്തോട്	3.5	3.5	"
2	പാലാന്നി-ചെമ്പുത്തോട്	2	3.5	കയ്യേറ്റത്തിനു വിധേയം
5	വട്ടക്കായൽ-പുത്തൻപുരത്തോട്	3	3.5	"
4	അമ്പീത്തറ-കൈതപ്പറമ്പ്തോട്	1	3	"
5	കാടൻചാലിൽ തോട്	1	3.5	"
6	കോവാലി തോട്	1	2.5	"

5.2



മൃഗപരിപാലനം, മൽസ്യബന്ധനം

കുമാരപുരം ഗ്രാമപഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശുവും ആടുമാണ്. കാർഷികാവശ്യത്തിനായി കാള, പോത്ത് എന്നിവയെ വളർത്തിയിരുന്നു. ഇപ്പോൾ ഇത് പ്രാവർത്തികമല്ല. പ്രധാനപ്പെട്ട വളർത്തുപക്ഷികൾ കോഴിയും താറാവുമായിരുന്നു. ഈ പഞ്ചായത്തിൽ ഇപ്പോഴത്തെ കണക്കനുസരിച്ച് 1796 പശുക്കളും 236 ആടുകളും 92 എരുമളുമാണുള്ളത്. വളർത്തുപക്ഷികളായി 2250 കോഴികളും 1937 താറാവുകളുമുണ്ട്.

നെൽകൃഷി ലാഭകരമല്ലാതാവുകയും അതിനാൽ സമീപകാലത്തുണ്ടായ നിർജീവാവസ്ഥയും ലാഭകരമായ മറ്റ് കൃഷികളിലേക്കുള്ള വ്യഗ്രതയും കാരണം വളർത്തുമൃഗങ്ങളുടെ രംഗത്ത് കാര്യമായ വളർച്ചയുണ്ടായിട്ടില്ല. കാർഷിക രംഗത്ത് യന്ത്രവത്കരണം വന്നതോടുകൂടി കൃഷിപ്പണിക്ക് പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന കന്നുകൾ പാടെ ഉപേക്ഷിക്കപ്പെട്ടു. പശുക്കളെ വളർത്തുന്നതിൽ മുൻകാലങ്ങളിലേതിനേക്കാൾ മെച്ചപ്പെട്ട മനോഭാവം ജനങ്ങളിൽ പൊതുവേ കണ്ടുവരുന്നു. പഞ്ചായത്തിലെ 1111-ഓളം കുടുംബങ്ങൾ ഇത് ഒരു ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുണ്ട്. ഈ രംഗത്ത് പരമ്പരാഗതമായ ശൈലിയും ആധുനിക രീതിയും നിലവിലുണ്ട്. മുമ്പുണ്ടായിരുന്ന നാടൻ പശുക്കളെ അധികമായി കാണുന്നില്ല. സങ്കരയിനം പശുക്കളാണേറെയും. വൻകിട പശുവളർത്തൽ പഞ്ചായത്തിൽ ഇല്ല. രണ്ട് ആപ്കോസ് സഹകരണ സംഘങ്ങളും ഒരു ഡയറി സഹകരണസംഘവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവിടെനിന്ന് പ്രതിദിനം 375 ലിറ്റർ പാൽ ആലപ്പുഴ മിൽമയിലേക്ക് അയക്കുന്നു. ഈ സംഘങ്ങളുടെ ഗുണം പഞ്ചായത്തിലെ 60 ശതമാനം വീടുകൾക്കും ലഭ്യമല്ല.

എരുമ വളർത്തൽ പശുവളർത്തൽ പോലെ വ്യാപകമായിട്ടില്ല. വളരെകുറച്ചുപേർ മാത്രമേ ഈ രംഗത്തുള്ളൂ. എന്നാൽ എരുമകളെ പോറ്റുവാൻ തക്ക സാഹചര്യം പഞ്ചായത്തിലുണ്ട്.

ആടുവളർത്തൽ ഉപജീവനമാക്കിയിട്ടുള്ളവർ പഞ്ചായത്തിൽ ഗണ്യമായിട്ടില്ല. വിവിധ വാർഡുകളിലായി 236 ആടുകൾ ഇപ്പോഴുണ്ട്. മറ്റ് വളർത്തു മൃഗങ്ങളെ പരിപാലിക്കുന്നതിനേക്കാൾ ലാഭകരവും ചെലവുകുറവുമുള്ള ഒരു സംരംഭമാണിത്. എന്നാൽ ആവശ്യമായ രീതിയിൽ ഇതിനുള്ള സാങ്കേതിക പരിജ്ഞാനം കർഷകന് ലഭ്യമല്ല.

(പട്ടിക T-2 A കാണുക)

പഞ്ചായത്തിലെ 1, 3 വാർഡുകളിൽ മുമ്പ് താറാവുവളർത്തൽ ഉപജീവനമായി സ്വീകരിച്ചിരുന്നവർ ഉണ്ടായിരുന്നു. ഇന്ന് നാമമാത്രമായ പ്രവർത്തനമേ ഈ വളർത്തുപക്ഷികളുടെ രംഗത്തുള്ളൂ. എന്നാൽ സമീപകാലത്ത് മുട്ടയ്ക്കും മാംസത്തിനും വേണ്ടിയുള്ള കാത്തിരിപ്പ് അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചായി. ഈ പഞ്ചായത്തിലെ പടിഞ്ഞാറും കിഴക്കും പ്രദേശങ്ങൾ താറാവുകൃഷിക്ക് വളരെ യോജിച്ചതാണ്. മാത്രമല്ല, ഇത് ഏറെ ലാഭകരമായ ഒരു തൊഴിലായി പരിഗണിക്കപ്പെട്ടുവരുന്നു. ഈ സാഹചര്യത്തിൽ താറാവ് വളർത്തൽ സമഗ്രമായി നടത്തുവാൻ വേണ്ടിയുള്ള ഒരു കർമ പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

കോഴിമുട്ടയും ഇറച്ചിയും ഉപയോഗം ദിനംപ്രതി വർധിച്ചുവരുന്നു. ആഭ്യന്തര ഉപയോഗത്തിനുള്ള കോഴിമുട്ടയും ഇറച്ചിയും ആവശ്യാനുസരണം അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നു. കോഴിവളർത്തലിന് അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയുമുള്ള ഈ ഗ്രാമത്തിലെത്തുന്ന കോഴിമുട്ടയും ഇറച്ചിയും അനുകൂല സാഹചര്യങ്ങൾ ഇല്ലാത്ത പ്രദേശത്തുനിന്നാണെത്തുന്നത് എന്നകാര്യം ഏറെ ശ്രദ്ധാർഹമാണ്. ഈ രംഗത്ത് നിരവധി സാധ്യതകൾ നമ്മുടെ നാട്ടിൽ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സംയോജിതമായി കോഴി വളർത്തൽ പഞ്ചായത്തിൽ ഇല്ല. സമീപകാലത്ത് പഞ്ചായത്തിലെ 5-ാം വാർഡിൽ ആരംഭിച്ച ഒരു സ്വകാര്യ ബ്രോയിലർ ഫാം മാത്രമണുള്ളത്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും നാടൻ കോഴികളെ വളർത്തുന്നതായി സർവേ റിപ്പോർട്ടുകളിൽ കാണുന്നു. സ്വയം തൊഴിൽ സംരംഭമായി സ്വീകരിക്കാവുന്ന ഒരു മേഖലയാണിത്.

(പട്ടിക മൂന്ന്)

പ്രശ്നങ്ങൾ:-

1. കാലിത്തീറ്റയുടെ വിലവർധനവ് കച്ചിക്കും പുല്ലിനുമുള്ള ദൗർലഭ്യം, കന്നുകാലികൾക്ക് ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കന്നുകാലികൾക്ക് ബീജ സങ്കലനത്തിനുള്ള സൗകര്യമില്ല.
3. പാൽ വിപണനത്തിനുള്ള സൗകര്യം എല്ലാ പ്രദേശങ്ങളിലും ആവശ്യമായ രീതിയിൽ ഇല്ല.
4. കോഴി, താറാവ് വളർത്തൽ ഏറെ ലാഭകരമാണെങ്കിലും ഇതൊരു തൊഴിലായി സ്വീകരിക്കുവാൻ ജനം തയാറാകുന്നില്ല. ഇവറ്റകൾക്ക് ആവശ്യമായ 'തീറ്റ'കൾ ലഭ്യമല്ല.
5. പഞ്ചായത്തിൽ 5 ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉണ്ട്. ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇത് വ്യാപകമായി നടപ്പാക്കുവാൻ സർക്കാർ ധനസഹായം നൽകുന്നെങ്കിലും വ്യക്തമായ അറിവ് ജനത്തിനില്ല.

(പട്ടിക രണ്ട്)

പരിഹാര നിർദേശങ്ങൾ:

1. നിലവിലുള്ള സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ നൽകുക. തീറ്റപ്പുൽ കൃഷി ഈ സഹകരണസംഘങ്ങളുടെ ചുമതലയിൽ, പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടത്തുക.
2. 6, 7, 8 വാർഡുകൾ കേന്ദ്രീകരിച്ച് മൃഗാശുപത്രിയുടെ ഒര സബ്സെൻറർ അനുവദിക്കുക. പശുക്കളെ നിർബന്ധമായും ഇൻഷ്വർ ചെയ്യുക.
3. അത്യുൽപാദന ശേഷിയുള്ള വെച്ചൂർപശുക്കളെ വാങ്ങുവാൻ ഏതെങ്കിലും ധനകാര്യസ്ഥാപനത്തിൻെറ സഹായത്താൽ സബ്സിഡിയോടുകൂടിയ ലോൺ അനുവദിക്കുക.
4. 2 വാർഡിന് ഒന്നുവീതം ലൈവ് സ്റ്റോക്ക് കേന്ദ്രം ആഴ്ചയിൽ അഞ്ചുദിവസം പ്രവർത്തിപ്പിക്കത്തക്ക രീതിയിൽ ആരംഭിക്കുക.

5 കാലി വസന്ത, കുളമ്പുരോഗം, തുടങ്ങിയവക്കെതിരെയുള്ള പ്രതിരോധ നടപടി മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തിന്റെ ധനസഹായത്താൽ നടപ്പിലാക്കുക.

6. പഞ്ചായത്തു തലത്തിൽ ഒരു മൃഗസംരക്ഷണ ഉപദേശക സമിതി രൂപീകരിക്കുക.

7. പഞ്ചായത്തിൽ കോഴിവളർത്തലിന് അനുയോജ്യമായ സ്ഥലമുണ്ട്. ഓരോ വാർഡിൽനിന്ന് 100 വീടുകൾ തെരഞ്ഞെടുത്ത് വീടൊന്നിന് 10 കോഴിക്കുഞ്ഞുങ്ങളെ വീതം നൽകി മുട്ട സംഭരിച്ച് വിപണനം നടത്താൻ ഒര സഹകരണ സംഘം രൂപീകരിക്കുകയും ഇതുവഴി ആവശ്യമായ കോഴിത്തീറ്റ കർഷകന് കുറഞ്ഞവിലക്ക് നൽകുകയും ചെയ്യുക.

8. പഞ്ചായത്തിൽ താറാവുവളർത്തലിന് ഏറെ യോജിക്കുന്ന പ്രദേശങ്ങൾ 9, 10, 4 വാർഡുകളിലാണുള്ളത്. ഈ പ്രദേശങ്ങളിലെ സാധ്യതയനുസരിച്ച്താറാവു വളർത്തൽ പ്രോൽസാഹിപ്പിക്കുക.

9. വളർത്തുനായകൾക്ക് കുത്തിവയ്പ്പ്, ലൈസൻസ് കർശനമായി നടപ്പിലാക്കുക.

10. മൃഗാശുപത്രി വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് മാറ്റി ആവശ്യമായ സൗകര്യത്തോടുകൂടി സ്വന്തമായി ഒരു കെട്ടിടം സജ്ജമാക്കുകയും പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുക.

(ചാർട്ട് മൂന്നെണ്ണം)

മൽസ്യബന്ധനം

കുമാരപുരം പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശം തീരദേശ സാമീപ്യമുള്ളതാണ്. വ്യാപകമായ പുഴയോരം ഇവിടെയില്ല. മൽസ്യബന്ധമെന്ന തൊഴിൽ മേഖല അക്ഷരാർഥത്തിൽ ഈ പഞ്ചായത്തിൽ ഇല്ല. ഉൾനാടൻ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളവർ നന്നേ ചുരുക്കമാണ്. അതുപോലെതന്നെ തീരദേശമൽസ്യ ബന്ധനത്തിന്റെ കാര്യത്തിലും. 35. 37 ഹെക്ടർ ദൈർഘ്യമുള്ള തോടുകൾ, മണികണ്ഠൻചാൽ, മുതലചാൽ, വട്ടക്കായൽ തുടങ്ങിയ വിസ്തൃതമായ മൂന്നു ജലാശയങ്ങൾ, 15 കുളങ്ങൾ ഇവയാണ് പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ. പരമ്പരാഗതമായ ശൈലിയാണ് ഈ നാട്ടിൽ നിലവിലുള്ള മൽസ്യബന്ധന രീതി. മൽസ്യസംസ്കരണ യൂണിറ്റുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ ഈ രംഗത്ത് തൊഴിൽ ചെയ്യുന്ന സ്ത്രീ പുരുഷന്മാർ ഇവിടെ ധാരാളമുണ്ട്. മുമ്പ് കുട്ടംകൈതയിൽ ഒരു പീലിംഗ് ഷെഡ് പ്രവർത്തിച്ചിരുന്നു.

തോടുകളിലെ മൽസ്യ ബന്ധനത്തിൽ 120 പേർ ഏർപ്പെട്ടുകഴിയുന്നു. ഇതിൽ 52 പേർ സ്ഥിരം തൊഴിലായി മൽസ്യബന്ധന മേഖലയെ സ്വീകരിച്ചിട്ടുണ്ട്. മൽസ്യ വിപണനവുമായി ബന്ധപ്പെട്ട് 150 പേർ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവർക്ക് ആവശ്യമുള്ള മൽസ്യം തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ, പുറക്കാട് എന്നീ കടലോര മൽസ്യബന്ധന കേന്ദ്രങ്ങളിൽ നിന്നും ആറാട്ടുപുഴ പഞ്ചായത്തിലെ ചൂള ത്തെരുവ്, ചിങ്ങോലി പഞ്ചായത്തിലെ വെമ്പുഴ, കാർത്തികപ്പള്ളി പഞ്ചായത്തിലെ പിള്ളക്കടവ് എന്നീ കായലോര മൽസ്യബന്ധന കേന്ദ്രങ്ങളിൽ നിന്നുമാണ് സംഭരിക്കുന്നത്. ഈ പഞ്ചായത്തിൽ മുഖ്യമായും സൈക്കിളിലുള്ള മൽസ്യവിപണനം കൂടാതെ തലച്ചുമടായും ചില പ്രത്യേക കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുമാണ് നടത്തുന്നത്.

ഉൾനാടൻ ജലാശയങ്ങളിൽനിന്ന് കാരി, വരാൽ, ചെമ്പല്ലി, കരിമീൻ തുടങ്ങിയ ഇടത്തരം മൽസ്യങ്ങളും വാക, ചേറുമീൻ തുടങ്ങിയ വലിയ മൽസ്യങ്ങളും, പള്ളത്തി, വയമ്പ് തുടങ്ങിയ ചെറുമൽസ്യങ്ങൾ കൂടാതെ ധാരാളം അറ്റുകൊഞ്ചും സുലഭമായി ലഭിച്ചിരുന്നു. ഉൾപ്രദേശങ്ങളിൽ നഞ്ചുകലക്ക് വ്യാപകമായതിനാലും ചകിരിച്ചോർ മൂലം ജലമലിനീകരണം വർധിച്ചതിനാലും ജലം ഇവറ്റകൾക്ക് വാസയോഗ്യമല്ലാതായി. അങ്ങനെ മൽസ്യരോഗം പടർന്നു പിടിച്ചു കൂട്ടത്തോടെ ഇവ ചത്തൊടുങ്ങി. പല മൽസ്യ ജനുസുകളും നാമാവശേഷമായി.

ഈ പഞ്ചായത്തുകളിൽ കേന്ദ്രീകൃത സ്വഭാവമുള്ള 2 മൽസ്യമാർക്കറ്റ് പ്രവർത്തിക്കുന്നു. ഇവ യഥാക്രമം കാട്ടിൽ മാർക്കറ്റ്, നാഷനൽ ഹൈവേയിലെ കെ.വി. ജെട്ടി ജംഗ്ഷൻ എന്നിവയാണ്.

എന്നാൽ ഇത് രണ്ടും തുറസായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. കാട്ടിൽ മാർക്കറ്റിൽ ഇതിനാവശ്യമായ സ്ഥല സൗകര്യം ലഭ്യമാണ്. മൽസ്യകൃഷി വികസനത്തിനായി സർക്കാർ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

ജലകൃഷി:

ജലസ്രോതസുകളേയും ജലാശയങ്ങളേയും ആശ്രയിച്ച് നടത്താവുന്ന ഒര നീവന കാർഷിക വശതിയാണ്. ജലാശയങ്ങൾ ഏറെയുള്ള ഈ ഗ്രാമത്തിൽ ഈ കൃഷിക്ക് വളരെയേറെ സാധ്യതയുണ്ട്. ഗ്രാമീണ സമ്പദ്ഘടനയെ നിർണായകമായി ശക്തിപ്പെടുത്തുവാൻ ഈ നവ കാർഷിക മേഖലക്ക് കഴിയും.

വിസ്താരമേറിയ അഞ്ചിൽപരം ജലാശയങ്ങളുണ്ട്. ശുദ്ധജലമൽസ്യം, കൊഞ്ച്, ഞണ്ട് മുതലായവ ഇവിടെ കൃഷിചെയ്യുവാൻ കഴിയും. കായൽ മൽസ്യകൃഷി, ഓരു ജല മൽസ്യകൃഷി ശുദ്ധജല മൽസ്യകൃഷി എന്നിവ ഈ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ കഴിയും. തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഒരളവുവരെ ഈ രംഗം സഹായിക്കും.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ ഓരു ജല മൽസ്യകൃഷിക്ക് ഏറെ അനുയോജ്യമാണ്. കിഴക്കൻ പ്രദേശങ്ങളിലെ കുളങ്ങൾ ശുദ്ധജല മൽസ്യ കൃഷിക്ക് അനുയോജ്യമാണ്. 6 പേർ ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പരിഹാര നിർദേശങ്ങൾ:

പഞ്ചായത്തിലുള്ള കുളങ്ങൾ ഒരു സർവേയിലൂടെ കണ്ടെത്തി മൽസ്യകൃഷി നടപ്പിലാക്കുവാൻ ശ്രമിക്കുക, വനിതകളേയും ചെറുപ്പക്കാരേയും തൊഴിലുള്ളവരാക്കിമാറ്റുവാൻ 'നാട്ടിൻകുളം' എന്ന പ്രോജക്ട് തയ്യാറാക്കുക. ഇത് തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിനോ ക്ലബുകൾക്കോ, മറ്റ് സ്വതന്ത്ര സംഘടനകൾക്കോ കൃഷിക്കായി നൽകുക. മൽസ്യവിത്തുകൾ, സാങ്കേതിക പരിജ്ഞാനം, ധനസഹായം എന്നിവ സമുദ്രോൽപന്ന വികസന അതോറിറ്റി, കേന്ദ്ര മൽസ്യ ഗവേഷണ കേന്ദ്രം എന്നിവ മുഖേന ലഭ്യമാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുക. പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഒരു സബ്കമ്മിറ്റി ഇതിന്റെ മോണിറ്ററിംഗ് നടത്തുക.

ധാരാളം ജലാശയങ്ങൾ ഉള്ള ഈ പഞ്ചായത്തിനെ ഒരു മൽസ്യഗ്രാമമാക്കി തെരഞ്ഞെടുത്ത് മൽസ്യകൃഷി നടപ്പിലാക്കുക. മൽസ്യകൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഒരു കുടുംബതൊഴിലായി സ്വീകരിച്ചാൽ ഒരളവുവരെ തൊഴിലില്ലായ്മ പരിഹരിക്കാം. ഒഴിവു സമയങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഇതിൽ വ്യാപൃതരാകുവാൻ കഴിയും ഇതിനു വേണ്ടിയുള്ള പ്രചരണവും ധനസഹായവും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കുക. വീട്ടുവളപ്പിലോ, സമീപമുള്ള ചെറുകുളങ്ങളിലോ മൽസ്യകൃഷി നടത്തുവാൻ വൻ സാധ്യതയുണ്ട്. അടുക്കളയിലെ ജൈവാവശിഷ്ടങ്ങളും അഴുക്ക് വെള്ളവും ഈ ചെറുകുളങ്ങളിലെ മൽസ്യത്തിന് തീറ്റയായി നൽകാം. ഇതൊരു വരുമാന മാർഗം മാത്രമല്ല പരിസര ശുചിത്വത്തിനും പ്രയോജനപ്രദമാണ്.

നെൽകൃഷിക്കുശേഷം മൽസ്യകൃഷി, കൊഞ്ചു, ഞണ്ട് കൃഷിക്കുള്ള പദ്ധതി തയാറാക്കിയെടുക്കുവാൻ പഞ്ചായത്തിൽ ഒരു കർമ സമിതി രൂപവൽകരിച്ച് സർവേ നടത്തുക. സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി കൃഷിചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുക. ഇതിനായി സന്നദ്ധസംഘടനകളെ പ്രോൽസാഹിപ്പിക്കുക.

മൽസ്യങ്ങൾക്കും ചെമ്മീനുകൾക്കുമൊക്കെ ആവശ്യമായ 'തീറ്റ' നിർമിക്കുന്നതിനായി ഒരു തീറ്റ നിർമാണകേന്ദ്രം സ്ഥാപിക്കുക. ചെറുകിട വ്യവസായമായും, കൂടിൽ വ്യവസായമായും ഇത് നടപ്പിലാക്കാം. ഇത്തരത്തിലുള്ള ഒരു ഫാക്ടറി കേരളത്തിൽ 'മഹിമ' എന്ന പേരിൽ പ്രവർത്തിക്കുന്നു. ഇത്തരത്തിലെരു ഫാക്ടറിക്കുവേണ്ട ധനസഹായം ജലകൃഷി വികസന ഏജൻസി, ഓരു ജലമൽസ്യ വികസന ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കാവുന്നതാണ്.

പഞ്ചായത്തിലുള്ള പുറമ്പോക്ക് ജലാശയങ്ങളും കുളങ്ങളും മൽസ്യ, കൊഞ്ച് കൃഷിക്ക് ഉപയുക്തമാക്കുകയുംസന്നദ്ധരായിട്ടുള്ളവർക്ക് വടക നിശ്ചയിച്ച് നൽക്കുകയും ധനസഹായംനൽകുകയും വേണം.

കേരള സംസ്ഥാന ജലകൃഷി വികസന ഏജൻസിയുടെ ഒരു ഇൻഫർമേഷൻ സെൻറർ പഞ്ചായത്തടിസ്ഥാനത്തിലോ, ബ്ലോക്കടിസ്ഥാനത്തിലോ സ്ഥാപിക്കുക.

5.3

വിദ്യാഭ്യാസം

കേരളീയ കലകളാൽ അനുഗ്രഹീതമായ കുമാരപുരത്ത് സ്വാതന്ത്ര്യ പ്രാപ്തിക്ക് വളരെമുമ്പ് തന്നെ വിദ്യാഭ്യാസത്തിന്റെ പ്രചാരമെത്തിയിരുന്നു. പിന്നീട് ദേശീയനവോത്ഥാന പ്രസ്ഥാനങ്ങൾ, ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ ആഞ്ഞുവീശിയ സാമൂഹ്യ പ്രസ്ഥാനങ്ങൾ, തൊഴിൽ മേഖലകളിലെ സംഘടിത പ്രസ്ഥാനങ്ങൾ എന്നിവയിലൂടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി സാമാന്യജനങ്ങളിൽ ഒരവബോധം വളർത്താൻ കഴിഞ്ഞു.

ശ്രീനാരായണ ഗുരുവിന്റെ നാമദേയത്തിൽ 1916 ൽ സ്ഥാപിച്ച ശ്രീനാരായണവിലാസം എൽ.പി. സ്കൂൾ ആയിരുന്നു പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ജനസംഖ്യയുടെ പകുതിലേറെവരുന്ന കയർ-കർഷകത്തൊഴിലാളികൾ വസിച്ചിരുന്ന ഈ പഞ്ചായത്തിൽ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം ഉപരി വിദ്യാഭ്യാസം നേടിയവർ നന്നേ കുറവായിരുന്നു. സാമ്പത്തികപരാധീനതയും വിദ്യാലയങ്ങളിലേക്കുള്ള ദൂരവും സാധാരണക്കാരന് ഉപരിപഠനം അന്യമാകുന്നതിന് കാരണമായി. വളരെവൈകിയെങ്കിലും ഒരു ഹൈസ്കൂൾ എന്ന സ്വപ്നം സാക്ഷാൽക്കരിച്ചത് പഞ്ചായത്ത് പ്രസിഡൻറ്, എം.എൽ.എ, എം.പി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ശ്രീ. ജി.പി. മംഗലത്തുമഠം, 1967 ൽ പൊത്തപ്പള്ളിയിൽ കേരള കാളിദാസ കേരളവർമ്മ മെമ്മോറിയൽ ഹൈസ്കൂൾ സ്ഥാപിച്ചതോടുകൂടിയായിരുന്നു. പഞ്ചായത്തിലെ മറ്റൊരു ഹൈസ്കൂൾ എൻ.എസ്.എസ് ഗേൾസ് ഹൈസ്കൂൾ ആണ്. മുമ്പ് ടീച്ചേഴ്സ് ട്രൈനിംഗ് സെൻററായിരുന്ന ഈ സ്ഥാപനം 1977 ലാണ് ഹൈസ്കൂളായി മാറിയത്.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർധിച്ചതോടെ കുമാരപുരത്തെ ചെറുതും വലുതുമായ 9 വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട വിദ്യാലയങ്ങൾസ്ഥാപിച്ച വർഷം പട്ടിക 1 കാണുക.

ഗ്രാമസഭകളിലെ ചർച്ചകളുടേയും, സന്നദ്ധപ്രവർത്തകർ ശേഖരിച്ച ദ്വിതീയസ്ഥിതി വിവരക്കണക്കുകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം, വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാര നിർദേശങ്ങൾ എന്നിവയുമാണ് ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

T 3

നമ്പർ	സ്കൂൾ	ആകെ കുട്ടികൾ	SC/ST
1	എരിക്കാവ് U. P. S.	420	15
2	പൊത്തപ്പള്ളി L. P. S	415	24
3	K. K. K. V. M. L. P. S	142	11
4	K. K. K. V. M. H. S	611	44
5	M. M. V. M. U. P. S	145	14
6	E. A. L. P. S	303	9
7	ZION L. P. S	132	5
8	N. S. S. G. H. S	382	44
9	S. N. V. L. P. S	121	2

T 4

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
-	2	2	5	5	10
ആകെ 12					

T.5. ഭൗതിക സൗകര്യങ്ങൾ

നമ്പർ	സ്കൂൾ	സ്റ്റാഫ്റൂം	കുടിവെള്ള സംവിധാനം	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി
1	എരിക്കാവ് U. P. S.	ഇല്ല	പൊതുടാപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2	പൊത്തപ്പള്ളി L. P. S	ഇല്ല	പൊതുടാപ്പ്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
3	K. K. K. V. M. L. P. S	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
4	K. K. K. V. M. H. S	ഉണ്ട്	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5	M. M. V. M. U. P. S	ഉണ്ട്	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല്	ഉണ്ട്
6	E. A. L. P. S	ഇല്ല	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
7	ZION L. P. S	ഇല്ല	പൈപ്പ്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
8	N. S. S. G. H. S	ഉണ്ട്	പൈപ്പ്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
9	S. N. V. L. P. S	ഇല്ല	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല

കുമാരപുരം പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസരംഗത്ത് 5 ലോവർ പ്രൈമറി സ്കൂളുകളും 2 അപ്പർ പ്രൈമറി സ്കൂളുകളും 2 ഹൈസ്കൂളുകളുമാണ് പ്രവർത്തിക്കുന്നത്. ഇവയിൽ എരിക്കാവ് സ്കൂൾ (എൽ.പി, യു.പി) സർക്കാർ നിയന്ത്രണത്തിലും പൊത്തപ്പള്ളി എൽ.പി.എസ് പഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിലുമാണ് പ്രവർത്തിക്കുന്നത്.

21560 ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ 9 സ്കൂളുകളിലായി 2771 വിദ്യാർഥികൾ പഠനം നടത്തുന്നു. 109 അദ്ധ്യാപകരാണിവിടെയുള്ളത്. നമ്മുടെ പഞ്ചായത്തിലുള്ള സ്കൂളുകളും കുട്ടികളുടെ എണ്ണവും അധ്യാപകരുടെ എണ്ണവും പട്ടിക 2 ൽ കാണാം.

(പട്ടിക രണ്ട്)

ഈ സ്കൂളുകളിലുള്ള പട്ടികജാതി-പട്ടികവർഗ്ഗം വിദ്യാർഥികളുടെ വിവരം പട്ടിക 3-ൽ ചേർത്തിരിക്കുന്നു.

(പട്ടിക മൂന്ന്)

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ഇടയ്ക്കുവെച്ച് പഠനം നിർത്തേണ്ടിവന്ന ചെറിയൊരു ശതമാനം കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയിൽ 1995-96 അദ്ധ്യയന വർഷം നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയവരുടെ വിവരം പട്ടിക 4-ൽ ചേർക്കുന്നു.

(പട്ടിക നാല്)

പഞ്ചായത്തിലുള്ള രണ്ട് ഹൈസ്കൂളുകളും പഞ്ചായത്തിന്റെ രണ്ടതിർത്തികളിലാണ് സ്ഥിതിചെയ്യുന്നത്. എൻ.എസ്.എസ് ജി.എച്ച്.എസ് ഒന്നാം വാർഡിലും കെ.കെ.കെ.വി.എം.എച്ച്.എസ് ആറാം വർഡിലും. ഇക്കാരണത്താൽ പഞ്ചായത്തിലുള്ള വിദ്യാർത്ഥികൾ ഇതര പഞ്ചായത്തുകളിലുള്ള ഗവ. ബോയ്സ് ആൻറ് ഗേൾസ് ഹൈസ്കൂൾ (ഹരിപ്പാട്), എൻ. എസ്.എസ്.എച്ച്.എസ് (കരുവാറ്റ), എസ്.എൻ.ഡി.പി. എച്ച്.എസ്, സെൻറ് തോമസ് എച്ച്.എസ് (കാർത്തികപ്പള്ളി), ബി.ബി.എച്ച്.എസ് നങ്ങ്യാർകുളങ്ങര (ചേപ്പാട്) സ്കൂളുകളിലേക്ക് പോകേണ്ടിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഉപരിപഠന സാധ്യതയുള്ള മറ്റ് സ്ഥാപനങ്ങളുടേയും അഭാവത്തിൽ വിദ്യാർഥികൾ ഉപരിപഠനത്തിനായി ബഹുദൂരം യാത്രചെയ്യേണ്ടിവരുന്നു.

വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ച് ഗ്രാമസഭകളിൽ സജീവചർച്ചയുണ്ടായി. സാമ്പത്തികകാരണത്താൽ മിക്ക സ്കൂളുകൾക്കും ഭൗതിക സാഹര്യങ്ങളുടെ അഭാവം നിലനിൽക്കുന്നു. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 5-ൽ ചേർത്തിരിക്കുന്നു.

(പട്ടിക അഞ്ച്)

ഓരോ വിദ്യാലയത്തിലേയും രക്ഷിതാക്കളും പ്രദേശത്തെ സന്നദ്ധസേനയും താൽപര്യമെടുത്താൽ ഈ പ്രശ്നം ഒരളവോളം പരിഹരിക്കാവുന്നതാണ്. അതുപോലെതന്നെ സ്കൂളുകളിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഇന്ന് നിർജ്ജീവമാണ്. അത് പുനരുജ്ജീവിപ്പിക്കാൻ മാനേജ്മെൻറും ഡിപ്പാർട്ടുമെൻറും ശ്രദ്ധകാട്ടണം. പി.ടി.എ കൾ ഈ പ്രശ്നം വളരെ ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ടതാണ്.

ഭൗതിക സാഹചര്യങ്ങൾ പോലെതന്നെ അക്കാഡമിക് തലത്തിലും പ്രശ്നങ്ങൾ ഏറെയാണ്. അക്കഡമിക്തലം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി കുട്ടികളുടെ നിലവാരത്തകർച്ചക്കാണ് പരിഹാരം കാണേണ്ടത്. അത് പ്രൈമറിതലം മുതൽ പ്രാവർത്തികമാക്കണം. ഭൗതിക സാഹചര്യങ്ങളുടെ അഭാവം, പഠനോപകരണങ്ങളുടെ അപര്യാപ്തത, അധ്യാപനരീതിയിലുള്ള പോരായ്മ, പ്രദോശികമായി കുട്ടികളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ എന്നിങ്ങനെയുള്ള പല കാരണങ്ങളും പ്രൈമറിതലം മുതൽ ഉണ്ടാക്കിയെടുക്കേണ്ട നിലവാരമുയർത്തലിന് തടസം നിൽക്കുന്നു.

രണ്ടുതരത്തിലുള്ള കുട്ടികളാണ് ഇന്ന് പ്രൈമറി സ്കൂളുകളിലേക്ക് പ്രവേശനംലഭിച്ച് എത്തുന്നത്.

അവരിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിച്ചവരും അങ്ങനെയുള്ള വിദ്യാഭ്യാസം ലഭിക്കാത്തവരും ഉണ്ടാവും. ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട കുട്ടികൾ മുന്നേറുമ്പോൾ പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികൾ എഴുതുവാനോ വായിക്കുവാനോ അറിയാതെ ക്ലാസിലിരിക്കുന്നു. സ്വാഭാവികമായും ഇത്തരത്തിലുള്ള കുട്ടികൾ മറ്റുള്ളവരോടൊപ്പം എത്താനാവാതെ പിൻതള്ളപ്പെടുന്നു. എന്നാൽ ഇന്ന് നിലവിലുള്ള പ്രമോഷൻ സംബ്രദായത്തിലൂടെ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ക്ലാസ് കയറ്റം ലഭിക്കുന്നു. ഇത് വളരെ ഗൗരവപൂർവം ശ്രദ്ധിക്കുകയും അവരെ മുൻനിരയിലേക്ക് കൈപിടിച്ചുയർത്തിക്കൊണ്ടുവന്നെങ്കിൽ മാത്രമേ ഇന്നത്തെ ഈ അവസ്ഥ പരിഹരിക്കാനാവുകയുള്ളൂ. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടത് അദ്ധ്യാപകരാണ്. രക്ഷിതാക്കൾക്കും ഇതിൽ നല്ലൊരു പങ്കാണ് വഹിക്കുവാനുള്ളത്.

നിലവിലുള്ള പരീക്ഷാ സംബ്രദായം തന്നെ നാം ഉദ്ദേശിക്കാത്തഫലമാണ് ഉളവാക്കിക്കൊണ്ടിരിക്കുന്നത്. പരീക്ഷയെ നേരിടുവാൻ വേണ്ടി കുട്ടികളെ പ്രാപ്തമാക്കുന്ന തരത്തിലാണ് അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ഇടപെടൽ. കുട്ടികളിൽ നിരീക്ഷണ പരീക്ഷണപാടവം വളർത്തുവാനുതകുന്ന തരത്തിൽ അക്കാഡമിക് തലം ഉയരണമെങ്കിൽ നമ്മുടെ വിദ്യാലയങ്ങളിലെ അക്കാഡമിക് സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ലബോറട്ടറി ലൈബ്രറി സൗകര്യങ്ങൾ , ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, ഫർണീച്ചറുകൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ക്ലാസ് മുറികളുടെ ശരിയായ ക്രമീകരണം ഇവയെല്ലാം ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ഇവക്കെല്ലാം മുന്തിയപരിഗണന നൽകുകയും വിദ്യാർഥികൾക്ക് പ്രയോജനപ്പെടുത്തക്കതരത്തിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം. അതുവഴി പഠനം രസകരമാക്കാനും കുട്ടികളിലുള്ള അലസത ഒഴിവാക്കാനും കഴിയും. എന്നാൽ നമ്മുടെ വിദ്യാലയങ്ങളിലുള്ള അക്കാഡമിക് സൗകര്യങ്ങൾ അതിന് പര്യാപ്തമല്ല എന്നുള്ള വസ്തുത പട്ടിക 6 വെളിവാക്കുന്നു.

(പട്ടിക (6)

നമ്മുടെ പഞ്ചായത്തിലെ രണ്ടു സ്കൂളുകളിലെയും എസ്.എസ്.എൽ.സി വിജയശതമാനം കുറഞ്ഞവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ എസ്.എസ്.എൽ.സി വിജയശതമാനം പട്ടിക 7-ൽ ചേർക്കുന്നു.

(പട്ടിക 7)

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഹരിപ്പാട് പ്രവർത്തിച്ചുവരുന്ന ടെക്നിക്കൽ ഹൈസ്കൂൾ നമ്മുടെ പഞ്ചായത്തിൽ തുടങ്ങുന്നതിന് 1989-ൽ 5-ാം വാർഡിൽ സ്ഥലം അക്വയർ ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശമുണ്ടായി.

ശിശുവിദ്യാഭ്യാസത്തിനായി നമ്മുടെ പഞ്ചായത്തിൽ 17 കുടിപ്പള്ളിക്കൂടങ്ങളും 14 അങ്കണവാടികളും രണ്ട് നഴ്സറികളും പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റം കുടിപ്പള്ളിക്കൂടങ്ങളിലും അങ്കണവാടികളിലും കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡയത്തോടുള്ള അമിതതാൽപര്യവും അങ്കണവാടികൾ അതിന്റെ യഥാർത്ഥനിലവാരത്തിലേക്ക് ഉയരാത്തതുമാണിതിന് കാരണം

അങ്കണവാടികളുടെ നിലവാരമുയരണമെന്നു പറയുമ്പോൾ തന്നെ അവയുടെ ഇന്നത്തെ അവസ്ഥ ഒന്നുപരിശോധിക്കുന്നത് ഉത്തമമായിരിക്കും. അംഗനവാടികളിൽ കൂടുതലും പ്രവർത്തിക്കുന്നത് വാടകക്കെട്ടിങ്ങളിലും ഓലഷെഡിലുമാണ്. എന്നാൽ 4-ാം വാർഡിൽ അങ്കണവാടിക്ക് രണ്ട് സെൻറ് സ്ഥലം സംഭാവനമായി ലഭിച്ചിട്ടുണ്ട്. എന്നാൽ ആ സ്ഥാനത്ത് കെട്ടിടം നിർമിക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിടങ്ങളില്ലാത്ത അംങ്കണവാടികൾക്ക് പുറംപോക്ക് സ്ഥലം പഞ്ചായത്തിൽനിന്നും വിട്ടുകൊടുക്കുകയും അവിടെ കെട്ടിടങ്ങൾ നിർമിച്ച് ഇന്നുള്ള ശോച്യാവസ്ഥ

T 6

അക്കാദമിക് സൗകര്യങ്ങൾ

സ്കൂൾ	ലൈബ്രറി	ലബോറട്ടറി	ഫാനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സ്പോട്സ് ഉപകരണങ്ങൾ	സ്വന്തം ഗ്രൗണ്ട്	ഇതര ജില്ലകളിലെ വിദ്യാർത്ഥികൾ	പി.ടി.എ	അദ്ധ്യാപക രക്ഷാകർതൃ	കമ്പ്യൂട്ടർ
എരിക്കാവ് U. P. S.	പ്രവർത്തിക്കുന്നു	ഇല്ല	കുറവാണ്	പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	പ്രവർത്തിക്കുന്നു	സജീവമാണ്	ഇല്ല
പൊത്തപ്പള്ളി L. P. S	ഇല്ല	ഇല്ല	ഇല്ല	പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9	ഇല്ല	സജീവമാണ്	ഇല്ല
K. K. K. V. M. L. P. S	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	സജീവം	സജീവമാണ്	ഇല്ല
K. K. K. V. M. H. S	ഉണ്ട്	ഉണ്ട്	ഉണ്ട്	പ്രവർത്തിക്കുന്നില്ല	പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല	ഇല്ല	22	പ്രവർത്തിക്കുന്നു	സജീവമാണ്	ഇല്ല
M. M. V. M. U. P. S	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല		ഇല്ല	സജീവമാണ്	ഇല്ല
E. A. L. P. S	ഉണ്ട്	ഇല്ല	കുറവാണ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	പ്രവർത്തിക്കുന്നു	സജീവമാണ്	ഇല്ല
ZION L. P. S	ഉണ്ട്	ഉണ്ട്	കുറവാണ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	3	പ്രവർത്തിക്കുന്നു	സജീവമാണ്	ഇല്ല
N. S. S. G. H. S	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	ഇല്ല	സജീവമാണ്	ഇല്ല
S. N. V. L. P. S	ഇല്ല	പ്രവർത്തിക്കുന്നില്ല	ആവശ്യത്തിനില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	പ്രവർത്തിക്കുന്നു	സജീവമാണ്	ഇല്ല

T 7

സ്കൂൾ	വിജയ ശതമാനം				
	91 - 92	92 - 93	93 - 94	94 - 95	95 -96
K. K. K. V. M. H. S	47%	32%	33%	32%	39%
N. S. S. G. H. S	39.5%	37%	55.45%	33.63%	32.46%

പരിഹരിക്കുകയും വേണം. ഇവയുടെ ആരോഗ്യകരമായ പ്രവർത്തനങ്ങൾക്കാവശ്യമായ പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ, ഭൗതിക സാഹചര്യങ്ങളോ ഇന്നില്ല. വാർഡ് വിഭജനത്തെ തുടർന്ന് 10-വാർഡിൽ അംങ്കണവാടികളില്ല.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ നാല് ട്യൂട്ടേറിയൽ കോളേജുകളും നാല് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളുമാണ് പ്രവർത്തിക്കുന്നത്. കമ്പ്യൂട്ടറിന്റെ ആഗമനം ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്.

സാക്ഷരത

സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. സാക്ഷരരായവർക്ക് തുടർ വിദ്യാഭ്യാസ പരിപാടികൾ നടപ്പാക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. ഇക്കാരണത്താൽ സാക്ഷരർ നിരക്ഷരരാകുന്ന സ്ഥിതിയാണിന്നുള്ളത്. സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നൂതന പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ മേഖലയിൽ ഇന്നുള്ള ഒരു പ്രശ്നം അദ്ധ്യാപകപരിശീലനത്തിന്റെ ഗുണ നിലവാരക്കുറവാണ്.
2. ശാസ്ത്രീയ ബോധനരീതികൾ ഉപയോഗിക്കാൻ അദ്ധ്യാപകർ കാട്ടുന്ന വിമുഖത.
3. അശാസ്ത്രീയ മൂല്യനിർണയം
4. മോണിറ്ററിങ്ങിന്റെ അഭാവം
5. പാരാ അക്കാഡമിക് പ്രവർത്തനങ്ങളോടുള്ള അലംഭാവം.
6. വീടുകളിലെ പഠന സാഹചര്യത്തിന്റെ പരിമിതി.
7. സാമൂഹികമായ പിന്നോക്കാവസ്ഥ.
8. വിദ്യാഭ്യാസത്തെപ്പറ്റി പൊതുസമൂഹത്തിലും രക്ഷകർത്താക്കളിലും നിലനിർക്കുന്ന തെറ്റായ ധാരണകൾ.
9. വിദ്യാഭ്യാസത്തിന് ജീവിതവുമായി ബന്ധമില്ലായ്മ.

അക്കാഡമിക് പ്രവർത്തനങ്ങൾ, പാരാ അക്കാഡമിക് പ്രവർത്തനങ്ങൾ ജനകീയതലം ഇവയുടെ പാരസ്പര്യത്തിലൂടെ മാത്രമേ പഠനനിലവാരമുയർത്താൻ കഴിയുകയുള്ളൂ.

പ്രീ-പ്രൈമറി

നെയ്ബർഹുഡ് വിദ്യാഭ്യാസത്തിന്റെആശാകേന്ദ്രമായ അങ്കണവാടികൾ ഓരോ വാർഡിലും ഉണ്ടാവണം. ഇവിടെയുള്ള അദ്ധ്യാപകർക്ക് ഗുണനിലവാരമുണ്ടാകണം. പഞ്ചായത്തുതലത്തിൽ ഏകോപനവും മോണിറ്ററിംഗും ഉണ്ടാകണം.

സ്കൂൾതലം

ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളുടെ ഗുണനിലവാരമുയർത്താനുള്ള പരിപാടികൾ ആവിഷ്കരിക്കണം. ഒപ്പം എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർഥികൾക്ക് പ്രത്യേക പരിശീലനം നൽകാനുള്ള പരിപാടികളും ഉണ്ടാവണം. പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ ഒരു വിദ്യാഭ്യാസ കലണ്ടർ ഉണ്ടാക്കണം.

അക്കാഡമിക് പ്രവർത്തനം

1. ഓരോ സ്കൂളിലും അക്ഷരമുറപ്പിക്കാൻ അക്ഷരവേദികൾ.
2. പരിഹാരബോധനം
3. സ്കൂൾ കോംപ്ലക്സ്
4. സമഗ്രമായ മൂല്യനിർണ്ണയം- സ്കൂൾ അധ്യാപകർ, സന്നദ്ധസംഘടനകൾ, റിട്ട. അധ്യാപകർ, ഡയറ്റ്, അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണം തേടാവുന്നതാണ്.

പാരാ അക്കാഡമിക് പ്രവർത്തനം

1. സ്കൂൾ/ക്ലാസ് റൂം ഭംഗിയാക്കൽ

2. അസംബ്ലി -യൂണിഫോം
3. ദിനാചരണങ്ങൾ
4. ചുവർമാസിക/കയ്യെഴുത്ത് മാസിക
5. കൃഷി/പരിസ്ഥിതി/ആരോഗ്യ ക്ലാസുകൾ
6. സ്കൂൾ വായനശാല ആൻറ് പുസ്തകശാല
7. സാഹിത്യസമാജം
8. സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്
9. പ്രാദേശികവും വിദൂരവുമായ പഠനയാത്ര
10. സ്കൂൾ ബാലകലോൽസവവും യുവജനോൽസവവും തുടർന്ന് പഞ്ചായത്ത് തലം
11. സ്കൂൾ വാർഷികം

ജനകീയതലം

1. പി.ടി.എ
2. മാതൃസംഘം
3. അയൽക്കൂട്ടം
4. സ്കൂൾ വിദ്യാഭ്യാസ സമിതി വാർഡ്തലവും പഞ്ചായത്ത് തലവും
5. പഞ്ചായത്ത് അക്കാഡമിക് സമിതി -ബ്ലോക്ക് ജില്ലാ തലത്തിലും


നിർദേശങ്ങൾ

1. പഞ്ചായത്തിലെ അദ്ധ്യാപകർ വിദ്യാഭ്യാസ വിദഗ്ധർ, സാമൂഹിക രാഷ്ട്രീയ പ്രവർത്തകർ എന്നിവരുടെ ഒരു ഏകദിന ശിൽപശാല ചേർന്ന് സമഗ്രമായ ചർച്ചയിലൂടെ വിദ്യാഭ്യാസ നവീകരണത്തിനൊര മാർഗരേഖ ഉണ്ടാക്കണം.
2. പ്രീ പ്രൈമറി-പ്രൈമറി ആദ്യം പരിഗണിക്കണം.
3. '97-98 വർഷം നവീകരണ വർഷമായി ആഘോഷിക്കണം.
4. എല്ലാ വിഭാഗം ആളുകളുടേയും കൂട്ടായ്മയും പ്രവർത്തനവും സഹായവും ഉറപ്പാക്കണം.
5. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ കർമ പരിപാടി രൂപം കൊള്ളണം.

ഗ്രാമസഭാ നിർദേശങ്ങൾ

1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂന്നൽ നൽകിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസരീതി നടപ്പാക്കുവാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക.
2. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലും വിദ്യാർഥികളുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കണം.
3. പാഠ്യേതര പ്രവർത്തനങ്ങളിലൂന്നൽ നൽകിക്കൊണ്ട് പഠനം രസകരവും ലളിതവുമാക്കി പഠനപ്രവർത്തനങ്ങളിലേക്ക് കുട്ടികളെ നയിക്കുവാൻ കഴിയുന്ന തരത്തിലുള്ള പദ്ധതി രൂപപ്പെടണം.
4. എൽ.പി. സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂളുകൾ തുടങ്ങണം.
5. 7-ാം വാർഡിൻെറ തെക്കുഭാഗം കേന്ദ്രീകരിച്ച് ഒരു എൽ.പി. സ്കൂൾ ആരംഭിക്കണം.
6. എരിക്കാവ് ഗവ. യു.പി.എസ് എച്ച്.എസ് ആയി അപ്ഗ്രേഡ് ചെയ്യണം.
7. നിലവിലുള്ള അങ്കണവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അങ്കണവാടി ഇല്ലാത്ത 10-ാം വാർഡിലും 3, 4, 7 വാർഡുകളിലും ഓരോ അങ്കണവാടികൾ കൂടി സ്ഥാപിക്കണം.
8. കയർ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സാമ്പത്തിക സഹായം ഏർപ്പെടുത്തണം.
9. ട്യൂഷൻ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും സ്കൂൾ പരീക്ഷാഫലം മെച്ചമാക്കാൻ പ്രയോജനപ്പെടുത്തുകയും വേണം.
10. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുക.
11. സ്കൂളുകൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.
12. സ്കൂളുകൾക്ക് കളി സ്ഥലം ലഭ്യമാക്കണം.
13. 4-ാം വാർഡ് കേന്ദ്രീകരിച്ച് നഴ്സറിസ്കൂൾ ആരംഭിക്കണം.

വിജ്ഞാന സമ്പാദനത്തിനുപരി വിദ്യാർഥികളുടെ വ്യക്തിപരമായ കഴിവുകളും അഭിരുചികളും വളർത്തിയെടുക്കുകയും സാമൂഹ്യവും സാമ്പത്തികവും ധാർമികവുമായ മൂല്യങ്ങളെപ്പറ്റി അവരെ ബോധവാന്മാരാക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കണം. എങ്കിൽ മാത്രമേ വിദ്യാഭ്യാസത്തിൻെറ മൗലികലക്ഷ്യം കൈവരിക്കാനാവൂ. പൂർണമായും ജനകീയ ഇടപെടലിലൂടെ ഈ ലക്ഷ്യം നേടിയെടുക്കാം.


വിദ്യാലയ സ്ഥാപനങ്ങൾ
01. [illegible] U.P.S.
02. [illegible] L.P.S.
03. K.K.K.V.M. L.P.S.
04. K.K.K.V.M. H.S.
05. M.M.V.M. U.P.S.
06. E.A. L.P.S.
07. [illegible] L.P.S.
08. N.S.S. GIRLS H.S.
09. S.N.V. L.P.S.
കിഴിവാന
തെക്കുന്ന
ഹരിപ്പാട്
തുമ്പനാട്ടുഴി
കായംകുളം
I
II
III
IV
V
VI
VII
VIII
IX
X

⊙ സ്കൂൾ

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ		ആകെ	അദ്ധ്യാപകർ		
			ആൺ	പെൺ		ആൺ	പെൺ	ആകെ
1	നരിക്കാവ് U.P.S	സർക്കാർ	216	204	420	2	11	13
2	പൊന്തക്കണ്ടി L.P.S	പഞ്ചായത്ത്	191	224	415	3	7	10
3	K.K.K.V.M.L.P.S	എയിഡഡ്	112	130	142	6	3	9
4	K.K.K.V.M.H.S	"	330	281	611	7	24	31
5	M.M.V.M.U.P.S	"	155	148	303	3	12	15
6	E.A.L.P.S	"	73	59	132	1	3	4
7	LION L.P.S	"	73	72	145	—	5	5
8	N.S.S. G.H.S	"	—	382	382	1	17	18
9	S.N.V.L.P.S	"	66	55	121	1	3	4

നമ്പർ	സ്കൂളിന്റെ പേര്, സ്ഥലം	ആരംഭിച്ച വർഷം.
1	എസ്. എൻ. വി. എൽ. പി. എസ് - താമല്ലാക്കൽ	1916
2	ഇ. എ. എൽ. പി. എസ്. നരിക്കാവ്	1918
3	പൊന്തക്കണ്ടി. എൽ. പി. എസ്. കുമാരപുരം	1921
4	ലിയോൺ എൽ. പി. എസ്. താമല്ലാക്കൽ	1929
5	ഗവ: യു. പി. എസ് - നരിക്കാവ്	1952
6	കെ. കെ. കെ. വി. എം. എൽ. പി. എസ് - പൊന്തക്കണ്ടി	1960
7	എം. എം. വി. എം. യു. പി. എസ് - താമല്ലാക്കൽ	1964
8	കെ. കെ. കെ. വി. എം. എച്ച്. എസ് - പൊന്തക്കണ്ടി	1967
9	എൻ. എസ്. എസ്. ജി. എച്ച്. എസ് - താമല്ലാക്കൽ	1977



വ്യവസായം

തീരദേശ സാമീപ്യമുള്ള കുമാരപുരം ഗ്രാമത്തിൽ ആധുനിക വ്യവസായങ്ങൾ ഒന്നുംതന്നെ കടന്നുവന്നിട്ടില്ല. ആകെയുള്ളത് പരമ്പരാഗത കയർ വ്യവസായം മാത്രം. വ്യക്തിഗത സംരംഭങ്ങളായി ഒതുങ്ങിക്കൂടുന്ന ഏതാനും ചെറുകിട വ്യവസായ സംരംഭങ്ങളും അങ്ങിങ്ങായി ഉണ്ട് (കൊപ്രാ ഉൽപാദനവും വിപണനവും, ചെറിയ മില്ലുകളിൽ വൈദ്യുതി ഉപയോഗിച്ചുള്ള വെളിച്ചെണ്ണ ഉൽപാദനം, സിമൻറു പയോഗിച്ചുള്ള കെട്ടിട നിർമാണ വസ്തുക്കൾ തുടങ്ങിയവയുടെ നിർമാണം പാറപൊട്ടിക്കൽ പാലുൽപന്ന കച്ചവടം (പലചരക്ക്, പച്ചക്കറി, സ്റ്റേഷനി), ധാന്യങ്ങൾ പൊടിക്കൽ എന്നിങ്ങനെ).

കൈത്തറികൾ ചലിപ്പിച്ച് കുടുംബങ്ങൾ ഈ ഗ്രാമത്തിൽ പോറ്റിയിരുന്ന വിദഗ്ധ തൊഴിലാളികൾ നാൽപതുകളിൽ ഈ ഗ്രാമത്തിൽ ഒരു വ്യാവസായിക അന്തരീക്ഷം

സൃഷ്ടിച്ചിരുന്നു. അടുത്ത കാലത്തായി ആ തറികൾ ഒന്നാകെ നിശ്ചലമായി. മരച്ചക്കുകളെ വലംവെച്ചു വളർത്തിയെടുത്ത എണ്ണയാട്ടു വ്യവസായം തകർന്നപ്പോൾ തളർന്നു പോയത് എണ്ണമാറ്റ കുടുംബങ്ങളാണ്. എള്ള് എന്ന വിലപ്പെട്ട നാണ്യവിള ഈ ഓണാക്കുര പ്രദേശത്തെ ഇരുപ്പൂനിലങ്ങളിൽനിന്നും എന്നെന്നേക്കുമായി അപ്രത്യക്ഷമാകത്തക്കവിധം ഒരു ബാധ്യതയുണ്ടായിരിക്കുന്നു. കാറ്റുവീഴ്ച കൊപ്രാ വ്യവസായത്തെയും തളർത്തിഴ തളർച്ച ബാധിച്ച കയർ വ്യവസായം മാത്രമാണ് ഇന്ന് ഈ അവികസിത ഗ്രാമത്തിൻെറ ആശ്രയകേന്ദ്രം.

തൊണ്ടഴുക്കൽ, അഴുകിയ തൊണ്ടുതല്ലിച്ചകിരിയാക്കൽ, ചകിരിതാറ്റി കയറുപിരിക്കൽ, പിരിച്ച കയറുണക്കി കേടാവാത്തവിധം കെട്ടുകളാക്കൽ എന്നീ ദുഷ്കരഘട്ടങ്ങൾ വിദഗ്ധമായി തൊഴിലാളികളുടെ വിരുതുള്ള കരങ്ങൾ പൂർത്തിയാക്കണം. നഗരങ്ങളിൽ ഈ വക സംസ്കരണ പ്രവർത്തനങ്ങൾക്ക് സൗകര്യമില്ല. വിദേശ കമ്പോളത്തിലെത്തി വിദേശനാണയം നേടാൻ പാകത്തിൽ വിഭവങ്ങൾ യന്ത്രസഹായത്താൽ പാകപ്പെടുത്തുന്ന താരതമ്യേന പാടു കുറഞ്ഞപണി നഗരങ്ങളിൽ ചെയ്യും. പണം കൊയ്യാൻ പാകത്തിൽ പൊൻ നാരിഴകൾ നീട്ടി, നാട്ടും പുറത്തുകാരെ വ്യവസായ പ്രമുഖരാക്കിയ, ഈ കൊച്ചു ഗ്രാമത്തിലെ, പട്ടിണിയിൽനിന്നും ഇന്നോളം മോചനം നേടാൻ കഴിയാതെപോയ തൊഴിലാളി വർഗത്തിൻെറ പരിവേദനങ്ങൾ. വ്യവസായ വികസന ചർച്ചകളിൽ ഒന്നാകെ പെരുമ്പറ മുഴക്കിയിരുന്നു. കയർ വ്യവസായ മേഖലയിൽ സമഗ്ര വികസനം എന്ന മുദ്രാവാക്യവുമായാണ് അവർ വിശേഷാൽ ഗ്രാമസഭകളെ അഭിമുഖീകരിച്ചത്. തൊഴിലില്ലായ്മയുടെ

രൂക്ഷതമൂലം വീർപ്പുമുട്ടുന്ന വിദ്യാസമ്പന്നരായ വനിതകളായിരുന്നു വികസന നിർദേശങ്ങളുമായി മുൻനിരയിൽ. കയറുൽപ്പന്നങ്ങൾ ആവുന്നത്ര കുമാരപുരത്തു കരുപ്പിടിപ്പിക്കണം.

നാളികേര സംസ്കരണത്തിന്റെ കാര്യവും വിഭിന്നമല്ല. കൊപ്രയാക്കലിനു ശേഷമുള്ള സംസ്കരണം ഗ്രാമത്തിനു പുറത്തേക്ക് വിട്ടുകൊടുത്തശേഷം വേർപ്പകറ്റാനും വിഴുപ്പലക്കാനും വേണ്ടിവരുന്ന വില കുറഞ്ഞ സോപ്പുപോലും വർധിച്ച വിലകൊടുത്തു വാങ്ങാൻ വിധിക്കപ്പെട്ട കർഷക കുടുംബാംഗങ്ങൾക്കും വെളിപാടുണ്ടായിരിക്കുന്നു. നാളികേര സംസ്കരണം ഉൽപാദന രംഗത്തുതന്നെ പൂർണ്ണതയിലെത്തിക്കണം. വെളിച്ചെണ്ണയുപയോഗപ്പെടുത്തി വിശിഷ്ടങ്ങളായ ഒട്ടേറെ ഉൽപ്പന്നങ്ങൾക്ക് ഇവിടെത്തന്നെ വേദിയൊരുക്കണം. ഏകസ്വരത്തിൽ വികസനം കൊതിക്കുന്ന ഏവരും നിർദേശിച്ചിട്ടുള്ളത് പ്രാദേശിക വിഭവങ്ങളെ പരാമാവധി പ്രയോജനപ്പെടുത്തുന്ന വികസനതന്ത്രമാണ്. കാലിത്തീറ്റക്ക് വില കുതിച്ചുകയറിയതുകാരണം കാലിവളർത്തൽ എന്ന ഗ്രാമീണ ഉപതൊഴിൽ പദ്ധതി വിട്ടകന്ന വീട്ടമ്മമാർ കാലിത്തീറ്റക്ക് കൊപ്രാപിണ്ണാക്ക് അടിസ്ഥാന അസംസ്കൃത വസ്തുവാക്കികൊണ്ടുള്ള കാലിത്തീറ്റ നിർമാണ യൂണിറ്റ് നിർദേശിച്ചിരിക്കുന്നു. കുമാരപുരത്തിന്റെ പ്രാദേശിക വിഭവങ്ങളൊന്നും കുറഞ്ഞ വിലയ്ക്ക് ഇനിമേൽ പുറത്തേക്ക് കടത്തികൊണ്ടുപോകാൻ കഴിയാത്ത വിധം ചെറുകിട, കുടിൽ വ്യവസായ യൂണിറ്റുകളുടെ ശൃംഖല കൊരുത്തുണ്ടാക്കാൻ കരവിരുതുള്ള തൊഴിലന്വേഷകർ കാത്തിരിക്കുന്നതായാണ് വിശേഷാൽ ഗ്രാമസഭകളിലെ വ്യവസായ വികസന ചർച്ചകൾ സൂചിപ്പിക്കുന്നത്. ആദ്യമായി നിർദേശങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം പൊതു നിർദേശങ്ങൾ പ്രാധാന്യം നൽകി രേഖപ്പെടുത്തുന്നു.

വാർഡ് -1
പ്രശ്നങ്ങൾ/വിവരങ്ങൾ:

1. കയർവ്യവസായ മേഖലയിലാണ് നല്ലൊരു പങ്ക് ജനങ്ങളും തൊഴിൽ കണ്ടെത്തിയിട്ടുള്ളത്. 442 കുടുംബങ്ങളുണ്ട്. ഏക ആശ്രയ കേന്ദ്രമായ കയർ സഹകരണസംഘം eves 655 തകച്ചയിലാണ്. ആവശ്യത്തിന് തൊണ്ടു ലഭിക്കാത്തതാണ് തകർച്ച ക്കു പ്രധാന ഹേതു. തൊഴിൽ ദായക വ്യവസായ സംരംഭങ്ങൾ മറ്റൊന്നും നിലവിലില്ല. കോഴി വളർ ത്തൽ ആദായകരമല്ല. സാമ്പത്തിക പ്രശ്നംമൂലം ഉപതൊഴിൽ ആരംഭിക്കാൻ കഴിയുന്നില്ല. പ്രാദേ ശിക വിഭവങ്ങൾ വ്യാവസായികാമയി വേണ്ടവിധം ഉപയോഗിക്കുന്നില്ല. ആവശ്യത്തിന് ദുർബല വിഭാഗ ത്തിനുപോലും തൊഴിൽ ലഭിക്കുന്നില്ല.

2. ക്ഷീര വ്യവസായ രംഗത്ത് കറേപ്പേർ സ്വയം തൊ ഴിൽ കണ്ടെത്തിയിട്ടുണ്ട്. വ്യവസായം സംരംഭങ്ങളൊ ന്നും സഹകരണരംഗത്തോ സ്വകാര്യ മേഖലയിലോ ഉയർന്നിട്ടില്ല. ആകെയുള്ളത് ഒരു ക്ഷീരോൽപാദക സഹകരണസംഘവും ഒരു വനിതാ വ്യവസായ യൂനി റ്റും മാത്രം. വിദ്യാസമ്പന്നരായ വനിതകൾ ഉൾപ്പെ ടെ ഒട്ടേറെ തൊഴിൽ രഹിതർ ഉള്ള വാർഡാണ്. സഹകരണ ബാങ്ക് തൊഴിൽ ദായകംഗത്ത് പ്രവേശിച്ചിട്ടില്ല.

3. കയർ വ്യവസായ മേഖലയല്ല. നിലവിൽ വ്യവ സായ സംരംഭങ്ങൾ ഒന്നും ഉടലെടുത്തിട്ടില്ല. പാർ പ്പിക നിർമാണ മൽസ്യക്കച്ചവടത്തിലും ഏർപ്പെട്ടു കഴിയുന്ന കുറേകുടുംബങ്ങളുണ്ട്. ചെറിയ വ്യവ സായ യൂനിറ്റുകൾക്ക് സാധ്യതയു് തയ്യൽ പരിശീല നം നേടിയ ഒട്ടേറെ അഭ്യസ്ത വിദ്യരായ വനിതകളു ണ്ട്. തൊഴിലന്വേഷിച്ച് ലക്ഷ്യം നേടാൻ കഴിയാത്ത കഴയുന്ന കുടിൽ വ്യവസായ കുതുകികളായ യുവാ ക്കളുമുണ്ട്. 2147 സഹകരണ ബാങ്കിന്റെ പ്രവർ ത്തന മേഖലയിലാണ് കെട്ടിടനിർമാണ വസ്തുക്കളു ടെ നിർമാണത്തിൽ ഏർപ്പെട്ടവർക്കായി വ്യവസായ യൂനിറ്റ് ആരംഭിക്കാനുള്ള സാധ്യതയുണ്ട്. സഹക രണ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള സാഹചര്യമു ണ്ട്. മൽസകൃഷി, പച്ചക്കറികൃഷി, കൂൺകൃഷി എന്നി വക്കുള്ള സാധ്യതകൾ ഏറെയുള്ള വാർഡാണ്. നില വിലുള്ള തൊഴിൽ ദാനപാദ്ധതികളെപ്പറ്റി ഇന്നോളം ജനങ്ങളിൽ വേണ്ടത്ര അറിവുലഭിച്ചിട്ടില്ല. ബോധവൽ ക്കരണ പരിപാടികളിലൂടെ ഇതു പരിഹരിക്കാൻ വാർ ഡിൽ പ്രവർത്തിക്കുന്ന വനിത സമാജത്തിനും അംഗൻവാടിക്കും കഴയുന്നതാണ്. ഉപഭോക്തൃ പ്രസ് ഥാനത്തെക്കുറിച്ച് പരിജ്ഞാനമുള്ളവരെ ഇതിനാ യി വിനിയോഗിക്കാനും സാധ്യതയുണ്ട്.

4. കയർ വ്യവസായ മേഖലയാണ് കയർ സഹക രണ സംഘങ്ങളിൽ ഉപജീവനാർഥം തൊഴിൽ കണ്ടെ ത്തുന്നവരാണ് ദുർബല വിഭാഗക്കാരായ ഏറിയവ രും. വനിതകളും, കയർ സഹകരണസംഘങ്ങൾക്ക് വേണ്ടത്ര തൊഴിലവസരം നൽകാൻ കഴയുന്നില്ല. പച്ചത്തൊണ്ടിന്റെ ക്ഷമം സംഘങ്ങളെ ബാധിക്കു ന്നു. പച്ചത്തൊണ്ടിൽനിന്ന് ചകിരിയുൽപാദിപ്പി ക്കുന്ന സാങ്കേതിവിദ്യ നടപ്പാക്കി ഉൽപാദനം മെച്ച പ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തൊണ്ടഴുക്കൽ സൗക ര്യം കുറവാണ്. മെച്ചപെട്ട കയറുൽപന്നങ്ങൾക്കാ യി കയർവ്യവസായം വികസിച്ചെങ്കിലേ കൂടുതൽ തൊഴിൽ അവസരം ഉണ്ടാകൂ. യന്ത്രവത്കൃത കയറുൽപാദനം ആരംഭിച്ചിട്ടില്ല. മറ്റു വ്യവസായ സംരം ഭങ്ങൾ ഒന്നും സാധ്യതകളുണ്ടായിട്ടും ആരംഭിച്ചിട്ടില്ല.

5. കയർ തൊഴിലാളികൾ ഉണ്ടെങ്കിലും കയർവ്യവ സായ മേഖലയല്ല. മറ്റു വ്യവസായ സംരംഭങ്ങൾ പൊ തുവായി ആരംഭിച്ചിട്ടില്ല. പട്ടികവർഗ സഹകരണസം ഘത്തിൽ പ്രത്യേക തൊഴിൽദായക പരിപാടി ആവി ഷ്കരിച്ചിട്ടുണ്ട്. ചൂരൽ വ്യവസായം ഇതിന്റെ ഭാഗ മായിട്ടാണ്. അഭ്യസ്ത വിദ്യരായ ഒട്ടേറെ വനിതകൾ ഉൾപ്പെടെ തൊഴിൽ രഹിതരായ യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാധ്യത ഏറെയു ണ്ടെങ്കിലും ആരംഭിക്കാൻ സാമ്പത്തിക സാഹചര്യം അനുവദിച്ചിട്ടില്ല. ചെറുകിട വ്യവസായ യൂനിറ്റു കൾ, സഹകരണസംഘങ്ങൾ എന്നിവക്ക് സാധ്യതകളുണ്ട്.

6. വാർഡിലെ പകുതിയിലേറെ കയർവിരി മേഖലയാ ണ്. കയർ വിരിതൊഴിലാളികളിൽ ഭൂരിഭാഗവും സഹകാരണ സ്ഥാപനങ്ങൾക്കുപുറത്ത് തൊഴിൽ ചെയ്യുന്നു. സംഘങ്ങൾ ശേഖരിക്കുന്ന നാളികേരത്തി ന്റെ തൊണ്ട് യഥാവസരം ലേലം നടക്കായ്കയാൽ ഉണങ്ങിപോവുക വഴി കയർ സംഘങ്ങൾക്കുവേണ്ടി വരുന്ന പച്ചത്തൊണ്ടിന്റെ പകുതിപോലും ലഭിക്കാ റില്ല. കയർസംഘങ്ങൾ തകർച്ചയിലാണ്. മറ്റു തൊ ഴിൽ അവസരങ്ങൾ നൽകുന്ന വ്യവസായ സംരംഭ ങ്ങൾ ഇല്ല. അഭ്യസ്ത വിദ്യരുടെയും കാർഷിക കയർ മേഖലകളിൽനിന്നു പുറന്തള്ളപ്പെടുന്നവരുടെ യും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. സാമ്പത്തിക പരാധീനതയണ് ഇതിനു കാരണം.

7. വാർഡിലെ ദുർബല വിഭാഗ വനിതകൾ ഒട്ടേറെ പേരും കയർ വ്യവസായമേഖലയില പണിയെടുത്ത് ഉപജീവനം കഴിക്കുന്നു. കല്ലുടക്കലിലും കച്ചവടത്തി ലും ഏർപ്പെട്ട് കഴിയുന്ന കുറച്ചുകുടുംബങ്ങളുണ്ട്. പൊതുവേ തൊഴിൽ സംരംഭങ്ങളുടെ അഭാവ ത്തിൽ സാമ്പതിക ദുരിതം അനുഭവിക്കുന്നവർ ധാരാ ളം പേരുള്ള വാർഡാണ്. അഭ്യസ്ത വിദ്യരായ വനിത കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാധ്യതക ളുണ്ടെങ്കിലും ഒന്നുംതന്നെ ആരംഭിക്കാൻ സാമ്പ ത്തിക പരാധീനതമൂലം സാധിച്ചിട്ടില്ല. 1449 സഹക

രണ ബാങ്കിന്റെ പ്രവർത്ത

8. വ്യവസായ രംഗത്ത്, ഒരു പ്രവർത്തനം മന്ദീഭവിച്ച കയർ സഹകരണസംഘം മാത്രം അംഗങ്ങൾക്ക് ന്യാനമായ സേവനവേതന വ്യവസ്ഥകളില്ലാത്ത സംഘമായതനാലാണെത്രെ സംഘാംഗങ്ങൾ സംഘത്തിനുവേണ്ടി കയറുപിരിക്കാൻ താൽപര്യപ്പെടുന്നില്ല. യന്ത്രവൽകരണത്തന് തൊഴിലാളികൾ അനുകൂലമാണ്. എങ്കിലും യന്ത്രത്തറികൾ നടപ്പിലാക്കിയിട്ടില്ല. വാർഡിലെ തൊഴി രഹിതരായ യുവജനങ്ങൾക്കും ദുർബല വിഭാഗത്തിലെ മറ്റു തൊഴി രഹിതർക്കും സ്വയം തൊഴി സംരംഭങ്ങൾ ഒന്നുംതന്നെയില്ല. കയർ മേഖയലയിലൊഴികെ മറ്റ് വനിതാ വ്യവസായ സ്ഥാപനങ്ങൾ ഇല്ല.

9. കയർ വ്യവസായമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കണ്ടെത്തുന്നവരാണ് ഒട്ടുമുക്കാലും. രണ്ടുകയർ സഹകരണസംഘങ്ങളാണുള്ളത്. ഇവയുടെ പ്രവർത്തനം തൊണ്ടിന്റെ ക്ഷാമം മൂലം ക്ഷയിച്ചിരിക്കുന്നു. പ്രാദേശികമായി തൊണ് ലഭിക്കാത്ത സാഹചര്യത്തിൽ പുറത്തുനിന്ന് ചികരി വരുത്തി സംഘങ്ങൾ പ്രവർത്തനം നിറനിർത്തുന്നു. ഈ ചകിരിയുടെ ലഭ്യതക്ക് ഉറപ്പില്ല. ന്യായമായകൂലി തൊഴിലാളികൾക്ക് കലഭിക്കുന്നില്ല. തൊഴിലാളികൾക്ക് കിട്ടുന്ന 600 തൊണ്ടുപയോഗിച്ച് സംഘത്തിനുനെ ഏൽപ്പിക്കണം. എന്നാൽ സാധാരണ 45 കിലോ ഗ്രമിൽ താഴെമാത്രമേ കയർ ലഭിക്കാറുള്ളൂ. വിടവു നിത്താൽ വർധിച്ച വിലക്ക് പുറത്തുനിന്ന് ചകിരിവാങ്ങി കയനുൽപാദിപ്പിച്ചുകൊടുക്കുന്നതുവഴി നഷ്ടം സഹിക്കേണ്ടിവരുന്നു. കയർ വ്യവസായവുമായി ബന്ധപ്പെടാത്തവരെ കയർ സംഘങ്ങളിൽ അംഗങ്ങളാക്കിവരുന്നു. യഥാർഥകയർ തൊഴിലാളികൾ പുറത്തുനിൽക്കുന്ന സാഹചര്യമുണ്ടാകുന്നു.

മറ്റ് വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. തൊഴിൽ അന്വേഷകരായ വനിതകൾക്കും അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്കും സ്വയം തൊഴിൽ സംരഭങ്ങൾക്ക് സാമ്പത്തിക പരാധീനമൂലം സാധ്യതയില്ല. കയർ സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങളിൽ അഴിമതി കടന്നുകൂടുന്നു. കയറുൽപാദനത്തിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനെ തൊലിവസരം നഷ്മാക്കുമോ എന്ന സംശയത്താൽ എതിർക്കുന്ന തൊഴിലാളികളുണ്ട്.

10. കയർ വ്യവസായ മേഖലയാണ്. 95 % പേർ തൊഴിലെടുക്കുന്നത് തന്നെ. ഒരു കയർ വ്യവസായ സഹകരണസംഘം മാത്രമാണുള്ളത്. ഈ സംഘം തൊഴിൽ മാന്ദ്യം നേരിടുന്നു. സംഘത്തിന് പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായത്ര പച്ചത്തൊണ്ട്. ലഭിക്കുന്നില്ല. സ്വകാര്യ നാളികേര വ്യവസായികൾ തൊണ്ട് ദുരുപയോഗം ചെയ്യുന്നു.

പച്ചത്തൊണ്ടിൽനിന്നും ചികിരി ഉൽപാദിപ്പിക്കുന്ന സാങ്കേതിക വിദ്യ പ്രചരിപ്പിച്ചു പ്രയോഗികമാക്കിയിട്ടില്ല.

ക്ഷീരോൽപാദകർക്ക് വിപണന സൗകര്യം വേണ്ടവിധം ലഭ്യമല്ല. തൊഴിൽ രഹിതർക്ക് ആവശ്യമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക പരാധീനത വിലങ്ങായി നിൽക്കുന്നു. സാമ്പത്തിക പരാധീനത തൊഴിൽ സംരംഭകരെയെല്ലാം വിമുകരാക്കുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ചെറുകിട വ്യവസായ യൂനിറ്റുകളോ കുടിൽ വ്യവസായങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. നാളികോര സംസ്കരണം നടക്കുന്നില്ല. ഒരു വനിതാ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങണമെന്ന് താൽപര്യപ്പെടുന്ന തൊഴിലന്വേഷകരായ വനിതകൾ ഉണ്ട്. കോഴിവളർത്തൽ, മൽസ്യകൃഷി എന്നിങ്ങനെ തൊഴിൽ സൗകര്യങ്ങൾക്കായി കാത്തിരിക്കുന്നവർ സാമ്പത്തിക സഹായം ലഭിച്ചാൽ ആരംഭിക്കാൻ ഒരുക്കമാണ്.

നാളികേര സംസ്കരണം സമ്പൂർണമാക്കാനുള്ള സാധ്യതകളുണ്ട്.

പരിഹാര നിർദേശങ്ങൾ:

സഹകരണ സ്ഥാപനങ്ങൾ സംഭരിക്കുന്ന നാളികേരത്തിന്റെ തൊണ്ട് ഉണങ്ങാൻ ഇടയാകാതെ മുഴുവൻ കയർ സംഘങ്ങൾക്ക് വിതരണം ചെയ്യണം. പച്ചത്തൊണ്ടിൽനിന്ന് ചകരിയുൽപാദിപ്പിക്കുന്ന സാങ്കേതിക വിദ്യ പ്രചരിപ്പിക്കുകയും സാമ്പത്തിക സഹായം ഏർപ്പെടുത്തുകയും വേണം. കോഴിവളർത്തലിന് സാമ്പത്തിക സഹായം നൽകണം. ഇലക്ട്രോണിക് വ്യവസായം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം. തീപ്പെട്ടി, മെഴുകുതിരി, റഡിമേയ്ഡ് വസ്ത്ര നിർമാണം, സോപ്പു നിർമാണം എന്നിവ വനിതാ യൂനിറ്റുകളായിനടത്താൻ സാമ്പത്തിക സഹായം നൽകണം. മിൽമയുടെ ഒരു യൂനിറ്റ് തുടങ്ങാൻ സഹായം നൽകം. മെച്ചപ്പെട്ട കയറുൽപന്നങ്ങൾക്കായി ഒരു ഫാക്ടറി സ്ഥാപിക്കണം.

വനിതകൾക്ക് പ്രത്യേകമായും പൊതുവായും ചെറുകിട/കുടിൽ വ്യവസായ യൂണിറ്റുകൾ ആവശ്യാനുസരണം ആരംഭിക്കുക. അതിനുവേണ്ട സാമ്പത്തിക സഹായം ഉറപ്പുവരുത്തുകയും ചെയ്യുക.

തയ്യൽ പരിശീലനം, ഗാർമെൻറ് മേക്കിംഗ്, എംബ്രോയിഡറി യൂനിറ്റുകൾ വനിതകൾക്കായി ആരംഭിക്കുന്നതിന് വനിതാസമാജം, അതിനായി രജി

സ്റ്റാർ ചെയ്യാവുന്ന സഹകരണസംഘം എന്നിവയെ ചുമതലപ്പെടുത്തുകയും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക. യൂനിറ്റിന് സ്ഥലം പഞ്ചായത്ത് അനുവദിക്കുക. സോപ്പ്, ചന്ദനത്തിരി, വിളക്കുതിരി, മെഴുകുതിരി, മൽസ്യകൃഷി, പച്ചകറികൃഷി തുടങ്ങിയവക്കായി യൂനിറ്റുകളും സഹകരണസംഘങ്ങളും ഏർപ്പെടുത്തുക. ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആഴ്ച ചന്തകൾ, പൊതുമാർക്കറ്റ്, പഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് എന്നിവയും എക്സിബിഷനുകളും സംഘടിപ്പിക്കുക. പാർപ്പിടകം, മൽസ്യബന്ധനവും വിപണനവും എന്നിവക്ക് പ്രത്യേകം യൂനിറ്റുകൾ ഏർപ്പെടുത്തി സാമ്പത്തിക സഹായം ഉറപ്പുവരുത്തുക. സാമ്പത്തിക സഹായത്തിനായി ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നവിയിലൂടെ ലഭ്യത ഉറപ്പുവരുത്താൻ പഞ്ചായത്ത് മുൻകൈ എടുക്കണം. കെട്ടിട നിർമാണ സാമഗ്രികളുടെ നിർമാണം, ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം എന്നിവക്ക് പരിശീലനം ഏർപ്പെടുത്തുകയും വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ഉറപ്പുവരുത്തുകയും ചെയ്യുക.

കയറുൽപന്നങ്ങൾക്കായി വ്യവസായം വികസിപ്പിക്കുന്നതിന് കയർ സംഘങ്ങളായ 316, 70 എന്നീ സ്ഥാപനങ്ങൾക്ക് കഴിയണം. സംഘങ്ങൾക്ക് ആവശ്യത്തിന് തൊണ്ട് ലഭ്യമാക്കണം. പാലുൽപാദകർക്കായി വിശഷ്ട ഉൽപ്പന്ന നിർമാണ യൂനിറ്റ് ആരംഭിക്കണം. സോപ്പ്, മെഴുകുതിരി, തയ്യൽ, എംബ്രോയിഡറി തുടങ്ങി കഴയുന്നത്ര വ്യവസായ യൂനിറ്റുകളുടെ ശൃംഖല സ്ഥാപിക്കാൻ സാമ്പത്തിക സഹായം ഉറപ്പാക്കണം. മൽസ്യം വളർത്തലിന് സാമ്പത്തിക സഹായം നൽകണം. തൊഴിൽ സംരംഭകർക്ക് പരിശീലനം സൗജന്യമായി ഏർപ്പെടുത്തണം. കയർ സംഘങ്ങളിലൂടെ പാർപ്പിട പ്രശ്നപരിഹാരം ഏർപ്പാടാക്കണം. വനിതാ സഹകരണസംഘം രൂപീകരിക്കണം.

തീപ്പെട്ടി, സോപ്പ്, മെഴുകുതിരി, റഡിമേയ്ഡ് വസ്ത്രങ്ങൾ, അച്ചറുകൾ, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ വയുടെ നിർമാണത്തിന് യൂനിറ്റുകൾ, വനിതാ സഹകരണസംഘം എന്നിവ സ്ഥാപിക്കണം. യൂനിറ്റുകൾക്ക് സാമ്പത്തിക സഹായം ഉറപ്പാക്കണം. പച്ചക്കറികൃഷി, മൽസ്യകൃഷി, കൂൺ കൃഷി, സോപ്പ് നിർമാണത്തിന് കുടിൽ വ്യവസായ യൂനിറ്റുകൾ എന്നിവ വ്യാപകമാക്കുക. കയർ മേഖലയിലെ തൊഴിലാളികൾക്കും കെട്ടിട നിർമാണത്തൊഴിലാളികൾക്കും മറ്റും സ്വയം തൊഴിൽ സംരംഭർക്കും വിദഗ്ധ പരിശീലനം ആവശ്യാനുസരണം സൗജന്യമായി ഏർപ്പെടുത്തണം. ദുർബല വിഭാഗക്കാർക്ക് ജാമ്യ വ്യവസ്ഥ ലഘൂകരിക്കണം.

തെണ്ട് ആവശ്യവസ്തുവായി പ്രഖ്യാപിച്ച്, ഉണങ്ങിയോ മറ്റുവിധത്തിലോ പാഴാകിപോകാതെ നിയന്ത്രിച്ച് കയർ സഹകരണസംഘങ്ങൾക്ക് ലഭ്യമാക്കുക. കയറുൽപന്നങ്ങൾക്കായി ഫാക്ടറി സൗകര്യം ഏർപ്പെടുത്തുക. വിവിധ വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യൂനിറ്റ് രൂപീകരിച്ചും വനിതാ വ്യവസായ സഹകരണസംഘം രപീകരിച്ചും സാമ്പത്തിക സൗകര്യവും വിപണനസൗകര്യവും ഏർപ്പെടുത്തുക. നലവിലുള്ള കയർസംഘങ്ങളിൽ കയറുൽപ്പന്നങ്ങൾ നിർമിക്കുക. ചകരിച്ചോറ് ഉപയോഗിച്ച് വളം ഉണ്ടാക്കുക, മറ്റു ഉപയോഗമുള്ള വസ്തുക്കൾ ഉണ്ടാക്കുക. ഇതിനായി വകസിപ്പിച്ചെടുത്ത സാങ്കേതിക വിജ്ഞാനം ഇവിടെ പ്രവർത്തികമാക്കു. തൊഴിലാളികൾക്ക് നഷ്ടം വരാനിടയുള്ള ഉൽപാദന വ്യവസ്ഥകൾ ഒഴിവാക്കുക, നിലവിലുള്ള എല്ലാ സർക്കാർ സാമ്പത്തിക സഹായവും എല്ലാ കയർ തൊഴിലാളികൾക്കും ഒരുപോലെ അനുവദിക്കുക. പച്ചക്കറികൃഷി, മൽസ്യകൃഷി, കൂൺകൃഷി എന്നിവ വ്യാപകമാക്കാൻ വേണ്ടുന്ന സാമ്പത്തിക സഹായം നൽകുക.

തൊഴിലാളികൾക്ക് ന്യായമായ കൂലി സേവന വ്യവസ്തകളും മെച്ചമാക്കുക. സംഘത്തിന്റെ ചുമതലയിൽ യന്ത്രത്തറികൾ ഉപയോഗിക്കുക. കയറുൽപ്പന്നങ്ങൾ നിർമിക്കാൻ യന്ത്രവൽകരണം നടത്തി. വ്യവസായം സമ്പുഷ്ടമാക്കുക. വ്യവസായ ചെറുകിട സംരംഭങ്ങൾ യൂണിറ്റടിസ്ഥാനത്തിൽ നടത്തുന്നതിന് സഹകരണസംഘമായി രജിസ്റ്റർ ചെയ്ത സ്ഥാപനത്തിലൂടെയും ആകാവുന്നത്ര സ്വയം തൊഴിൽ വ്യസായ സംരംഭങ്ങൾ വനിതകൾക്കായി ഏർപ്പെടുത്തുക. സാമ്പത്തിക ആവശ്യാനുസരണം ലഭ്യമാക്കുക. വിപണന സൗകര്യം ഏർപ്പെടുത്തുക.

തൊണ്ടുസംഭരണം കയർ സംഘങ്ങൾക്ക് ഉറപ്പാക്കാൻ പഴയ ലിവ സമ്പ്രദായം ഏർപ്പെടുത്തണം. സംഘങ്ങൾ സംഭരിക്കുന്ന നാളികേരം ഉണങ്ങുന്നതിനു മുമ്പായി ലേലം നടത്തി തൊണ്ടുമുഴുവൻ കയർ സംഘങ്ങൾക്ക് ലഭ്യമാക്കുന്ന നിയന്ത്രണം ഏർപ്പെടുത്തി തൊണ്ടുക്ഷാമം പരിഹരിക്കുക. പച്ചത്തൊണ്ടിൽനിന്നും ചകിരി നിർമിക്കുന്ന സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുള്ളത് ഇവിടെയും പ്രായോഗികമാക്കണം. സംഘങ്ങളുടെ ചുമതലയിൽ തന്നെ കയറുൽപന്നങ്ങൾ നിർമിക്കുന്നതിനും പ്രാദേശികമായി വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സംവിധാനം ഉണ്ടാക്കണം. തൊഴിലാളികളിൽനിന്നും ആവശ്യപ്പെടുന്ന ഉൽപാദന പരിധി താഴ്ത്തി 50 കി. ഗ്രാം കയർ എന്നത് 40 കി.ഗ്രാം ആക്കി

വ്യവസ്ഥചെയ്യണം.

കയർ വ്യവസായ മേഖലയിൽ ആടുവളർത്തൽ, ചന്ദരത്തിരി മെഴുകുതിരി സോപ്പ് തുടങ്ങിയ അവശ്യ വസ്തുക്കളുടെ നിർമാണം എന്നിങ്ങനെ ആകാവുന്നത്ര സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യക്കാർക്ക് പ്രത്യേകിച്ച് വനിതകൾക്ക് സാമ്പത്തിക സഹായവും വിദഗ്ധ പരിശീലനവും പ്രദേശിക വിപണന സൗകര്യവും ഉറപ്പുവരുത്തണം. കയറുൽപാദനത്തിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റെ മുന്നോടിയായി ബോധവത്കരണം ഏർപ്പാടാക്കണം.

5.5



കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകരമായ ജീവിതത്തിൽ ഏറ്റവുമധികം സ്വാധീനമുള്ള ഘടകങ്ങളാണ് ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പരിസരം. ശുദ്ധജല സ്രോതസുകളെന്ന നിലയിൽ പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ 2 റിസർവോയറുകളും 60 പൊതുകിണറുകളും 1800 സ്വകാര്യ കിണറുകളുമാണുള്ളത്. മുമ്പ് പൊതുകുളങ്ങളിൽ നിന്ന് ജനങ്ങൾ ശുദ്ധജലം സംഭരിച്ചിരുന്നു. എന്നിരുന്നാലും ശുദ്ധജലത്തിനായി പഞ്ചായത്തിലെ 80% ജനതയും KWA ടാപ്പുകളെയാണ് ആശ്രയിക്കുന്നത്. ഇപ്രകാരം പഞ്ചായത്തിലെ 10 വാർഡുകളിലായി 204 പൊതുടാപ്പുകൾ ഉണ്ട്. ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിൽ 80% പ്രദേശവും കുടിവെള്ള ക്ഷാമം ശക്തമായി അനുഭവപ്പെടുന്നതാണ്. ഈ പഞ്ചായത്ത് പൊതുവെ ജലാശയങ്ങളാൽ ചുറ്റപ്പെട്ടതാണെങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങൾ ഓരുജലഭീഷണിയുള്ളതാണ്. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 2 ശുദ്ധജല വിതരണ പദ്ധതിയ്ക്കും ആവശ്യമായ ജലം അവിടുന്ന് തന്നെ ശേഖരിക്കുന്നു. പൊതുവായി 60 കിണറുകൾ ഉണ്ടെങ്കിലും ഇവയെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല. വരൾച്ചക്കാലത്തുണ്ടാകുന്ന ശുദ്ധജലദൗർലഭ്യം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല.

പ്രശ്നങ്ങൾ :

1. പൊതുകിണറുകൾ പലയിടങ്ങളിലും ഉപയോഗശൂന്യമായി കിടക്കുന്നു.
2. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ശുദ്ധജലലഭ്യതയില്ല.
3. കുളങ്ങൾ നാട്ടിൻപുറത്തുനിന്ന് അപ്രത്യക്ഷമായി.
4. പൈപ്പുലൈനിൽ ഉണ്ടാകുന്ന ചോർച്ച.
5. പഞ്ചായത്തിൽ നിലവിലുള്ള രണ്ടു റിസർവോയറുകൾക്കും ഇവിടെ വിതരണത്തിനാവശ്യമായ ജലസംഭരണ ശേഷിയില്ല.
6. മൂരാണിച്ചിറ-കാട്ടിൽ മാർക്കറ്റ് റോഡിൽ നടുവിലൂടെ നെടുനീളം ഇട്ടിരിക്കുന്ന പൈപ്പ് ആസ്ബസ്റ്റോസ് പൈപ്പ് ആകയാൽ വാഹനമോടുമ്പോൾ പൊട്ടി വെള്ളമൊഴുകി റോഡ് നശിക്കുന്നു. ഇത്തരം പൈപ്പിലൂടെ ഒഴുകിവരുന്ന വെള്ളം ആരോഗ്യത്തിന് ഹാനികരമാണ്.

വാർഡ് - 1

മുണ്ടപ്പള്ളി ജംഗ്ഷൻ മുതൽ കാരാന്തറ വഴി ചിങ്ങന്തറ വരെയും കാരാന്തറ മുതൽ വടക്കോട്ട് ഗുരുമന്ദിരം ജംഗ്ഷനിലെ KWA ലൈനുമായി

00

ബന്ധിപ്പിച്ച് വെട്ടിച്ചേരി വരെ നീട്ടുക. നാലു കണ്ടത്തിൽ ജംഗ്ഷനിലെ ലൈൻ തെക്കുഭാഗത്തിൽ പടിഞ്ഞാറുവശമുള്ള ലൈനുമായി ബന്ധിപ്പിക്കുക. എൻ.എച്ചിൽനിന്ന് വിലങ്ങാൽ തെക്കുവശത്തുകൂടി കോഴിതാക്കൽവരെ പൈപ്പ് ലൈൻ നീട്ടുക. തറയിൽ ജംഗ്ഷൻ മുതൽ പൈപ്പ് ലൈൻ നീട്ടുക. തറയിൽ ജംഗ്ഷൻ മുതൽ മുഞ്ഞനാട്ടു ചിറയിൽ - രാമവിലാസം വഴി സ്കൂൾ ജംഗ്ഷൻ വരെയും സിയോൺ L.P.S. ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് കൊട്ടിക്കലേത്ത് ജംഗ്ഷൻവരെയും അവിടെനിന്ന് തെക്കോട്ട് റോഡുവരേയും തുടർന്ന് പടിഞ്ഞാറോട്ട് പെരുമ്പാങ്കുഴി തെക്കുവശത്തു വരെയും കലാലയം ജംഗ്ഷൻ മുതൽ വടക്കോട്ടും ആഞ്ഞിലിക്കംപറമ്പ് മുതൽ വടക്കോട്ട് ശ്യാമളാലയം മുതൽ തെക്കെപ്പറമ്പ് വഴി കന്നേപ്പറമ്പ് ഭാഗത്തേയ്ക്കും ശ്യാമളാലയം മുതൽ വടക്കോട്ട് ആലുമ്മൂട്ടിൽ വരെയും ദീർഘിപ്പിക്കുകയും ടാപ്പ് സ്ഥാപിക്കുകയും ചെയ്യുക.

വാർഡ് – 2

രണ്ടാം വാർഡിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും പൈപ്പുവെള്ളം എത്തപ്പെട്ടിട്ടില്ല. എക്കിത്താറ, കവറാട്ട്, പാണൂർ, മരാട്ട്, മുക്കനേത്ത് എന്നിവിടങ്ങളിലും പാണൂർ, പരിയാരം എന്നീ ലക്ഷം വീടുകളിലുംമായി ഏഴ് പൊതു കിണറുകൾ വാർഡിലുണ്ട്. ഇതിൽ കവറാട്ട് പാണൂർ എന്നിവിടങ്ങളിലെ കിണറുകൾ മാത്രമാണ് ഉപയോഗ്യയോഗ്യമായത്. നാലുവീട്ടുകാരുടെ വകയായി വല്ല്യപറമ്പിൽ ഒരു കുളം ഉണ്ട് ഇതിലെ വെള്ളം വളരെ നല്ലതായിരുന്നു. 4-2 എന്നീ വാർഡുകളിലെ വളരെയധികം ആളുകൾ ഈ കുളത്തിലെ വെള്ളം ഉപയോഗിക്കാറുണ്ടായിരുന്നു. ഇന്ന് ഇത് ഉപയോഗപ്രദമല്ല. വാർഡിന്റെ പലഭാഗങ്ങളിലും ഓരു കലർന്ന വെള്ളമാണ് ലഭിക്കുന്നത്. 52, 102 എന്നീ അംഗൻ വാടികളിലും ശുദ്ധജലം ലഭ്യമല്ല. വാർഡിലുള്ള പ്രധാന റോഡുകളിലൂടെയൊന്നും പൈപ്പുലൈൻ പോയിട്ടില്ല. തോട്ടുകടവിൽ ക്ഷേത്രത്തിന് വടക്കുവശമുള്ള വീട്ടുകാർ ശുദ്ധജലത്തിനു വേണ്ടി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. കവറാട്ട് ക്ഷേത്ര പരിസരത്ത് ഒരു കുഴൽകിണർ സ്ഥാപിച്ചിട്ടുണ്ട്. ഇത് പ്രവർത്തന ക്ഷമമാക്കിയാൽ ഈ പ്രദേശത്തിന് ആവശ്യമുള്ളത്ര വെള്ളം സംഭരിക്കാൻ കഴിയും.

പരിഹാര മാർഗ്ഗങ്ങൾ –

കവറാട്ട് സ്ഥാപിച്ചിട്ടുള്ള കുഴൽ കിണർ പ്രവർത്തന ക്ഷമമാക്കണം. പാണൂർ, കവറാട്ട് ഇവിടങ്ങളിലുള്ള പൊതുകിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കണം. 52, 102 എന്നീ അംഗൻ വാടികളിൽ പൈപ്പുവെള്ളമെത്തിക്കുന്നതിന് പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം. കൂടാതെ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലൂടെ പൈപ്പ് ലൈൻ വലിച്ച് ടാപ്പ് സ്ഥാപിക്കണം. (മുളക്കീത്താറ - കാരാന്താറ, കൊറ്റിനാട്ട്-പരിയാരം, മരാട്ട്-പഴമ്പള്ളിൽ, ഇടക്കണ്ണമ്പള്ളിൽ-ശ്രീരംഗം, ചേടുവള്ളിൽ-മരാട്ട്, കവറാട്ട്-ഇടക്കണ്ണമ്പള്ളിൽ, മണ്ണാമ്പറമ്പിൽ-വല്ല്യപറമ്പിൽ, നടക്കാവിൽ-കണ്ണാടിശ്ശേരിൽ എന്നീ റോഡുകളാണ് പൈപ്പുലൈനുകൾ സ്ഥാപിക്കാത്തവ) താഴെപ്പറയുന്ന സ്ഥലങ്ങളിൽ ടാപ്പ് സ്ഥാപിക്കണം:

1. തോട്ടുകടവിൽ വടക്കുവശം
2. മുണ്ടകത്തറ വടക്കുവശം
3. കൊറ്റിനാട്ടു കിഴക്കുവശം
4. ചേടുകുളം
5. തറയിൽ (പുല്ലം പ്ലാവ്)
6. മരാട്ടു പടിഞ്ഞാറുവശം
7. ആലയ്ക്കൽ തെക്കുവശം
8. പാലോന്നിൽ കിഴക്കുവശം
9. മണ്ണാമ്പറമ്പിൽ കിഴക്കുവശം
10. വാപ്പറമ്പിൽ വടക്കുവശം
11. കുളത്തിപ്പറമ്പിൽ പടിഞ്ഞാറുവശം
12. കൃഷ്ണവിലാസത്തു വടക്കുവശം
13. മരാട്ടു കിഴക്കുവശം
14. പേരാത്തു പടിഞ്ഞാറുവശം
15. ഇടക്കണ്ണമ്പള്ളിൽ തെക്കുവശം
16. കോടന്താറ ഭാഗം
17. വിളയിൽ ഭാഗം
18. പുത്തൻ കണ്ടത്തിൽ വടക്കുവശം

19. വിളയിൽ തെക്കുഭാഗം
20. പാണൂർ ലക്ഷം വീട്
21. പരിയാരം ലക്ഷം വീട്
22. അരിവന്നൂർ തെക്കുവശം
23. കുറ്റിയിൽ കിഴക്കുവശം.

വാർഡ് - 3

പഞ്ചായത്തിന്റെ വടക്ക് കിഴക്കൻ അതിർത്തി പ്രദേശമാണ് 3-ാം വാർഡിനേറത്. കിണർ മുഖേനയുള്ള കുടിവെള്ള സംവിധാനമാണ് ഇവിടെ നിലവിലുള്ളതിൽ മുൻപന്തിയിൽ. താരതമ്യേന ശുദ്ധജലക്ഷാമം ബാധിക്കാത്ത കുറച്ചുഭാഗവുമുണ്ട്. ഇപ്പോൾ വാർഡിന്റെ ചിലഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. ഇത് പരിഹരിയ്ക്കാൻ പടമുറ്റത്ത് ഗ്രൗണ്ടിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ നിന്നുയർന്നുവന്നു. വാർഡിന്റെ തെക്കുഭാഗത്തുണ്ടാകുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ഹരിപ്പാട്ടുനിന്നുള്ള KWA ലൈൻ ഠാണാപ്പടിവഴി ദീർഘിപ്പിക്കുകയും അനന്തപുരം ലൈൻ വടക്കോട്ട് നീട്ടി ഹൈവേ ക്രോസ് ചെയ്തിട്ടിരിക്കുന്ന ലൈനിൽ നിന്നും പൈപ്പുലൈൻ വഴി വാലുപറമ്പ് ലക്ഷം വീട് കോളനിയിലേയ്ക്ക് കരുവാറ്റയിലെ കൊച്ചാലപ്പുഴ കലുങ്കിന് ഓരം ചേർന്ന് പോകുന്ന KWA ലൈൻ ദീർഘിപ്പിക്കുക.

വാർഡ് - 4

പഞ്ചായത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമുൾപ്പെടുന്ന ഒരു വാർഡാണ് 4. കയർ, കർഷകത്തൊഴിലാളികളാണ് അധികവും. ഭാഗജികമായി വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. പാടശേഖരങ്ങൾ ഉള്ള ഈ വാർഡിൽ KWA യുടെ കുടിവെള്ള വിതരണമാണ് നിലവിലുള്ളത്. കിണർ വെള്ളം വാർഡിലെ 15% ജനങ്ങൾക്കുമാത്രമാണ് ലഭ്യമാകുന്നത്. തോട്ടുകടവിൽ ക്ഷേത്രത്തിന് തെക്കുവശം മുതൽ പീടികയിൽ കിഴക്കുവശം വരെ മൂടേപ്പറമ്പ് മുതൽ കണ്ണന്തേര വരെയും, മണ്ണാഞ്ചിറ മുതൽ കൊച്ചിലേത്ത് റോഡിൽ തുണ്ടുതറയിൽ കിഴക്കുവശം വരെയും 150 മീറ്റർ നീളവും, എക്കീത്തറ പടിഞ്ഞാറു വശത്തുനിന്നും തെക്കോട്ട് മൂട്ടുങ്കൽ കിഴക്കുവശം വരെ 150 മീറ്റർ നീളത്തിലും, ചാലുങ്കൽ പടിഞ്ഞാറു വശത്ത് നിന്നും തെക്കോട്ട് ചിറയിൽ കിഴക്കുവശം വരെ 100 മീറ്റർ നീളത്തിലും താമല്ലാക്കൽ ചെന്നു തോട്റോഡിൽ 2 ഉം, 4 ഉം വാർഡുകളുടെ സംഗമസ്ഥാനത്തുനിന്ന് 100 മീറ്റർ പൈപ്പ് തെക്കോട്ടും, തോട്ടുചിറയിൽ നിന്ന് കൊച്ചുകരിയിൽ വരെയും, തുണ്ടുതറ കിഴക്കുവശത്തുനിന്ന് പടിഞ്ഞാറോട്ട് 100 മീറ്റർ നീളത്തിലും, പടന്നയിൽ വടക്കുവശം മുതൽ വടക്കോട്ട് കോടന്തറ കിഴക്കുവരെ 150 മീറ്റർ നീളത്തിലും, മണ്ണാഞ്ചിറ കിഴക്കുവശത്തു നിന്ന് തെക്കോട്ട് 150 മീറ്റർ നീളത്തിലും തോട്ടുകടവിൽ വീട്ടിവടക്കുവശത്തുനിന്ന് പടിഞ്ഞാറോട്ട് 4 ടാപ്പുകൾ സ്ഥാപിച്ചും, കൂട്ടം കൈതയിൽ നിന്ന് തെക്കോട്ടുള്ള ലൈനിൽ പുത്തൻ വീട്ടിൽ കിഴക്കുവശം വരെയും പൈപ്പ് ലൈൻ സ്ഥാപിക്കണം.

വാർഡ് - 5

പഞ്ചായത്തിന്റെ സിരാകേന്ദ്രമാണ് ഈ വാർഡ്. പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഇവിടെയുണ്ട്. സാമ്പത്തികമായി മേന്മയുള്ള വാർഡാണ്. കാർഷിക, കാർഷികേതര മേഖലയാണിവിടം. കിണർ മുഖേനയുള്ള ശുദ്ധജല ലഭ്യതയാണ് കൂടെ ഭാഗത്ത് നിലവിലുള്ളത്. മറ്റു പ്രദേശങ്ങളെയപേക്ഷിച്ച് ഭൂനിരപ്പ് ഉയർന്നതാണ്. വേനൽകാലത്ത് കിണറുകൾ വറ്റാറുണ്ട്. ഈ സന്ദർഭത്തിൽ KWA പൈപ്പിനിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. പൊതുകിണറുകൾ വേണ്ടത്ര രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും വാർഡിന്റെ ചില ഭാഗങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

അനന്തപുരം, കൂട്ടംകൈത വാട്ടർ ടാങ്കുകൾ വൃത്തിക്കി സൂക്ഷിക്കുക. പുത്തൻ വീട്ടിൽ തെക്കുഭാഗത്തുനിന്നും ഏകദേശം 75 മീറ്റർ പൈപ്പ് പഴയകാട്ട് പടിഞ്ഞാറുവശത്തുവരെയും, മണിമല തെക്കുവശത്തുനിന്ന് കണ്ണന്തറ പടിഞ്ഞാറുവശം വരെ 50 മീറ്റർ നീളത്തിലും, അച്ചുതൻ വാതുക്കൽ പടിഞ്ഞാറുവ

ശം മുതൽ തെക്കോട്ട് തൈക്കണ്ടത്തിൽ വടക്കുവശം വരെ 75 മീറ്റർ നീളത്തിലും, ശ്രീരംഗത്ത് - ഇടക്കണ്ണമ്പള്ളി റോഡിൽ വാർഡിന്റെ വടക്കേയറ്റം വരെ 300 മീറ്റർ നീളത്തിലും. ഉത്താംപള്ളി മുതൽ തോട്ടാശ്ശേരിൽ വടക്കുവശം വരെ 2 ടാപ്പുകളും, കവറാട്ടുനിന്ന് വാളാക്കോട്ടു വടക്കുവശം വരെയും, ഇവിടെ നിന്ന് ചാങ്ങയിൽ വടക്കുവശത്തും, വാളാക്കോട്ടു വടക്കുവശത്തും ഓരോ ടാപ്പുവീതവും, കണ്ണന്തറ തെക്കുവശം മുതൽ അമ്പിയിൽ കിഴക്കുവശം വരെ 100 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുക. മല്ലേക്കര കോളനിയിലെ പൊതുകുളം വെട്ടി വൃത്തിയാക്കുകയും കയ്യേറിയ ഭാഗം ഒഴിപ്പിച്ചെടുത്ത് ഭിത്തികെട്ടി സംരക്ഷിക്കുകയും ചെയ്യുക.

വാർഡ് - 6

കർഷകത്തൊഴിലാളികളും, പടിഞ്ഞാറൻ മേഖലയിൽ കയർതൊഴിലാളികളും മറ്റ് ഇടത്തരം ജനതയും പാർക്കുന്ന വാർഡാണിത്. താരതമ്യേന ജനസാന്ദ്രതയേറി ഈ വാർഡിൽ കുടിവെള്ളത്തിന് ക്ഷാമം വളരെ അനുഭവപ്പെടുന്നു. വാർഡിലെ കുടിവെള്ള ലഭ്യത മുഖ്യമായും KWA യുടെ പൈപ്പിനെ ആശ്രയിച്ചാണ്. കിണർ സ്വന്തമായുള്ളവർ ഏകദേശം 20% ത്തോളം വരും. ഭാഗികമായ രീതിയിലെങ്കിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുവാൻ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു.

പരിഹാര നിർദേശങ്ങൾ

അഞ്ചാം വാർഡിൽ മാമൂട്ടിൽ വരെ വന്നു നിൽക്കുന്ന പൈപ്പുലൈൻ തെക്കോട്ട് രണ്ടു പന്തിയിൽ കിഴക്കുവശത്തുകൂടി തെക്കോട്ട് കാട്ടുപറമ്പിൽവരെയും, രണ്ടുപന്തിയിൽ കിഴക്കുവശത്തുനിന്ന് കിഴക്കോട്ട് തകിടിയിൽ കിഴക്കതിൽ വരെയും കൊച്ചുപോച്ചയിൽ കിഴക്കുവശത്തുനിന്ന് പടിഞ്ഞാറോട്ട് നെടുമ്പറമ്പിൽ കിഴക്കുവശത്തുവരെയും പിടികയിൽ ലക്ഷം വീട്ടിൽ നിന്ന് കിഴക്കോട്ട് വാലടിയിൽ കിഴക്കുവശം വരെയും തയ്യിൽ ലക്ഷം വീട്ടിൽ നിന്നും വടക്കോട്ട് കുന്നേൽ വടക്കുവശം വരെയും അച്ചുതൻ വാതുക്കൽ നിന്നും കമ്പട്ടിക്കൽ വരെയും - മുണ്ടോലി വടക്കുവശത്തുനിന്ന് കുമരശേരി കിഴക്കുവശത്തുവരെയും, മംഗലത്തുമഠത്തിൽ തെക്കുവശത്തുനിന്ന് പന്തിരാമ്പള്ളി വടക്കുവശത്തുവരെയും എതിരേൽപ്പാലുമുതൽപടിഞ്ഞാറോട്ട് മണിമല ജംഗ്ഷൻ വരെയും, പാതിരം കുളങ്ങര വടക്കുവശത്തുനിന്ന് പടിഞ്ഞാറോട്ട് ഉണിത്തറ ജംഗ്ഷൻ വരെയും പൈപ്പ് ലൈൻ നീട്ടി ശുദ്ധജലമെത്തിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഡ് - 7

പഞ്ചായത്തിന്റെ തെക്കുകിഴക്കൻ അതിർത്തി പ്രദേശമുൾക്കൊള്ളുന്നതാണ് ഈ വാർഡ്. കാർഷികമേഖലയിലും, കയർമേഖലയിലുമായി ജനങ്ങൾ ജീവിതം കഴിക്കുന്നു. താരതമ്യേന ഉയർന്ന ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്. വാർഡിലെ മൊത്തം ജനസംഖ്യയിൽ 55% പേരും പൈപ്പു മുഖേനയുള്ള ശുദ്ധജലമാണ് ഉപയോഗിക്കുന്നത്. കിണർ മുഖേനയുള്ള ശുദ്ധജല ലഭ്യത വളരെക്കുറവാണ്. പല പദ്ധതിപ്രകാരം ഈ വാർഡിൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. വരൾച്ചക്കാലത്ത് കുടിവെള്ളക്ഷാമം വളരെയധികം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാൻ വേണ്ടി ഗ്രാമസഭയിൽ സമഗ്രമായ ചർച്ചയാണ് നടന്നത്. അതിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ വാർഡിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ചും, കണ്ടെലിൽ തെക്കുഭാഗം, കണ്ണന്തറ, കല്ലമ്പറമ്പ്ജംഗ്ഷൻ, ഗുരുക്ഷേത്രത്തിന് വടക്കുവശവും കിഴക്കുവശവും കാരക്കാട്ട് വടക്കുഭാഗം, മണ്ണാന്തറ, ഉണിക്കാന്തറ, മാനാമ്പുറത്ത് പടിഞ്ഞാറ്, മുട്ടിയിൽ ഭാഗം, കണ്ണാടിശ്ശേരിഭാഗം, [illegible] തെക്കുഭാഗം കല്ലമ്പറ

ന്ത് ജംഗ്ഷൻ മുതൽ ഹെൽത്ത് സെൻറർ വരെയും, കുരിശുംമൂടിന് തെക്കുഭാഗവും, കൈമൂട്ടിൽ മുക്ക്, ആനന്ദവിലാസം, പാരൂർ റോഡിൽ പുതിയ ടാപ്പും സ്ഥാപിക്കണം. ഉപയോഗശൂന്യമായ ടാപ്പുകൾ മാറ്റി പുതിയ ടാപ്പുകൾ സ്ഥാപിക്കണം. സമയാസമയങ്ങളിൽ വാട്ടർ ടാങ്ക് ശുചിയാക്കി ഉപയോഗിക്കാൻ കർശന നടപടി സ്വീകരിക്കണം.

വാർഡ് - 8

പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശം ഉൾക്കൊള്ളുന്ന ഈ വാർഡ് മുക്കാൽഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടതാണ്. കയർ തൊഴിലാളി കുടുംബങ്ങളാണധികവും. ഇവിടുത്തെ ജനജീവിതം പൂർണ്ണമായും ഈ മേഖലയെ ആശ്രയിച്ചും. കുടിവെള്ള ലഭ്യത KWAയുടെ പൈപ്പുജലത്തെ ആശ്രയിച്ചു മാണ് നിലനിൽക്കുന്നത്. ഉപ്പുവെള്ള ഭീഷണിയുള്ള ഈ വാർഡിൽ കുളം, കിണർ മുഖേനയുള്ള കുടിവെള്ളശേഖരണം ഇല്ല. ഇന്നനുഭവിക്കുന്ന കുടിവെള്ള ദാരിദ്ര്യത്തിന് പരിഹാരമായി ഗ്രാമസഭയിൽ നിന്നുരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

മുണ്ടോലിക്കാട് വടക്കുവശവും മുണ്ടപ്പള്ളിചിറക്കു പടിഞ്ഞാറുവശമുള്ള കാട്ടിൽ ഭാഗത്തും പുത്തൻ ചിറയിൽ പാലത്തിന് പടിഞ്ഞാറുഭാഗത്തും, ദർഭയിൽ ജംഗ്ഷന് തെക്കുഭാഗത്തും, പുത്തൻ തോപ്പിൽ കിഴക്കുവശത്തും - കറുത്തേടത്തും, ആഞ്ഞിലിമൂട്ടിൽ തുണ്ടിൽകാട്ടിൽ പടിഞ്ഞാറുവശം വയലിത്തറ ഭാഗത്തും പുത്തൻ പുരയിൽ പടിഞ്ഞാറുവശത്തുനിന്ന് തെക്കോട്ടു, പടിഞ്ഞാറോട്ടും KWA യുടെ ലൈൻസ്ഥാപിച്ച് ടാപ്പുകൾ അനുവദിക്കുകയും ചെയ്യുക.

പഴയചിറ SNDP ജംഗ്ഷൻ മുതൽ തെക്കോട്ടുള്ള KWA ലൈൻ കല്ലുപാലത്തിന് പടിഞ്ഞാറുഭാഗത്തേയ്ക്ക് നീട്ടി മംഗലശ്ശേരിക്കാട്ടിൽ അംഗനവാടിയ്ക്ക് സമീപം വരെ ദീർഘിപ്പിച്ച് സ്ഥാപിയ്ക്കുക. മുണ്ടപ്പള്ളി സ്കൂളിന് പടിഞ്ഞാറുവശവും ടാപ്പു സ്ഥാപിക്കണം. പൈപ്പുജലം ലഭിക്കാത്ത സന്ദർഭങ്ങളിൽ ശുദ്ധജലം ലഭിക്കുവാൻ മാമൂട്ടിൽ, കല്ലേ മൂലേക്കാട് കുളങ്ങൾ പഞ്ചായത്ത് മുൻകയ്യെടുത്ത് പുനരുദ്ധരിക്കുക.

വാർഡ് - 9

പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വാർഡാണിത്. പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ടതും, ചതുപ്പ് പ്രദേശവുമായ ഈ വാർഡിൽ പരമ്പരാഗത കുടിവെള്ള സ്രോതസുകൾ ഒന്നുംതന്നെ ഇല്ല. ഉപ്പുവെള്ള ഭീഷണി ഏറ്റവും അധികം നേരിടുന്ന വാർഡുകളിലൊന്നാണ്. ഈ പ്രദേശത്ത് ഇന്നനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനെപ്പറ്റി ഗ്രാമസഭ ഗൗരവമായി ചർച്ച ചെയ്തു. ഈ ചർച്ചയിൽ നിന്നുരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡിൽ ബഹുജന സഹകരണത്തോടുകൂടി ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുകയും എല്ലാ വീട്ടിലും ഓരോ ടാപ്പ് സ്ഥാപിക്കുകയും ചെയ്യുക. ഇതിനാവശ്യമായ മാനവശേഷി, മറ്റ് വിഭവങ്ങൾ ഇവ ഈ വാർഡിൽ നിന്നുതന്നെ കണ്ടെത്താം. ഇതൊരു ബൃഹത്പദ്ധതിയാണ്. അതുവരെയുണ്ടാകാവുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ കുന്നമ്പറമ്പ്, കൃഷ്ണൻ തോപ്പ്, തെന്നടിപ്പറമ്പ്, പരുത്തിമൂട്ടിൽ എന്നിവിടങ്ങളിൽ ഓരോ ടാപ്പു വീതവും, കാട്ടിൽ ഭാഗത്ത് 2 ടാപ്പും KWA യുടെ സഹായത്താൽ സ്ഥാപിക്കുക.

വാർഡ് - 10

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ അതിർത്തി ഗ്രാമമാണ് ഈ വാർഡ്. ഓരുജല ഭീഷണി വളരെയധികം നേരിടുന്ന ഇവിടെ കുടിവെള്ള സ്രോതസ്സുകൾ പരമ്പരാഗതമായിട്ടൊന്നുമില്ല. ഇവിടെയുള്ളത് ഏറെയും കയർതൊഴിലാളി കുടുംബങ്ങളാണ്. ചുറ്റും വെള്ളമേറെയുണ്ടെങ്കിലും തൊണ്ടവരണ്ടാൽ കുടിക്കാനൊരുതുള്ളിയുമില്ല. ഈ കുടിനീർക്ഷാമം പരിഹരിക്കുവാൻ സമഗ്രമായ ചർച്ചയാണ് ഗ്രാമസഭയിലുണ്ടായത്.

മണികണ്ഠൻ ചിറയിലെ വിക്ടോറിയ ട്യൂഷൻ സെൻററിന് സമീപം ഒരു ടാപ്പും തെക്കോട്ടുള്ള ലൈനിൽ നിന്നും കിഴക്കോട്ട്, നീലൻെറ ചിറ, ശങ്കരൻ തോപ്പ് ചിറ, വാര്യൻകാട്ട് കിഴക്കുവശം, തെക്കുവശം വാഴത്തുണ്ടിൽ ഭാഗത്തും വാര്യൻ കാട്ടിൽ നിന്ന് തെക്കോട്ട് കപ്പാമൂട്ടിൽ ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് മൂർത്തിപ്പറമ്പ്, കരിത്തറ, മീനത്തേപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിലും പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

കപ്പാമൂട്ടിൽ നിന്നും തെക്കോട്ടുള്ള ലൈനിൽ മുരാണിച്ചിറയിൽ നിന്ന് കിഴക്കോട്ടും, മൂരാണിച്ചിറ കിഴക്കുഭാഗം ആറുകാട്ടിൽ, ആറുകാട്ടിൽ വടക്കതിൽ തുടങ്ങിയ ഭാഗങ്ങളിലും, 282-ാം നമ്പർ SNDP ശാഖായോഗത്തിന് തെക്കോട്ടുള്ള ലൈനിൽ നിന്ന് പടിഞ്ഞാറോട്ട് പുത്തൻകാട്, പനവേലിക്കാട്, കൊച്ചാറുകാട് എന്നി ഭാഗങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക. പഴയചിറ കിഴക്കുവശത്ത് വിളയിൽ പറമ്പിൽ ഭാഗത്ത് ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക.

മുണപ്പള്ളിച്ചിറ മുതൽ പടിഞ്ഞാറോട്ട് പ്രിയദർശിനി മഹിളാസമാജം വരെയും, കണ്ണലിപൊച്ച, അപ്പിലിക്കാട്, പുത്തൻചിറ പാലത്തിന് പടിഞ്ഞാറുവശം, പുത്തൻ ചിറ വടക്കുവശം, വേട്ടാട്ടുപറമ്പ്, ഞാറക്കാട്, പുത്തൻ കാട് എന്നിവിടങ്ങളിലും ചൈതന്യാ ആർട്സ് ക്ലബ് ജംഗ്ഷനിലും, ഞാറക്കാടു വരെയും ടാപ്പ് സ്ഥാപിക്കുക.

ദർഭയിൽ തെക്കുവശം സ്ഥാപിച്ചിരിക്കുന്ന ലൈൻ വടക്കോട്ട് നീട്ടി വൈയ്ക്കൻെറ തോപ്പു വഴി വടക്കോട്ട് കാരിച്ചാൽ തോപ്പിൽ ഭാഗത്തും വൈക്കൻെറ തോപ്പിൽ നിന്ന് പടിഞ്ഞാറോട്ട് പുത്തൻപറമ്പ്, പുല്ലാത്തുപറമ്പ് വടക്കതിൽ എന്നിവിടങ്ങളിലും, കൂട്ടംകൈത വായനശാലയ്ക്ക് തെക്കുവശം, ചെമ്പുതോടിനു പടിഞ്ഞാറുവശത്ത് പൂക്കാട്ടുപറമ്പ്, ഇടയാടിത്തോപ്പ് അവിടെനിന്ന് തെക്കോട്ട് പരുത്തിക്കാട്ടിൽ വടക്കുവശം വരെയും പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുക.



5.5 സ്ഥായിയായ രോഗബാധിതർ


രക്തസമ്മർദ്ദം	160
പ്രമേഹം	190
കാൻസർ	50
കുഷ്ഠം	5
ക്ഷയം	35
ഹൃദ്രോഗം	25
ആകെ	465

ദമ്പതിമാർ പ്രായാടിസ്ഥാനത്തിൽ
(സ്ത്രീയുടെ പ്രായക്രമം)

പ്രായം	എണ്ണം
15 - 19	450
20 - 24	950
25 - 29	1150
30 - 34	1500
35 -39	870
40 - 44	960
ആകെ	5880

കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (കുട്ടികളുടെ അടിസ്ഥാനത്തിൽ)	
1 കുട്ടി	120
2 കുട്ടികൾ	320
2 ൽ കൂടുതൽ കുട്ടികൾ	150
ആകെ	590

അംഗവൈകല്യമുള്ളവർ	
അന്ധർ	–
ബധിരർ	12
മൂകർ	3
ബധിര-മൂകർ	--
ചലന വൈകല്യങ്ങൾ	55
ആകെ	70



പൊതുജനാരോഗ്യം

കയർ കർഷകത്തൊഴിലാളികൾ ബഹുഭൂരിപക്ഷമുള്ള ഈ ഗ്രാമപഞ്ചായത്തിലെ പൊതുജനാരോഗ്യ പ്രവർത്തനം വേണ്ടത്ര ശുഷ്ക്കാന്തിയോടുകൂടിയല്ല നടക്കുന്നത്. 13.76 Sq. k.m. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 3 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മുണ്ടപ്പള്ളിയിലെ ആയുർവേദ ഡിസ്പെൻസറി, നാരകത്തറയിലെ ഹോമിയോ ഡിസ്പെൻസറി, ചിത്രഭവനത്ത് പ്രവർത്തിക്കുന്ന അലോപ്പതി ഡിസ്പെൻസറി എന്നിവയാണ് അവ. ഈ ആശുപത്രികളെ ആശ്രയിക്കുന്നത് കയർ, കർഷകതൊഴിലാളികളാണ്. മൊത്തം ജനസംഖ്യയിൽ ഏറിയപങ്കും ഈ തൊഴിലാളികളാണ്.

പഞ്ചായത്തിൽ 2 സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. നാരകത്തറ, ഡാണാപ്പടി എന്നിവിടങ്ങളിലാണത്. കൂടാതെ 7 ഹോമിയോ ഡിസ്പൻസറികളും 5 ആയുർവേദ ഡിസ്പെൻസറികളും 2 അലോപ്പതി ഡിസ്പെൻസറികളും ആതുരസേവനരംഗത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. അതുപോലെ 4 അലോപ്പതി മെഡിക്കൽ സ്റ്റോർ, 4 ആയുർവേദ മെഡിക്കൽ സ്റ്റോറും പ്രവർത്തിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിലെ രോഗികൾക്ക് വിദഗ്ദ ചികിൽസ ലഭിക്കുവാൻ ഹരിപ്പാട്ടു പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രിയോ, ആലപ്പുഴയിലെ T.D മെഡിക്കൽ കോളേജ് ആശുപത്രിയോ ആണ് ആശ്രയം. കൂടുതൽ പേരും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിൽ 305 പേർക്ക് ജലജന്യരോഗങ്ങളും 350 പേർക്ക് വായുജന്യരോഗങ്ങളും, 330 പേർക്ക് പ്രാണിജന്യരോഗങ്ങളും ഇതുവരെ പിടിപെട്ടിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ക്ഷയരോഗികൾ 35 പേരും, 2 പേർക്ക് കുഷ്ഠരോഗവും, 50 പേർക്ക് കൃാൻസറും 365 പേർക്ക് മറ്റ് രോഗവും ബാധിച്ചിട്ടുണ്ട്.

വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ ഗ്രാമത്തിൽ വേനൽക്കാലത്തും, വർഷക്കാലത്തും ചിലയവസരങ്ങളിൽ കോളറ, ചർദ്ദി, അതിസാരം എന്നിവയും ചിക്കൻപോക്സ്, അഞ്ചാം പനി, ചെങ്കണ്ണ് തുടങ്ങിയവയും പടർന്ന് പിടിക്കാറുണ്ട്. ഇതിന്റെ പ്രധാന കാരണമായി ശ്രദ്ധയിൽപ്പെട്ടത് കടുത്ത പരിസരമലിനീകരണവും ശുദ്ധജലദൗർലഭ്യവുമാണ്. ഈ പഞ്ചായത്തിൽ 3808 കുടുംബങ്ങൾ ഉണ്ട്. ഇതിൽ ഭൂരിപക്ഷം വീടുകളിലും സാനിട്ടേഷൻ സൗകര്യം സാധ്യതയനുസരിച്ച് ലഭിച്ചിട്ടില്ല. ഇവർ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാൻ തികച്ചും അനാരോഗ്യകരമായ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. സെപ്റ്റിക് ടാങ്ക് സംവിധാനമുള്ള കക്കൂസുകൾ പൂർണ്ണമായും ഉപയോഗ

ത്തിലില്ലാത്തത് പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 4, 8, 9, 10 വാർഡുകളിലാണ്. ഇവിടെയുള്ളവർ നീരൊഴുക്കുള്ള പൊതുജലാശയത്തിൽ താൽക്കാലികമായി കെട്ടിയുണ്ടാക്കിയിട്ടുള്ള കക്കൂസുകളിലാണ് മലവിസർജ്ജനം നടത്തുന്നത്.

കുടിവെള്ളം ഈ പഞ്ചായത്തിൽ ലഭ്യമാകുന്നത് അനന്തപുരത്തും കൂട്ടംകൈതയിലുമുള്ള റിസർവോയറുകളിൽ നിന്നാണ്. പഞ്ചായത്തിലെ മുഖ്യശുദ്ധജല സ്രോതസും ഇതുതന്നെ. 20 വർഷത്തിന് മുമ്പ് പൊതുകുളങ്ങൾ സംരക്ഷിച്ച് ഇതിൽ നിന്ന് കുടിവെള്ളം സംഭരിച്ചിരുന്നു. ഇന്ന് ആ സംസ്ക്കാരം പാടെ നിലച്ച മട്ടാണ്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ അടങ്ങുന്ന 1, 2, 3, 5, 6, 7 വാർഡുകളിലാണ് കിണറുകളെ ആശ്രയിച്ച് ശുദ്ധജല ലഭ്യതയുള്ളത്. സ്വകാര്യ കിണർ കൂടാതെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ 70 കിണറുകൾ വിവിധ പദ്ധതി പ്രകാരം ശുദ്ധജലത്തിനായി സ്ഥാപിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും സെപ്ടിക് ടാങ്ക് കക്കൂസ് ഇല്ല.
2. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ആവശ്യാനുസരണം കുടിവെള്ളം ലഭിക്കുന്നില്ല.
3. പഞ്ചായത്ത് ഹെൽത്തുസെൻററിന്റെ (അലോപ്പതി) ഗുണം എല്ലാ വാർഡുകൾക്കും ലഭിക്കുന്ന തരത്തിലല്ല സ്ഥിതിചെയ്യുന്നത്. അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യം ഇല്ല.
4. തുറസ്സായ ജലാശയങ്ങളിൽ തൊണ്ടഴുക്കൽ നടത്തുന്നതിനാൽ ജലം മലിനമാകുന്നു
5. പൊതുസ്ഥലത്ത് നടക്കുന്ന മൽസ്യകച്ചവടത്തിന് യാതൊരു നിയന്ത്രണവും ഇല്ല.
6. രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രയോജനം പഞ്ചായത്തിലെ എല്ലാ വാർഡിലേയും ആളുകൾക്ക് ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ഒരു ആരോഗ്യസർവ്വേ നടത്തി ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിയനുസരിച്ചുള്ള മാതൃകയിൽ സെപ്ടിക് ടാങ്ക് കക്കൂസുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ധനകാര്യ ഏജൻസിയുടെ സഹായത്താൽ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുക.

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുവാൻ ഉപദേശകസമിതി മാസത്തിൽ ഒരു തവണ കൂടുക. പഞ്ചായത്തിലെ അലോപ്പതി ഡിസ്പെൻസറി ഇപ്പോൾ നിൽക്കുന്നിടത്തുനിന്ന് മാറ്റി 20 കിടക്കളോടു കൂടി ഇതിനായി പഞ്ചായത്ത് അക്വയർ ചെയ്തിരിക്കുന്ന സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ സത്വര നടപടിയെടുക്കുക.

കാട്ടിൽ മാർക്കറ്റിലെ വഴിയോര മൽസ്യകച്ചവടം ഒഴിവാക്കി പകരം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു നിയന്ത്രിത മാർക്കറ്റിലേയ്ക്ക് മാറ്റുക. മാർക്കറ്റ് നിർമ്മിക്കുവാനുള്ള സ്ഥലം അവിടെത്തന്നെ പഞ്ചായത്ത് വക പുറമ്പോക്കായി കിടപ്പുണ്ട്. ഇത് വീണ്ടെടുത്ത് നികത്തി ഉപയോഗിക്കാം.

4, 8, 9, 10 വാർഡുകളിൽ ജല മലിനീകരണം വൻ തോതിൽ നടത്തുന്ന തൊണ്ടഴുക്കൽ നിയന്ത്രിക്കുവാൻ തൊണ്ടുമൂടുന്ന കുഴിയുടെ ജലനിർഗമന ഭാഗത്ത് കരിയും ചരലും കലർത്തി നിറച്ച ചാക്കുകെട്ടുകൾ കൊണ്ട് ബന്ധിപ്പിക്കുവാൻ അതാത് കയർ വ്യവസായ സഹകരണ സംഘങ്ങളോട് നിഷ്ക്കർഷിക്കുക.

തൊണ്ടഴുക്കൽ മൂലവും, പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ചപ്പുചവറുകൾ കുമിഞ്ഞുകൂടുന്നതിനാലും വേനൽക്കാലത്ത് കൊതുകുശല്യം വർദ്ധിക്കുന്നു. ഇത് തടയാൻ മലത്തിയോൺ പുക വമിപ്പിക്കൽ പഞ്ചായത്ത് സന്നദ്ധസംഘടനകളുടെ സഹായത്താൽ നടത്തുക.

ഡ്രാണാപ്പടി തോട്ടിൽ ഇറച്ചിവെട്ടുകടയിൽ നിന്ന് മാലിന്യങ്ങൾ ഉപേക്ഷിയ്ക്കുന്നതിനാൽ ജലം മലിനപ്പെടുകയും കൊതുക് ശല്യം വർധിക്കുകയും പ്രാണിജന്യരോഗങ്ങളും ഫംഗസ് രോഗങ്ങളും പകരുന്നു. ഇത് നിലവിലുള്ള നിയമം ഉപയോഗിച്ച് കർശനമായി തടയുക.

പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ഹോട്ടൽ ഹോട്ടലിതര സ്ഥാപനങ്ങളിൽ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നത് ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമായിട്ടാണോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ഇതിന്റെ മേൽ നോട്ടം പഞ്ചായത്ത് കമ്മറ്റി വഹിയ്ക്കണം.

6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പൊതുശ്മശാനത്തിന് ചുറ്റുമതിൽ കെട്ടി, (മലിനീകരണം പരമാവധി ഒഴിവാക്കിയുള്ള ദഹിപ്പിക്കൽ, ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കണം). ആധുനിക ക്രിമിയേഷൻ സംവിധാനം ഏർപ്പെടുത്തണം.

പഞ്ചായത്താഫീസിന് വടക്കുവശത്ത് കെട്ടിനിൽക്കുന്ന മലിനജലം ഒഴുക്കിക്കളയുന്നതിനോ, സംസ്ക്കരിക്കുന്നതിനോ ഉള്ള നപടികൾ സ്വീകരിക്കുക.

മുണ്ടപ്പള്ളിയിലെ ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടമുണ്ടാക്കുകയും 20 കിടക്കകളുള്ള ഒരാശുപത്രിയായി മാറ്റുകയും ചെയ്യുക.

ഒരു പ്രകൃതിചികിൽസാ കേന്ദ്രം പഞ്ചായത്തിൽ സജ്ജമാക്കുക. ഇതിന്റെ പ്രയോജനകരമായ പ്രവർത്തനത്തിന് ബോധവൽക്കരണം അനിവാര്യമാണ്.


രണ്ടു വാർഡിന് ഒരു ഹെൽത്ത് വർക്കർ എന്ന രീതിയിൽ ഹെൽത്തുസെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. ലാബ് സൗകര്യം വളരെ അത്യാവശ്യമാണ്. മരുന്ന് കൃത്യമായി ലഭിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. ലോക്കൽ പർച്ചേസിംഗിന് സംവിധാനം വേണം.

ആയുർവേദ മരുന്നുവാങ്ങാൻ ഡിസ്പെൻസറിക്ക് 75000 രൂപ വിനിയോഗിക്കാനുള്ള അധികാരം പഞ്ചായത്തുമുഖേന നടപ്പിലാക്കുക. ഹോമിയോ മെഡിസിൻ പർച്ചേസു ചെയ്യാൻ ഇപ്പോൾ 5000 രൂപയാണ് നൽകുന്നത്. ഇത് 25000 രൂപയായി ഉയർത്തുക. 10 കിടക്കകളോടുകൂടിയ ഒരാശുപത്രിയായി ഇത് ഉയർത്തുക. അതിനുള്ള സ്ഥലം ഹോസ്പിറ്റലിനോടു ചേർന്ന് കിടപ്പുണ്ട്.


കുട്ടികളിൽ കണ്ടുവരുന്ന ആസ്തമ രോഗത്തിനും മറ്റുമായി ഒരു റിസർച്ച് വിഭാഗം രൂപീകരിക്കുക.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ഔഷധസസ്യ തോട്ടം നിർമ്മിക്കുക. ഇത് പ്രകൃതിചികിൽസയ്ക്കും ആയുർവേദ ചികിൽസയ്ക്കും പ്രയോജനവും, പ്രചരണവുമാകും.

ആശുപത്രി വികസന സമിതി പുന:സംഘടിപ്പിക്കുക.


ആശുപത്രികൾ,
ഡിസ്പെൻസറികൾ.
M-1: ഇദാടസ്റ്റർ ഹോസ്പിറ്റൽ, ഡാണാപ്പടി.
M.2: നീപാ ഹോസ്പിറ്റൽ, നാരകത്ത്.
P.H.C. താമരശ്ശേരി
A.D. മുണ്ടുപ്പാലത്തി ഗവ: ആയുർവേദ ഡിസ്പെൻസറി.
N.H. 47
H.D: പഞ്ചാ: ഹോമിയോ ഡിസ്പെൻസറി.
PHC-2. താലൂക്ക് ഓഫീസ്.
കിഴുവാനം പഞ്ചാ:
ചെറുതന്നൂർ പഞ്ചാ:
ഹരിപ്പാട് പഞ്ചാ:
കുമാരപുരം
തൃക്കുന്നപ്പുഴ പഞ്ചാ:
കാർത്തികപ്പള്ളി പഞ്ചാ:
I
II
III
IV
V
VI
VII
PHC
PHD
M.1
AD
PHC 2

5.6



ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വിഭവങ്ങൾ ഇവിടെ വിരളമായിരുന്നു. അതു കൊണ്ടുതന്നെ വികസനം ഒരു സ്വപ്നംമാത്രമായി അവശേഷിച്ചിരുന്നു. കാർഷിക വിളകളും വ്യാവസായിക ഉൽപ്പന്നങ്ങളും യഥേഷ്ടം ചലിക്കാനുള്ള സൗകര്യം ഒരുക്കുന്നതിന് ഗതാഗതസംവിധാനം മെച്ചപ്പെട്ടതാവണം. കൊപ്രായും കയറും കിഴക്കിൻെറ വെനീസിലേക്ക് അനസ്യൂതം എത്തിച്ച് മെച്ചപ്പെട്ട വിപണന സൗകര്യം നാം ഒരുക്കിയത് കരമാർഗ ഗതാഗതത്തെ ആശ്രയിച്ചായിരുന്നില്ല. മറിച്ച് കുമാരപുരത്തിൻെറ പ്രത്യേകതയായ ജലഗതാഗത മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിയായിരുന്നു. ദേശീയ ജലപാതയുമായി ബന്ധപ്പെട്ടുകിടക്കുന്ന തോടുകൾ ഇടവിട്ടിടവിട്ട് ഗ്രാമം ഒട്ടാകെ വ്യാപിച്ചിരിക്കുന്നത് അനുഗ്രഹമായി.

നമുക്ക് പ്രകൃതി കനിഞ്ഞുനൽകിയ ജലഗതാഗതമാർഗം നാം തന്നെ അടച്ചപ്പോൾ നമുക്ക് നഷ്ടമായത് ഏറ്റവും ചെലവുകുറഞ്ഞ ചരക്കുഗതാഗത സൗകര്യമാണ്.

കരമാർഗ്ഗമുള്ള ഗതാഗതം ഇന്നുകാണുന്ന നിലയിൽ മെച്ചപ്പെട്ടതിൻെറ പിന്നിൽ ഇച്ഛാശക്തിയുടെയും അളവറ്റ മനുഷ്യശക്തിയുടെയും ഫലമായി സ്വരൂപിച്ച ശ്രമദാനമാണ്. കഴിഞ്ഞ ദശാബ്ദദ്വയം കൂട്ടായ്മയുടെ മഹത്വം കണ്ടറിഞ്ഞപ്പോൾ, ചൊരിമണൽ ചൂഴ്ന്ന ഒട്ടേറെ ഗ്രാമാന്തര നടപ്പാതകൾ വികസനത്തിൻെറ ശേണിമയാർജ്ജിച്ചു.

വികസനമെന്നാൽ റോഡുനിർമാണം എന്ന വികല സങ്കൽപം വിസ്മരിക്കുന്നില്ല. ഗ്രാമത്തിൻെറ ഉൾത്തുടിപ്പായ കയർ വ്യവസായത്തെ കരകയറ്റിയത് ഈ ഉൾനാടൻ ഗതാഗത ശൃംഖലയെന്നു കരുതുന്നതിൽ തെറ്റില്ല. നാളികേരം, തൊണ്ട്, കശുവണ്ടി, മൂട്ട, മൽസ്യം, പച്ചക്കറി തുടങ്ങിയ പ്രാദേശിക വിഭവങ്ങൾക്ക് വിപണന സൗകര്യം ലഭിക്കുമാറ് ദ്രുതചലനം ഒരുക്കിയത് ഉൾനാടൻ മണൽ റോഡുകളാണ്. കത്തു വിതരണവും പത്രം വിതരണവും അവസുഗമമാക്കി. കുടിവെള്ള ടാപ്പുകളും വൈദ്യുതി പോസ്റ്റുകളും ഉള്ളിടകളിലും ഊളിയിട്ടെത്താൻ തുടങ്ങി. നേരിട്ടു വികസനമാകുന്നില്ലെങ്കിലും വികസനത്തിൻെറ വഴികാട്ടികളത്രേ ഗ്രാമീണ റോഡുകൾ. കെട്ടിടനിർമാണത്തെ പ്രോൽസാഹിപ്പിച്ചതും ശ്രമദാന ഫലമായി രൂപം കൊണ്ട ലഘുഗതാഗതമാർഗങ്ങളായിരുന്നു. സെൻറിന് നൂറും നൂറ്റമ്പതും മാത്രം വിലകൽപിച്ചിരുന്ന ഓണട്ടുകര മണ്ണിന് ഒരു ലക്ഷം രൂപവരെയെത്തി നിൽക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിനെ വരവേൽക്കാൻ തുടങ്ങുമ്പോൾ വികസനത്തിനു വഴിതെളിച്ച വിരുതുള്ള കരങ്ങളെ വിസ്മരിച്ചുകൂടാ. വീണ്ടും ഇതാ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു, വികസന വിപ്ലവത്തിൻെറ വിജയത്തിനുവേണ്ടി വിലപ്പെട്ട

നിലവിലുള്ള ടാർ റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം KM	M	വീതി M	ബസ്സ് സർവ്വീസ്	വാഹന സൗകര്യം	ഗുണനിലവാരം
1	അമ്പലക്കടവ്-പെരുമ്പടവ്	1	800	8	ഉണ്ട്	ഉണ്ട്	800 മീറ്റർ ഗ്രാവലിടണം, കുഴികൾ
2	ശ്രീകോവിൽ-വൃക്ഷത്തൈ	1	-	"	ഉണ്ട്	ഉണ്ട്	മുഴുപ്പുറവ് മുതൽ വൃക്ഷത്തൈ വരെ പണി പൂർത്തിയായി
3	ശ്രീകോവിൽ-പൊന്നുംകൊട്ടുനി	-	600	"	-	ഉണ്ട്	കുണ്ടും കുഴിയും
4	നാരകത്ത-വലിയകുളങ്ങര	2	-	"	-	ഉണ്ട്	കുണ്ടും കുഴിയും
5	നാരകത്ത-കാർത്തികപ്പള്ളി	2	-	"	-	ഉണ്ട്	കുണ്ടും കുഴിയും
6	പാലികുളങ്ങര-വാതുക്കാടവ്			1 300	"	-	കുണ്ടും കുഴിയും
7	N. H. - K. V. ലെവൽ	2	-	"	ഉണ്ട്	ഉണ്ട്	കുണ്ടും കുഴിയും
8	നാരകത്ത- അമ്പലാശേരിക്കടവ്	2	800	6. 00	ഉണ്ട്	ഉണ്ട്	കുണ്ടും കുഴിയും

നിലവിലുള്ള ഗ്രാവൽ റോഡുകൾ

വാർഡ് 1

റോഡിന്റെ പേര്	നീളം	വീതി
കോട്ടേക്കുളം - കൊട്ടിക്കലേത്ത്	- 300	2.50
മുളക്കീത്തറ - പെരുമ്പാങ്കുഴി	- 450	4.80
ഉമ്മാപ്പറമ്പ് - കാരാന്തറ തോട്	- 300	6.00
അംഗൻവാടി ജം. മുഞ്ഞനാട്ട് പാലം	- 300	5.60
S. N. V. L. P. S - രാമവിലാസം	- 250	6.20
ഗുരുമന്ദിരം - കാരാന്തറപാലം (K. V. ജട്ടി റോഡ്)	- 350	5.80
കെ. വി. ജെട്ടി W - തോപ്പിൽ ജം.	- 250	2.80

വാർഡ് 2

താമല്ലാക്കൽ ജം. - ചെമ്പുതോട്	- 250	5.50
കണ്ണാടിശേരി ജം. - നടക്കാവിൽ	- 550	4.--
കാഞ്ഞിരം സ്കൂൾ - മണ്ണാമ്പറമ്പ് ജം.	550	6 --
പഴമ്പള്ളി - കാരാന്തറ	450	4 --
കാരാന്തറ - മുളക്കീത്തറ ജം.	1 300	4 --
ശ്രീരംഗം - ഇടക്കണ്ണൻപള്ളി	900	3 --
പാണൂർ ജം. - മരാട്ട് ജം	350	4 --

വാർഡ് 3

റോഡിന്റെ പേര്	നീളം	വീതി
ഹൃദ്രം ട്രസ്റ്റ് ഹോസ്പിറ്റൽ - എൻ. എച്ച്	- 100	3. 50
കൊച്ചുകരിനാട്ട് ജം - കല്ലേലിപ്പടി കടവ്	1 270	4. 50
ആലിൻ ചുവട് - താമല്ലാക്കൽ	- 470	5. 20
അയ്യച്ചുകാട്ടിൽ - മണ്ണാറശാല ബ്ലോക്കുകടവ്	- 400	4. 00
നാരകത്ര - വാഴക്കാലിൽ	- 800	3. 50
തിരുവിലഞ്ഞാൽ - വാലുപറമ്പ് ലക്ഷംവീട്	- 500	3. 00
പേരേപടീറ്റതിൽ - കല്ലേലിപ്പടികടവ്	- 400	5 00

വാർഡ് 4

മണ്ണാഞ്ചിറ - നാലുകണ്ടത്തിൽ	- 300	4. 00
നാലുകണ്ടത്തിൽ - ചെമ്പുതോട്	- 530	4. 00
ചാലുങ്കൽ - മുണ്ടകത്തറ	- 300	4. 00

വാർഡ് 5

കവറാട്ട് - മുണ്ടപ്പള്ളി	- 600	5. 00
മരത്തോളിൽ - കമ്പട്ടിക്കൽ	- 700	5. 00
ശ്രീരംഗം - ചെന്നാട്ട് കോളനി	- 150	3. 00
ശ്രീരംഗം - ഇടക്കണ്ണൻപള്ളി	- 600	5. 00
എതിരേൽപ്പാല് - ചെന്നാട്ട്കോളനി	- 350	5. 00

വാർഡ് 6

റോഡിന്റെ പേര്	നീളം	വീതി
പാതിരംകുളങ്ങര - ഉണിത്താറ ജ	- 450	4. 50
മുണ്ടപ്പള്ളി - കവറാട്ട്	- 600	4. 00
കൊട്ടയ്ക്കാട്ട് - അനന്തപുരം H. S	- 100	3. 00

വാർഡ് 9

കുരിശുംമൂട് - വാലേക്കടവ്	2 00	5. 00
ആനന്ദവിലാസം - വാതല്ലൂർ ക്ഷേത്രം	- 300	5. 00
ചെമ്പൻപടികടവ് - വടുതല ജം	1 020	6. 00

വാർഡ് 8

മുണ്ടപ്പള്ളി - പഴയചിറ	1 00	5. 00
മുണ്ടപ്പള്ളി - വാലേക്കടവ്	- 950	6. 00

വാർഡ് 9

മൂരാണിചിറ - കാട്ടിൽമാർക്കറ്റ്	3. 00	8. 00

വാർഡ് 10

പുത്തൻപുര - ഗുരുമന്ദിരം	- 200	3. 00
മണികണ്ഠൻചിറപാലം - മൂരാണിച്ചിറ പാലം	1 200	4. 00

നിലവിലുള്ള ഗ്രാവൽ - മണൽ റോഡുകൾ

കൊറ്റിനാട്ട് പാലം - പര്യാരത്ത്	200-300	4. 00
കവറാട്ട് - ഇടക്കണ്ണൻപള്ളി	400-150	4. 00
തിരുവിലഞ്ഞാൽ - വാലുപറമ്പ് ലക്ഷംവീട്	150-300	4. 30
മണ്ണാഞ്ചിറ - നാലുകണ്ടത്തൽ	300-100	4. 00
നാലുകണ്ടത്തിൽ - ചെമ്പുതോട്	530-300	4. 00
തോട്ടുകടവ് - മണ്ണാഞ്ചിറ	400-150	6. 00
അമ്പീപടി - E. കടവ്	600-200	4. 00
എൻ. എച്ച് - പുന്നൂർ നേഴ്സറി വിളയിൽ വരെ	200-100	4. 00
തയ്യിൽ കിഴക്ക് - ആമ്പാടി വടക്കുവശം വരെ	300-100	4. 50
കണ്ണന്തറ ജം - കിഴക്കേ വള്ളിയിൽ	300-350	4. 00

നിലവിലുള്ള മണൽ റോഡുകൾ

	KM	നിള	M	M വീതി	CM
വിലങ്ങാൽ ക്ഷേത്രം - കൃസ്തുൻ എഡ്യൂ. സെൻറർ			300	2	
തെക്കുട്ടത്തിൽ - നാലുകണ്ടത്തിൽ		-	200	2	80
ആഞ്ഞിലിക്കുപറമ്പ് - കലേശ് ഭവനം			200	3	
തോണിക്കടവ് പാലം - കുട്ടംകൈത		1	100	4	
തോണിക്കടവ് ജം. - മേപ്പാലിൽ			200	3	
കോളത്താക്കൽ ജം - മേപ്പാലിൽ			100	3	
കെ. വി. ജെട്ടിപടിഞ്ഞാറകളിഞ്ഞാറ് - കൊട്ടിക്കലേത്ത് വട:		-	300	3	50
ചിങ്ങംതറ ജം. - മുണ്ടപ്പള്ളി		1	400	4	
മമാട്ട് - പുല്ലംപ്ലാവിൽ			450	3	10
ക്രിസ്തുൻ എഡ്യൂക്കേഷൻ സെൻറർ - കോളത്താക്കൽ			500	3	

വാർഡ് 2

ഇടക്കണ്ണമ്പിള്ളി-വി. റ്റി. സദനം			500	3	
കൊയിപ്പള്ളി - എൻ. എച്ച്			650	2	50
ആലുംചുവട് - ചിറയിൽ			500	3	
വിളയിൽ - പരിയാരംലക്ഷംവീട്			400	2	
പാലോന്നിൽ - കുന്നത്തേത്ത്			200	1	50
കവറാട്ട് - മറ്റത്ത്			150	1	50

വാർഡ് 3

കൊശവിള ജം - പട്ടേരിൽ കടവ്			150	4	
അടിമന - ചാപ്രായിൽ കടവ്			200	3	50
കാട്ടുപറമ്പിൽ - വല്യത്ത്			500	3	
കൊച്ചുകരിനാട്ട് - ഭൈരമനക്കടവ്			500	3	
കൊച്ചുകരിനാട്ട് - മണ്ണമ്പിള്ളി			200	2	
എൻ. എച്ച് - ചായക്കാരുപറമ്പ്			300	2	50
എൻ. എച്ച് - ചാപ്രായിൽ			200	2	

വാർഡ് 4

തോപ്പിൽ കിഴക്ക് - ഞാറക്കാട്ട് ജം			200	2	
കുട്ടംകൈത മുടവറമ്പ്പാലം			900	2	
കുന്നത്തുകാട്ടിൽ - വല്യവീട്ടിക്കൽ			300	4	
മണ്ണാംചിറ - നാലുകണ്ടത്തിൽ			100	4	
നാലുകണ്ടത്തിൽ - ചെമ്പുതോട്			300	4	
പാലുമ്മേൽ - മുണ്ടകത്തറ			150	4	
തോപ്പിൽ - ഞാറക്കാട്ട്			200	2	
പെരുമ്പുലി - പുത്തൻതറ വടക്ക്			100	2	

മണൽ റോഡ്

വാർഡ് 5

വല്യേരിക്കൽ - മുണ്ടപ്പള്ളിച്ചിറ	-	600	2. 50
പുന്നൂർ നേഴ്സറി - ചിറയിൽ	-	500	3. 00
പേരൂർ - മണ്ണാച്ചേത്ത് വടക്ക്	-	300	2. 00

വാർഡ് 6

അനന്തപുരം - തട്ടാരേത്ത്	-	250	3. 50
അനന്തപുരം - അരുവന്നൂർ	-	500	4. 00
ബംഗ്ളാവിൽ - തേവലശേരി ജം	-	400	3. 00
പഷ്ണവള്ളി - പീടികയിൽലക്ഷംവീട്	-	450	3. 00
കറുകത്തറ ജം - പുഴിക്കാട്	-	150	3. 00
വൈപ്പിൽ - കടൂർ തോട്ടുപറമ്പിൽ കിഴക്ക്	-	350	2. 00
മങ്ങാട്ട് - കാട്ടുപറമ്പിൽ കിഴക്ക്	-	350	2. 00

വാർഡ് 7

അമ്മച്ചേരിൽ - പൂവന്തറമുക്ക്	-	250	4. 00
പുത്തൻപുര ജം - ത്രാച്ചേരികിഴക്ക്	1	00	2. 00
ചെമ്പൻപടികടവ് - എൻ. പൂഞ്ഞൂക്കാരമ്പറമ്പ്	-	100	2. 00
പരമറ്റം - N. S. S. കരയോഗം	-	100	2. 00
അനന്തപുരം - H. S. - താട്ടാരേത്ത്	-	150	3. 50

വടുതല മാനാമ്പുറത്ത്	- 150	2. 00
കാരക്കാട്ട് - അരുവന്നൂർ	- 400	2. 00
കണ്ണന്തറ - കാരാവള്ളി	1 00	4. 00
വെട്ടാട്ട് - തറയിൽ പീടിക	- 250	4. 00
ചെമ്പൻപടി H. C റോഡിൽ പയ്യമ്പള്ളി-ഹെൽത്ത് സെൻറർ	- 150	5. 00
S. N. D. S. S. S. - കുറ്റിയിൽ	- 250	3. 00
മുതലക്ക്റോഡിൽ പുതുവലിൽ - പയ്യമ്പള്ളി	- 400	3. 00

വാർഡ് 8

പഴയറ - അലിക്കട	- 800	4. 00
ദർഭയിൽ ജം. - എസ്. പൊടിക്കളം	- 300	2. 00
പണ്ടാരച്ചിറ - ആനകേരിപ്പറമ്പ്	1 300	3. 00
മുണ്ടുകാടൻപറമ്പ് - ത്രാച്ചേരി ജം.	- 500	3. 00
പുത്തൻപാര ജം. - ത്രാച്ചേരി ജം.	1 00	2. 00
മുണ്ടോലിക്കാട് ജം. - മംഗലശേരിക്കാട്	1 500	2. 00

വാർഡ് 9

കാട്ടിൽമാർക്കറ്റ് - നാൽക്കവല	- 400	3. 00
കരിപ്പൂത്തറ ജം. - കാട്ടിൽ വടക്കേതിൽ	- 700	2. 00
കുറ്റിവേലി ജം. - നാരായണവിലാസം	- 900	3. 00

വാർഡ് 10

കക്കാമടക്കൽ - പഴയറ സ്കൂൾ	- 300	3. 00
ദർഭയിൽ ജം. - കാരിച്ചാതോപ്പിൽ ജം	- 300	3. 00
പഴയറ സ്കൂൾ - എൻ. ഒറ്റത്തെങ്ങ്	1 300	3. 00

ശ്രമദാനവിവരങ്ങൾ! വിശേഷാൽ ഗ്രാമസഭകളിൽ അതു വ്യക്തമായിരുന്നു.

നമുക്ക് ടാർ റോഡുകൾ 7 എണ്ണമാണുള്ളത്. മണികണ്ഠൻചിറ റോഡിലും കെ.വി. ജട്ടി-എൻ.എച്ച് റോഡിലും ബസ്സർവീസ് ഉണ്ട്. നാരകത്ര-വലിയകുളങ്ങര റോഡിലും നാരകത്ര-കാർത്തികപ്പള്ളി റോഡിലും ബസ് സർവീസ് സൗകര്യമുണ്ട്. നിലവിലുള്ള ബസ് റൂട്ടുകളിൽ കൂടുതൽ സർവീസുകൾ ആവശ്യമാണ്. കെ.വി. ജട്ടി-എൻ.എച്ച് റോഡിൽ കെ.എസ്. ആർ.ടി.സി ബസ് സർവീസ് അനിവാര്യമായിരിക്കുന്നു. കായംകുളം, ആലപ്പുഴ പട്ടണങ്ങളെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഇത് നിർദേശിക്കപ്പെട്ടിട്ടുള്ളത്.

എണ്ണത്തിൽ മണൽ, ഗ്രാവൽ റോഡുകൾ ഏറെയാണെങ്കിലും ഗുണനിലവാരത്തിൽ ഏറിയപങ്കും തരംതാഴ്ന്നവയാണ്. വെള്ളപ്പൊക്ക കെടുതികളെ അതിജീവിക്കാൻ പാകത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവമത്രേ ഇതിനുപ്രധാന കാരണമായി ചൂണ്ടികാണിക്കപ്പെട്ടിട്ടുള്ളത്. ഇതുമൂലം പണം ചെലവാക്കി നിർമിച്ചിട്ടുള്ള ഗ്രാവൽ റോഡുകളുടെ തകർച്ച സാമ്പത്തികനഷ്ടം വരുത്തുന്നു. പാർശ്വവാസികളുടെ കയ്യേറ്റം മൂലം കെടുതിയിലാകുന്ന കറുത്ത റോഡുകളുടെ കൂട്ടത്തിൽ കെ.വി. ജട്ടി-എൻ.എച്ച് റോഡ് മുന്നിൽനിൽക്കുന്നു.

ടാർ റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ചെയ്യാതെ കുണ്ടുംകുഴിയുമായി കിടക്കുന്നു. നാരകത്ര-കാർത്തികപ്പള്ളി റോഡ്, നാരകത്ര -വലിയകുളങ്ങര റോഡ് എന്നിവ ഇത്തരത്തിൽ വാഹനാപകടങ്ങൾ ആവർത്തിക്കുന്നവയാണ്.

തിരക്കിട്ട റോഡുനിർമാണത്തിനിടെ വിട്ടുപോയ കലുങ്കുനിർമാണം, ഓടകളും പൈപ്പുകളും സ്ഥാപിക്കൽ തുടങ്ങിയ കൃഷിക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് ഗ്രാമസഭകൾ ഇപ്പോൾ മുൻഗണന നൽകിയതായി കാണുന്നു.പല താൽക്കാലിക തടിപ്പാലങ്ങൾക്കും ബദലായി കോൺക്രീറ്റ് പാലങ്ങൾ, ജലഗതാഗതസൗകര്യം പുനഃസ്ഥാപിച്ചുകൊണ്ട് നിർമിക്കണമെന്നത്രേ പൊതുനിർദേശം. വികസനം സ്ഥായിയും സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതുമാകാൻ ഈ നിർദേശം വിരൽ ചൂണ്ടുന്നു. എട്ട്, ഒമ്പത്, പത്ത് വാർഡുകളിൽ നിന്നുള്ള ഗതാഗതവികസന നിർദേശങ്ങൾ ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നു.

നിലവിലുള്ള ടാർ, ഗ്രാവൽ, ഗ്രാവൽ/മണൽ, മണൽ റോഡുകളെ '6A, 6B, 6C, 6D' എന്നീ അനുബന്ധങ്ങളിൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

അറ്റകുറ്റപ്പണികൾ ബസ്സർവീസ് നിലവിലുള്ള ടാർ റോഡുകളിൽ പ്രാധാന്യം കൊടുത്തുനിർദേശിച്ചിരിക്കയാണ്. ടാർ റോഡുകളുടെ പാർശ്വങ്ങൾ ഗ്രാവലിട്ടുറപ്പിച്ചും പൈപ്പുകൾ കുറുകെ സ്ഥാപിച്ചും പാലം പണി പൂർത്തീകരിച്ചും ഗതാഗതസൗകര്യം മെച്ചപ്പെടുത്തണം. ഗ്രാമത്തിലെ പ്രധാന റോഡുകളുടെ അറ്റകുറ്റപ്പണികൾ ഗ്രാമസഭകളിൽ നിർദേശിക്കപ്പെട്ട പ്രകാരം 6E-ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

ഗതാഗതകാര്യത്തിൽ ഏറെക്കുറെ ലക്ഷ്യം നേടിയെന്നുകരുതാം. എങ്കിലും കയർ ഖേമലയുടെ വികസനത്തെയും പ്രധാന നാണ്യവിളയായ നാളികേരത്തിന്റെ വിപുലീകരണ സംസ്കരണത്തിലൂടെയുള്ള വികസനത്തെയും ലക്ഷ്യമാക്കിക്കൊണ്ട് ഏതാനും പുതിയ ഗതാഗത വികസന നിർദേശങ്ങളും ഗ്രാമസഭകൾ പ്രാധാന്യം നൽകി അവതരിപ്പിച്ചിട്ടുണ്ട്. അവശ്യം വേണ്ടുന്നവ ഒന്നൊഴിയാതെ അനുബന്ധം '6F' ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

പുതിയ ഗതാഗത വികസന നിർദേശങ്ങൾ

നടപ്പിലാക്കാനുള്ളവ

വാർഡ് ഒന്ന്

1 നാലുകണ്ടത്തിൽ തോട്ടിൽ ഒരു Sluice-Cum-Culvert കൂടി നിർമ്മിച്ച് വടക്ക് കന്നുകാലിപ്പാലത്തുനിന്നും തെക്ക് കവറാട്ടുവരെയുള്ള യാത്രലഘൂകരിക്കുക.

2. കെ.വി. ജട്ടി തറയിൽ വടക്കുവശത്തുനിന്നും തെക്കോട്ടു പുത്തൻതുണ്ടുപറമ്പിൽ കിഴക്കുവശത്തുകൂടി തെക്കേ റോഡുമായി ബന്ധിപ്പിക്കുന്ന വഴി.

3. പുറാട്ടുള്ള ഇരുപതുകുടുംബങ്ങൾക്ക് വഴി സൗകര്യത്തിനായി നാലുകണ്ടത്തിൽ തെക്കുട്ട ത്തിൽ റോഡിൽനിന്ന് കിഴക്കോട്ട് കൊച്ചന്റെ പറമ്പിൽ വഴിയുമായി ബന്ധിക്കുന്ന റോഡ്.

4. കെ.വി. ജട്ടി റോഡിൽനിന്നും വടക്കേ ചിറവ രെ വഴി

5. കട്ടാറത്തറ ഭാഗത്തേക്കുള്ള വഴി പുനരുദ്ധരി ക്കുക.

6. കെ.വി. ജട്ടി റോഡിൽനിന്നും വടക്കേ ചിറവ രെ വഴി

7. കോളത്താക്കൽ റോഡ് വടക്കേചിറവഴി എസ്. എൻ.വി.എൽ.പി.എസ് റോഡുമായി ബന്ധിപ്പിക്കുന്ന വഴി

8. മീനാട്ടുപറമ്പിൽ പ്രദേശത്തേക്ക് വഴി സൗകര്യ പ്പെടുത്തുക.

വാർഡ് -2

1. മുളക്കിത്തറ-കാരാന്തറ റോഡിൽ മരാട്ടുഭാഗ ത്ത് വടക്കോട്ട് കാരാന്തറ തോട്ടിലേക്ക് ഓടനിർമിക്ക ണം. തെക്കുവശത്ത് നാലു സ്ഥലങ്ങളിൽ റോഡിനു കുറുകെ പൈപ്പിടണം.

2. തോട്ടുങ്കൽ-മുണ്ടകത്തറ റോഡിൽ തോട്ടുക ടവിൽ വടക്കുവശം തോട്ടിൽ ചെറിയപാലം നിർമിക്ക ണം. തെക്കും വടക്കുമായി മൂന്ന് സ്ഥലങ്ങളിൽ പൈ പ്പുവെച്ച് വെള്ളം ഒഴുക്കാൻ സൗകര്യമുണ്ടാകണം.

3. നടക്കാവ്-കണ്ണാടിശ്ശേരി റോഡിൽ പുത്തൻവീ ട്ടിൽ ഭാഗത്ത് ചെറിയ പാലം നിർമിക്കണം. തുണ്ടിൽ പടിഞ്ഞാറുവശം, കണ്ണാടിശ്ശേരിൽ വടക്കുവശം എന്നീ മൂന്നു സ്ഥലങ്ങളിൽ പൈപ്പിടണം.

4. കവറാട്ട്-ഇടക്കണ്ണമ്പള്ളി റോഡിൽ ക്ഷേത്രതി നു വടക്ക് മൂന്നു സ്ഥലങ്ങളിൽ പൈപ്പിടണം.

5. മണ്ണാമ്പറമ്പിൽ വല്യപറമ്പിൽ കുളത്തിപ്പറ മ്പിൽ ഭാഗത്ത് ചെറിയ പാലം നിർമിക്കണം. വാപ്പറ മ്പിൽ വടക്കുവശത്തും കൃഷ്ണവിലാസത്ത് കിഴക്കു വശത്തും ഓട നിർമിക്കണം.

6. പേരൂർ വടക്കതിൽ കിഴക്കുവശം മുതൽ മണ്ണാച്ചേത്ത് വടക്കുവശം വരെയുള്ള പുറമ്പോക്കുവ സ്തുവിൽ വഴി സൗകര്യം ഏർപ്പെടുത്തണം

7. ആലുംചുവടിനു വടക്ക് മണ്ണടത്തറ ഭാഗം പടി ഞ്ഞാറോട്ടുള്ള ഓടയുടെ പാർശ്വത്തിലുള്ള തകർന്ന മതിലിന്റെ സമീപം ഒരു അടി വ്യാസമുള്ള സിമൻറ് പൈപ്പിട്ട് വെള്ളം ഒഴുക്കി സുരക്ഷിതമാക്കണം.

8. കൊയ്പ്പള്ളി കിഴക്കുവശത്തും വടക്കുവശ ത്തും ഓട നിർമിക്കണം.

9. ആലിൽചുവടിനു തെക്കുവശം മുതൽ പരി യാരത്തുവടക്കുവശം വരെ ഓട നിർമിക്കണം.

10. മരാട്ടുചേടുകുളത്ത്, കൊറ്റിനാട്ടുറോഡുക ളിൽ നാലു സ്ഥലങ്ങളിലായി പൈപ്പുകൾ സ്ഥാപി ക്കണം.

11. പാണൂർ, പര്യാരത്ത് ലക്ഷം വീടുകളിൽനി ന്നുള്ള നടപ്പാതകൾ സഞ്ചാരയോഗ്യമാക്കണം.

12. കുരുപ്പേൽ തെക്കുവശം പടിഞ്ഞാറോട്ടുള്ള നടപ്പാത വീതി കൂട്ടണം.

വാർഡ് -3

1. മണ്ണാറശാല ബ്ലോക്ക് കടവിൽ പാലം നിർമി ച്ച് അയ്യത്തുകാട്ടിൽ മണ്ണാറശാല റോഡ എൻ.എച്ചു മായി ബന്ധിപ്പിക്കണം.

2. കല്ലേലിപ്പടി കടവിൽ പാലം നിർമിക്കണം.

3. നാരകത്ര-മണികണ്ഠൻ ചിറ റോഡിന്റെ എൻ.എച്ചുമായി സന്ധിക്കുന്ന ഭാഗത്ത് എൻ.എ ച്ചിൽ ഒരു ഓവർബ്രിഡ്ജ് സ്ഥാപിക്കുക.

വാർഡ് -4

1. കുട്ടംകൈതയിൽനിന്നും കന്നുകാലിപ്പാല ത്തേക്കുള്ള വഴിയിൽ ഷട്ടറോടുകൂടിയ പാലം നിർമി ച്ച് നടപ്പാത പുനരുദ്ധരിക്കണം.

2. തോപ്പിൽ കിഴക്കുവശം മുതൽ തെക്കോട്ട് ഞാറക്കാട്ട് വടക്കുവശംവരെ നടപ്പാത നിർമിക്കണം.

3. കുട്ടംകൈത കിഴക്കുവശത്ത് തെക്കോട്ട് ചിറ യിൽ കിഴക്കുവശം വരെ നടപ്പാത നിർമിക്കണം.

4. കുട്ടംകൈത ചന്തയിൽനിന്ന് തെക്കോട്ട് സി. വി.സിഎസ് 70 വരെയുള്ള റോഡു നിർമിക്കുക.

5. പടന്നയിൽ വടക്കുവശത്തുനിന്നും പീടിക

യിൽ കിഴക്കുവശം വരെ നടപ്പാത നിർമിക്കുക.

6. മുട്ടുങ്കൽ കിഴക്കതിൽ പടിഞ്ഞാറുവശത്ത് ബണ്ടും പാലവും നിർമിക്കുക.

7. കണ്ണന്തറ വടക്കുവശം ബണ്ടും പാലവും നിർമിക്കുക.

8. പന്നിക്കണ്ടത്തിൽ തെക്കുവശം ബണ്ടും പാലവും നിർമിക്കുക.

9. തോട്ടുകടവിൽ ക്ഷേത്രത്തിന് വടക്കുവശം തെക്കുവടക്കായി പാലം നിർമിക്കുക.

10. പുന്നൻ വീട്ടിൽ പടിഞ്ഞാറുവശത്തുനിന്നും വടക്കോട്ട് പുന്നിക്കണ്ടത്തിലേക്ക് നടപ്പാത നിർമിക്കുക.

11. മണ്ണാള പടിഞ്ഞാറുവശത്തുനിന്നും തെക്കോട്ട് മുട്ടുങ്കൽ കിഴക്കതിലേക്ക് നടപ്പാത നിർമിക്കുക.

12. നാരകത്രത്തിൽ തെക്കുവശത്ത് നസ്രത്തുഭവൻ ഭാഗത്തുനിന്നും റോഡിലേക്ക് നടപ്പാത നിർമിക്കുക.

13. ശ്രീരഹൻ കിഴക്കുവശത്തുനിന്നും ചെട്ടിയാരത്തിൽ പടിഞ്ഞാറുവശം വരെ നടപ്പാത നിർമിക്കുക.

വാർഡ് -5

1. ചെന്നാട്ടു കോളനി, മല്ലേക്കര കോളനി ഇവിടങ്ങളിലെ നടപ്പാതകൾ ഗ്രാവലിട്ടുറപ്പിക്കുക.

2. ചെന്നാട്ടു കോളനി മുതൽ വടക്കോട്ട് ക്ഷീരസഹകരണ സംഘം വരെ ഓടനിർമിച്ച് കോളനിഭാഗത്തെ കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കിക്കളയുന്നതിന് സൗകര്യമുണ്ടാക്കുക. ഇതിലേക്ക് 6 പ്രീമോ പൈപ്പുകൾ സ്ഥാപിക്കുക.

വാർഡ് -6

1. മുണ്ടപ്പുഞ്ചിറയിൽനിന്ന് വടക്കോട്ട് വല്ലിരി കോളനി കിഴക്കുവശം (മുട്ടേപ്പറമ്പു റോഡുവരെ) നടപ്പാത നിർമിച്ചുറപ്പിക്കുക. പുറ്റോത്തുപറമ്പ്-മാമൂട്ടിൽ [illegible] തോടുകളിൽ കലുങ്കുപാലങ്ങൾ നിർമിക്കുക.

2. [illegible]പുരിന്റെ കിഴക്കുവശത്ത് ഡാണാപ്പടി മാർക്കറ്റിലേക്കുള്ള വഴി വിപുലമാക്കി വാഹനഗതാഗതസൗകര്യമുണ്ടാക്കുന്നതിന്റെ ഭാഗമായി തോട്ടുകടവിൽ പാലം പണിയുക.

3. അനന്തപുരം പാലത്തിന് പടിഞ്ഞാറുവശത്ത് തെക്കോട്ടും വടക്കോട്ടും തോട്ടിറമ്പിലൂടെയുള്ള നടപ്പാതകൾ വിപുലപ്പെടുത്തി ഗ്രാവലിട്ടുറപ്പിക്കുക.

4. അമ്പിയിൽ കിഴക്കുവശത്തുകൂടി തെക്കോട്ടുള്ള നടപ്പാത സഞ്ചാരയോഗ്യമായവിധം പുനരുദ്ധരിക്കുക.

5. അമ്പിയിൽ പടിഞ്ഞാറുവശത്തുകൂടി തെക്കോട്ട് പാതിരങ്കുളങ്ങര മഠത്തിൽ പടിഞ്ഞാറുവശത്തെ റോഡിൽ ബന്ധിപ്പിക്കുന്ന വഴി വള്ളിയിൽ കിഴക്കുവശം വരെ സഞ്ചാരയോഗ്യമാക്കുക.

6. അനന്തപുരം വാലേക്കടവ് ടാർ റോഡിൽ പൂഴിക്കാട്ടുവടക്കുവശത്തുനിന്നും വടക്കോട്ട് കറുകത്തറ ഭാഗത്തേക്കുള്ള നടവഴി ഉയർത്തി സഞ്ചാരയോഗ്യമാക്കുക.

വാർഡ് -7

1. നാരകത്ര -കാർത്തികപ്പള്ളി റോഡിൽ ഏഴാം വാർഡിന്റെ വടക്കേ അതിർത്തിപ്പോയന്റിൽ കലുങ്കിൽനിന്ന് കിഴക്കോട്ട് നടവരമ്പ് ഉയർത്തി വഴി സൗകര്യം ഉണ്ടാക്കുക.

2. ഉണിക്കാന്തറ പടിഞ്ഞാറുവശത്തുകൂടി തെക്കോട്ട് നടയിൽ ഭാഗത്തുകൂടി ത്രാച്ചേരിൽ റോഡിൽ ചെന്നെത്തുന്ന റോഡ് വെട്ടി തീർക്കുക. പാലം നിർമിക്കണം. നടയിൽ വടക്കുവശത്ത് ഓടകെട്ടുക.

3. പുന്നാംവാതുക്കൽ വീടിന്റെ കിഴക്കുവശത്തു തെക്കോട്ടുള്ള നടവരമ്പ് സഞ്ചാരയോഗ്യമാക്കണം.

4. കൊച്ചുപുരക്കൽ, കുറവന്തറ വീടുകൾക്കിടയിലുള്ള ഇടവഴി ഉയർത്തരണം

5. ചെമ്പുതോട്ടിൽനിന്നും കണ്ണന്തറ തെക്കുവശത്തുകൂടിയുള്ള തോട് കാർത്തികപ്പള്ളി തോടുമായി ബന്ധിപ്പിക്കുക.

6. കോവലിൽ പാലം ഉയർത്തുക.

7. മുണ്ടോലി ക്ഷേത്രത്തിന് കിഴക്കുവശം വയലിൽകൂടി തെക്കോട്ട് നടപ്പാതയുണ്ടാക്കുക.

8. കുറവന്തറ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് രാമമംഗലം വരെയുള്ള വഴി സഞ്ചാരയോഗ്യമാക്കുക.

9. കാരക്കാട്ടുനിന്നും വടക്കോട്ട് മുണ്ടോലിൽ റോഡിൽ ചെന്നുചേരുന്ന വഴി വിസ്തൃതമാക്കി സഞ്ചാരയോഗ്യമാക്കുക.

10. അനന്തപുരം സ്കൂളിന്റെ തെക്കുകിഴക്കേ ജംഗഷ്നിൽനിന്ന് തെക്കോട്ടു കരിപ്പോലി വടക്കതിൽ കിഴക്കോട്ടുള്ള വഴി മണ്ണിട്ടുയർത്തി സഞ്ചാരയോഗ്യമാക്കുക.

11. കണ്ടത്തിൽ മാധവിയുടെ വീട്ടിൽനിന്നും കാരാവള്ളിൽ റോഡിലേക്ക് വഴിസൗകര്യം ഏർപ്പെടുത്തുക.

12. സൺഡേ സ്കൂളിന് തെക്കുവശത്ത് പടിഞ്ഞാറോട്ടുള്ള പൊതുവഴി സഞ്ചാരയോഗ്യമാക്കുക.

13. തഴുമഠത്തിൽ കിഴക്കുവശത്തുകൂടി വടക്കോട്ടുള്ള വഴി ഗതാഗതയോഗ്യമാക്കുക.

വാർഡ് -8

1. ത്രാച്ചേരിമുട്ടിൽനിന്ന് വടക്കോട്ട് വാലേക്കടവുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമിക്കുകഴ

2. മുണ്ടപ്പള്ളി-പഴയചിറ വഴി-മംഗലശ്ശേരി -പണ്ടാരച്ചിറ റോഡിൽ രണ്ടുപാലങ്ങൾ നിർമിക്കുക.

3. മുണ്ടോലിക്കാട്ടിൽനിന്ന് തെക്കോട്ട് പണ്ടാരച്ചിറ എത്തുന്ന റോഡ് നിർമിക്കുക. ചെമ്പോട്ടിൽ ചിറയിൽ പാലം നിർമിക്കുക.

4. ആഞ്ഞിലിമൂട്ടിൽ കിഴക്കുവശത്തും പടിഞ്ഞാറുവശത്തും ഒരോ കലിങ്കുപാലങ്ങൾ നിർമിക്കുക.

5. അഞ്ചുതെങ്ങിൽ കിഴക്കുവശത്ത് ഒരു കലുങ്കുപാലം നിർമിക്കണം. പണ്ടാരച്ചിറ റോഡിലേക്ക് കടക്കുന്ന പാലം പുതുക്കിപ്പണിയണം.

6. വാലേക്കടവ് മില്ലിന്റെ വഴി വടക്കോട്ട് പണ്ടാരച്ചിറ റോഡുമായി സന്ധിക്കുന്ന റോഡ് നിർമിക്കണം. മില്ലിനുവടക്കുവശം കലിങ്കുപാലം പണിയണം.

7. ദർഭയിൽ ജംഗ്ഷനിൽനിന്നും ക്ഷേത്രപരിസരം വഴി പൊടിക്കളത്തിൽചിറയുമായി ബന്ധിപ്പിക്കുന്ന പ്രധാന മാർഗം സഞ്ചാരയോഗ്യമാക്കി തീർക്കണം. ഒരു കലിങ്കുപാലം ഇവിടെ നിർമിക്കണം.

8. പുതുവേലി തെക്കുവശം നിലവിലുള്ള വഴി ബണ്ടും പാലവും നിർമിച്ച് ഗതാഗതസൗകര്യമുള്ളതാക്കണം.

9. തുണ്ടിൽകാട്ടിൽ തെക്കുവശത്തെ വഴി ബണ്ടുനിർമിച്ച് സഞ്ചാരസൗകര്യമുണ്ടാക്കണം.

വാർഡ് -9

1. കാട്ടിൽ മാർക്കറ്റ് പുത്തൻകരിയിൽ ക്ഷേത്രം മുതൽ തെക്കോട്ടുള്ള വഴിമധ്യേ സ്ഥിരമായ കലിങ്കുപാലം നിർമിക്കുക.

2. എൻ.എച്ച്-കെ.വി. ജട്ടി റോഡിൽ രണ്ട് കോൺക്രീറ്റ് പാലങ്ങൾ നിർമിക്കുകവഴി മുടങ്ങിപ്പോയ ജലഗതാഗതം പുനസ്ഥാപിക്കുക.

3. കരിപ്പൂത്തറ ജംഗ്ഷൻമുതൽ കിഴക്കോട്ട് നടപ്പാത ഗ്രാവലിട്ട് ഉറപ്പിക്കുക.

4. തോണിക്കടവിൽനിന്നും വടക്കോട്ട് കൊട്ടാരം തോപ്പിലേക്ക് ഗ്രാവൽഉറപ്പിച്ച പാത നിർമിക്കുക. ഒരു കലിങ്കുപാലം ഇവിടെ സ്ഥാപിക്കണം.

5. പരുത്തിമൂട്ടിൽനിന്നും വടക്കോട്ട് ഗ്രാവൽപാതയും കലുങ്കുപാലവും നിർമിക്കണം.

6. ഇലഞ്ഞിമൂട്ടിൽ പടിഞ്ഞാറുവശമുള്ള പാലം കലിങ്കുപാലമാക്കി മാറ്റണം.

7. മണികണ്ഠൻ ചിറക്കുവടക്കുവശം കിഴക്കോട്ട് 700 മീറ്റർ ഗ്രാവൽപാത നിർമിച്ച ഗതാഗത സൗകര്യമുണ്ടാക്കണം.

8. ചെമ്പൻപറമ്പിന് പടിഞ്ഞാറുവശമുള്ള നടപ്പാലം കലിങ്കുപാലമാക്കി മാറ്റണം.

9. പ്രധാനപാതകളിലെ താൽക്കാലിക പാലങ്ങൾക്കുപകരം കോൺക്രീറ്റ് പാലങ്ങൾ നിർമിച്ച് ധനദുർവിനിയോഗം സ്ഥിരമായി തടയണം.

വാർഡ് -10

1. 70-ാം നമ്പർ കയർ സംഘത്തിലേക്കുള്ള യാത്രാസൗകര്യത്തിന് എടയാടിത്തോപ്പിൽ നടപ്പാലം നിർമിക്കണം.

2. ആനന്ദവിലാസം തോടിന് വടക്കുവശമുള്ള മുട്ട്വിവലുതാക്കുക.

3. ജലഗതാഗതം തടസപ്പെടാത്തവിധം കലുങ്കു പാലം നിർമിക്കേണ്ടതാണ്.

4. വിളയിൽ പറമ്പിൽ കിഴക്കുവശത്തും പുല്ലാത്തുപറമ്പിൽ കിഴക്കുവശത്തും നടപ്പാലം നിർമിക്കണം.

5. വിളയിൽ പറമ്പിൽനിന്നും ദർഭയിലേക്ക് നടപ്പാലം നിർമിക്കണം.

6. വർക്കലത്തോപ്പ് ബണ്ടും പാലവും മാറ്റി പകരം കോൺക്രീറ്റ് പാലം നിർമിക്കണം.

7. പുത്തൻപുരയിൽ പടിഞ്ഞാറുവശമുള്ള ബണ്ടും പാലവും മാറ്റി പകരം കലുങ്കുപാലം നിർമിക്കുക.

8. എരിക്കാവ് യു.പി.എസിന് പടിഞ്ഞാറുമുതൽ കുരിത്തരവടക്കുവശംവരെയുള്ള എല്ലാ ബണ്ടുകളും പാലങ്ങളും നീക്കി പകരം കോൺക്രീറ്റ് പാലങ്ങളാക്കുക.

9. വല്യകൊട്ടുക്കൽ ബണ്ടും പാലവും മാറ്റി പകരം കോൺക്രീറ്റ് പാലം നിർമിക്കുക.

10. ശങ്കരയ്യൻ തോപ്പിന് കിഴക്കുവശം പുത്തൻ ചിറയിലേക്കുള്ള മാർഗത്തിൽ കോൺക്രീറ്റ് പാലം നിർമിക്കുക.

11. ഇടയാടി തോപ്പിൽ തെക്കച്ചിറയിൽനിന്നും തെക്കോട്ട് സഹദേവന്റെ വീടിനുകിഴക്കുവശത്തേക്കുള്ള മാർഗത്തിൽ കോൺക്രീറ്റു പാലം നിർമിക്കുക.


12. സഹദേവന്റെ വീടിനു തെക്കേച്ചിറയിൽ നിന്നും മിച്ചഭൂമി സ്ഥലത്തേക്കുള്ള മാർഗത്തിൽ പാലം നിർമിക്കുക.


13. പരുത്തിക്കാട്ടിൽ തെക്കേച്ചിറയിൽ നിന്നും പട്ടന്റെ കാട്ടിലേക്കുള്ള മാർഗത്തിൽ പാലം നിർമിക്കുക.


14. ദർഭയിൽ-വൈക്കന്റെ തോപ്പിൽ ജലഗതാഗതത്തിന് തടസം വരാത്തവിധം പാലം നിർമിക്കുക.

15. പനനിൽക്കുംതോപ്പ് വടക്ക് കൈനിശേരി തോട് ഭാഗത്ത് പാലം നിർമിക്കുക.

16. ഒറ്റത്തെങ്ങിൽനിന്നും തെക്കോട്ട് പുത്തൻകാട് ജംഗ്ഷനിലേക്ക് നിർമിച്ച മണൽ റോഡ് ഗ്രാവലിട്ടു റപ്പിച്ചശേഷം ടാർ ചെയ്യുക.




കരുവാറ
ചെറുതന
ഹരിപ്പാട്
N
E
I
II
III
IV
V
VI
VII
VIII
IX
X
കുമാരപുരം
തൃക്കുന്നപ്പുഴ
കാർത്തികപ്പള്ളി
Tar Road
Gravel Road
MOSQUE
: TEMPLE
PO : POST OFFICE
CO-OP. BANK
SCHOOL
SCB
Po



പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

21560 പേർ അധിവസിക്കുന്ന ,ജനസാന്ദ്രതയേറിയ കുമാരപുരം പഞ്ചായത്തിലെ പാർപ്പിട സൗകര്യം തീരെ പരിതാപകരമാണ്. 2512 ഓലപ്പുരകൾ ഈ വസ്തുത വെളിവാക്കുന്നു. ഓടുമേഞ്ഞ 2004 വീടുകളും കോൺക്രീറ്റ് വാർത്ത ഇരുനില കെട്ടിടങ്ങൾ ഉൾപ്പടെയുള്ള 1326 ഭവനങ്ങളും ഇടത്തട്ടുകാർക്കും മേലേക്കിടക്കാർക്കും അഭിമാനകരമായി നിലകൊള്ളുന്നുവെങ്കിൽ ഭൂരിപക്ഷം വരുന്ന കൂലിവേലക്കാർ അടക്കം ചെറുകിട നാമമാത്ര ഭൂടമകൾ സുരക്ഷിത കൂരയ്ക്കു കീഴിലല്ല കഴിയുന്നത്. നിലവിലുള്ള സർക്കാർ ഭവനനിർമാണ സഹായപദ്ധതി ഇക്കൂട്ടരെ ആശ്വസിപ്പിക്കാൻ പോരുന്നതായി തെളിയിച്ചിട്ടില്ല. 9800 രൂപവരെ ഭവനനിർമ്മാണ വായ്പ ലഭിച്ചവർ തുകയുടെ അപര്യാപ്തതയും വായ്പാ സമ്പ്രദായത്തിന്റെ സങ്കീർണ്ണതയും മൂലം ഭവനരഹിതരെക്കാൾ ദുരിതമനുഭവിക്കുവാൻ വിധിക്കപ്പെട്ടവരാണെന്ന ദുഃഖസത്യം വിശേഷാൽ ഗ്രാമസഭയിലെ ആവലാതികൾ വെളിവാക്കുന്നു. കാർഷിക കയർ മേഖലകളിൽ പണിയെടുക്കുന്ന നാമമാത്ര ഭൂടമകൾക്കും ഭൂരഹിതരായ 200 കുടുംബങ്ങൾക്കുമായി 2700 ഭവനങ്ങൾ നിർമിച്ചാലേ പാർപ്പിട പ്രശ്നം പരിഹൃതമാകൂ.

(പട്ടിക T - 1 കാണുക)

കോൺക്രീറ്റുകളുടെ പ്രത്യേകിച്ച് മൊസേയ്ക്കിട്ട തറകളുള്ള ഇരുനിലക്കെട്ടിടങ്ങളുടെ നിർമാണത്തെ സാധിതമാക്കിയത് ഗൾഫ് പണമാണെന്നു കാണാം. ഓടുമേഞ്ഞ വീടുകളിൽ പത്തുശതമാനത്തോളം അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവയാകയാൽ ഈ ആവശ്യത്തിനും വായ്പാ സൗകര്യം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. 9-ാം പദ്ധതിക്കു രൂപം നൽകാൻ പണിയുപേക്ഷിച്ചു വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുത്ത മൂന്നു പാവപ്പെട്ട കൂലിപ്പണിക്കാരുടെ ഓലപ്പുരകൾ പ്രകൃതിക്ഷോഭത്തിന്റെ ക്രൂരവിനോദം താങ്ങാനാവാതെ തകർന്നടിഞ്ഞ് ഭവനരഹിതരായ സംഭവം അനുകമ്പാപൂർവം കാതോർക്കപ്പെടേണ്ടതുണ്ട്.

ഗ്രാമത്തിലെ കോളനികൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

(പട്ടിക T - 2 കാണുക)

വീടുകളുടെ ഗുണനിലവാരം: വാർഡുതല അവലോകനം വാർഡ്:

T 1

നിലവിലുള്ള വീടുകളുടെ വിവരം (1995 - 96)

വാർഡ്	ഓട്	കോൺക്രീറ്റ്, ഇരുനില	ഓലപ്പുര . കൂടിൽ	ആകെ
1	295	62	278	635
2	352	103	320	775
3	200	269	180	649
4	124	88	220	432
5	208	378	136	722
6	196	173	212	581
7	256	121	268	645
8	114	19	220	353
9	102	96	390	588
10	157	17	288	462
	2004	1326	2512	5842

കോളനികൾ T 2

ക്ര.നം	പേര്	വാർഡ്	വീടുകളുടെ എണ്ണം	ഓടുമേഞ്ഞ/ കോൺക്രീറ്റവീട്	ഓലമേഞ്ഞ വീടുകൾ
01	മല്ലേക്കര കോളനി	5	12	11	1
02	കുമാരപുരംചെന്നാട്ട് കോളനി	5	38	34	4
03	പര്യാരം ലക്ഷംവീട് കോളനി	2	12	4	8
04	പാണൂർലക്ഷംവീട് കോളനി	2	19	3	16
05	വാലൂപറമ്പ് ല. വീട് കോളനി	3	8	2	6
06	മൂടേതെക്കതിൽ ല.വീ.കോളനി	5	6	4	2
07	എരുവന്തറ ല. വീട് കോളനി	6	9	4	5
08	പീടികയിൽ ല.വീട് കോളനി	6	16	1	15
09	കൊച്ചുവീട്ടിൽ ല.വീട് കോളനി	6	14	1	13
10	തയ്യിൽ ലക്ഷംവീട് കോളനി	6	12	3	9

T 3 കഴിഞ്ഞവർഷങ്ങളിൽ നൽകിയ കെട്ടിട നിർമ്മാണ ലൈസൻസുകൾ; J R Y വായ്പകൾ

ലൈസൻസുകളുടെ എണ്ണം / J R Y വായ്പ തുക	92 - 93	93 - 94	94 - 95	95 - 96	91 - 92 Rs.
		14	17	20	-
	22000	93300	36900	-	121854

പ്രശ്നങ്ങൾ:1. സ്ഥിരവരുമാനമില്ലാത്തവർക്കും നാമമാത്ര ചെറുകിട ഭൂഉടമകൾക്കും കെട്ടിടനിർമാണ വായ്പ ലഭിക്കുന്നില്ല.

2. ദുർബല വിഭാഗത്തിന് ഭവനനിർമാണത്തിന് ആവശ്യമായ ഭൂമിഅനുവദിക്കുന്ന നടപടിയൊന്നും ആരംഭിച്ചിട്ടില്ല. ഭൂമിവാങ്ങി വിതരണം ചെയ്യുന്ന സ്കീം നടപ്പാക്കാവുന്നതാണ്.

3. നിലവിലുള്ള സർക്കാർ ഭവനനിർമാണപദ്ധതിയുടെ അപര്യാപ്തമായതുക സാങ്കേതികക്കുരുക്കുകൾ എന്നിവയെ ഫലപ്രദമായി അഭിമുഖീകരിക്കാൻ സാധാരണക്കാരനു കഴിയുന്നില്ല. കെട്ടിടനിർമാണ സാമഗ്രികൾ പലതും കാലാകാലങ്ങളിൽ ലഭിക്കുന്നില്ല. ലഭ്യമാകുന്ന വസ്തുക്കൾക്ക് അമിത വില നൽകേണ്ടിവരുന്നു. ആകയാൽ 30,000 രൂപയിൽകുറഞ്ഞ തുകകൊണ്ട് ഒരു ചെറിയ ഭവനംപോലും വാസയോഗ്യമായി നിർമിക്കാൻ കഴിയുന്നില്ല.

4. ഭവന നിർമാണ വായ്പകളുടെ വിതരണത്തിലെ ഗഡുക്കൾ തമ്മിലുള്ള കാലദൈർഘ്യം പ്രശ്നം സങ്കീർണ്ണമാക്കുന്നു.

5. ഡിമാൻഡിന്റെ ഒരു ശതമാനത്തിൽ കവിഞ്ഞ് സാധാരണക്കാരന് വായ്പ ലഭ്യമാക്കാൻ സംവിധാനമില്ല.

6. വായ്പയ്ക്ക് ജാമ്യമായി, നിർമിക്കപ്പെടുന്ന കെട്ടിടങ്ങൾ സ്വീകരിക്കാൻ വായ്പാ ദാതാക്കൾ തയാറാകാത്ത സ്ഥിതിക്ക് മറ്റുവിധജാമ്യം നൽകാൻ കഴിയാത്ത ഭൂരിപക്ഷം വായ്പാപേക്ഷകരും ഭവനനിർമാണം അസാധ്യമെന്നുകരുതി ഉള്ളകൂടിലുകളിൽ ഒതുങ്ങിക്കൂടാൻ നിർബന്ധിതരാകുന്നു.

പരിഹാര നിർദേശങ്ങൾ

1. സർക്കാർ ഭവനനിർമാണ വായ്പാ നടപടികളിലെ സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കി താഴെപ്പറയുന്ന സൗകര്യങ്ങൾ ദുർബല വിഭാഗത്തിനായി പ്രത്യേകം ഏർപ്പാടുചെയ്യുക.

2. മൈത്രിഭവൻ പദ്ധതി നടപ്പാക്കുക.

3. വായ്പത്തുക 30,000 രൂപ മുതൽ 50,000 രൂപവരെ പ്രാദേശിക ആവശ്യം പരിഗണിച്ച് അനുവദിക്കുക.

4. വായ്പാ നടപടികൾ പഞ്ചായത്ത് മുഖേന നടപ്പാക്കുക.

5. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിക്കു നൽകുക.

6. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പാടേ പരിഹരിക്കുവാൻ സമയബന്ധിതമായി വായ്പാ പദ്ധതികൾ നടപ്പാക്കുക.

7. ചെലവുകുറഞ്ഞ വീടുകളുടെ നിർമാണത്തിന് ആധുനിക സാങ്കേതിക വിദ്യ പ്രായോഗികമാക്കുക. നിർമിതി കേന്ദ്രങ്ങളുടെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

8. കെട്ടിടനിർമാണ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വിലനിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത്, സിവിൽ സപ്ലൈസ് വകുപ്പ് എന്നിവ ഏറ്റെടുത്തു നടപ്പാക്കുക.

9. പഞ്ചായത്തു തലത്തിൽ പ്രവർത്തന മേഖലയുള്ള ഹൗസിംഗ് സഹകരണസംഘം രജിസ്റ്റർ ചെയ്ത് ഭവനനിർമാണച്ചുമതല നിർവഹിക്കുക. സർക്കാർ ഭവനനിർമാണ വായ്പാ വിതരണത്തിന് ഏജൻസിയായി സംഘം വർത്തിക്കുകയും നിർമാണ തൊഴിലാളികളെ ലഭ്യമാക്കുകയും ചെയ്യുക.

10. വിദേശമലയാളികളുടെ നിക്ഷേപങ്ങൾ ആകർഷിച്ച് ഭവന നിർമാണവായ്പയായി വിതരണം ചെയ്യുന്നതിന് പഞ്ചായത്തും ധനകാര്യ സ്ഥാപനങ്ങളും പ്രത്യേകിച്ച് ഹൗസിംഗ് സഹകരണ സംഘവും ലക്ഷ്യമിട്ട് പ്രവർത്തിക്കുക.

11. കെട്ടിടങ്ങളുടെ കേടുപാടുകൾ പോക്കാനും സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വേണ്ടി വായ്പകൾ ലഭ്യമാക്കുക.

12. ഭൂരഹിതരായ അപേക്ഷകർക്ക് ഭവനനിർമാണത്തിന് ഭൂമി നൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുക.

13. ഭവനനിർമാണ വായ്പക്കുള്ള തവണകൾ വിതരണത്തിൽ കുറക്കുകയും തിരെ ഈടാക്കുന്നതിൽ വർധിപ്പിക്കുകയും പലിശ ഇളവ് അനുവദിക്കുകയും ചെയ്യുക.

14. അർഹതയുള്ള കേസുകളിൽ വായ്പക്കു ബദലായി ഭവന നിർമാണ ഗ്രാൻറ് അനുവദിക്കുക.

15. തൊഴിൽ രഹിതരായ സ്ത്രീപുരുഷന്മാർക്ക് കെട്ടിട നിർമാണത്തിൽ വിദഗ്ധ പരിശീലനം ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

16. വായ്പ ഉപയോഗിച്ച് നിർമിക്കുന്ന കെട്ടിടങ്ങളുടെ ജാമ്യത്തിൽ വായ്പ അനുവദിക്കുക.

സാമൂഹ്യക്ഷേമം

ദാരിദ്ര്യ നിർമാർജന പദ്ധതികളും വിവിധ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട് ഒട്ടേറെ പേർ സഹായം നേടുന്നുണ്ട്. എന്നാൽ ഈ രംഗങ്ങളിൽ പോരായ്മകളുടെ പരിവേദനങ്ങൾ മുറ്റി നിൽക്കുന്നു. അർഹതയുള്ളവർ സമർപ്പിക്കുന്ന അപേക്ഷകളിൽമേൽ യഥാ സമയം തീരുമാനമാകുന്നില്ല. വാർധക്യ കാലപെൻഷന് അപേക്ഷിക്കുന്നവരുടെ സ്ഥിതി കാലതാമസം മൂലം കഷ്ടത്തിലാകുന്നു.

T 4

I. R. D. P സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ	ആകെ കുടുംബങ്ങൾ
1	221	
2	265	1971
3	135	
4	147	**ഭവന നിർമ്മാണം**
5	255	1. I.R.D.P സർവ്വേപ്രകാരം ആവശ്യമുള്ള കുടുംബങ്ങൾ 300
6	189	2. അനുവദിച്ച വീടുകൾ 40
7	199	3. പൂർത്തീകരിച്ച വീടുകൾ 28
8/10	359	
9	204	

നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ 106

നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച SC/ST കുടുംബങ്ങൾ - 26

ആകെ SC/ST കുടുംബങ്ങൾ - 43

സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയവർ - 42

T 5

പെൻഷൻ,ധനസഹായം

വിലയ് വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശ കലാകാ ര പെൻ	അവശ കായിക ക്ഷ. പെ	ക്ഷയ രോഗി	കുഷ്ഠം	കാൻസർ	കർഷ ത്തൊ. പെൻ.	തൊഴിലില്ലായ് മാവേതനം
90 - 91										318	
91 ഠ 92		137	89	59						374	
92 ല 93										438	
93 ല 94										480	
94 ദ 95										533	
95 ർ 95		101	64	39	1		7		8	560	205

T 6

വിവിധ പെൻഷനുകൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ സ്ഥിതി

വാർദ്ധക്യകാല പെൻഷൻ	വിധവ പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	ക്ഷയരോഗി പെൻഷൻ	തൊഴിലില്ലായ്മ വേതനം	മറ്റുള്ളവ
ഇല്ല	2	70	1	120	ഇല്ല

T 7

സാമൂഹ്യ വന വൽക്കരണ പരിപാടി

ഉൽപ്പാദിപ്പിച്ച തൈയുടെ ഇനം	ആകെ ഉൽപ്പാദിപ്പിച്ച തൈകളുടെ എണ്ണം					വിതരണം നടത്തിയതിന്റെ എണ്ണം				
	'91	'92	'93	'94	'95	'91	'92	'93	'94	'95
ഇലവ്			12500					12500		
പ്ലാവ്			2132					2132		
പുളി			4935					4935		
നെല്ലി			2118					2118		
പേര			996					996		
കശുമാവ്			1888					1888		
മാവ്			804					804		
കാറ്റാടി			1652					1652		
തേക്ക്			1320					1320		
പെരുമരം			2048					2048		
മഹാഗണി			2628					2628		
ആകെ			22021					22021		

1990 - 91 ൽ ആകെ ഉൽപ്പാദിപ്പിച്ച ഫലവൃക്ഷങ്ങൾ - 4050 വിതരണം - 4050
1991 - 92 ൽ ആകെ ഉൽപ്പാദിപ്പിച്ച ഫലവൃക്ഷങ്ങൾ - 3000 വിതരണം - 3000

T 8

I. R. D. P സർവ്വേ പ്രകാരം സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ

ആകെ 729 വീടുകൾ

1992 നു ശേഷം അനുവദിച്ച കക്കൂസുകൾ	139
പൂർത്തികരിച്ചവ	129
ഇനു കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം	600

T 9

I. R. D. P സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണം നൽകുന്ന പരിപാടി (R. A. P)

ആകെ തൊഴിലുകാർ		65
സഹായം ലഭിച്ചവർ	-	15

ട്രൈസം തൊഴിൽ പരിശീലനം T 11

വർഷം	പരിശീലനം ലഭിച്ച വരുടെ എണ്ണം	അവരിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ	മറ്റുവിധം തൊഴിൽ ലഭിച്ചവർ
92-93	8	14 എണ്ണം	25 എണ്ണം
93-94	13		
94-95	10		
95-96	10		
	ആകെ 41		

C C S for SF/MF പരിപാടി T 10

വാർഡ്	1	2	3	4	5	6	7	8	9	ആകെ
നിർമ്മിച്ച കിണറുകൾ	5	8	8	5	13	4	8	4	5	60 എണ്ണം

T.12 D W C R A പ ദ്ധതി പ്രകാരമുള്ള തൊഴിൽ പരിപാടികൾ

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	പ്രവർത്തന ക്ഷമത
6	പാണ്ഡവത്ത് ഡയറി യൂണിറ്റ്	1993	10 എണ്ണം	ഗ്രൂപ്പ് നല്ലനിലയിൽ പ്രവർത്തിക്കുന്നു
6	ബീനാ ഡയറി യൂണിറ്റ്	1993	10 എണ്ണം	
9	ദേവി കയർ യാൺ യൂണിറ്റ്	1993	10 എണ്ണം	
9	അർച്ചനാ കയർ യൂണിറ്റ്	1993	10 എണ്ണം	

T 13 കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ

സ്ത്രീകൾ		കുട്ടികൾ		അനുപൂരക പോഷകാഹാരം രഭിക്കുന്നവർ		
ഗർഭിണികൾ 106	മുലയൂട്ടുന്ന അമ്മമാർ 113	ഒരുവയസിനുതാഴെ 259	ഒരുവയസിനു മുതൽ 5 നു താഴെ 1115	കുട്ടികൾ 810	ഗർഭിണികൾ 86	അമ്മമാർ 91

ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ ഇല്ല. വീടുകളിൽ പ്രസവം നടന്നിട്ടില്ല.

T 14 പ്രതിരോധകുത്തിവയ്പ് കുട്ടികൾക്കും ഗർഭിണികൾക്കും

ടി. ടി.		ബി. സി. ജി.	ഡി. റ്റി. പി.				പോളിയോ				ഡി. റ്റി.				മീസിൽസ്
1 D	2 D	1482	1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	1121
91	66		517	500	1332	933	507	489	1332	933	507	489	1156	661	

T 15

പൊതു വിതരണം

വർഷം	വിതരണ കേന്ദ്രംNo.	കാർഡുടമകളുടെ എണ്ണം			ഗുണഭോക്താക്കൾ		ആകെ	വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ						പെർമിറ്റ്	പെർമിറ്റ്വഴി മണ്ണെണ്ണ L	കാർഡ്വഴി മണ്ണെണ്ണ L
		NE	E	ആകെ	മേജർ	മൈനർ		അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ			
1995 - 96	165	189	139	328	1307	174	1481	1055	123	13	103	79		9	1008	15000
	166	210	191	401	1543	273	1816	832	157	90	900	109		4	422	19389
	167	153	148	301	1159	224	1383	144	30	180	6	24		5	624	3429
	168	242	178	420	1589	290	1879	1410	160	12	32	98		16	2196	19200
	169	102	153	255	1025	201	1226	575	82	900	2160	65	-	28	3540	10200
	170	134	230	364	1477	277	1754	786	81	1080	1800	81		53	7104	14532
	171	139	235	374	1463	241	1704	339	85	720	1350	93		57	6352	15130
	172	115	161	276	1069	226	1295	406	115	450	2160	1060	-	45	160	11162
	173	168	178	346	1419	249	1668	600	150	180	450	768	-	33	4308	14800
	174	96	179	275	1102	245	1347	332	132	880	3240	71	-	28	3486	10555
	175	210	171	381	1513	249	1762	960	140	940	3670	84		20	1956	16700
	248	90	106	196	738	147	885	108	60	180	360	50	-	7	792	8200
	251	116	75	191	784	127	911	-		-		-	--	3		
ആകെ				4108			19111	7547 QL	1315 QL						34218 L	158299 L

N E :വൈദ്യുതീകരിക്കാത്തവീട്, E:വൈദ്യുതീകരിച്ചത്

വിധവാ പെൻഷൻ അപേക്ഷകൾ പൊതുവേ പരിഗണിക്കപ്പെടുന്നില്ല. ഐ.ആർ.ഡി.പി വായ്പകൾ ആണ്ടിൽ ശരാശരി മുപ്പതാണെന്നിരിക്കെ ആവശ്യക്കാരിൽ ആരെ തേടിയെത്തുമെന്ന് ആർക്കും നിശ്ചയമില്ല. അനുവദിക്കപ്പെട്ട പെൻഷനുകളെ ആശ്രയിച്ചുകഴിയുന്നവർക്ക് കഴിഞ്ഞകാല അനുഭവത്തിന്റെ വെളിച്ചത്തിൽ നിരാശമാത്രം. ക്ഷേമനിധികൾക്കുള്ള തൊഴിലുടമാവിഹിതം സമാഹരിക്കാറില്ല. റിട്ടയർമെൻറ് ആനുകൂല്യം നൽകാറില്ല. അർഹതയുള്ള ഒട്ടേറെ ആളുകൾ വിവിധ പെൻഷനുകൾക്കായി അപേക്ഷൾ സമർപ്പിച്ചിട്ടില്ല. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം സഹായപദ്ധതികളാണുള്ളതെന്ന് സാധാരണ ജനങ്ങൾക്ക് അറിവില്ല. അർഹതയുള്ള ഏതാനും അപേക്ഷകരുടെ തൊഴിലില്ലായ്മാ വേതനം നിരസിക്കപ്പെടുകയും വേതനം വാങ്ങിയിരുന്ന ഏതാനും അർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ളതായി ആവലാതിപ്പെട്ടിരിക്കുന്നു. കൈതൊഴിൽ-വിദഗ്ദ്ധ തൊഴിൽ ക്ഷേമനിധി പദ്ധതിയിൽ ഒട്ടേറെ അർഹരായ വനിതകൾ അംഗങ്ങളാകാതെ അവശേഷിക്കുന്നു. പെൻഷനുകൾക്കുള്ള അപേക്ഷകളിൽ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കേറ്റു സമ്പാദിക്കാൻ സർക്കാർ ഡോക്ടർമാരെ തേടിയുള്ള നെട്ടോട്ടത്തിൽ പല വൃദ്ധതൊഴിലാളികളും കൂടുതൽ അവശരാകുന്നു. ഇങ്ങനെ നീളുന്നു പരിവേദനങ്ങളുടെ പട്ടിക. ഇവിടെ നിലവിലുള്ള പെൻഷനുകൾ ധനസഹായപദ്ധതികൾ തുടങ്ങിയവ പട്ടികപ്പെടുത്തുന്നു.

(പട്ടിക T - 4 കാണുക)

ഐ.ആർ.ഡി.പി ലിസ്റ്റിൽ അനർഹരായവർ കടന്നുകൂടുകയും അർഹരായവർ ഒട്ടേറെ പേർ ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ടുണ്ട്. എന്നാൽ ഇതിനകം ആനുകൂല്യം ലഭിച്ചവരിൽ അർഹതയില്ലാത്തവർ ഉൾപ്പെട്ടതായി റിപ്പോർട്ടില്ല. ഐ.ആർ.ഡി.പി പരിധി 11,000/- എന്നത് കുറഞ്ഞത് 25,000 രൂ. ആക്കണമെന്ന് നിർദേശിക്കപ്പെടുന്നു. 96-97 വർഷത്തിൽ ഐ.ആർ.ഡി.പി സഹായം 26 കുടുംബങ്ങൾക്ക് ലഭിച്ചു.

പെൻഷൻ; ധനസഹായം എന്നിവ സംബന്ധിച്ച വിവരം

(പട്ടിക T - 5 കാണുക)

വിവിധ പെൻഷനുകൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ സ്ഥിതി.

(പട്ടിക T - 6 കാണുക)

പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നില്ല. കുടിശ്ശിക കുന്നുകൂടുകയാൽ ആകെയുള്ള ആശ്വാസം അകന്നകന്നു പോകുന്നു. 95-96 വരെയുള്ള അനുഭവം ആവർത്തിക്കരുതെന്നത്രേ അവശവിഭാഗക്കാരുടെ ആവശ്യം.

സാമൂഹ്യവനവൽക്കണപരിപാടി

(പട്ടിക T - 7 കാണുക)

കൂടാതെ

(പട്ടിക T - 8) I.R.D.P. പ്രകാരമുള്ള സാനിട്ടറി കക്കൂസ്

(പട്ടിക T - 9) I.R.D.P. പ്രകാരം R.A.P.

(പട്ടിക T - 10) C.C.S.

(പട്ടിക T - 11) ട്രൈസം

(പട്ടിക T - 12) D.W.C.R.A.

(പട്ടിക T - 13) മുലയൂട്ടുന്ന അമ്മമാർ

(പട്ടിക T - 14) പ്രതിരോധ കുത്തിവെയ്പ്പ്

(പട്ടിക T - 15) പൊതുവിതരണം

ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കൊതുകുനശീകരണം, എലി നശീകരണം, പേ വിഷബാധക്കെതിരെയുള്ള നടപടികൾ, ആരോഗ്യ സംരക്ഷണ സെമിനാറുകൾ തുടങ്ങിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിന്റെ ഈ ദൗത്യപ്രവർത്തനങ്ങൾക്ക് കരുത്തേകുന്ന ഏതാനും മാതൃകാ സന്നദ്ധ സംഘടനകളുടെ പേരുകൾ ഇവി

ടെ അനുസ്മരിക്കുന്നു.

1 ശ്രീനാരായണ ധർമ്മ സാംസ്കാരിക സേവാസംഘം -രജി. നമ്പർ A:442/85 എരിക്കാവ്

2. കേരളാ ഉപഭോക്തൃ സമിതി -കുമാരപുരം യൂണിറ്റ് -നമ്പർ 120 (AP) 493

3. ഹുദാ ട്രസ്റ്റ്, ഡാണാപ്പടി

4. 'സഹായി' സൊസൈറ്റി -രജി: നമ്പർ A-128/94

5. ശാസ്ത്ര സാഹിത്യ പരിഷത്ത് കുമാരപുരം യൂണിറ്റ്

6. ആത്മവിദ്യാസംഘം, കാട്ടിൽ മാർക്കറ്റ്

7. സ്ക്രോസ് സൊസൈറ്റി, എരിക്കാവ്

8. 'സമത' (ഭാരത്ജ്ഞാൻ വിജ്ഞാൻ സമിതി) കുമാരപുരം യൂണിറ്റ്

നിർദേശങ്ങൾ

11. ഐ.ആർ.ഡി.പി ലിസ്റ്റ് പരിശോധിച്ച് അർഹരായവർക്കു മുഴുവൻ സഹായം ലഭ്യമാക്കുന്നതിനുള്ള പഞ്ചായത്തുതല പരിപാടിക്കു രൂപം നൽകുക.

2. അർഹരായ എല്ലാവർക്കും വിവിധ പെൻഷനുകൾ അനുവദിക്കുന്നതിന് ബോധവൽകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഗ്രാമസഭകൾ, സന്നദ്ധസംഘടനകൾ, മഹിളാ സമാജങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ ഏകോപിപ്പിച്ച് നടപടികൾ സ്വീകരിക്കുവാനുള്ള ഉത്തരവാദിത്വം പഞ്ചായത്തിന് ഉണ്ടാകണം.

4. കർഷക തൊഴിലാളി പെൻഷനെന്ന പോലെ മറ്റു പെൻഷൻ പദ്ധതികളും പഞ്ചായത്തിൽ സ്വീകരിച്ച് നടപടിക്കു വിധേയമാക്കുക.

5. വിദ്യാലയങ്ങൾ, അംഗൻവാടികൾ എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യ പരിശോധനയും പരിരക്ഷയും തുടർച്ചയായി നടത്തുവാൻ പഞ്ചായത്ത് നേതൃത്വം നൽകുക.

6. പോഷകാഹാര വിതരണത്തിന്റെ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ ഏറ്റെടുക്കുക. ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരുടെ ചുമതല ഇക്കാര്യത്തിൽ ഒഴിവാക്കേണ്ടതില്ല.

8. ഉപഭോക്തൃ പ്രസ്ഥാനം, സാമൂഹ്യനീതി, നിയമ വ്യവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾക്ക് പൊതുജനങ്ങളെ വിധേയരാക്കുന്നതിന് വേണ്ടി ഗ്രാമസഭകൾ, പഞ്ചായത്ത് തല സെമിനാറുകൾ എന്നിവ നടത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുക്കുക.

9. സാമൂഹ്യക്ഷേമ വകുപ്പിന്റെ വനിതകൾക്കും ദുർബലവിഭാഗക്കാർക്കുമായുള്ള വിവിധ പദ്ധതികൾ കാര്യക്ഷമമായി വാർഡ് തലത്തിൽ നടപ്പാക്കുന്നതിന് പഞ്ചായത്തിലെ ജനവിദ്യാകേന്ദ്രങ്ങളെ സ്പോൺസർകേന്ദ്രങ്ങളായി ചുമതല ഏൽപ്പിക്കുക.

10. പഞ്ചായത്ത് പ്രദേശത്ത് ഒരുവൃദ്ധമന്ദിരം പഞ്ചായത്തിന്റെ ചുമതലയിൽ സ്ഥാപിച്ചു പ്രവർത്തിക്കുക.

★ ★ ★

5.08

സംസ്കാരം

കുമാരപുരം ഒരു ഓണാട്ടുകര പ്രദേശമാണ്. ഓണാട്ടുകരയ്ക്ക് അഭൂതപൂർവമായ വിലക്കയറ്റം ഉണ്ടായിരിക്കുന്നു. വികസിത നഗരങ്ങളെ അപേക്ഷിച്ച് ഈ ഉൾനാടൻ പ്രദേശത്തിന് എന്തേ ഇത്ര വിലകുതിച്ചുയരാൻ? ഇതിലേക്കു വെളിച്ചം വീശുന്ന ഒരു പഠനം ഈയിടെ നടക്കുകയുണ്ടായി. പഠനം വെളിവാക്കിയ വസ്തുത ഇതാണ്: ഹരിപ്പാട്, കുമാരപുരം, കരുവാറ്റ, കാർത്തികപ്പള്ളി തുടങ്ങിയ പ്രകൃതി ഭംഗിയേറിയ പ്രദേശങ്ങൾ സാംസ്കാരികമായി ഉയർന്നനിലവാരം പുലർത്തുന്നു. മതസൗഹാർദം മാതൃകാപരമായി നിലനിർത്തുന്നതിൽ പാരമ്പര്യമേൻമ, തികഞ്ഞ സമാധാന അന്തരീക്ഷം എന്നതത്രേ രണ്ടാമത്തെ കാരണം. വ്യാവസായികമായി ഒരുപടിപോലും ഉയരാത്ത ഈ ഓണാട്ടുകരയുടെ വടക്കേ അതിർത്തിപ്രദേശം ഒരു കാലത്തും ചരിത്രരേഖകളിൽ ഒരു ഓണം കേറാമൂല ആയിരുന്നിട്ടില്ല. മറിച്ച് ചരിത്രമുറങ്ങുന്ന ദളവാപുരമായിരുന്ന അനന്തപുരവും മയൂരസന്ദേശകർത്താവിന് അനുകൂലസാഹചര്യമൊരുക്കിയ അനന്തപുരം കൊട്ടാരവും കുമാരപുരം എന്ന കൊച്ചുകേര ഗ്രാമത്തിന്റെ ചരിത്രം സമ്പുഷ്ടമാക്കുന്നു. പുരാതനക്ഷേത്രങ്ങളും മദ്രസകളും പള്ളികളും കായംകുളം ചെമ്പകശ്ശേരി രാജാക്കന്മാരുടെ പ്രതാപങ്ങളുടെ സ്മരണകളുമായി നിലക്കൊള്ളുന്നു.

ഗുരുകുലങ്ങളുടെയും കളരികളുടേയും കേന്ദ്രമായി ഒരു കാലത്ത് ഗ്രാമത്തിന്റെ തെക്കൻ മേഖല വർത്തിച്ചിരുന്നു. കളരികളുടെ അധിപന്മാരായിരുന്ന കുറപ്പ്, പണിക്കർ, കൈമൾ എന്നീ വിഭാഗക്കാരുടെ ഏതാനും പിൻമുറക്കാരും കളരികളുടെ അവശിഷ്ടങ്ങളും നഷ്ടപ്രതാപത്തിന്റെ നിഴലുവിരിച്ചുനിൽക്കുന്നുണ്ട് ഇന്നും.

ഗ്രാമത്തിന്റെ നാനാഭാഗങ്ങളിലായി പുരാതനതറവാടുകളിൽ നാഗന്മാർ നൽകിയ സംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്ന സർപ്പക്കാവുകളും കുളങ്ങളും ഇന്നും പരിരക്ഷപൂണ്ട് അങ്ങിങ്ങുകാണാം. ഈ കാടുകളിലെ അപൂർവ ഔഷധസസ്യശേഖരം അധികമാരും അറിയാതെ ഒളിവിൽ വളരുന്നു.

ഒരു പ്രത്യേക കാർഷിക സംസ്കാരം തന്നെ കാഴ്ചവച്ച ഓണാട്ടുകര കർഷകന്റെ 'പടിക്കൽപത്തുപറ'യെന്ന നിർബന്ധം പടികടന്നത് അടുത്തകാലത്താണ്. എള്ളും മുതിരയും എങ്ങോമറഞ്ഞ ദുഃഖത്തിൽ ഇരുപ്പൂനിലങ്ങൾ ഒറ്റപ്പെട്ടുപോയപ്പോൾ കാർഷികവൃത്തിയിൽനിന്നുതന്നെ ഒളിച്ചോടുന്ന കർഷകനെ തുണയ്ക്കാൻ കൊച്ചെങ്കിലും ഒരു കുടിൽ വ്യവസായം പോലുമില്ലാതെയായിരിക്കുന്നു.

അവനെ അൽപമൊന്നാശ്വസിപ്പിക്കാൻ കറപുര ളാത്ത സംസ്കാരത്തിന്റെ കുളിർകാറ്റുമാത്രം. കൊ ച്ചുവിത്തും കവുങ്ങും പൂത്താലിയും കുലമറിയനും തെനാനുംവേണ്ടിയും പിൽക്കാലത്ത് ജയയ്ക്കും ഐ.ആർ.എട്ടിനും വേണ്ടിയൊക്കെ വഴിമാറിയ കാല യളവിൽത്തന്നെ കാളയും കലപ്പയും മാത്രമല്ല, കൃഷിനിലങ്ങൾപോലും കൈവിട്ടകന്ന കുമാരപുര ത്തെ കർഷകന് കേട്ടാശ്വസിക്കാൻ ഒരു കൊയ്ത്തു പാട്ടുപോലും അവശേഷിക്കുന്നില്ല.

നാട്ടുംപുറത്തുനിന്ന്, നഷ്ടം വിതച്ചിട്ട്, നമ്മെവിട്ട കന്നുപോയ നൂറുങ്ങുസ്വപ്നങ്ങൾ നൂറിലേറെയുണ്ട്. ഏഴില-ഒമ്പതില-ഇരുപത്തിനാലിലച്ചക്രങ്ങൾ താളം ചവിട്ടിയ നെൽപ്പാടവരമ്പിലൂടെ നെൽക്കറ്റകൾ ശിര സ്സിൽ പേറി നിരനിരയായി നീങ്ങുന്ന കർഷകത്തൊഴി ലാളി സ്ത്രീകൾ, മെതിക്കാൻ മുളകെട്ടിനിർത്തിയ കളത്തിലെ കാവൽ മാടങ്ങൾ, പതം പങ്കുവെ ക്കുന്ന കർഷകതൊഴിലാളി മൂപ്പൻ. കതിരുകട്ടു മുറി ഞ്ഞ് പറന്നകലുന്ന തത്തമ്മക്കൂട്ടങ്ങൾ. വരമ്പത്ത് കൂത്തിയിരുന്ന് കഞ്ഞികോരികുടിക്കുന്ന കർഷക നും കൂട്ടിരിക്കുന്ന കുടുംബനായികയും, 'പൂത്തരി യും നിറയു' നാളിൽ പുതുവസ്ത്രമണിഞ്ഞ് നെല്ലറക ളെ നെൽക്കതിർ ചൂടിച്ച് നിർവൃതിനേടുന്ന വീട്ടമ്മ മാർ. വയ്ക്കോൽ തുറുവിനുവേണ്ടി വെയിലേറ്റുണ ങ്ങുന്ന വയ്ക്കോൽകൂനകളെ വട്ടം ചുറ്റി 'കൂവ ക്കൂവ' കളിക്കുന്ന കുട്ടികൾ... നഷ്ടങ്ങളുടെ പട്ടിക അങ്ങനെ നീളുന്നു. പാടങ്ങളിൽ പൊന്തിവന്ന വട്ടക്കു നകൾ, നീരൊഴുക്കുമാർഗങ്ങളിലെ തടസ്സങ്ങൾ ഇവയൊക്കെയായത്രേ നഷ്ടം വിതച്ച വിനകൾ.

ടൂറിസ വികസനം

പ്രകൃതി ഇത്രകണ്ട് കനിഞ്ഞ് പരിലാളനം നൽകി മനോഹരിയാക്കിയ മറ്റൊരു ഗ്രാമം ജില്ലയിലു ണ്ടോ എന്നറിയില്ല. അതിർത്തിക്ക് പടിഞ്ഞാറുഭാഗ ത്തായി ദേശീയ ജലപാത തഴുകി കടന്നുപോകു മ്പോൾ തെക്കുവടക്കായി ഇടവിട്ടിടവിട്ട് വിന്യസി ക്കുന്ന ജലഗതാഗത സൗകര്യമേറിയ തോടുകൾ. കിഴക്കേയറ്റത്ത് ഓരം ചേർന്നൊഴുകുന്ന കൊപ്പാറ-കാർത്തികപ്പള്ളി തോട്. മുമ്പൊരിക്കൽ പ്രേമസന്ദേ ശവുമായി മീതെപറന്ന് ശ്രീപത്മനാഭപുരത്തേക്കു പോയ കേരള കാളിദാസന്റെ മയൂരം പൊഴിച്ച മയിൽ പീലി പൂക്കളെ പോലെ പോളകൾ പൂത്തുനി റഞ്ഞ ഈ തോട്ടിലൂടെ തുഴഞ്ഞുനീങ്ങിയ കെട്ടുവള്ള ങ്ങൾക്ക് എത്രയോ കഥകളാണു പറയാനുള്ളത്! തോട്ടുവക്കിലെ വലിയ കോയിത്തമ്പുരാനു തടവറ യൊരുക്കിയ അനന്തപുരം കൊട്ടാരം, തൊട്ടടുത്ത് ഠാണാവ് എന്ന തടവറയുമായി ഡാണാപ്പടി. ഭാരത ത്തിലെ ഏറ്റവും പ്രശസ്തിയേറിയ സർപ്പക്ഷേത്രം മണ്ണാറശാല നോക്കെത്തും ദൂരത്ത്. ഡാണാപ്പടി തോ ട്ടിലൂടെ കൊട്ടാരം നടയിൽ നിന്ന് കളിവള്ളമേറി യാൽ കരുവാറ്റാ, പായിപ്പാട്, കുട്ടനാട് വള്ളംകളി കാണാം. കുറച്ചൊന്നു ചുറ്റിക്കറങ്ങി കുമാരനാശാ ന്റെ കരുണ കേട്ടുതുടിക്കുന്ന കുമാരകോടി കാണാം. കപ്പയും കരിമീനും കള്ളുമായി കളിവള്ള ങ്ങളിൽ കയറി കൈത്തോടുകളിലും കായലിലും തണ്ടു രണ്ടും തങ്ങളുതന്നെ പിടിച്ചു തുഴഞ്ഞ് നാടു ചുറ്റിയ നാട്ടുപ്രമാണിമാരുടെ കഥ കുമാരപുരത്തി ന് കുസൃതിച്ചിരി ഉതിർക്കുന്നു. ഗ്രാമത്തിന്റെ പശ്ചി മതീരം ഏറെ ആകർഷകമാണ്. ഇടവിട്ടിടവിട്ട് കൈ ത്തോടുകൾ. തോട്ടുവക്കിൽ നിരനിരയായി തെ ത്തെങ്ങുകൾ. നിലത്തുനിന്നുതന്നെ അടർത്തിയെടു ത്ത് ദാഹശമനം വരുത്താൻ പാകത്തിൽ ഇളനീർ കുടങ്ങളേന്തി കുനിഞ്ഞുനിൽക്കുന്ന കൽപ്പവൃക്ഷങ്ങ ളാണവ. ഈ കൽപ്പവൃക്ഷത്തരുണികൾ മുഖം നോ ക്കുന്ന വട്ടക്കണ്ണാടി പോലെ വിരാജിക്കുന്ന വട്ടക്കായ ലെന്ന അൽഭുത ജലാശയം. ഇത്തരം ഒത്തിരി കുത്തക വിഭവങ്ങൾ കുമാരപുരത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ കൊതിക്കുന്നു. മഹാക്ഷേത്ര ങ്ങളിൽ പ്രധാനപ്പെട്ട ഹരിപ്പാട് ശ്രീസുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ ഉൽഭവഫലമായി ഹരിപ്പാട് എന്ന പ്രദേശത്തിനുപോലും ലഭിക്കാതെ പോയ അനുഗ്രഹീതസ്ഥലനാമമഹിമ സമീപഗ്രാമമായ കുമാരപുരത്തിന് അനായത്തമായി കൈവന്നത്. ഭാര തത്തിന്റെ ടൂറിസ്റ്റ് മാപ്പ് കുമാരപുരത്തെ കൂടാതെ പൂർത്തികരിക്കാനാവില്ല.

പാരമ്പര്യ കലകൾ

കലാനിപുണരായ വലിയകോയിത്തമ്പുരാന്മാരുടെ പതിവുസന്ദർശനങ്ങൾക്ക് വേദിയൊരുക്കിയ അനന്തപുരത്തു കൊട്ടാരത്തെ ചുറ്റിപ്പറ്റി വളർന്നു പുഷ്ടിനേടിയ ഒട്ടേറെ നാടൻ കലകളും പാരമ്പര്യകലകളും ഇവിടെ ഇന്നും വാടിപ്പോകാതെ തളിരിട്ടു നിൽക്കുന്നു. കുത്തിയോട്ടം, കോലടി, തിരുവാതിര, കാക്കാരശിനാടകം എന്നിവ അവയിൽ പ്രധാനം. ഓട്ടൻ തുള്ളലിനും കഥകളിക്കും വളരാൻ ഏറെ സാഹചര്യം ഒരുക്കിയിരുന്നു. ഹരിപ്പാട് മഹാക്ഷേത്രത്തിലെ ചിത്തിര ഉൽസവത്തിന്റെ ഏറ്റവും നിറപ്പകിട്ടാർന്ന വേലകളി എന്ന പുരാതന ആയോധനമുറയെ അനുസ്മരിപ്പിക്കുന്ന കലാവിരുന്ന് കുമാരപുരത്തിന്റെ കുത്തകയത്രേ. കുത്തിയോട്ടപ്പാട്ടുകൾ രചിക്കുന്ന സാഹിത്യകാരനും തിരുവാതിരപ്പാട്ട് രചിക്കുന്ന സാഹിത്യകാരനും അവാർഡ് നൽകുമായിരുന്നെങ്കിൽ അത് വാങ്ങാനുള്ളവർ ഇവിടെത്തന്നെ ജനിച്ചുവളർന്നിരുന്നു. വലിയകോയിത്തമ്പുരാക്കൻമാർക്ക് കുത്തിയോട്ടം ഹരമായിരുന്നു. ശാസ്ത്രീയ സംഗീതത്തിൽ അതീവതാൽപര്യമുള്ള ഒരു പിൻതലമുറയെ സൃഷ്ടിക്കാൻ കുമാരപുരത്തിനു കഴിഞ്ഞു. ഉപകരണ സംഗീതത്തിൽ മികച്ച ഒട്ടേറെ കലാപ്രതിഭകൾ ഇവിടെ മിഴിവുറ്റ പിൻഗാമികൾക്കുവഴിയൊരുക്കി കടന്നുപോയിട്ടുണ്ട്. ചിത്രരചനയും കാവ്യകലയും ശാസ്ത്രീയസംഗീതവും വശ്യസുന്ദരമായ വിധം ജീവിത വൃത്തിയാക്കിയവർ ഇന്നും കൊട്ടാരവളപ്പിൽ വിടർന്ന കലാകുസുമങ്ങളായി വിലസുന്നു.

ആധുനിക കലാരംഗം

നാടകം അതിന്റെ പഴയ രൂപത്തിലും പുതിയ ഭാവത്തിലും സമ്പുഷ്ടമാക്കിയ നിരവധി കലാകാരന്മാർ ഇവിടെ ജീവിച്ചിരുന്നു. കുറെ പ്രതിഭകൾ പൂർവ്വകാല വിജയചരിത്രവും അയവിറക്കി അരങ്ങുവിട്ടകന്ന് ഒതുങ്ങി കൂടുന്നു. കഥകളി, ഓട്ടന്തുള്ളൻ തുടങ്ങിയ കലാരൂപങ്ങൾ ക്ഷേത്രസങ്കേതങ്ങൾ വിട്ടകന്നപ്പോൾ നാടകം, ബാലേ എന്നിവ രംഗപ്രവേശം ചെയ്തുവല്ലോ. ഈ വേദികളിൽ പ്രശസ്തിനേടിയ ബാലേ ട്രൂപ്പും നാടകസമിതികളും ഇവിടെ ഇന്നും ചുവടുറപ്പിച്ചുനിൽക്കുന്നു. 'സുദർശന' നൃത്തകലാലയം എടുത്തു പറയാവുന്ന നൃത്തനാടകവേദിയാണ്. കേരളം ഒട്ടാകെ പ്രശസ്തിനേടാൻ ഈ കലാസമിതിക്ക് കഴിഞ്ഞിട്ടുണ്ട്.

ഉൽസവങ്ങൾ ക്ഷേത്രങ്ങളിൽ ആഘോഷിക്കാറുള്ളത് വൃശ്ചികം മുതൽ മേടം 10 വരെയുള്ള (ഡിസംബർ 20- മേയ് 1) കാലയളവിലാണ്. ഓരോ ക്ഷേത്രത്തിലും പ്രത്യേക തീയതികളിൽ നടക്കുന്ന ഉൽസവങ്ങളോടനുബന്ധിച്ച് വിൽപനമേളകളും നടക്കാറുണ്ട്. ഏകദിനാഘോഷവും വാരം നീണ്ടുനിൽക്കുന്ന ആഘോഷവും ഉണ്ട്.

(പട്ടിക 1 കാണുക)

-പ്രാദേശിക പത്രമാധ്യമങ്ങൾ-

ദേശാഭിമാനി, കേരളകൗമുദി, മാധ്യമം, ജന്മഭൂമി, ചന്ദ്രിക, ദീപിക, മാതൃഭൂമി, മലയാള മനോരമ,ദീപിക, മംഗളം, ഇംഗ്ലീഷ് പത്രങ്ങളായ ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു കൂടാതെ രാഷ്ട്രദീപിക.

വാരികകൾ
മാസികകൾ

മലയാള മനോരമ, മംഗളം, കലാകൗമുദി, ബാലദീപിക, ബാലരമ, ബാലമംഗളം, കുട്ടികളുടെ ദീപിക, ചിന്ത, യുറീക്ക, ശാസ്ത്രകേരളം കൂടാതെ ദേശാഭിമാനി, കേരളശബ്ദം, ഫിലിം മാസികകളും.

ടെലിവിഷൻ സെറ്റുകൾ സാർവ്വത്രികം, കേബിൾ ടി.വി അടുത്തയിടെ പ്രചാരത്തിലായി. ആയിരം ടെലിവിഷൻ സെറ്റുകളിൽ കവിഞ്ഞതായി സൂചനയുണ്ട്. വിദ്യാർത്ഥി വിഭാഗങ്ങത്തിന് ചിട്ടപ്പെടുത്തിയ ഒരു ടെലിവിഷൻ സംസ്കാരം രൂപപ്പെടുത്തിയില്ലെങ്കിൽ കോട്ടമുണ്ടാകുമെന്ന ഭയം പരക്കെ വ്യാപിച്ചിട്ടുണ്ട്.

പ്രചാരമുള്ള പത്രമാധ്യമങ്ങൾ
ഗ്രന്ഥശാലകൾ
വായന ശാലകൾ

വാർഡ്	സംഘടനയുടെ പേര്	ലഭ്യമായ പത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ	ഗ്രന്ഥശാലയുടെ പ്രവർത്തനം
5	പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം	ദേശാഭിമാനി, മാതൃഭൂമി, കേരള കൗമുദി, മലയാള മനോരമ, ചന്ദ്രിക, ഇൻഡ്യൻ എക്സ്പ്രസ്, കേരള ശബ്ദം, ജനപഥം, ചിന്താ, തൊഴിൽ വാർത്ത, മാതൃഭൂമി, കലാകൗമുദി, കരിയർ.	കെട്ടിടസൗകര്യം അപര്യാപ്തം, അനുബന്ധമായി കെട്ടിടം നിർമ്മിച്ച് മുഴുവൻ സമയ വായനശാലയാക്കണം. ടെലിവിഷൻ പ്രവർത്തിക്കുന്നില്ല. നല്ല ഗ്രന്ഥശേഖരം ഉണ്ട്. മെച്ചപ്പെട്ട പ്രവർത്തനം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം. ഫാൻ സ്ഥാപിക്കണം
7	ജയ ഭാരത് ലൈബ്രറി ആൻറ് റീഡിംഗ് റൂം രജി. നം. 4020	ദേശാഭിമാനി, മാതൃഭൂമി, കേരള കൗമുദി, മലയാള മനോരമ.	ഗ്രന്ഥശാലാ സംഘത്തിൻെറ കീഴിലാണ്
8	യുവജന വായനശാലാ നമ്പർ 4021	ദേശാഭിമാനി, മാതൃഭൂമി, കേരള കൗമുദി, മലയാള മനോരമ.	ഗ്രന്ഥശാലാ സംഘത്തിൻെറ കീഴിലാണ്
4	കൂട്ടം കൈത ഗ്രാമിണ വായനശാല.	പ്രവർത്തനം മുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി.	ഗ്രന്ഥശാലാ സംഘത്തിൻെറ കീഴിലാണ്
2	താമല്ലാക്കൽ പബ്ലിക് ലൈബ്രറി	പ്രവർത്തനം മുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി.	ഗ്രന്ഥശാലാ സംഘത്തിൻെറ കീഴിലാണ്
6	സഹായി ജനവിദ്യാ കേന്ദ്രം എ.128/94	ദേശാഭിമാനി ദിനപ്പത്രം, യോജന, തൊഴിൽ വാർത്ത, കരിയർ, വിജയവീഥി, ലേബർ ഇൻഡ്യ, ബാലരമ, ബാലമംഗളം, കുട്ടികളുടെ ദീപിക, യൂറിക്ക.	നവസാക്ഷരകൃതികൾ. കഥ,നാടകം, നോവൽ ചരിത്രഗ്രന്ഥങ്ങൾ, സർക്കാർ പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ, റേഡിയോ, ടെലിവിഷൻ സൗകര്യം.

5-B

വാർഡ്	സംഘടനയുടെ പേര്	പ്രവർത്തനാവലോകനം
9	സന്ധ്യാർദ്രോദയം കൊട്ടിൽമാക്കൽ.	കലാ, സാമൂഹ്യ പ്രതിഭകളെ ആദരിക്കുകയും കലാപോഷണത്തിൽ ശ്രദ്ധിക്കുകയും - വാരാന്ത്യം.
8	മൈത്രി ആർട്സ് & സ്പോർട്സ്	കലാ, കായിക വിനോദപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കൽ, പൊതുജനാക്ഷേമ പ്രവർത്തനം
7	രംഗശ്രീ ആർട്സ് & സ്പോർട്സ്	സ്വന്തമായി കെട്ടിടം സ്വന്തമായുണ്ട്. സാമൂഹ്യ പ്രവർത്തനം മെച്ചം. നൈപുണ്യവികസനത്തിൽ അംഗത്വമുണ്ട്.
7	യൂണിറ്റസ് ആർട്സ് & സ്പോർട്സ്	കലാകായിക രംഗത്ത് പ്രവർത്തനം നടത്തിവരവേ കോവിഡ് കാലം പ്രവർത്തനം മുടങ്ങി വീണ്ടും പ്രവർത്തനരംഗത്തുണ്ട്.
6	സന്ധ്യാ ആർട്സ് സ്പോർട്സ് (ക്ലൈമേറ്റ് പ്രവർത്തനം)	പ്രൊഫഷണൽ രംഗത്ത് ശോഭിച്ചിരുന്നവർ. സാക്ഷരതാ പ്രവർത്തനരംഗത്ത് സജീവമായി കലാപ്രവർത്തനങ്ങൾക്ക് ഉന്നൽ നൽകുന്നവർ. കൂടുതലും പുരാതനമായ സംഘടന.
7	വികാസ് ആർട്സ് & സ്പോർട്സ്	കലാ കായിക വിനോദപോഷണത്തിൽ വികസനകാട്ടി. സമീപകാലത്ത് പൊതുപ്രവർത്തനരംഗത്തുണ്ട്.
9	ചിന്ത വനിതാ സമാജം	നൈപുണ്യപരിശീലനം വനിതകൾക്ക്. ഇപ്പോൾ നിർജ്ജീവാവസ്ഥയിൽ. പ്രവർത്തനം പുനരാരംഭിക്കണം.
3	വനിതാ സമാജം	തയ്യൽ പരിശീലനക്ലാസുകൾ നടത്തുന്നവർ. വനിതാ സ്വയംതൊഴിൽ പദ്ധതികൾ സംഘം രൂപീകരിക്കാൻ ശ്രമിക്കുന്നു.
2	ദേശകലാവിനി വനിതാ സമാജം.	മാതൃകാപരമായ പ്രവർത്തനം വനിതകളുടെ തൊഴിൽ പദ്ധതികൾ രൂപീകരിക്കുക.
8	പ്രിയദർശിനി വനിതാ സമാജം.	തയ്യൽപരിശീലനക്ലാസുണ്ട്. പുനരാരംഭിക്കാം.
	നവീനാ വെൽഫെയർ വനിതാ സമാജം	പുതിയ സംഘടന, വനിതാക്ഷേമപ്രവർത്തനം ആരംഭിച്ചു. കൂടുതലായും പ്രവർത്തിക്കുന്നു.
6	വാണ്ഡയത്ത് ശങ്കരപിള്ള സ്മാരക വനിതാ സമാജം.	79ൽ കൂടുതൽ പ്രവർത്തനം നടത്തിയിരുന്നു. D.W.C.R.A. പുനരാരംഭിക്കുന്നു. സാക്ഷരതാ പ്രവർത്തനരംഗത്ത് സജീവമായിരുന്നു.
2,6	മൈത്രി കലാ കായിക വേദി	കലാ കായിക രംഗം, സാമൂഹ്യ ക്ഷേമ പ്രവർത്തനം.
1,10	അഗ്രി - ഹോർട്ടി കൾച്ചർ സബലപ്മെന്റ് സൊസൈറ്റി ജൈവഗ്രാമം	കാർഷിക രംഗത്ത് പ്രവർത്തനം കേന്ദ്രീകരിച്ചിരിയ്ക്കുന്നു.

സൗഹൃദഗ്രാമം:

ഗ്രന്ഥശാലാസംഘ സ്ഥാപകൻ കൂടിയായ കാൻഫെഡ് സെക്രട്ടറി യശ:ശരീരനായ ശ്രീ പി.എൻ. പണിക്കർ സ്ഥാപിച്ച 'സൗഹൃദഗ്രാമം' എന്ന മഹനീയ സ്ഥാനം കുമാരപുരം ഗ്രാമത്തിന് നേടാൻ അവസരം ഒരുക്കിയ പ്രവർത്തകർ 6, 7 എന്നീ തെക്കൻ വാർഡുകളിൽ നേതാവ്നഷ്ടമായ ദു:ഖത്തിൽ തുടർപ്രവർത്തനം നടത്താനാവാതെ കഴിയുന്നു.


സാക്ഷരത പ്രവർത്തനം:

ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം വിജയിപ്പിക്കുകവഴി നിരക്ഷരരായ 592 ഗ്രാമീണരെ സാക്ഷരതാ പഠന കേന്ദ്രങ്ങളിൽ എത്തിക്കുകയുണ്ടായി. അവരിൽ 95 ശതമാനവും സ്ത്രീകൾ ആയിരുന്നു. രണ്ടാം ഘട്ടസാക്ഷരതാ പ്രവർത്തനത്തിൽ 302 നിലനിർത്തി. ഇക്കാലം 25 അക്ഷരസംഘങ്ങൾ രൂപീകരിച്ചു. അവയുടെ പ്രവർത്തനം മുഖ്യമായും വികസന സാക്ഷരതയിൽ ഊന്നിയുള്ളതായിരുന്നു. ബോധവൽകരണസെമിനാറുകൾ, ആരോഗ്യപ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവക്ക് അക്ഷരസംഘങ്ങളുടെ കുടുംബസദസ്സുകൾ സഹായകരമായി. ഇക്കാലം സാക്ഷരത നിലനിർത്താൻ 25 പഠനകേന്ദ്രങ്ങൾ മാത്രം നിലനിർത്തിയിരുന്നു. തുടർ വിദ്യാഭ്യാസ ഘട്ടത്തിന്റെ അവസാന പാദത്തിൽ നവസാക്ഷര പുസ്തകങ്ങൾ ജനവിദ്യാകേന്ദ്രങ്ങളുടെ ചുമതലയിൽ അക്ഷരസംഘങ്ങളിലൂടെ വിതരണം ചെയ്തുവന്നു. അംബേദ്കർ ജനവിദ്യാ കേന്ദ്രം, സഹായി ജനവിദ്യാകേന്ദ്രം, ആത്മവിദ്യാസംഘം ജനവിദ്യാകേന്ദ്രം എന്നിങ്ങനെ 3 ജനവിദ്യാകേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുള്ളതിൽ ആത്മവിദ്യാസംഘം ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചത് നല്ലരീതിയിൽ പ്രവർത്തിച്ചുവന്ന ഏതാനും (6) അക്ഷരസംഘങ്ങൾക്ക് ദോഷമായി ഭവിച്ചു. സഹായി ജനവിദ്യാകേന്ദ്രത്തിന്റെ ചുമതലയിൽ സംസ്ഥാന സാക്ഷരതാ സമിതി നിർദേശിച്ച പ്രകാരമുള്ള വനിതാ സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തനം നടത്തിവരുന്നു. ഈ ജനവിദ്യാകേന്ദ്രത്തിന്റെ പരിധിയിൽ 6, 7, 8, 10 വാർഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അംബേദ്കർ ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനപരിധിയിലാണ് പഞ്ചായത്തിലെ 2, 3, 5 വാർഡുകൾ. 1, 4, 9 വാർഡുകൾ ഇപ്പോൾ ഈ ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനമേഖലയിൽ പെടുത്തി സാക്ഷരതാപ്രവർത്തനം നടക്കേണ്ടതായുണ്ട്. 'നാലാം തരം ശ്രേഷ്ഠംവരം' എന്ന കണ്ടൻസ്ഡ് കോഴ്സ് നാലാംതരം പരീക്ഷക്കുള്ള അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയായപ്പോൾ ഈ പഞ്ചായത്തിലെ 25 നവസാക്ഷരരെയും മറ്റുള്ളവരെയും ഈ കോഴ്സിൽ ഉൾപ്പെടുത്തി. സാക്ഷരതാ പ്രവർത്തകരിൽ ഭൂരിപക്ഷവും വനിതകളായിരുന്നു. തൊഴിൽ തേടിയും മറ്റുതരത്തിലും ഒട്ടേറെ യുവാക്കൾ ഈ രംഗം വിട്ടകന്നു. ഇപ്പോൾ അംബേദ്കർ ജനവിദ്യാകേന്ദ്രത്തിന്റെ പരിധിയിൽ 6, സഹായ ജനവിദ്യാകേന്ദ്രത്തിന്റെ പരിധിയിൽ 6 പ്രവർത്തനം നിലച്ച ആത്മവിദ്യാസംഘം ജനവിദ്യാകേന്ദ്രത്തിന്റെ പരിധിയിൽ 2 എന്ന കണക്കിൽ അക്ഷരസംഘങ്ങൾ ചുരുങ്ങി. ഇവയിൽ പലതിന്റെയും പ്രവർത്തനങ്ങൾ നാമമാത്രമാണുതാനും.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് സാക്ഷരതാ സമിതി വിപുലമായ ഒരു ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുകയും ആദ്യമായി പഞ്ചായത്തുതല സാക്ഷരതാ സമിതിയും തുടർന്ന് സമയബന്ധിതമായി വാർഡുതല സാക്ഷരതാ സമിതികളും പുനഃസംഘടിപ്പിക്കുകയുണ്ടായി. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ പുനസംഘടിപ്പിക്കപ്പെട്ട ഈ സാക്ഷരതാ സമിതികൾക്ക് ഒമ്പതാം പഞ്ചവൽസര പദ്ധതിയുടെ നടത്തിപ്പ് കാലഘട്ടത്തിൽ പ്രത്യേക പ്രവർത്തന രൂപരേഖ തയാറാക്കി നൽകാവുന്നതാണ്. തൽക്കാലം നിക്ഷരതാ നിർമാർജനവും കണ്ടൻസ്ഡ് കോഴ്സ് പദ്ധതി പ്രകാരമുള്ള അധ്യാപനവുമാത്രമനിഷ്കർഷിച്ചിരിക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനം ഒരുക്കുന്ന പഞ്ചായത്തിലെ എല്ലാ ജനക്ഷേമപ്രവർത്തനങ്ങൾക്കും സന്നദ്ധ സേവനം വാഗ്ദാനം ചെയ്തുകൊണ്ട് സേവനപാരമ്പര്യമുള്ള സാക്ഷരതാ പ്രവർത്തകർ പത്തു വാർഡുകളിലും പല വിധപ്രവർത്തനങ്ങളിൽ മുഴുകി കഴിയുന്നുണ്ട്.

5.9



വനിത

വനിതാപങ്കാളിത്തം

'മർദ്ദിത ജനതയുടെ ചരിത്രത്തിൽ ഇന്നുവരെ മഹത്തായ ഒരുപ്രസ്താനവും സ്ത്രീയുടെ വൻതോതിലുള്ള പങ്കാളിത്തമില്ലാതെ ഉണ്ടായിട്ടില്ല.'

-സ്റ്റാലിൻ

കുമാരപുരം പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളും പുരുഷന്മാരും ഏറെക്കുറെ തുല്യം. 10654 പുരുഷന്മാർക്കെതിരെ 10906 സ്ത്രീകൾ മാത്രം വാർഡുകൾ തിരിച്ചുള്ള കണക്ക് പട്ടികപ്പെടുത്തിയിരിക്കുന്നു. എട്ടാം വാർഡ് വിഭജിച്ച് പത്താംവാർഡുകൂടി നിലവിൽവന്നു. ആകെയുള്ള അംഗൻവാടികൾകൃത്യമായി ശേഖരിച്ച വിവരങ്ങളിൽനിന്ന് ആകെ ജനസംഖ്യ 21560 എന്നുകാണുന്നു.

(പട്ടിക T - 9/1 കാണുക)

ഗ്രാമപഞ്ചായത്തിന്റെ പ്രസിഡൻറ് പദവി വനിതക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്നു. കാർഷിക മേഖലയിലും കയർവ്യവസായ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളിൽ യഥാക്രമം 60 %, 80 % സ്ത്രീകളാണ്. അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന 101 പേരിൽ 80 പേർ സ്ത്രീകളാണ്. സഹകരണ മേഖലയിൽ ആകെയുള്ള 7950 അംഗങ്ങളിൽ സ്ത്രീകൾക്ക് പകുതിയോളം പ്രാതിനിധ്യമുണ്ട്. ക്ഷീരോൽപാദക സംഘങ്ങളിൽ ആകെയുള്ള 428 അംഗങ്ങളും യഥാർത്ഥത്തിൽ ക്ഷീരോൽപാദകരായ സ്ത്രീകൾതന്നെ എന്നുവേണം കരുതാൻ. വായ്പാ സഹകരണങ്ങളിൽ ആകെയുള്ള 3276 അംഗങ്ങളിൽ 35 % സ്ത്രീകളുണ്ട്. 256 എസ്.സി/എസ്.ടി അംഗങ്ങളിൽ വനിതാപ്രാതിനിധ്യം കൂടിയിരിക്കുന്നു.

പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം തൃപ്തികരമാണ്. അംഗൻവാടികൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലെ മാതൃസംഗമങ്ങളിലൂടെ അവർ ഗണനീയമായ നേതൃത്വശൈലി തെളിയിച്ചിരിക്കുന്നു. അരഡസനോളം വനിതാ സമാജങ്ങളിലായി 1000 ൽപരം സാമൂഹ്യപ്രവർത്തകർ മെച്ചപ്പെട്ട സേവനം നടത്തി. പഞ്ചായത്തുതല പ്രവർത്തനമുള്ള ശാസ്ത്രസാഹിത്യപരിഷത്ത് യൂണിറ്റ്, ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതിയുടെ വനിതാവിഭാഗമായ 'സമത'യുടെ വില്ലേജ് ഘടകം എന്നിവയിലെ സ്ത്രീകളുടെ സേവന പ്രവർത്തന ശൈലി അനുകരണീയമാകുന്നു. സാമൂഹ്യപ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച വേദികളാണ് ഏതാനും സന്നദ്ധസംഘടനകളുടേത്. 'സഹായി' ജനവിദ്യാകേന്ദ്രം, അംബേദ്കർ ജനവിദ്യാകേന്ദ്രം, ചൈതന്യാ ആർട്സ് ആൻറ് സ്പോർട്സ്, ശ്രീനാരായണ ധർമ സാംസ്കാരിക സേവാസംഘം, രണ്ട്, മൂന്ന് വാർഡുകളിലെ വനിതാ സമാജങ്ങൾ എന്നിവ എടുത്തുപറയാനാവും..

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം മാതൃ

കാപരമായി നയിച്ച് ഒന്നാം ഘട്ടംമുതൽ ഇന്നുള്ള തുടർ വിദ്യാഭ്യാസ ഘട്ടംവരെയുള്ള സാക്ഷരതായജ്ഞത്തെ സമ്പുഷ്ടമാക്കിയത് പ്രധാനമായും 1, 5, 8, 9 വാർഡുകളിലെ അഭ്യസ്ത വിദ്യരായ വനിതകളായിരുന്നു. ഏഴാം വാർഡിൽ സ്വന്തമായി വസ്തു, വൈദ്യുതി സൗകര്യത്തോടെയുള്ള കെട്ടിടമുള്ള ശ്രീനാരായണ ധർമസാംസ്കാരിക സേവാ സംഘം (എസ്.എൻ.ഡി.എസ്.എസ്.എസ്) വനിതാ പ്രാതിനിധ്യത്താൽ മുൻഗണന അർഹിക്കുന്നു. 554 പുരുഷന്മാരും 700 സ്ത്രീകളും അംഗങ്ങളായുണ്ട്. വനിതാക്ഷേമ പരിപാടികൾക്ക് മുൻതൂക്കം നൽകുന്ന ഈ സ്ഥാപനത്തിന് ഒട്ടേറെ വികസന ലക്ഷ്യങ്ങളുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് തടസമായി നിൽക്കുന്നു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വനിതകളിൽ ഭൂരിപക്ഷവും ഗ്രന്ഥശാലാ സ്ഥാപകനായ ശ്രീ പി.എൻ. പണിക്കർ രൂപം നൽകിയ 'സൗഹൃദഗ്രാമ' യൂണിറ്റിലെ പ്രവർത്തകരാണ്.

പൊതുപ്രവർത്തനത്തിലെ വനിതാ പങ്കാളിത്തത്തിന്റെ ചിത്രം മനോഹരമാണെങ്കിലും സ്വന്തം ജീവിതസാഹചര്യങ്ങളിലെ രൂപം വികൃതമാണ് എന്നതാണ് വസ്തുത. രൂക്ഷമായ തൊഴിലില്ലായ്മയുടെ കെടുതികൾ അനുഭവിക്കുന്ന സ്ത്രീകളിൽ അഭ്യസ്തവിദ്യരും ഒരു കാലത്ത് കാർഷിക മേഖലയിൽ പണിയെടുത്തിരുന്നവരും, തകർന്ന കയർവ്യവസായരംഗത്തെ വിട്ടകലേണ്ടിവന്നവരും ഉൾപ്പെട്ട 3000- ഓളം വനിതകളാണുള്ളത്.

സ്വയംതൊഴിൽ കണ്ടെത്താനുള്ള സാമ്പത്തിക മില്ലാത്തവരാണ് ഇക്കൂട്ടരിൽ 90 %. സാങ്കേതിക പരിജ്ഞാനംനേടിയവർ ധാരാളം ഉണ്ടെങ്കിലും ബാങ്ക് വായ്പയോ മറ്റ് ഉപാധികളോ ലഭിക്കാത്തതുമൂലം സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാതെ ദുരിതം ശാപത്താലെന്നോണം സഹിച്ചുകഴിയുന്ന സാമാന്യം വിദ്യാഭ്യാസമുള്ള യുവതികളും വീട്ടമ്മമാരും മുക്തി നേടാതെ ഇവിടെ വികസനത്തിന് കടന്നുവരാൻ കഴിയുമെന്ന് തോന്നുന്നില്ല.

സ്വന്തം ഗ്രാമത്തിൽ കർഷകവൃത്തി വിട്ടൊഴിഞ്ഞവർക്കും കയർ സംഘങ്ങൾ പുറത്താക്കിയവർക്കും തെല്ലൊരാശ്വാസം നൽകിയത് കുട്ടനാടൻ പുഞ്ചകളിലെ തൊഴിലവസരങ്ങളായിരുന്നു. അടുത്തകാലത്ത് പാറപൊട്ടിക്കലും ചെമ്മീൻ പൊളിക്കലുമായി അഭ്യസ്ഥവിദ്യരായ യുവതികൾ അന്യസംസ്ഥാനങ്ങളിൽ കഴിയുന്നകാര്യം കൂടി അനുസ്മരിച്ചുകൊണ്ടാകണം, കഴിഞ്ഞ ഗ്രാമസഭകളിലെ ഗ്രൂപ്പ് ചർച്ചകളിൽ 'വനിത' എന്ന ശീർഷകത്തിന് പിന്നിൽ ജിജ്ഞാസാഭരിതരായി വൃദ്ധകളും വിദ്യാർഥിനികളുമടക്കം നിരവധി വനിതകൾ തിങ്ങിക്കൂടിയത്. ഒരുതൊഴിൽ- അതെന്തുമാകട്ടെ -സാമ്പത്തിക സഹായം ലഭിച്ചാൽ ചെയ്യാൻകഴിയുംവിധം 9-ാം പദ്ധതിക്കാലത്തെങ്കിലും സ്വയം തൊഴിൽ സംരംഭത്തിലൂടെ ജീവിതത്തിൽ വെളിച്ചം കെണ്ടത്താനാവുമെങ്കിൽ ഒരു പദ്ധതി നിർദേശവുമായി താനും എന്ന മട്ടിൽ എത്തിയവരാണ് അവരൊക്കെ. അവർ തികഞ്ഞ പ്രതീക്ഷയോടെ നിരത്തിയ ഏതാനും തൊഴിൽ പദ്ധതി നിർദേശങ്ങളാണ് ചുവടെ പട്ടികപ്പെടുത്തുന്നത്.
(പട്ടിക 9.Aകാണുക)

സ്വയം തൊഴിൽ പദ്ധതി നിർദേശങ്ങൾ

വാർഡ് -1

1. കറിപൗഡർ, അച്ചറുകൾ, തീപ്പെട്ടി കവർ നിർമാണം മെഴുകുതിരി തുടങ്ങിയവക്കുള്ള വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
2. റെഡിമേയ്ഡ് വസ്ത്രങ്ങൾ ഉൽപാദന വിപണനത്തിന് യൂണിറ്റുകൾ
3. ബേക്കറി ആവശ്യത്തിനുള്ള ബ്രഡ്, മിക്സ്ചർ തുടങ്ങിയവ ഉണ്ടാക്കുന്ന യൂണിറ്റുകൾ.

വാർഡ് -2

1. കരകൗശല വസ്തുക്കളുടെ നിർമാണത്തിന് ചെറുകിട വ്യവസായ യൂണിറ്റ്.
2. കയറുൽപന്നങ്ങളുടെ നിർമാണത്തിന് വ്യവസായ യൂണിറ്റ്
3. ബുക്ക് ബൈൻറിംഗ് യൂണിറ്റ്
4. തയ്യൽ-ഗാർമൻറ് മേക്കിംഗ് യൂണിറ്റ്
5. ക്ഷീരോൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള യൂണിറ്റ്

6. ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനത്തിന് യൂണിറ്റ്
7. പച്ചക്കറി കൃഷി പുഷ്പകൃഷി എന്നിവ സ്വയം തൊഴിൽ പരിപാടികളായി നടത്തുന്ന യൂണിറ്റുകൾ.
8. പഴവർഗ സംസ്കരണ യൂണിറ്റ്
9. കൂൺ കൃഷി യൂണിറ്റ്
10. മത്സ്യകൃഷി യൂണിറ്റ്
11. ആടുവളർത്തൽ, കോഴിവളർത്തൽ

വർഡ് -3

1. മെഴുകുതിരി, വിളക്കുതിരി, ചന്ദനത്തിരി, കറിമ സാലപ്പൊടി തുടങ്ങിയവയുടെ ഉൽപാദനത്തിന് ചെറുകിട യൂണിറ്റ്
2. പർപ്പടക നിർമാണ യൂണിറ്റ്
3. പച്ചക്കറി, പുഷ്പഫല സസ്യകൃഷി യൂണിറ്റ്
4. തയ്യൽ റെഡിമേയ്ഡ് ഗാർമൻറ്മേക്കിംഗ് യൂണിറ്റ്
5 പഴവർഗ സംസ്കരണ യൂണിറ്റ്
6. കൂൺകൃഷി
7. മൽസ്യകൃഷി
8. പഞ്ചായത്തുതലത്തിൽ വനിതാ വ്യവസായ സഹകരണസംഘം.

വാർഡ് -4

1. ലതർ ചെരുപ്പ് നിർമാണം ചെറുകിട വ്യവസായം
2. തയ്യൽ റെഡിമേഡ് ഗാർമൻറ് മേക്കിംഗ് യൂണിറ്റ്
3. പായനെയ്ത്ത് കുടിൽ വ്യവസായ യൂണിറ്റ്
4. കയർഉൽപ്പന്നങ്ങൾക്ക് വ്യവസായ യൂണിറ്റ്
5. ഓലമെടയുന്നതിന് കുടിൽവ്യവസായ യൂണിറ്റ്
6. കരകൗശല വസ്തുക്കളുടെ നിർമാണം വ്യവ സായ യൂണിറ്റ്

വാർഡ് -5

1. വിവിധ വനിതാക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള തൊഴിൽ ദാന പരിപാടികൾ പ്രായോഗികമാക്കാനു തകുന്ന വനിതാ സഹകരണ സംഘം രൂപീകരിക്കുക.

വാർഡ് -6

1. വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
2. സ്വയം തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുക.
3. കയറുൽപ്പന്നങ്ങൾക്ക് വ്യവസായ യൂണിറ്റ്
4. കരകൗശല വസ്തുക്കൾ -വ്യവസായ യൂണിറ്റ്
5. പഞ്ചായത്തുതലത്തിൽ വനിതാ വ്യവസായ സഹകരണസംഘം

വാർഡ് -7

1. വിവിധ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
2. കിഴക്കൻ മേഖലകൾക്കായി ഒരു വനിതാ സഹകരണസംഘം രൂപീകരിച്ച് തൊഴിൽ സൗകര്യമുണ്ടാക്കുക.

വാർഡ് -8

1. പ്രിയദർശിനി വനിതാ സമാജത്തിൻെറ ആഭിമുഖ്യത്തിൽ നിലവിലുള്ള തയ്യൽ പരിശീലനകേന്ദ്രം വികസിപ്പിക്കുക.
2.വാർഡുതലത്തിൽ മഹിളാ സമാജം രൂപീകരിച്ച് അതുവഴി വനിതാ സംരംഭങ്ങൾ തുടങ്ങുവാൻ സാമ്പത്തിക സഹായങ്ങൾ നൽകുക.
3. ഒരു വനിതാ സഹകരണ സംഘം വാർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുക വഴി വനിതാ തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുക.

വാർഡ് -9

1. കയർസംഘങ്ങളിൽ കയറുൽപന്നങ്ങൾ നിർമാണം ആരംഭിക്കുക.
2. ഒരു വനിതാ വ്യവസായ സഹ.സംഘം രജിസ്റ്റർ ചെയ്ത് ചെറുകിടവ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക.
3. നാളികേര സംസ്കരണത്തിന് വനിതാ സഹ.സംഘം രൂപീകരിക്കുക.

4. കോഴിവളർത്തൽ ഇറച്ചിക്കോഴിവളർത്തൽ എന്നിവയ്ക്ക് യൂണിറ്റുകൾ തുടങ്ങുക.
5. മെഴുകുതിരി നിർമാണ യൂണിറ്റ് തുടങ്ങുക.
6. ഒരു തയ്യൽ പരിശീലന കേന്ദ്രം വനിതകൾക്കായി തുടങ്ങുക.

വാർഡ്-10

1. വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.
2. വിവാഹമോചിതർക്കും വിധവകൾക്കും മുൻഗണന നൽകുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

കുറിപ്പ്:

ടി നിർദേശങ്ങൾക്ക് അനുകൂലമായ സാമ്പത്തിക സാഹായം ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന വകുപ്പുകളെ സമീപിക്കാവുന്നതാണ്.

സഹായം ലഭ്യമാക്കേണ്ട ഏജൻസി

1. വ്യവസായ വകുപ്പ്
2. ഖാദി ഗ്രാമവ്യവസായ വകുപ്പ്
3. സഹകരണ വകുപ്പ്
4. ശുദ്ധജല/ഓരുജല കൃഷിവികസന ഏജൻസി
5. വനിതാ വികസന കോർപറേഷൻ
6. കയർ വികസന വകുപ്പ്
7. മൃഗസംരക്ഷണ വകുപ്പ്
8. കൃഷി വകുപ്പ്
9. കപ്പാർട്ട് etc....

(സഹായം പഞ്ചായത്തുവഴി)

വനിതാവ്യവസായ/തൊഴിൽ സംരംഭനിർദേശങ്ങൾ
(പഞ്ചായത്തിൽ പൊതുവെ)

1. കല്ലുടക്കൽ വ്യവസായം-വനിതാ സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.
2. കെട്ടിടനിർമാണ ഉപകരണങ്ങൾ നിർമിക്കുക-വനിതാ വ്യവസായ സഹകരണ സംഘത്തിൽ ഉൾപ്പെടുത്തുക.
3. വാഷിംഗ് പൗഡർ, വാഷിംഗ് സോപ്പ്, ടോയ്ലറ്റ് സോപ്പ് നിർമാണം -വനിതാ വ്യവാസയ സഹകരണ സംഘം രൂപീകരിക്കുക.
4. ജൂവലറി-സ്വർണപണിക്കാർക്കായും വളനിർമാണം മറ്റുള്ളവർക്കും -യൂണിറ്റ് രജിസ്റ്റർ ചെയ്യുക
5.ഫോട്ടോ ഫ്രെയ്മിംഗ് -വനിതാ യൂണിറ്റ് സ്ഥാപിക്കുക.
6. നോട്ടുബുക്കുകൾ, രജിസ്റ്ററുകൾ, എൻവലപ്പുകൾ തുടങ്ങിയവയുടെ നിർമാണം -യൂണിറ്റ്
7. ചൂല്, ചുണ്ണാമ്പ് നിർമാണം -യൂണിറ്റ്
8. വാഴനാര്/ചകിരിനാര് വ്യവസായം -യൂണിറ്റ്
9. മസാല നിർമാണം -യൂണിറ്റ്
10. ബേക്കറി വ്യവസായം -യൂണിറ്റ്
11. തേനീച്ച വളർത്തൽ (പട്ടികവർഗം) -യൂണിറ്റ്, തേനീച്ച വളർത്തൽ (പൊതുവിൽ) -യൂണിറ്റ്
12. പഴം പയർവർഗ സംസ്കരണം -യൂണിറ്റ്
13. ഔഷധ സസ്യസംഭരണം, സംസ്കരണം -യൂണിറ്റ്
14. റബർ ഉൽപന്നങ്ങളുടെ നിർമാണം -വനിതാസ ഹ.സംഘങ്ങൾ (ഹവായ് ചെരുപ്പുകൾ)
15. ചിരട്ടഉപയോഗിച്ച് കൗതുകവസ്തു നിർമാണം -യൂണിറ്റ്
16. ചികിരിച്ചോറ് ഉപയോഗിച്ച് വളം തുടങ്ങിയ വസ്തുക്കളുടെ നിർമാണം -യൂണിറ്റ്
17. മെഴുകുതിരി നിർമാണം -യൂണിറ്റ്
18. ടെയ്ലറിംഗ്/റെഡിമേയ്ഡ് വസ്ത്രനിർമാണം -യൂണിറ്റ്
19. എംബ്രോയ്ഡറി -യൂണിറ്റ്
20. ഗോബർ ഗ്യാസ് നിർമാണം.
21. സൈക്കിൾ റിപ്പയറിംഗ്/അസംബ്ലിംഗ് -യൂണിറ്റ്
22. ലൗഡ്സ്പീക്കർ, മൈക്ക് തുടങ്ങിയവ വാടകക്ക്
23. കാലിത്തീറ്റ (പിണ്ണാക്ക്, ധാന്യത്തൊലി തുടങ്ങിയവ ഉപയോഗിച്ച് നിർമിക്കുക) -യൂണിറ്റ്
24. കോഴിത്തീറ്റ (പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച്)-യൂണിറ്റ്, മൽസ്യത്തീറ്റ (പ്രാദേശിക വിഭവങ്ങൾ

ഉപയോഗിച്ച്)

25. നാളികേര സംസ്കരണം -വനിതാ വ്യവസായ സഹ. സംഘം

26. കയറുൽപ്പന്നങ്ങൾ നിർമാണം യന്ത്രവൽകൃത കയർ നിർമാണം -വനിതാവ്യവസായ സഹകരണ സംഘം

27. പച്ചക്കറി, പുഷ്പ സസ്യകൃഷി, കൂൺകൃഷി, ഔഷധ സസ്യകൃഷി -യൂണിറ്റുകൾ

28. മൽസ്യകൃഷി (ശുദ്ധജല മൽസ്യകൃഷി)-യൂണിറ്റ്

29. കോഴിവളർത്തൽ യൂണിറ്റുകൾ

30. കാലിവളർത്തൽ-ആടുവളർത്തൽ -യൂണിറ്റുകൾ.

തൊഴിൽ സംരംഭകർക്ക് സാങ്കേതിക പരിശീലനം, മാനേജ്മെൻറ് പരിശീലനം എന്നിവ നൽകുന്നതിന് ട്രൈസം വ്യവസായ വകുപ്പിൻെറ ഇ.ഡി.പി തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തണം. ആവശ്യമായ ലൈസൻസുകൾ നൽകൽ, വൈദ്യുതി ആവശ്യമുള്ളപക്ഷം ലഭ്യമാക്കൽ, സാമ്പത്തിക സഹായം ലഭ്യമാക്കൽ എന്നിവക്കുപുറമെ എല്ലാ ഘട്ടങ്ങളിലും മേൽനോട്ടവും വിലയിരുത്തലും ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായി വരും. ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങളും ഉറപ്പാക്കേണ്ടതാണ്.

ഗ്രാമത്തെ ടൂറിസം വികസന മേഖലയുമായി ബന്ധപ്പെടുത്തുന്നപക്ഷം വനിതകൾക്ക് കേറ്ററിംഗിലും ഗൈഡിംഗിലും കൂടി തൊഴിൽ കണ്ടെത്താനാവും. കൂടാതെ ഹോട്ടൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് സാമ്പത്തിക നേട്ടം ഉണ്ടാക്കാനും കഴിയും. വെജിറ്റബിൾ മാവേലിസ്റ്റോറുകൾക്ക് സാധ്യതയുണ്ട്. ബ്യൂട്ടി പാർലറുകൾ, കേറ്ററിംഗ് സർവീസ് എന്നിവ വനിതാ സമാജങ്ങൾക്ക് പ്രയോജനകരമാണ്. പാരമ്പര്യകലാപോഷണത്തിലൂടെ ടൂറിസ്റ്റ്മേഖലയെ ആധാരമാക്കി സാമ്പത്തികനേട്ടം കൈവരിക്കുവാനും വനിതാ സമാജങ്ങൾക്ക് അവസരം പ്രതീക്ഷിക്കാം.

കെട്ടിടനിർമാണ രംഗത്ത് ഉറച്ചുനിൽക്കുന്ന വനിതകൾക്ക് നിർമിതികേന്ദ്രത്തിൻെറ സഹകരണത്തോടെയും കയർ നിർമാണയൂണിറ്റിൽ ഉൾപ്പെടുന്നവർക്ക് കലവൂരിലെ റിസർച്ച്ആൻറ് പരിശീലന കേന്ദ്രത്തിൻെറ സഹകരണത്തോടെയും പരിശീലനം നേടാനാവും. ഏത് സംരംഭവും തുടങ്ങുന്നതിന് മുന്നോടിയായി വിദഗ്ധപരിശീലനംനേടേണ്ടതും വിപണന സൗകര്യം ഉറപ്പുവരുത്തേണ്ടതും അനിവാര്യമത്രേ. ഗ്രാമപഞ്ചായത്തിൻെറ പൂർണ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കാം.

ആധുനിക ജീവിതക്രമങ്ങളെ ലക്ഷ്യമാക്കി വനിതകൾ സൈക്കിളിംഗ് അവശ്യം അഭ്യസിക്കേണ്ടതായുണ്ട്.

ഗ്രാമത്തിൽ സമുദായമൈത്രി നിലനിർത്തുന്നതിൽ സ്ത്രീകൾ അനുവർത്തിച്ചുവരുന്ന പങ്ക് സ്തുത്യർഹമാണ്.

വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ ബോധവൽകരണ പരിപാടികൾ സമർത്ഥമായി സംഘടിപ്പിക്കാൻ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് ഇനിയും തുടരേണ്ടതുണ്ട്. കൃഷി സമ്പ്രദായം കണ്ടുപിടിച്ചതുതന്നെ സ്ത്രീകളാണെന്നത്രേ ചരിത്രം. ആനിലയ്ക്ക് നാം മേലിൽലക്ഷ്യമിടുന്ന എല്ലാ കാർഷിക വികസന പരിപാടികളിലും വനിതാ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കി വിജയംകണ്ടെത്താൻ കഴിയണം.


വനിതകൾക്ക് നേതൃത്വപരിശീലനം നൽകാൻ സഹായകരമാകുന്ന വിധം തഴെപറയുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അവലോകനം, വിലയിരുത്തൽ, സഹായങ്ങൾ എന്നിവയിലൂടെ ഏർപ്പെടുത്തേണ്ടതാണ്.

1. വനിതാ സമാജങ്ങൾ (വാർഡിൽ നിലവിലുള്ളവ പുനരുദ്ധരിക്കുക, പ്രവർത്തിക്കുന്നവയുടെ പ്രവർത്തനം പരിശോധിക്കുക, സാമ്പത്തിക സഹായം നൽകുക, അഴിമതി നിരോധിക്കുക)

2. സാക്ഷരതാ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന അക്ഷരസംഘങ്ങൾ-ജനവിദ്യാകേന്ദ്രങ്ങൾ -പ്രതിമാസ അവലോകനം, നേരിട്ടുള്ള പരിശോധന, പ്രവർത്തനം വിലയിരുത്തൽ, സഹായമെത്തിക്കൽ ഇത്യാദി.

3. ക്ലബുകൾ -ആർട് ആൻറ് സ്പോർട്സ് ക്ലബുകളിൽ വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുക.

4. 'സമത' വനിതാവേദി തുടങ്ങിയവ-പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.



സഹകരണ സംഘങ്ങൾ

കാർഷിക രംഗത്തും തൊഴിൽ രംഗത്തും സഹകരണസ്ഥാപനങ്ങളാണ് ഗണ്യമായ സഹായം നൽകുന്നത്. കയർ വ്യവസായ മേഖലയിൽ തൊഴിൽ സൗകര്യം ലഭ്യമാക്കുന്ന കയർ സഹകരണസംഘങ്ങൾ ആറെണ്ണം ഉണ്ട്. കാർഷിക വായ്പ 1449-ാം നമ്പർ, 2147-ാം നമ്പർ എന്നീ രണ്ടുസർവീസ് സഹകരണ ബാങ്കുകൾ മുഖേന ലഭ്യമാക്കുന്നു. രണ്ടുബാങ്കുകളുടെയും പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

കയർ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം ഗണനീയമാണെന്നിരിക്കെ നിലവിലുള്ള ഏഴു കയർ സഹകരണസംഘങ്ങളിൽ പലതും തൊഴിലാളികൾക്ക് ഗുണകരമായി പ്രവർത്തനം നടത്താൻ കഴിയാത്ത അവസ്ഥയിലെത്തി നിൽക്കുന്നവയാണ്. കയർ സംഘങ്ങൾക്ക് ആവശ്യമുള്ളത്ര തൊണ്ട് ലഭിക്കാത്തുതുമൂലം പ്രവർത്തനം മുരടിച്ച സംഘങ്ങളാണ് ഏഴുസംഘങ്ങളും. തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാത്ത സംഘങ്ങളും കൂട്ടത്തിലുണ്ട്.

മൂന്ന് ക്ഷീരോൽപാദക സഹകരണസംഘങ്ങളാണ് പത്തുവാർഡുകളുടേയും ആവശ്യം നിറവേറ്റാനായി നിലകൊള്ളുന്നത്. വാർഡുതലത്തിൽ ക്ഷീരോൽപാദനം വർധിച്ചിട്ടുള്ളതിനാൽ വാർഡുതലത്തിൽ ക്ഷീരസഹകരണസംഘങ്ങളും അനുവദിച്ച് പ്രവർത്തിക്കണമെന്നാണ് പൊതുവേ പൊന്തിവന്നിട്ടുള്ള നിർദേശം.

ലിക്വിഡേഷൻ നടപടിക്കു വിധേയമായിരിക്കുന്ന എട്ടമതുകയർ സഹകരണസംഘം C.V.C.S 447 പുനഃരുദ്ധരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

ഒരു പട്ടിക ജാതി സഹകരണസംഘവും ഒരു പട്ടികവർഗ്ഗസഹകരണസംഘവും പ്രവർത്തിക്കുന്നു. രണ്ടുസംഘങ്ങളും 5-ാം വാർഡിൽതന്നെ സ്ഥിതിചെയ്യുന്നവയാണ്. പട്ടികവർഗ്ഗ സഹകരണസംഘം താലൂക്ക് പ്രവർത്തന മേഖലയായുള്ളതാണ് ഗിരിജൻ സംഘത്തിൽ 249-ഉം പട്ടിക ജാതി സംഘത്തിൽ 264-ഉം അംഗങ്ങളാണുള്ളത്. ഹരിജൻ സഹകരണസംഘമെന്ന പേരിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണസംഘത്തിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് ആവശ്യമുള്ള ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല. ഇതുപരിഹരിക്കേണ്ടതായുണ്ട്.

ഒരു സെറികൾച്ചർ സഹകരണസംഘം ഏഴാം വാർഡിൽ പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ പ്രയോജനം നേടേണ്ടിയിരിക്കുന്നു.

പഞ്ചായത്തുതലത്തിൽ മാത്രം പ്രവർത്തിച്ചി

രുന്ന പെൻഷണേഴ്സ് കൺസ്യൂമർ സഹകരണസംഘത്തിന്റെ പ്രവർത്തനമാന്ദ്യം ഒഴിവാക്കി മെച്ചമാക്കാനുള്ള ലക്ഷ്യം മുൻനിർത്തി പ്രവർത്തന മേഖല ബ്ലോക്ക് തലമാക്കി വിപുലമാക്കിയിരിക്കയാണ്.

പഞ്ചായത്തിൽ വനിതാ സഹകരണസംഘമോ വ്യവസായ സഹകരണസംഘമോ പ്രവർത്തിക്കുന്നില്ല. കൂടുതൽ സാധ്യതകളുള്ള ലേബർ കോൺട്രാക്ട് സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടില്ല.

ജില്ലാ തലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു എക്സ്സർവീസ് മെൻസ് സെക്യൂരിറ്റി ഗാർഡ്സ് സഹകരണസംഘം 2-ാം വാർഡിൽ ഓഫീസ് പ്രവർത്തനവുമായി നിലവിലുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ഗ്രാമവാസികൾക്ക് അറിവൊന്നുമില്ല. സംഘത്തിന്റെ ഭരണസമിതിയംഗങ്ങളിൽ ഏതാനും പേർ കുമാരപുരം പഞ്ചായത്ത് നിവാസികളാണ്.

സഹകരണ മേഖലയിൽ പുതിയതായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന വിവിധതരം സംഘങ്ങളെക്കുറിച്ച് നിർദേശങ്ങൾ ഗ്രാമസഭാ ചർച്ചകളിൽ ഉണ്ടായിട്ടുണ്ട്. നിലവിലുള്ള സഹകരണസ്ഥാപനങ്ങൾ പട്ടികയിൽ ചേർക്കുന്നു.

[illegible]	[illegible]	[illegible]
[illegible] സർവ്വീസ് സഹകരണ സംഘം - 1449	[illegible] (വനിതാ) സർവ്വീസ്	7 - 4461
സർവ്വീസ് സഹകരണ സംഘം	"	1 - 5369
[illegible] സർവ്വീസ് സഹ : സംഘം	"	5 - 1861
[illegible] സർവ്വീസ് സഹ : സംഘം	"	5 - 249
[illegible] പഞ്ചായത്ത് [illegible] സഹ : സംഘം - K.V Ind. A. 185	[illegible] (വ്യവസായം	7 - 12

3, 6 വാർഡുകളിൽ സഹകരണസ്ഥാപനം ഒന്നും തന്നെ ഇല്ല.

പ്രശ്നപരിഹാരത്തിന് നിർദേശിക്കപ്പെട്ടതും ഗ്രാമസഭകളുടെ സമാപന യോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയതുമായ പരിഹാരനിർദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. എസ്.സി.ബി 2147, എസ്.സി.ബി 1449 എന്നിവവഴി പഞ്ചായത്തിലെ എല്ലാ ചെറുകിട ഭൂടമകളെയും അംഗങ്ങളാക്കി അവർക്ക് കാർഷികേതര വായ്പകൾ അനുവദിക്കത്തക്കവിധം പ്രസ്തുത ബാങ്ക് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടാക്കി പ്രായോഗികമായി നടപ്പാക്കുക.

2. നിലവിലുള്ള കയർ സഹകരണസംഘങ്ങൾ തൊണ്ടുകിട്ടാതെ പ്രവർത്തനം മന്ദീഭവിച്ച അവസ്ഥയിലാകയാൽ സർവീസ് സഹകരണ ബാങ്കുകൾ സംഭരിക്കുന്ന നാളികേരത്തിന്റെ തൊണ്ടുമുഴുവൻ ഉണങ്ങിപ്പോകുന്നതിനുമുമ്പ് പ്രസ്തുത കയർ സംഘങ്ങൾക്കുമാത്രം വിതരണം ചെയ്യുമെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥകൾ അംഗീകരിപ്പിക്കുക. 3. ഇപ്പോഴുള്ള 6 പാടശേഖരങ്ങളുടെ ഭാവിപ്രവർത്തനങ്ങളും മേൽപ്പറഞ്ഞ രണ്ടുബാങ്കുകളുടെ നിയന്ത്രണത്തിലാക്കി ശാസ്ത്രീയ കൃഷിക്ക് രൂപം നൽകുക.

4. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വായ്പകൾ കാലാകാലങ്ങളിൽ പ്രസ്തുത സർവീസ് ബാങ്കുകൾ മുഖേന ആവശ്യക്കാർക്ക് അനുവദിക്കുക.

5. ഗൾഫ് നാടുകളിൽ തൊഴിൽ തേടിപ്പോകുന്നവർക്ക് ഫെഡറൽ ബാങ്ക്, എസ്.ബി.ടി തുടങ്ങിയ ബാങ്കുകൾ വായ്പ നൽകുന്നതു അനുകരിച്ച് പ്രസ്തുത സർവീസ് ബാങ്കുകളും ടി ആവശ്യത്തിന് വായ്പ 50,000 രൂപവരെ അനുവദിക്കുക.

6. വനിതാ തൊഴിൽ സംരംഭങ്ങൾക്ക് പ്രത്യേകിച്ചും യൂണിറ്റടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായ ഘടകങ്ങൾക്ക് സഹകരണ ബാങ്കുകൾ വായ്പ അനുവദിക്കുന്നതിൽ മുൻഗണന നൽകുക.

7. പഞ്ചായത്ത് ഏറ്റെടുത്തുനടത്തുന്ന വികസന പദ്ധതികൾക്ക് സർവീസ് ബാങ്കുകൾ സാമ്പത്തിക സഹായം നൽകുക. ഈ ആവശ്യത്തിലേക്കായി പ്രസ്തുത ബാങ്കുകൾ വിദേശമലയാളികളുടെ നിക്ഷേപം സമാഹരിക്കുക.

8. കയർ സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് ഭവന നിർമാണ വായ്പ അനുവദിക്കുക.

9. 447-ാം നമ്പർ കയർ സഹ.സംഘം 381 -ാം നമ്പർ വനിതാ കയർ സഹ. സംഘവുമായി അമാൽ ഗമേറ്റ് ചെയ്ത് പുനരുദ്ധരിക്കുക. ഇപ്പോൾ എടുത്ത ലിക്വിഡേഷൻ നടപടിയിൽനിന്ന് 447-ാം നമ്പർ സംഘത്തെ ഒഴിവാക്കുക.

10. സ്വന്തമായി ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കാത്ത വാർഡുകളിൽ ഓരോ ക്ഷീരോൽപാദക സഹ.സംഘം സ്ഥാപിക്കാൻ അനുവാദം നേടുക.

11. പത്തുവാർഡുകളിലും വനിതാ സഹകരണ സംഘങ്ങളും പഞ്ചായത്തുതലത്തിൽ ഒരു വനിതാ സഹകരണ സംഘവും സ്ഥാപിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുകയും ഉൽപാദന രംഗം പരിപോഷിപ്പിക്കുകയും ചെയ്യുക. വ്യവസായ വകുപ്പ്, ഖാദി ഗ്രാമവ്യവസായ വകുപ്പ് എന്നീ വകുപ്പുകളുടെ പരമാവധി ആനുകൂല്യം ലഭിക്കുന്ന വനിതാ സഹ. സംഘങ്ങൾക്ക് മുൻഗണന നൽകണം.

12. ചെറുകിട വ്യവസായ സംരംഭങ്ങൾക്കായോ കുടിൽ വ്യവസായ സംരംഭങ്ങൾക്കായോ രജിസ്റ്റർ ചെയ്യപ്പെടുന്ന വനിതാ സഹകരണ സംഘങ്ങൾ പ്രദേശിക വിഭവങ്ങൾ സമാഹരിച്ച് ഉദ്പാദനം നടത്തുവാൻ കൂടുതൽ പരിഗണന നൽകണം. കയറുൽപ്പന്നങ്ങൾ നിർമിക്കുന്ന വ്യവസായത്തിന് കയർ മേഖലയിൽ മുൻഗണന നൽകണം. ഈ രംഗത്തേക്ക് ആവശ്യമായ തൊഴിൽ പരിശീലനം ഏർപ്പാടുചെയ്യണം.

13. നാളികേര സംസ്കരണത്തിനായി ഒരു പഞ്ചായത്തുതല പ്രവർത്തന മേഖലയുള്ള സഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കണം.

14. അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണസംഘത്തിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് വസ്തു ലഭ്യമായിട്ടില്ല. ഇതുപരിഗണിക്കാൻ പഞ്ചായത്ത് സഹായിക്കണം.

15. പത്താം വാർഡിൽ തൊണ്ടഴുക്കലിന് ആധുനിക സാങ്കേതിക വിദ്യ പ്രാവർത്തികമാക്കാൻ പരിശീലനം ഏർപ്പെടുത്തണം. 460-ാം നമ്പർ കയർ സഹ. സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

16. ലേബർ കോൺട്രക്ട് സഹകരണസംഘം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.


17. ഒരു മൾട്ടി പർപ്പസ് സർവീസ് സഹ.സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.

18. ക്രഡിറ്റ് സഹകരണസംഘങ്ങളായ രണ്ടു ബാങ്കുകളും അംഗങ്ങളുടെ ആവശ്യങ്ങളെ വിലയിരുത്തി വായ്പാ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പൊതുയോഗങ്ങളിൽ പ്രാധാന്യം നൽകി അജണ്ടാ ക്രമീകരിക്കണം.

20. ഉപഭോക്തൃ സഹകരണസംഘങ്ങൾ വാർഡുതലത്തിലോ പഞ്ചായത്ത് തലത്തിലോ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം. മാവേലിസ്റ്റോർ, ഉപഭോക്തൃ സംഘങ്ങൾ എന്നിവ വനിതാ സഹകരണസംഘങ്ങളാകാൻ അഥവാ വനിതാ പ്രാതിനിധ്യം കൂടുതലുള്ളതാകാൻ ശ്രമിക്കണം.

21. ഹോട്ടൽ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കണം.

സഹ : സംഘത്തിന്റെ പേര്	വിഭാഗം	വാർഡ്
വനിതാ കയർ സഹ: സംഘം	കയർ	8 - 652
സി.വി.സി.എസ്. 460 (പ്രവർത്തന മാന്ദ്യത)	,,	9
,, എ. 663	,,	4 - 581
,, എ. 655	,,	- 509
,, എ. 316	,,	2 - 800
,, എ. 70	,,	4 - 1108
,, എ. 660	,,	1 - 750
,, എ. 447	,, (ലിക്വിഡേഷനിൽ)	
എ. 48 (ഡി) കുമാരപുരം ക്ഷീരോത്പാദന സഹ: സംഘം	ക്ഷീരോത്പാദനം	2 - 409
143 (ഡി) പൊത്തപ്പള്ളി കെ.വി.സി.എസ്.	,,	5 - 210
എ. 151 എരിക്കാവ് ക്ഷീരോത്പാദന സഹ: സംഘം	,,	7 - 289
എക്സ് സർവ്വീസ്മെൻസ് സെക്യൂരിറ്റി ഗാർഡ്സ് സഹ: സംഘം	എക്സ് സർവ്വീസ്മെൻ	2


സഹകരണ സ്ഥാപനങ്ങൾ
കണ്ണവാറ്റ
ചെമ്പുതന
ഹരിപ്പാട്
കുമാരപുരം
മുകുന്നപ്പുഴ
കായംകുളം
I
II
III
IV
V
VI
VII
HCS. A വടികക്കുവാതി സംഘം
GCS. B ഗിനിഫ്ലാസ് സംഘം.
OM. ക്ഷീരസംഘം.
C.V.C.S.
O.1. S.C.BANK. 2147
O.2. S.C.BANK. 1449.

5.11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കുമാരപുരം ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയിൽ 926 പേർ പട്ടികജാതിയിലും 135 പേർ പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു. കുമാരപുരം ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ രണ്ടു പട്ടിക ജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. കുമാരപുരം ചെന്നാട്ടുകോളനിയിൽ 24 പട്ടികവർഗകുടുംബങ്ങളും 13 പട്ടികജാതി കുടുംബങ്ങളും ഒരു നായർ കുടുംബവും മല്ലേക്കര കോളനിയിൽ 12 കുടുംബങ്ങളുള്ളതിൽ 9 പട്ടികജാതി കുടുംബങ്ങളും 2 പട്ടികവർഗ്ഗ കുടുംബങ്ങളും ഒരു മുസ്ലിം കുടുംബവും താമസിക്കുന്നു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള ലക്ഷം വീട് കോളനികളിൽ 11 പട്ടികജാതി കുടുംബങ്ങളും ഒരു പട്ടികവർഗ്ഗകുടുംബവും താമസിക്കുന്നു.

വിദ്യാഭ്യാസ രംഗത്തും മറ്റ് മേഖലകളിലും തങ്ങളുടെ പങ്കാളിത്തം പൂർണമായി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. സമൂഹത്തിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ജാതീയമായ വേർതിരിവിൽ നിന്നും പൂർണമായി മോചനം ലഭിച്ചിട്ടില്ല. സാമൂഹികമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വിവിധ മതസ്ഥരുടെ വിശേഷ ചടങ്ങുകളിൽ പങ്കെടുക്കുന്നതിനും പൊതുപരിപാടികളിൽ പങ്കെടുക്കുന്നതിനും കഴിയുന്നുണ്ട്.

സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ലഭിച്ചുവരുന്നുണ്ടെങ്കിലും പൂർണമായ തോതിൽ സർക്കാർ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുന്നില്ല. അതിനുകാരണം പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും വായ്പകൾ ലഭ്യമാക്കുന്നതിന് ഇന്ന് നിലവിലുള്ള സർക്കാർ നിബന്ധനകളുമാണ്. പട്ടികവർഗ വിഭാഗത്തിന് ഗവൺമെൻറ് നൽകുന്ന തൊഴിൽ ക്ഷേമപദ്ധതികൾ ഒരു പൊതുമേഖലയിൽ വിനിയോഗിച്ച് തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കണം. ഈ വിഭാഗത്തിന് അടുത്തകാലത്ത് നൽകിയ വളർത്തുമൃഗങ്ങളെ വിറ്റ് കാശുവാങ്ങിയ സ്ഥിതിയാണുള്ളത്. അതിനാൽ ഇപ്പോൾ നൽകിവരുന്ന എല്ലാ പദ്ധതികളും ശാസ്ത്രീയമാക്കണം.

(കോളനികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പട്ടിക 1-ൽ കാണാം).

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് പുരോഗതിനേടുന്നതിന് കഴിഞ്ഞിട്ടില്ല. പട്ടികവർഗ്ഗത്തിൽപ്പെടുന്ന കുട്ടികൾ പത്താം ക്ലാസിലെത്തുന്നതിന് മുമ്പ് പഠനം നിർത്തു

00

ന്നു. ഈ വിഭാഗം വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് സർവസാധാരണമാണ് ഇതിനു കാരണം. പഠനത്തോടൊപ്പം തൊഴിൽ മേഖലകളിലേക്ക് പോകുന്നതാണ്. പട്ടികവർഗത്തിൽപ്പെട്ട കുട്ടികൾ അപൂർവമായി ഉന്നതവിദ്യാഭ്യാസം ചെയ്യുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ട കുട്ടികൾ ഒരു പരിധിവരെ വിദ്യാഭ്യാസം നേടുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം വിദ്യാർഥികളും എസ്.എസ്.എൽ.സി വരെ പഠിക്കുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ വർധിപ്പിക്കേണ്ടിയിരിക്കുന്നു. എസ്.എസ്.എൽ.സി തോറ്റതിനുശേഷം ഈ വിഭാഗത്തിലുള്ളവരെ തുടർന്നുപഠിക്കുന്നതിന് താൽപര്യം കാട്ടാറില്ല. പരാജയപ്പെടുന്ന വിദ്യാർഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് സർക്കാർ സഹായം ഉണ്ടെങ്കിലും എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. പട്ടികജാതി-പട്ടികവർഗത്തിൽ പെട്ടവർക്ക് വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ച് മനസിലാക്കുന്നതിനായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.

തൊഴിൽ

പട്ടികജാതിയിൽപെടുന്നവരിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരും മരംകയറ്റതൊഴിലാളികളുമാണ്. പട്ടികവർഗത്തിൽപ്പെട്ട പുരുഷന്മാരിൽ കുറച്ചുപേർ ഇപ്പോഴും തോട്ടിപ്പണി ചെയ്ത് ഉപജീവനം നടത്തിവരുന്നു. കുറെപേർ മരംവെട്ട് ഉൾപ്പെടെയുള്ള മറ്റ് തൊഴിലുകളും ചെയ്തുവരുന്നു. ഈ വിഭാഗത്തിൽപെടുന്ന സ്ത്രീകൾ വനാന്തരങ്ങളിൽ പച്ചമരുന്ന് ശേഖരിക്കുന്നതിനും വിറകുശേഖരിക്കുന്നതിനും പോയിവരുന്നു. കുട്ടവരിച്ചിൽ ഇവരുടെ മറ്റൊരു തൊഴിലാണ്. പട്ടികജാതി സ്ത്രീകൾ തൊഴിൽ തേടിപോകുന്നത് കാർഷികമേഖലയായ അയൽ പഞ്ചായത്തുകളിൽപ്പെട്ട കരുവാറ്റ, വീയപുരം, ചെറുതന, പള്ളിപ്പാട് എന്നിവിടങ്ങളിലും കുട്ടനാടൻ പാടശേഖരങ്ങളിലുമാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്ന പുരുഷത്തൊഴിലാളിക്ക് എഴുപത് രൂപയും സ്ത്രീക്ക് നാൽപത്തിയഞ്ച് രൂപയും (ആണ്) കൂലിയായി ലഭിക്കുന്നു. കാർഷിക മേഖലയിൽ പണിയില്ലാതെ വരുമ്പോൾ ഒരു ന്യൂനപക്ഷം കൈതൊഴിലായ പായ്നെയ്ത്തിനും ഓല മെടയലിനും പോകുന്നു. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള തകർച്ച ഈ മേഖലയിൽ പണിയെടുക്കുന്നവരെ സാരമായി ബാധിച്ചിട്ടുണ്ട്.

പട്ടികജാതിയിൽപെടുന്ന സാംബവ സമുദായക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ട ഈറ സംഭരിക്കുവാൻ സഹകരണസംഘങ്ങൾക്ക് കഴിയുന്നില്ല. സർക്കാർ പെർമിറ്റ് നൽകുകയും പട്ടികജാതി സഹകരണ സംഘത്തിലൂടെ മിതമായ വിലക്ക് ഈറ ലഭ്യമാക്കുകയും വേണം.

വീട്

പട്ടികജാതി പട്ടികവർഗത്തിൽപെട്ടവർക്കായി നിലവിൽ വന്നിട്ടുള്ള രണ്ടുകോളനികളിൽ ഭൂരിപക്ഷം പേർക്കും സ്വന്തമായി വീടുണ്ട്. വിവിധ വാർഡുകളിലുള്ള എട്ടു ലക്ഷംവീടുകോളനികളിലെ പട്ടികജാതി കുടുംബങ്ങൾക്ക് വീടുണ്ടെങ്കിലും മറ്റ് സമുദായക്കാർ ബഹുഭൂരിപക്ഷവും കുടിലുകളിലാണ് താമസിക്കുന്നത്. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിച്ചുവരുന്നു. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്കായി ഒരു പുനരധിവാസ ഭവന നിർമാണ പദ്ധതി നടപ്പിലാക്കണം. ഈ പദ്ധതിയിലൂടെ സ്ഥലവും വീടും ലഭ്യമാക്കണം. ഈവിഭാഗങ്ങളിലുള്ളവർക്ക് സർക്കാർ വീട് നിർമിക്കുന്നതിന് ഇന്നു നൽകുന്ന ധനസഹായം അപര്യാപ്തമാണ്. പുതുക്കിപ്പണിയുന്നതിന് സർക്കാർ ധനസഹായം ലഭ്യമാക്കണം. വായ്പകൾ ലഭ്യമാക്കുന്നതിന് ഇന്നുനേരിടുന്ന വ്യവസ്ഥകൾ ലഘൂകരിക്കണം.

പട്ടികജാതി-പട്ടിക വർഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ കക്കൂസ് നിലവിലുണ്ട്. ലക്ഷം വീട് കോളനികളിൽ കക്കൂസ് പൂർണമായി സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. നിലവിലുള്ള കക്കൂസുകളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമാണ്. സർക്കാർ കക്കൂസ് നിർമിക്കുന്നതിനു ഇന്നുനൽകുന്ന ധനസഹായം കൊണ്ട് കക്കൂസ് നിർമിക്കാൻ കഴിയുന്നില്ല. ഇതിനുള്ള ധനസഹായം ഇരട്ടിയായി

വർധിപ്പിക്കണം. മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസ് നിർമിക്കുന്നതിന് ധനസഹായം ലഭ്യമാക്കണം.
കൂടുതൽ വിവരങ്ങൾ പട്ടിക -2 ൽ കൊടുത്തിട്ടുണ്ട്

പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മ ഈ രംഗത്തു പണിയെടുക്കുന്നവരെ ദുരിതത്തിലാക്കുന്നു. ദൈനംദിന ജീവിതം പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിന് ഇതു കാരണമാകുന്നു.

2. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.

3. പട്ടികവർഗ്ഗവിദ്യാർഥികൾ എസ്.എസ്.എൽ.സി നിലവാരത്തിൽ എത്തുന്നതിന് മുമ്പ് പഠനം നിർത്തുന്നു.

4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് പി.ടി.എ ചുമതലയിൽ ബോധവൽക്കരണം ഊർജിതമാക്കുക.

5. ലക്ഷംവീടു കോളനികളിൽ കുടിവെള്ളം, വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

6. ആരോഗ്യസംരക്ഷണ സംവിധാനം അപര്യാപ്തമാണ്.

7. വീട് നിർമിക്കുന്നതിന് സർക്കാർ ധനസഹായം അപര്യാപ്തമാണ്.

8. 1, 2, 3, 4 എന്നീ വാർഡുകളിലെ പട്ടികജാതി കുടുംബങ്ങൾക്ക് പൂർണമായി വീട് ലഭിച്ചിട്ടില്ല.

9. ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു. സർക്കാർ നൽകുന്ന ധനസഹായങ്ങളേയും പദ്ധതികളേയും കുറിച്ച് വേണ്ടത്ര അറിവില്ല.

11. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വീടുകൾ പലതും കാലപ്പഴക്കത്താൽ താമസയോഗ്യമല്ല.

12. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാർ ഇന്നു നൽകുന്ന വായ്പകൾ ലഭ്യമാക്കുന്നതിന് വളരെയധികം കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്.

13. ലക്ഷംവീട് കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പ്രത്യേകിച്ച് വാലൂപറമ്പ്, പരിയാരം, പാനൂർ ലക്ഷംവീടുകളിൽ. ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കി - ടി. ലക്ഷംവീടുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാം. മൂടയിൽ ലക്ഷംവീട്ടിൽ ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

14. പാനൂർ, പരിയാരം, ലക്ഷം വീടുകളിൽ താമസിക്കുന്നവർക്ക് ഇനിയും കക്കൂസുകൾ സ്ഥാപിക്കേണ്ടതുണ്ട്.

15. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ഭൂരിഭാഗം പേർക്കും കക്കൂസുകൾ ഇല്ല. നിലവിലുള്ള കക്കൂസുകൾ ഉപയോഗശൂന്യമാണ്.

1. വിദ്യാർഥികളിലെ കൊഴിഞ്ഞുപോക്കു തടയുകയും എസ്.എസ്.എൽ.സി വരെയും തുടർന്നും പഠനം നടത്തുന്നതിനുവേണ്ട പ്രോൽസാഹനങ്ങൾ നൽകുകയും ഇന്നു നൽകുന്ന പഠനസഹായം വർധിപ്പിക്കുകയും വേണം.

2. സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുന്നതിനായി റെഡിമെയ്ഡ് വസ്ത്രനിർമാണം, മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി തുടങ്ങിയ ചെറുകിട-കുടിൽ വ്യവസായങ്ങൾ എസ്.സി.എസ്.ടി സഹകരണ സംഘത്തിലൂടെ നടപ്പിലാക്കണം.


3. കോളനികളിലേയും ലക്ഷംവീടുകളിലേയും വാസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിന് സർക്കാരിൽനിന്നു ധനസഹായം ലഭ്യമാക്കണം.

4. പട്ടികജാതി-പട്ടികവർഗ കോളനികളിലേയും ലക്ഷംവീടുകളിലേയും കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് അവനിർമിക്കുന്നതിന് ആവശ്യമായ ധനസഹായം സർക്കാരിൽ നിന്നും ലഭ്യമാക്കണം.

5. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവർക്ക് നൽകുന്ന സർക്കാർ ആനുകൂല്യങ്ങളും മറ്റും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തു കമ്മിറ്റിക്ക് നൽകുക.

6. 60 വയസ്സിന് മുകളിൽ പ്രായമുള്ള എസ്.ടി./എസ്.സി വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുക.

7. ലക്ഷംവീടുകളിലും എസ്.ടി, എസ്.സി കോളനികളിലും ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു. ഇവരെ പ്രത്യേകം താമസിപ്പി


കോളനികൾ
N
കിണവാന
ചെറുകുന്ന
ഹരിപ്പാട്
കുമാരപുരം
I
II
III
IV
V
VI
VII
VIII
IX
X
തൃക്കുന്നപ്പുഴ
കായംകുളം

ക്കുന്നതിന് ഭൂമിയും വീടും ലഭ്യമാക്കണം.

8. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എസ്.ടി, എസ്.സി വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും അവ ലഭ്യമാക്കുന്നതിന് ഒരു 'പുനരധിവാസ ഭവനനിർമ്മാണ പദ്ധതി' നടപ്പിലാക്കണം.

9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി, പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനു ധനസഹായം ലഭ്യമാക്കണം.

10. പട്ടികവർഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഏകോപിപ്പിച്ച് തൊഴിൽ രഹിതർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(പട്ടിക T - 4 കാണുക)

11. തൊഴിൽ രഹിതർക്ക് തൊഴിൽ കണ്ടെത്തുന്നതിന് നൽകുന്ന വായ്പകളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കണം.

12. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

13. തൊഴിൽ രഹിതരായ എസ്.ടി., എസ്.സി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട തൊഴിൽപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും തൊഴിൽ ലഭ്യമാക്കുന്നതിന് ഇന്നു സർക്കാർ നൽകുന്ന ധനസഹായങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് വേണ്ട ബോധവൽക്കരണ ാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

14. പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്ന ജീവനോപാധികളും ആനുകൂല്യങ്ങളും ദുരുപയോഗം ചെയ്യുന്നത് കണ്ടുപിടിച്ച് അവ തടയുന്നതിനാവശ്യമായ മാർഗങ്ങൾ സ്വീകരിക്കുക.

15. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ മരിച്ചാൽ ശവസംസ്കാരത്തിനു ആവശ്യമായ ധനസഹായം ബന്ധപ്പെട്ട വകുപ്പിൽനിന്നും പഞ്ചായത്തു മുഖേന ലഭ്യമാക്കണം.

16. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിൽസാ സഹായം പഞ്ചായത്തു മുഖേന ലഭ്യമാക്കണം.

17. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിന് പട്ടികവർഗ്ഗ കോളനിക്ക് സമീപമുള്ള പൊതുസ്ഥലത്ത് ഒരു സാംസ്കാരിക കേന്ദ്രം നിർമ്മിക്കുക.

18. പട്ടികവർഗ കോളനിയിൽ നിലവിലുണ്ടായിരുന്ന ഗ്രന്ഥശാല പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുക.

❑ ❑ ❑

പട്ടിക.1

കോളനി/ലക്ഷംവീട് പേര്	വീടുകളുടെ എണ്ണം	ST	SC	ഉപയോഗശൂന്യമായവ	കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം
കുമാരപുരം ചെന്നാട്ട് കോളനി	38	24	13	1	170
മയ്യൂക്കരകോളനി	12	2	9	1	58
വാലുപറമ്പ ലക്ഷം വീട്	8		1	7	38
പാണൂർ "	19		1	18	89
പരിയാരം "	12	1	2	10	52
എരുവന്നറ "	9		1	8	41
പീടികയിൽ "	16		1	15	59
തയ്യിൽ "	12		2	9	52
കൊച്ചുവീട്ടിൽ	14		1	13	41
മുടയിൽ തെക്കെയിൽ	6		2	4	27

പട്ടിക.2


കോളനി/ലക്ഷംവീട് പേര് വിവരം	വീടിന്റെ സ്വഭാവം			ആകെയുള്ള വീടുകളുടെ എണ്ണം	കക്കൂസുള്ള വീടുകൾ	കക്കൂസില്ലാത്ത വീടുകൾ
	ഓടിട്ടത്	ഓട്	കോൺക്രീറ്റ്			
കുമാരപുരം ചെന്നാട്ട് കോളനി	1	33	4	38	10	27
മയ്യൂക്കര കോളനി		11	1	12	5	5
മുടയിൽ ലക്ഷം വീട്		4	2	6	5	1
വാലുപറമ്പ്		2	6	8	8	
പാണൂർ		3	16	19	15	4
പരിയാരം		4	8	12	1	11
എരുവന്നറ		4	5	9	7	2
പീടികയിൽ		1	15	16	10	6
തയ്യിൽ		3	9	12	2	10
കൊച്ചുവീട്ടിൽ		1	13	14	3	11

പട്ടിക-3

ടാസ്കുകൾ സ്ഥാപിക്കാവുന്ന ലക്ഷം വീട് കോളനികൾ	
1	മൂടയിൽ തെക്കതിൽ
2	പരിയാരത്ത്
3	പാണ്ടാർ
4	പാളുപറമ്പ്

പട്ടിക-4

	കോളനിയുടെ പേര്.	റോഡുകൾ			വൈദ്യുതി		കുടിവെള്ളം.	
		ഗതാഗത യോഗ്യമായ	ഗതാഗത യോഗ്യമല്ലാത്തത്	റോഡുകൾ ഇല്ലാത്തത്	വൈദ്യുതി കണക്ഷൻ ഉണ്ടോ ഇല്ലയോ.	വൈദ്യുതി ഇല്ലാത്തത്	കിണർ	ടാപ്പ്.
1	കുമാരപുരം പെണ്ണാട്ട് കോളനി	അതെ	—	—	ഉണ്ട്	—	9	4
2	മലേക്കര കോളനി	〃	—	—	〃	—	2	3
3	മൂടയിൽ തെക്കതിൽ ലക്ഷംവീട്കോളനി	—	—	—	—	ഇല്ല	1	—
4	പാളുപറമ്പ് 〃	—	അല്ല	—	—	〃	2	—
5	പരിയാരം 〃	—	〃	—	—	〃	6	—
6	പീടികയിൽ 〃	—	〃	—	—	〃	—	1
7	കുരുവന്തറ	അതെ	—	—	—	〃	—	1
8	കൊന്നുവിട്ടിൽ	—	—	ഇല്ല	—	〃	—	2
9	തയ്യിൽ	—	—	〃	—	〃	—	1
10	പാണ്ടാർ	—	അല്ല	—	—	〃	4	—



വിഭവസമാഹരണം

സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കുമാരപുരം. സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായമോ സ്വയം സംഭരിക്കുന്ന വിഭവങ്ങളോ വാർഡുകളുടെ വികസനാവശ്യങ്ങൾക്ക് തീരെ പര്യാപ്തമായിരുന്നില്ല. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ തനതുവരുമാനം പട്ടികയിൽ ചേർക്കുന്നു.

[illegible]	1991-92	92-93	93-94	94-95	95-96
[illegible]	112606.65	123148.55	126040.40	131630	143237.15
[illegible]				49456	72510
[illegible]				104061.50	1079880
[illegible]					120693.00
[illegible]	258100	243666	231654	141000	111000.00
[illegible]					343031.00

വ്യാവസായികമായി പഞ്ചായത്ത് പിന്നോക്കം നിൽക്കുന്നു. വൈദ്യുതിക്ഷാമം വൻകിടവ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യത കുറയ്ക്കുന്നു. എങ്കിലും പ്രധാന നാണ്യവിളയായ നാളികേരം കൊപ്രായിൽ നിന്ന് വെളിച്ചെണ്ണയെടുക്കുന്ന ഘട്ടം വരെ മാത്രം സംസ്ക്കരണം നടത്തുന്ന പാരമ്പര്യതൊഴിലിൽ കവിഞ്ഞ് സംസ്ക്കരണം പൂർണ്ണമാകുന്ന ഘട്ടം വരെ എത്തിക്കുന്ന വിധത്തിൽ വ്യവസായ മേഖല വികസിപ്പിക്കാവുന്നതാണ്. ടോയ്ലറ്റ്, വാഷിംഗ് സോപ്പുകളുടെ നിർമ്മാണത്തിന് സാദ്ധ്യത ഏറെയാണ്.

തൊണ്ടഴുക്കൽ, ചകിരി ഉൽപ്പാദനം, കയറുപിരി എന്നീ തൊഴിൽ രംഗം വികസിപ്പിച്ച് കയറ്റുപായ നിർമ്മാണം, പരവതാനി നിർമ്മാണം തുടങ്ങിയ മേഖലയിലേയ്ക്ക് കടക്കേണ്ടതായുണ്ട്. എല്ലാരംഗങ്ങളിലും പരിശുലനസൗകര്യം ഏർപ്പെടുത്തുകയും യന്ത്രവൽകൃത റാട്ടുകൾ ഉപയോഗിക്കുന്ന പുതിയ രീതി പ്രചരിപ്പിക്കുകയും വേണം.

പിണ്ണാക്ക് ഉപയോഗപ്പെടുത്തി കാലിത്തീറ്റ നിർമ്മാണം ചെറുകിട വ്യവസായ യൂണിറ്റായി നടത്താൻ കഴിയും.

വ്യവസായ സംരംഭങ്ങൾക്ക് മുതൽമുടക്കാനുള്ള സാമ്പത്തികശേഷി സ്വയംതൊഴിൽ കാംക്ഷിക്കുന്നവർക്ക് പൊതുവേ ഇല്ലെന്നത് യാഥാർത്ഥ്യമാണ്. ഇതിനായി വായ്പകൾ ലഭ്യമാക്കുന്ന ധനകാര്യസ്ഥാപനങ്ങൾ 1449-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക്, 2147-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ്. സ്റ്റേറ്റ് ബാങ്കിന്റെ ഡാണാപ്പടി ശാഖയും നെടുങ്ങാടി ബാങ്കിന്റെ ഹരിപ്പാട് ശാഖയും പ്രാ

ദേശികമായി സ്വരൂപിക്കുന്ന നിക്ഷേപങ്ങളുടെ അഞ്ചുശതമാനം പോലും പ്രാദേശികാവശ്യങ്ങൾക്കായി വായ്പ അനുവദിക്കാൻ ഉപയോഗപ്പെടുത്തുന്നില്ല. സഹകരണ ബാങ്കുകൾ കാർഷികാവശ്യങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ഈ സാഹചര്യത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും സ്വരൂപിക്കുന്ന പ്രാദേശിക നിക്ഷേപങ്ങളുടെ 80 % മെങ്കിലും പ്രാദേശിക വായ്പാ വിതരണത്തിനുപയുക്തമാക്കാനും വേണ്ട കർശന നടപടികൾ ധനകാര്യസ്ഥാപനങ്ങൾ സ്വീകരിച്ചേ മതിയാകൂ.

വ്യക്തികൾ നടത്തുന്ന ധനകാര്യസ്ഥാപനങ്ങൾ പല വാർഡുകളിലും ഉണ്ടെങ്കിലും പ്രത്യുൽപ്പാദനപരങ്ങളായ സംരംഭങ്ങൾക്കായുള്ള സാമ്പത്തിക സഹായം നിർണ്ണായകമല്ല.

പഞ്ചായത്തിന്റെ വിവിധമേഖലകളിൽ നിന്നുമായി ഏകദേശം മുന്നൂറുപേരാണ് ഗൾഫ് നാടുകൾ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരായുള്ളത്. ഇന്ത്യയിൽ തന്നെ കേരളത്തിനു പുറത്ത് തൊഴിലന്വേഷകരായി എത്തിയവരിൽ നിന്നുള്ള വരുമാനവും നിർണ്ണായകമല്ല.

ഇരുപ്പു നിലങ്ങളിൽ നല്ലൊരുപങ്ക് നികത്തി കാർഷികേതരാവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാൽ നെല്ലുൽപ്പാദനം നാമമാത്രമായിരിക്കുകയാണ്. ആറു പാടശേഖരങ്ങളിലെ അശാസ്ത്രീയ കൃഷിയെ ആശ്രയിച്ച് ഉൽപ്പാദിപ്പിക്കുന്ന നെല്ല്, ഉത്പാദകരുടെ ഒരു മാസത്തെ ആവശ്യത്തിനു പോലും ഉതകുന്നില്ല. പാടങ്ങൾ നികത്തുന്നത് കഴിവതും നിരുത്സാഹപ്പെടുത്തുക. കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ ഉത്പാദനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ പ്രധാന വരുമാനം തൊഴിൽ നികുതിയും കെട്ടിടനികുതിയുമാണ്. ഈ നികുതികൾ ഈടാക്കി വരുന്നത് തികച്ചും അശാസ്ത്രീയമായ രീതിയിലാകയാൽ സാരമായ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് നേരിട്ടുകൊണ്ടിരിക്കുകയാണ്.

പുറമ്പോക്ക് അനധികൃതമായി കയ്യേറ്റം നടത്തപ്പെട്ടിട്ടുണ്ട്. കേരളാ പഞ്ചായത്ത് ആക്ട് 218-ാം വകുപ്പു പ്രകാരം പുറമ്പോക്ക് പരിപൂർണ്ണമായും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. മുമ്പുണ്ടായിരുന്ന പഞ്ചായത്ത് ആക്ടിലും ഇത് നിർദ്ദേശിച്ചിരുന്നു. 1988ൽ പഞ്ചായത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുറമ്പോക്കും പുറമ്പോക്ക് നിവാസികളുടെ വിവരവും തിട്ടപ്പെടുത്താൻ നടത്തിയ സർവ്വേ പരാജയപ്പെടുകയാണുണ്ടായത്. പഞ്ചായത്തിന് പുറത്ത് നിന്നുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടന്ന പ്രസ്തുത സർവ്വേ വെളിവാക്കുന്ന വിവരങ്ങൾ അവിശ്വസനീയമാണ്. വാർഡിന്റെ യഥാർത്ഥ സ്ഥിതി അറിയാവുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയംഗങ്ങളുടെ നേതൃത്വത്തിൽ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി പുതിയ സർവ്വേ നടത്തേണ്ടതാണ്. മിക്കഭൂമിയെപ്പറ്റിയും അനധികൃത കയ്യേറ്റക്കാരെക്കുറിച്ചും ഉള്ള യഥാർത്ഥവിവരം ശേഖരിക്കാൻ ഈ പുതിയ സർവ്വേ ഉപകരിക്കും. പഞ്ചായത്തിന്റെ വിഭവസമാഹരണയജ്ഞത്തിൽ ഈ പുറമ്പോക്ക് തിട്ടപ്പെടുത്തിലിന് മുഖ്യപങ്കാണുള്ളത്.

നികുതി വർദ്ധനവ് സാധാരണ ജനങ്ങൾ ഇഷ്ടപ്പെടുന്ന ഒന്നല്ല. എന്നാൽ നികുതി പിരിവിലെ അപാകതകൾ പരിഹരിച്ച് ശാസ്ത്രീയമായി പരിഷ്ക്കരിക്കുക വഴി പഞ്ചായത്തിന്റെ സാമ്പത്തിക നില മെച്ചമാക്കുന്നതിൽ ജനകീയാസൂത്രണ പദ്ധതിയുമായി സഹകരിച്ചു മുമ്പോട്ട് പോകുന്ന ജനങ്ങൾ സ്വമേധയാ സഹകരിക്കുമെന്ന് ഗ്രാമസഭാ ചർച്ചകൾ തെളിയിക്കുന്നു.

വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളെ അടിസ്ഥാനമാക്കി വിഭവസമാഹരണ നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരം സംക്ഷിപ്തമാക്കുന്നു:

1. പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുറമ്പോക്ക് സർവ്വേ സമഗ്രമായി വാർഡുതലത്തിൽ നടത്തി പഞ്ചായത്തിന്റെ പുറമ്പോക്ക്, കയ്യേറ്റ നിവാസികൾ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചശേഷം പുറമ്പോക്ക് പൂർണ്ണമായും പഞ്ചായത്തിന്റെ അധീനതയിലാക്കുകയും തുടർന്ന് താഴെ വിവരിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

a) പുറമ്പോക്ക് ഭൂമി കുത്തകപ്പാട്ട വ്യവസ്ഥയ്ക്ക്

വിതരണം ചെയ്യുക. ഇക്കാര്യത്തിൽ വായനശാലകൾ, രജിസ്ട്രേഡ് സന്നദ്ധസംഘടനകൾ എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.

b) പുറമ്പോക്ക് സാധാരണ തോട്, പൊതുനിരത്ത് എന്നിവയുടെ പാർശ്വങ്ങളിലാകയാൽ വിലപിടിപ്പുള്ള വൃക്ഷങ്ങൾ ഇവിടങ്ങളിൽ നിൽപ്പുണ്ട്. ഈ വൃക്ഷങ്ങൾ കാലപ്പഴക്കം കൊണ്ട് മുറിച്ചുമാറ്റാവുന്നവയാണ്. ഈ വൃക്ഷങ്ങൾക്ക് നമ്പരിട്ട് തിട്ടപ്പെടുത്തിയശേഷം പരസ്യമായി ലേലം ചെയ്ത് മുതൽക്കൂട്ടുകയും യഥാസ്ഥാനങ്ങളിൽ മാഞ്ചിയം, തേക്ക് തുടങ്ങിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യുക.

c) പൊതുനിരത്തുകളിൽ കയ്യേറി കടകൾ നടത്തുന്നത് തടയുകയും കടകൾ പൊളിച്ചുമാറ്റി പകരം ബങ്കുകൾ സ്ഥാപിച്ച് വാടകയ്ക്ക് നൽകുകയും ചെയ്യുക.

d) പതിച്ചുകിട്ടിയെന്ന പൊള്ളയായ അവകാശവാദവുമായി കയ്യേറിക്കഴിഞ്ഞ മുഴുവൻ പുറമ്പോക്കും വിവിധകൈമാറ്റങ്ങൾ അവഗണിച്ച് പഞ്ചായത്ത് പിടിച്ചെടുക്കുകയും മേൽപ്പറഞ്ഞവിധം ആദായകരമാംവിധം സംരക്ഷിക്കുകയും ചെയ്യുക.

e പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലുള്ള (തെക്കു വടക്ക്) തോട്, പഞ്ചായത്ത് വക പുറമ്പോട്ടക്ക് ഭൂമി എന്നിവ അപഹരിച്ചിട്ടുണ്ടെങ്കിൽ പരിഹാരം കണ്ടെത്തി സംരക്ഷിക്കുക.

2a) കെട്ടിട നികുതി പുതിയതായി വസൂലാക്കുന്നത് തികച്ചും ശാസ്ത്രീയമായി സർവ്വേ നടത്തി നിലവിലുള്ള നിയമത്തിന്റെ വെളിച്ചത്തിൽ കുറ്റമറ്റതാകാൻ ശ്രദ്ധിക്കണം.

b) ഈടാക്കിവരുന്ന കെട്ടിടനികുതി പുതിയ സർവ്വേയുടെ വെളിച്ചത്തിൽ പരിഷ്ക്കരിച്ച് വർദ്ധനവുണ്ടാക്കുക.

c) നികുതി ഇളവിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ മേലന്വേഷണം കൂടാതെയുള്ള ഇളവനുവദിക്കൽ ഒഴിവാക്കുക.

d) കെട്ടിടങ്ങളുടെ ആർഭാടങ്ങൾക്ക് പ്രത്യേക നികുതി വസൂലാക്കുക.

e) എക്സ്റ്റൻഷനുകൾക്ക് കൂടുതൽ അനുബന്ധ നികുതി വസൂലാക്കുക.

f) മൊസേക്കിട്ട തറകളുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ചുമത്തുക.

g) രണ്ടോ അതിലധികമോ നിലകളുള്ള കെട്ടിടങ്ങൾക്ക് ആർഭാട നികുതി വസൂലാക്കുക.

h) സ്ഥിരതയുള്ള ചുവരുകളോടു കൂടിയ കെട്ടിടങ്ങൾക്ക് എല്ലാം തന്നെ നികുതി ഏർപ്പാടാക്കുക.

i) നികുതി യഥാവസരം അടയ്ക്കുന്നതിന് സഹായകരമായവിധം കാലേകൂട്ടി വാർഡുതലത്തിൽ ചർച്ചകൾ നടത്തി തീരുമാനം നടപ്പാക്കുന്നതിന് ഏർപ്പാടാക്കുക. അയൽക്കൂട്ടങ്ങൾ, ഗ്രാമസഭ, വാർഡുസമിതികൾ, സന്നദ്ധ സംഘടനകൾ ഇവകളുടെ ഇടപെടലുകൾ നികുതിപിരിവിനെ വികസന പ്രവർത്തനങ്ങളുടെ ഭാഗമാക്കി ലഘൂകരിക്കും.

3a) തൊഴിൽ കരം നൽകാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ വളരെ കുറവാണെന്നിരിക്കെ, ഒന്നൊഴിയാതെയും ശാസ്ത്രീയമായി തിട്ടപ്പെടുത്തിയും തൊഴിൽകരം ഈടാക്കുക.

b) ചെറുകിട വ്യവസായശാലകളേയും കച്ചവട സ്ഥാപനങ്ങളേയും തൊഴിൽകരം ഈടാക്കുന്ന പരിധിയിൽ നിന്ന് ഒഴിവാക്കാതിരിക്കുക.

c) തൊഴിൽകരം യഥാവസരം ഒടുക്കിയെന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കുന്നതിലേയ്ക്ക് കാമ്പയിൻ സംഘടിപ്പിക്കുക.

4a) പഞ്ചായത്ത് അധീനതയിലുള്ള പുറമ്പോക്ക് അഥവാ മിച്ചഭൂമിയിൽ ആദായകരമായി കൃഷിചെയ്യുക. ഇതിനായി വികസന സമിതിയെ ചുമതല ഏൽപ്പിക്കാവുന്നതാണ്.

b) തരിശായി കൂടുതൽ കാലം ഇട്ടിട്ടുള്ള പാടങ്ങളിൽ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ നിർബന്ധ കൃഷിയിറക്കി ആദായം നേടുക.

c) പഞ്ചായത്ത് വക വിളകളിൽ നിന്ന് കൂടുതൽ ആദായം ലഭിക്കുന്നതിന് കൃഷിപരിചരണം നടത്തുക.

d) പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് വേണ്ട വികസന സൗകര്യങ്ങൾ ഉദാ : മേൽത്തരം വിത്ത്, നടീൽ വസ്തുക്കൾ, കാലിത്തീറ്റ, കോഴിത്തീറ്റ, മൽസ്യത്തീറ്റ തുടങ്ങിയവ സംഭരിച്ചു വിതരണം

ചെയ്യുന്നതിലൂടെയും പ്രത്യേക വരുമാനം നേടുക. തീറ്റപ്പുൽകൃഷിക്ക് സൗകര്യമുള്ള പഞ്ചായത്ത് വക വസ്തുവിൽ പുൽകൃഷി ചെയ്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യുക. തീറ്റകൾ നിർമ്മിക്കുന്നതിന് കഴിവതും തേങ്ങാപ്പിണ്ണാക്ക്, തവിട്, ധാന്യങ്ങളുടെ പുറന്തൊലി, മൽസ്യത്തിന്റെ അവശിഷ്ടങ്ങൾ തുടങ്ങിയ പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ആദായം വർദ്ധിപ്പിക്കുക. മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയ്ക്കായി മുട്ടകൾ വിരിയിച്ച് പരമാവധി കുറഞ്ഞ വിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യാൻ കഴിയുംവിധം ഉൽപ്പാദനകേന്ദ്രം പഞ്ചായത്ത് സ്വന്തം ചുമതലയിൽ ആരംഭിക്കുക. പാടശേഖരകമ്മിറ്റികൾക്ക് ആവശ്യമായി വരുന്ന കാർഷിക യന്ത്രങ്ങൾ പഞ്ചായത്തിന്റെ ചുമതലയിൽ ലഭ്യമാക്കുക വഴി വാടക ഈടാക്കുക. കാർഷികോൽപന്നങ്ങൾ സംഭരിച്ച് വിൽക്കുന്നതിന് ഗോഡൗൺ സൗകര്യം ഏർപ്പാട് ചെയ്ത വാടക ഈടാക്കുക. പച്ചക്കറി/പഴവർഗ്ഗ/പുഷ്പ സംഭരണവും വിപണനവും പഞ്ചായത്തിന്റെ ചുമതലയിൽ പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയിലൂടെ സാദ്ധ്യമാക്കുക വഴി ആദായം ഉണ്ടാക്കുക. കിടനാശിനികൾ ശാസ്ത്രീയമായി ഉപയോഗിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ സംഭരിച്ച് വാടകയ്ക്ക് നൽകുക. റോളർ വാടകയ്ക്ക് നൽകാനുള്ള സംവിധാനം ഉണ്ടാക്കുക. നല്ലയിനം വിത്തുകൾ പ്രാദേശികമായി സംഭരിക്കുക വഴി ഉപയോഗിക്കുന്ന വിത്തിനങ്ങളുടെ ഗുണനിലവാരവും പ്രാദേശികപ്പെരുമയും നഷ്ടപ്പെടുത്താതിരിക്കുവാനും കഴിയും. ഇത്തരം വിത്തുകൾ ഉപയോഗിക്കുന്നതുമൂലം കർഷകർക്കും പഞ്ചായത്തിനും സാമ്പത്തികനേട്ടം ഉണ്ടാകുമെന്ന് കരുതാം.

5a) ഗതാഗത സൗകര്യങ്ങൾക്കായി പഞ്ചായത്ത് പണം മുടക്കുമ്പോൾ ഉറപ്പുള്ള സ്ഥിരം റോഡുകൾ നിർമ്മിക്കുവാൻ ശ്രദ്ധിച്ചാൽ വർഷക്കാലത്തെ ഒലിപായ്ച്ചിലിലൂടെ നഷ്ടം ഉണ്ടാകുന്നതു തടയാൻ കഴിയും. മണൽ റോഡുകളെ സംബന്ധിച്ചിടത്തോളം വർഷക്കാലാരംഭത്തിനു മുന്നോടിയായി റോഡു സംരക്ഷണത്തിനായി നീരൊഴുക്കിനുള്ള സൗകര്യങ്ങൾ ശ്രമദാനത്തിലൂടെ നടപ്പാക്കിയാൽ നഷ്ടം ഒഴിവാക്കാം. ഇക്കാര്യത്തിൽ വാർഡു വികസന സമിതിയുടെ മുൻകൂട്ടിയുള്ള തീരുമാനത്തോടെ റോഡിന്റെ പാർശ്വവാസികൾക്ക് അദ്ധ്വാനം സംഭാവന ചെയ്യാവുന്നതാണ്. വിഭവങ്ങൾ സംഭരിക്കുന്നതോടൊപ്പം നഷ്ടം നികത്തുക കൂടി ലക്ഷ്യമാക്കേണ്ടതായുണ്ട്.

b) കനാലുകൾ, റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണത്തിനും പരിസര ശുചീകരണം, പൊതുകുളങ്ങളും കിണറുകളും സംരക്ഷിക്കൽ തുടങ്ങിയ രംഗങ്ങളിൽ മനുഷ്യാദ്ധ്വാനം ആവശ്യാനുസരണം ലഭിക്കുമെന്ന് വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്.


c) മനുഷ്യാദ്ധ്വാനത്തിനു പുറമേ സാമ്പത്തിക സഹായം സമാഹരിച്ചു വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ സന്നദ്ധസംഘടനകൾ തയ്യാറാകുമെന്ന ഉറപ്പും ഗ്രൂപ്പുചർച്ചകളിലൂടെ സ്പഷ്ടമാക്കിയിരിക്കുന്നു. മനുഷ്യപ്രയത്നം നമ്മുടെ പഞ്ചായത്തിൽ അൻപതു ശതമാനം സൗജന്യമായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാം.

6. വിവിധ വാർഡുകളിലെ ഗ്രാമസഭാചർച്ചകളിൽ പ്രത്യേകം നിർദ്ദേശിക്കപ്പെട്ട വിഭവ സമാഹരണ നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. പഞ്ചായത്തിന്റെ ചുമതലയിൽ ഒരു ടാക്സിസ്റ്റാൻറ്, ഓട്ടോസ്റ്റാൻറ് എന്നിവ നിർമ്മിക്കുക.
2. ഒരു പൊതുമാർക്കറ്റ് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥാപിക്കുക.
3. കാട്ടിൽ മാർക്കറ്റിലെ പുതുവൽസ്ഥലം നികത്തി പബ്ലിക് മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ സ്ഥാപിക്കുക.
4. പഞ്ചായത്തിന്റെ ചുമതലയിൽ കാലിഞ്ഞിറ്റ-കോഴിഞ്ഞിറ്റ-മൽസ്യത്തിറ്റ ഉൽപ്പാദനകേന്ദ്രം, ഹാച്ചറി, മൃഗസംരക്ഷണകേന്ദ്രം എന്നിവ ഉൾപ്പെട്ട ഒരു ക്ലസ്റ്റർ നിർമ്മിക്കുക.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വാർഡുതല ആഴ്ച ചന്തകൾ നടത്തുക.
6. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സിനിമാശാല സ്ഥാപിക്കാൻ പ്രേരണ നൽകുക.

7. വാർഡുതലത്തിൽ കളക്ഷൻ ഏജൻറുമാരെ ചുമതലപ്പെടുത്തി പ്രതിദിന നിക്ഷേപസമാഹരണം നടത്തുകയും ഉൽപ്പാദനപരമായ ആവശ്യത്തിന് വായ്പ നൽകുകയും ചെയ്യുക.
8. ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നവരുടെ നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ ചുമതല നടത്തുന്ന വ്യവസായ സംരംഭങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനായി ആകർഷിക്കുക. പ്രത്യുൽപ്പാദനപരങ്ങളായ ആവശ്യങ്ങൾക്ക് വിദേശപ്പണം വിനിയോഗിക്കുക.
9. എല്ലാ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും പകരം അവരെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളിൽ കീഴിൽ വരുത്തുകയും ചെയ്യുക.
10. സീസൺ കച്ചവടക്കാരിൽ നിന്നും കരം ഈടാക്കുക.
11. ഉത്സവാഘോഷങ്ങൾക്ക് പഞ്ചായത്ത് നിശ്ചിത ഫീസ് ഈടാക്കുക.
12. മൈക്ക് തുടർച്ചയായി ഉപയോഗിക്കുന്നതിനുള്ള അനുവാദം പഞ്ചായത്തിലൂടെ നൽകുകയും ഫീസ് ഈടാക്കുകയും ചെയ്യുക.
13. വിവാഹരജിസ്ട്രേഷന് നിശ്ചിതഫീസ് പണമായി ഈടാക്കുക.
14. ദേശീയ സമ്പാദ്യപദ്ധതിയിലൂടെ പരമാവധി നിക്ഷേപങ്ങൾ സമാഹരിക്കുക വഴി പഞ്ചായത്തിന് ലഭ്യമാകുന്ന 25% വിഹിതം നേടുക.
15. പഞ്ചായത്തിലെ മുഖ്യധനകാര്യസ്ഥാപനങ്ങളിലൂടെ കാർഷികേതര വായ്പകൾ പ്രത്യുൽപ്പാദനപരങ്ങളായ സംരംഭങ്ങൾക്ക് ആവശ്യാനുസരണം വിതരണം ചെയ്യിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങളോട് നിഷ്കർഷിക്കുക.
16. നാമമാത്രമായ തുനികുതി പരിഷ്കരിച്ച് കൂടുതൽ ആദായകരമാക്കുക.
17. നായ വളർത്തലിന് കർശനലൈസൻസ് നൽകുക വഴി വരുമാനം വർദ്ധിപ്പിക്കുക.

വിശേഷാൽ ഗ്രാമസഭകളിലെ ഗ്രൂപ്പുചർച്ചകളിൽ വന്ന പൊതുസ്ഥിതിവിവരങ്ങൾ, പ്രശ്നങ്ങൾ, പ്രശ്നപരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെട്ട യോഗനടപടികളുടെ ക്രോഡീകരണ റിപ്പോർട്ട് അതാതു ഗ്രാമസഭകളുടെ സമാപനയോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തു വാർഡുകളുടെയും യോഗനടപടികളെ ക്രോഡീകരിച്ചു തയ്യാറാക്കിയ റിപ്പോർട്ടാണ് ഈ വികസന സെമിനാറിൽ അവതരിപ്പിച്ചിട്ടുള്ളത്.



നാം പിന്നിട്ട വികസന പാതകൾ

☞ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് വിവിധ വാർഡുകളിൽ പൈപ്പുലൈൻ വലിക്കുന്നതിന് നടപടി പൂർത്തിയായിവരുന്നു.

☞ കവറാട്ട് സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിൽനിന്നും ശുദ്ധജലവിതരണം നടപ്പാക്കാൻ എസ്റ്റിമേറ്റ് അംഗീകാരത്തിന് അയച്ചിരിക്കുന്നു.

☞ മൂരാണിച്ചിറ-കാട്ടിൽ മാർക്കറ്റ് റോഡിൽ സ്ഥാപിച്ചിട്ടുള്ള ആസ്ബസ്റ്റോസ് പൈപ്പ് നീക്കി പകരം പി.വി.സിപൈപ്പ് സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് അയച്ചിരിക്കുന്നു.

☞ പ്രാഥമികാരോഗ്യകേന്ദ്രം പണിയുന്നതിനുള്ള നടപടി തുടരുന്നു.

☞ മൃഗാശുപത്രിയിൽ ഫർണിച്ചർ വാങ്ങുന്നതിനുള്ള നടപടിയായി.

☞ പൊത്തപ്പള്ളി എൽ.പി. സ്കൂളിന് കഞ്ഞിപ്പുര, മൂത്രപ്പുര, കക്കൂസ് എന്നിവ നിർമിച്ചു.

☞ എം.പി ഫണ്ടുപയോഗിച്ച് എരിക്കാവ് ഗവ. യു.പി. സ്കൂളിന് പുതിയ കെട്ടിടം നിർമിച്ചു.

☞ കോളനിശ്മശാനത്തിന്റെ ചുറ്റുമതിൽ റിപ്പയർ ചെയ്തു.

☞ ഗ്രാമത്തെ മാതൃകാ പക്ഷിവളർത്തൽ കേന്ദ്രമാക്കുന്നതിന് ഒരു കുടുംബത്തിന് 5 മൂട്ടക്കോഴികളെ എന്ന കണക്കിൽ 1000 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന നടപടി സ്വീകരിച്ചു.

☞ ഒരു വാർഡിൽ 25 എന്ന കണക്കിൽ 250 കുടുംബങ്ങളെ തെരഞ്ഞെടുത്ത് പച്ചക്കറി വിത്തുനൽകി പച്ചക്കറികൃഷി വ്യാപകമാക്കാനുള്ള സ്കീം നടപ്പാക്കി.

☞ ഒരു വാർഡിൽ 5 കർഷകർക്കുവീതം ഏത്തവാഴവിത്തുകൾ വാഴകൃഷിക്കായി നൽകുന്ന സ്കീം നടപ്പാക്കി.

☞ 3-ാം വാർഡിൽ നാരകത്തറ-വാഴക്കാലിൽ റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

☞ 3-ാം വാർഡിൽ നാരകത്ര-അയ്യച്ചുകാട് റോഡിൽ 10 വൈദ്യുതിപോസ്റ്റുകൾ സ്ഥാപിച്ച് വൈൻ നീട്ടി വഴിവിളക്കുകൾ കത്തിക്കുന്നതിനും നടപടിയായി.

☞ 5-ാം വാർഡിൽ ശ്രീരംഗം-ഇടക്കണ്ണൻപള്ളി റോഡിൽ വൈദ്യുതി ലൈൻ നീട്ടി വഴിവിളക്ക് തെളിയിക്കാനുള്ള നടപടി സ്വീകരിച്ചു.

☞ 3-ാം വാർഡിൽ കൊച്ചുകരിനാട്ടു-പോറ്റുപുറത്തിൽ ജംഗ്ഷൻവരെ വൈദ്യുതി ലൈൻ നീട്ടാൻ നടപടി സ്വീകരിച്ചു.

☞ നാരകത്തറ-കാർത്തികപ്പള്ളി റോഡും നാരകത്തറ-വലിയകുളങ്ങര റോഡും അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

☞ ശ്രീരംഗം-വട്ടക്കായൽ റോഡ് ടാർചെയ്തു.

☞ ഒന്നാം വാർഡിൽ ഉമ്മപ്പറമ്പുറോഡ് അറ്റകുറ്റപ്പണി നടത്തി.

☞ രണ്ടാം വാർഡിൽ മുളക്കീത്തറ-കാരാന്തറ റോഡ് അറ്റകുറ്റപ്പണി നടത്തി

☞ നാലാം വാർഡിൽ ശ്രീരംഗം-വട്ടക്കായൽ റോഡിൽ മൂടേപ്പറമ്പുമുതൽ പടിഞ്ഞാറോട്ട് അറ്റകുറ്റപ്പണി നടത്തി.

☞ ആറാം വാർഡിൽ മുണ്ടപ്പള്ളി-കവറാട്ടു റോഡിൽ മങ്ങാട്ടുനിന്നും തെക്കോട്ടുള്ള റോഡ് അറ്റകുറ്റപ്പണി നടത്തി.

☞ പി.എച്ച്. സെൻറർറോഡ് ഗ്രാവൽ ചെയ്തു. (W.2)

☞ ഒന്നാം വാർഡിൽ നാലുകണ്ടം-കൊട്ടിക്കലേത്ത് റോഡ് നിർമിച്ചു.

☞ നാലാം വാർഡിൽ നാലുകണ്ടം-ശ്യാമളാലയം റോഡ് പുത്തൻകരി വരെ നിർമിച്ചു.

☞ മൂന്നാം വാർഡിൽ കൊശവിള-ആലുംമൂട് റോഡ് നിർമിച്ചു.

☞ ഏഴാം വാർഡിൽ മണ്ണാന്തറ-വാലേക്കടവ് റോഡിൽ മുതലമുക്ക്-വാലേക്കടവ് ഗ്രാവൽ ചെയ്തു.

❑9-10 വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് നാൽക്കവല മൂരാണിച്ചിറ റോഡ് ഗ്രാവൽ ചെയ്തു.

☞ പട്ടികജാതി കുടുംബങ്ങൾക്കായി നാലു വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

☞ 31 പേർക്ക് വാർദ്ധക്യകാലപെൻഷൻ 6/96 വരെ നൽകി.

☞ 37 അപേക്ഷകൾ (പ്രസവാനുകൂല്യത്തിനായിട്ടുള്ളത്) തീർപ്പായി അംഗീകാരത്തിന് അയച്ചു.


☞ വിധവാപെൻഷൻ വിതരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

☞ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായ വിതരണത്തിന് നടപടി എടുത്തുവരുന്നു.

☞ വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു.....

❑ ❑ ❑

00



ഉപസംഹാരം

ജനകീയാസൂത്രണ സംവിധാനത്തിന്റെ മുന്നൊരുക്കം മാത്രമാണ് ഈ വികസന റിപ്പോർട്ട്. പ്രാദേശിക ആവശ്യങ്ങളെ മുൻനിർത്തി വിശേഷാൽ ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള പരിഹാര നിർദേശങ്ങളിൽ നിന്ന് ഏറ്റവും അനുയോജ്യമായവ തെരഞ്ഞെടുത്ത് അവയ്ക്ക് നിർദേശങ്ങൾ നിരത്തിയ വർതന്നെ മുൻഗണനയും കൽപിക്കുന്നു. വികസന സെമിനാറിന്റെ പരിസമാപ്തിയോടെ ഈ വിധം മുൻഗണന നിശ്ചയിക്കപ്പെട്ട നിർദേശങ്ങളെ വിദഗ്ധരുടെ സഹായത്തോടെ സ്കീമുകളാക്കി മാറ്റുന്നു. തുടർന്ന് പ്രാദേശിക വിഭവ പരിമിതികണക്കിലെടുത്തും ജനഹിതത്തിനു പ്രാധാന്യം കൽപിച്ചും ഈ സ്കീമുകളെ പ്രോജക്ടുകളാക്കി രൂപപ്പെടുത്തുന്ന ശ്രമകരമായ ഘട്ടവുമാണ് നമുക്ക് പൂർത്തിയാക്കാനുള്ളത്.

മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ തഴെപറയുന്ന പ്രധാന പോയന്റുകൂടി പരിഗണിക്കേണ്ടതാണ്:

തൊഴിലവസരങ്ങൾ, ഉൽപാദനം, ഉൽപാദനക്ഷമത, വരുമാനം, ദാരിദ്ര്യം, അസമത്വം, മനുഷ്യവിഭവ ശേഷി, പ്രകൃതിസംരക്ഷണപ്രശ്നങ്ങൾ, അടിസ്ഥാന ആവശ്യങ്ങൾ ഇത്യാദി കാര്യങ്ങൾ ആദ്യം ചർച്ച ചെയ്യണം. അതിനുശേഷം

(i) ഏറ്റവും തീഷ്ണമായ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ സംബന്ധിച്ച് അഭിപ്രായ ഐക്യം ഉണ്ടാകണം.

(ii) പഴയശ്രമങ്ങളെ വിലയിരുത്തുക, പഴയ സ്കീമുകളുടെ പിരമിതികൾ പരിശോധിക്കുക.

(iii) കൃഷി, പ്രാദേശിക വ്യവസായങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, പരിസരശുചീകരണം, പാർപ്പിടം, ദാരിദ്ര്യ നിർമാർജനപദ്ധതികൾ തുടങ്ങിയ വിഷയങ്ങളുമായി ചർച്ചയെ ബന്ധപ്പെടുത്തുക.

(iv) അടുത്തതായി ഈ വിഷയങ്ങളെ മുൻഗണനാക്രമത്തിലാക്കണം. ഉൽപാദനം, ഉൽപാദനക്ഷമത, വരുമാനം, തൊഴിലവസരങ്ങൾ, ദാരിദ്ര്യം, അസമത്വം, പോരായ്മകൾ, ജനപങ്കാളിത്തത്തിനുള്ള സാധ്യതകൾ, വേണ്ടിവരുന്ന ചെലവ്, നേട്ടങ്ങൾ എന്നിവ പരിഗണിച്ചും പ്രദേശത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചും ഓരോ നിർദേശത്തിനും മാർക്ക് നൽകി വേണം മുൻഗണന നിശ്ചയിക്കുവാൻ.

ഓരോ പ്രധാന വിഷയത്തിന്റെയും ഉപവിഷയങ്ങൾ തിരിച്ച് മേൽപറഞ്ഞ മാനദണ്ഡത്തിൽ മുൻഗണന നിശ്ചയിക്കണം.

1997 മാർച്ച് 31-ന് 9-ാം പഞ്ചവത്സര പദ്ധതി പൂർത്തിയാകും. ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭി

ച്ചത് 1951 ഏപ്രിൽ ഒന്നിനാണ്. 1997 ൽ എട്ടാം പദ്ധതി പൂർത്തിയാകുമ്പോൾ 46 വർഷങ്ങൾ കടന്നു പോകുന്നു. ഇടയ്ക്ക് പലപ്പോഴും മുടക്കം വന്നതിനാലാണ് ആറുവർഷങ്ങൾ അധികം വേണ്ടിവരുന്നത്. ഒട്ടേറെ പുരോഗതികൾ കൈവരിക്കാൻ പൂർത്തീകരിച്ച പദ്ധതികൾക്ക് കഴിഞ്ഞു എന്നത് യാഥാർഥ്യംതന്നെ. എന്നിരുന്നാലും പദ്ധതികളിലൂടെ നേടിയ പുരോഗതിയുടെ മധുരം നുണയുന്നത് സമ്പന്നതിയിൽനിന്ന് സമ്പന്നതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ഒരു ന്യൂനപക്ഷം മാത്രമാണെന്നസത്യം മറന്നുകൂടാ. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ 1996 ലെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്, ഇന്ത്യയിലെ 40 കോടി ജനങ്ങൾ ദാരിദ്ര്യ രേഖക്കു താഴെയാണെന്നത്രേ. 92-93 ലെ വിലനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 228 രൂപ ഗ്രാമത്തിലും 264 രൂപ നഗരത്തിലും ദാരിദ്ര്യരേഖ തിട്ടപ്പെടുത്തുന്നതിന്റെ പരിധിയായി കണക്കാക്കുന്നു. ഭക്ഷ്യോൽപാദനം, വൻകിടവ്യവസായം, ഊർജ്ജം തുടങ്ങിയ രംഗങ്ങളിൽ മറ്റു വികസിത സംസ്ഥാനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ 10% സമ്പന്നരെ വളർത്താനേ ഉപകരിച്ചുള്ളൂ എന്നുകാണാം. ഒരു വലിയ വിഭാഗം സാധാരണക്കാർ കൂടുതൽ ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയപ്പെട്ടു എന്ന യാഥാർഥ്യം സാമാന്യജനതക്കു ബോധ്യമായതിനാലാവാം വികസനം ഇവിടെ വഴിമുട്ടിനിൽക്കുമ്പോൾ അവർ മൗനം പാലിക്കുന്നത്. മൊട്ടുസൂചിതൊട്ടു മോട്ടോർ കാർവരെയും ഉപ്പുതൊട്ടുകർപ്പൂരം വരെയും അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കേരളം അന്യ സംസ്ഥാനങ്ങളുടെ വിൽപനക്കമ്പോളമായി അധഃപ്പതിച്ചിരിക്കയാണ്. ഇങ്ങനെ പോയാൽ ഭക്ഷണപ്പൊതിപോലും ഇറക്കുമതി ചെയ്യേണ്ടിവരുന്ന കാലം വിദൂരമാവില്ല.

വളരെ വൈകിയിട്ടാണെങ്കിലും ദേശീയ പദ്ധതി നയത്തിന് ഒരുബദൽ സംവിധാനം നാം ഇപ്പോൾ കരുപ്പിടിപ്പിച്ചിരിക്കുന്നു, നാം രൂപകൽപന ചെയ്ത് നമുക്കുവേണ്ടി നാം തന്നെ നടപ്പാക്കുന്ന ജനകീയാസൂത്രണം. ഇത് പ്രാവർത്തികമാക്കുവാൻ പദ്ധതി വിഹിതത്തിന്റെ 40 % ഗ്രാമങ്ങൾക്കായി ഭാഗിച്ചുതരുമെന്ന് ഉറപ്പായിരിക്കുന്നു. ഈ സംരംഭം വിജയിപ്പിക്കുവാൻ ഇനി ആകെക്കൂടി വേണ്ടത് നമ്മുടെ ഇച്ഛാശക്തിയും ആർജവവും അനുപൂരകവിഭവങ്ങളുമാണ്. വാഴനട്ടുവളർത്തുന്നവനാണ് അതിന്റെ കുലവെട്ടാനുള്ള അവകാശം എന്ന സാമൂഹ്യനീതി സ്ഥാപിച്ചെടുത്ത നമുക്ക് കൂടുതൽ വാഴനടാനും കുലവെട്ടാനും കഴിയണം. കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി കൈകോർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോയാൽ ഇതുനിഷ്പ്രയാസം കഴിയുമെന്ന് ഉറപ്പാണ്.

40 % ശതമാനം പദ്ധതി വിഹിതം ലഭിച്ചതുകൊണ്ടുമാത്രം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ നമ്മുടെ ഗ്രാമത്തിന്റെ സമഗ്രവികസനം സമ്പുഷ്ടമാക്കാമെന്ന് വ്യാമോഹമില്ല. ശാസ്ത്രീയമായ ജലനിർഗമന പദ്ധതികൾ, വ്യാപകവും സമ്പൂർണവുമായ ശുദ്ധജലവിതരണം, കയർ മേഖലയിലെ വ്യവസായവൽക്കരണം, നാരകത്ര വ്യാപാരകേന്ദ്രത്തിന്റെ ശാസ്ത്രീയ വികസനം, ടെക്നിക്കൽ ഹൈസ്കൂൾ, ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയുടെ നിർമാണം എന്നിവക്ക് സംസ്ഥാന പദ്ധതികൾ ആവശ്യമാണ്. ഇതിന് ആവശ്യമായ തുക 60 % വരുന്ന സംസ്ഥാന വിഹിതത്തിൽനിന്നും നീക്കിവെച്ചു നടപ്പാക്കിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം.

നൂതനവും അപരിചിതവുമായ ജനകീയാസൂത്രണ സംവിധാനത്തിന്റെ ലക്ഷ്യപ്രാപ്തിയെക്കുറിച്ച് ചിലർക്കെങ്കിലും സംശയമില്ലാതില്ല. അതിനുള്ള കാരണം പ്രധാനമായും രണ്ടാണ്. സ്കീമുകളും പ്രോജക്ടുകളും തയാറാക്കാനുള്ള സാങ്കേതികജ്ഞാനം നമുക്കില്ലെന്നതാണ് ഒന്നാമത്തേത്. രണ്ടാമതായി, വിഭവവും സന്നദ്ധസേവനവും സംഭാവന ചെയ്യാനുള്ള വൈമനസ്യം സംശയങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്നു. സ്കീമുകളും പ്രോജക്ടുകളും തയ്യാറാക്കാൻ സാങ്കേതിക വൈദഗ്ധ്യവും പ്രവർത്തന പരിചയവുമുള്ള ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ കൂടി ഉൾപ്പെട്ടതാണല്ലോ നാം വികസന സെമിനാറിൽ വച്ചുതന്നെ രൂപീകരിക്കുന്ന വിദഗ്ധസമിതികൾ. ഈ സമിതികളുടെ കൂട്ടായ നേതൃത്വത്തിലായിരിക്കും എല്ലാ പദ്ധതികളും നടപ്പാക്കുന്നതും.

സമൂഹത്തിന് വേണ്ടിയും ഗ്രാമവാസികളിൽ ഓരോരുത്തർക്കുവേണ്ടിയും കൂട്ടായി യത്നിക്കുന്ന

തിന് അവരവരാൽ കഴിയുന്ന സംഭാവന നൽകാൻ രാഷ്ട്രീയ സാമൂഹ്യ പ്രബുദ്ധതയുള്ള നമുക്ക് ബാധ്യതയുണ്ടാവുമല്ലോ. നാം നടപ്പാക്കാൻ പോകുന്ന ജനകീയ പദ്ധതി കുമാരപുരം പഞ്ചായത്തിന്റെ വികസനലക്ഷ്യം മുൻനിർത്തി പ്രബുദ്ധരായ ഗ്രാമസഭാംഗങ്ങൾ അവതരിപ്പിച്ച വികസന നിർദേശങ്ങളാണ് ഈ വികസന രേഖയുടെ ഉള്ളടക്കം. വിശദമായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന വിലപ്പെട്ട നിർദേശങ്ങളുടെ വെളിച്ചത്തിൽ ലക്ഷ്യസാക്ഷാൽകാരത്തിനുള്ള കർമപരിപാടികൾക്ക് രൂപം നൽകുവാൻ ഈ വികസന നിപ്പോർട്ട് സഹായകരമാവുമെന്ന് വിശ്വസിക്കട്ടെ.

❖ ❖ ❖

കുമാരപുരം ഗ്രാമ പഞ്ചായത്ത് സമഗ്ര വികസന രേഖ

അനുബന്ധം

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്	പി. സി. ഗംഗാധരൻ
ബ്ലോക്ക് പഞ്ചായത്ത് വൈ. പ്രസിഡന്റ്	സുമതിക്കുട്ടിയമ്മ ചെറിയാൻ
	കുമാരപുരം ഡിവിഷൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ	ഡോ. സി. സുകുമാരപിള്ള
	കാവനാംകുളങ്ങര ഡിവിഷൻ
പി. പി.	പി. പി. സുധീരൻ
പി. എസ്. പി.	പി. വി. നാരായണൻ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	സി. എസ്. സുജാത
ജില്ലാ പഞ്ചായത്ത് വൈ. പ്രസിഡന്റ്	കെ. പി. രാജഗോപാലൻ
ജില്ലാ പഞ്ചായത്ത് മെമ്പർ	പി. വി. സിന്ധു

അനുബന്ധം

വികസന സെമിനാർ

1996 ഡിസംബർ 23-ാം തീയതി കുമാരപുരം കെ. കെ.കെ.വി.എം ഹൈസ്കൂളിൽവെച്ച് വികസന സെമിനാർ നടന്നു. ഗ്രാമസഭാ പ്രതിനിധികൾ, എൽ.ആർ.പി/ഡി.ആർ.പി/കെ.ആർ.പി.മാർ വിവിധ സർക്കാർ വകുപ്പു ദ്യോഗസ്ഥന്മാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, റിട്ട യേർഡ് ഉദ്യോഗസ്ഥർ എന്നിവരടക്കം പുരുഷന്മാരും സ്ത്രീകളും പങ്കെടുത്ത സെമിനാറിൽ ഗ്രൂപ്പുതിരിഞ്ഞ് വിവിധ വിഷയ ങ്ങളെക്കുറിച്ച് സമഗ്രമായി ചർച്ചചെയ് തശേഷം സെമിനാറിൽ അവതരിപ്പിച്ച വികസന റിപ്പോർ ട്ടിന് ആവശ്യമായ ഭേദഗതികളും അനുബന്ധവും അന്യ ത്ര ചേർത്തിരിക്കുന്നു.

5.1 കൃഷി, ജലസേചനം

ഭേദഗതി:

(B. നാളികേര കൃഷി: പ്രശ്നങ്ങൾ) 6-ാം വാർഡിൽ 'സാ മന്യമാത്ര കർഷകർ മാത്രമേ കിടനാശിനി പ്രയോഗം നടത്താറുള്ളൂ' എന്നു തിരുത്തി.

വാർഡ് 8-ൽ 'ചെമ്പൻചെല്ലി, കൊമ്പൻ ചെല്ലി എന്നി കീടങ്ങളുടെ ആക്രമണം ഉണ്ട്' 'ഇത് എല്ലാ വാർഡുകളി ലും ബാധകമാണ്'.

വാർഡ് 10-ൽ 'സംഘങ്ങളിലെ നാളികേര വേരു നടപ ടിയിൽ അഴിമതിയുണ്ട്.' എന്നത് നീക്കം ചെയ്തു.

പരിഹാര നിർദേശങ്ങൾ -6-ാം ഖണ്ഡികയിൽ 'തയ്യിൽ കരിയിൽ കിഴക്കേയറ്റത്ത് കലുങ്കും ചിപ്പും നിർ മിക്കുക' എന്നത് 'പടിഞ്ഞാറുവശത്ത്' എന്നു തിരുത്തി.

വാർഡ് 3-ൽ 'പുത്തൻകണ്ടത്തിൽ വടക്കുവശത്തു ള്ള കലുങ്കും വെള്ളം ഒഴിഞ്ഞുപോകത്തക്ക വിധം സ ന കര്യപ്പെടുത്തിയൽ....' എന്നാക്കി. 'വാർഡിന്റെ വടക്കു ഭാഗത്ത് വിലഞ്ഞാൽ ക്ഷേത്രത്തിനും എൻ.എച്ച്. 47-നും കിഴക്കുവശം പല ഭാഗങ്ങളിലായി കെട്ടിക്കിട ക്കുന്ന മലിനജലം' എന്നു തിരുത്തി.

വാർഡ് 4-ൽ 'നന്തുകാട്ടിൽ മുട്ട് ചെട്ടിയാംപറമ്പിൽ തെക്കുവശം മാറ്റി നിർമിച്ച് ഷട്ടറിട്ട് ഓരുവെള്ളം തട യത്തക്ക രീതിയിൽ ശരിയാക്കണം' എന്നാക്കി.

വാർഡ് 9-ൽ 'മലിനജലം ഒഴുകിപ്പോകുന്ന് കുറ്റിവേ ലി മുക്കിന് വടക്കുവശം' എന്നു തിരുത്തി.

B. നാളികേരം, ഇടവിള -വാർഡ് 3-ൽ 'പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും കിഴങ്ങുവർഗങ്ങൾ, വാഴ തുടങ്ങിയവക്കും സാമ്പത്തിക സഹായം ലഭ്യമാ ക്കുക' എന്നു തിരുത്തി.

നിലവിലുള്ള അവസ്ഥ: പൊതുനിർദേശങ്ങൾ 2-ാമ തെത ഇതാ. 'യൂണിറ്റിലെ കൃഷിക്കാരുടെയും കർഷക തൊഴിലാളികളുടെയും 'ഉടമാവകാശത്തിൽ' എന്നത് 'അവകാശത്തിൽ' എന്നു തിരുത്തി.

അനുബന്ധം

പുനരർപ്പണദിനം:

പുനരർപ്പണദിനമായ നവംബർ ഒന്നിന് ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട മുണ്ടോലിപ്പാട ശേഖരത്തിന്റെ സമഗ്ര വികസനം പരിഗണിച്ച് നാരകത്ര-വലിയകുളങ്ങര റോഡിനുകുറുകെ കവുങ്കുനിർമാണം ഉദ്ഘാടനം ചെയ്യപ്പെട്ടു. 5, 6 വാർഡുകളെ ബന്ധിപ്പിക്കുന്ന നിരൊഴുക്കുചാൽ വീതിയും ആഴവും കൂട്ടുന്നതിൽ ജനപങ്കാളിത്തം ഉണ്ടായി.

താഴെപ്പറയുന്ന വികസന പ്രക്രിയകൾ അനുബന്ധമായി വികസന രേഖയിൽ ചേർക്കുകയുണ്ടായി.

1. 3-ാം വാർഡിൽ പഞ്ചായത്ത് ഗ്രൗണ്ടിനു വടക്കുവശം പടിഞ്ഞാറോട്ട് പോക്കോട്ടു തോടുവരെ കൈത്തോടു നിർമിക്കാനും മൂന്നും രണ്ടും വാർഡുകളിൽ ഫൈവേക്ക് കിഴക്കുവശവും പടിഞ്ഞാറുവശവും പെപ്പിട്ട് പോക്കാട്ടു തോട്ടിൽ യോജിപ്പിക്കണം.

2. വാർഡ് 2-ൽ പാണൂർ ജംഗ്ഷനു പടിഞ്ഞാറുവശം കിഴക്കും വശങ്ങളിൽ കലുങ്കിലൂടെ തെക്കോട്ടു വെള്ളം ഒഴുകാൻ സൗകര്യം വേണം. ഒരു തൊഴിലാളി ചെയ്യേണ്ടുന്ന മിനിമം ജോലിയും വ്യവസ്ഥ ചെയ്യുന്നത് നന്നായിരിക്കും.

3. ഏഴാം വാർഡിൽ മാവോലിൽനിന്ന് മൂന്നുകുളങ്ങര പടിഞ്ഞാറുവശത്തോടുകൂടി തോടു വെട്ടി പുതുവീരിൽ ഭാസ്കരന്റെ കിഴക്കുശവും കലുങ്കിൽ മൂടിക്കണം.

4. എല്ലാ വാർഡുകളിലും പച്ചക്കറി കൃഷിക്ക് വിപുലമായ സാധ്യതകളുണ്ട്. അതിനാൽ, പച്ചക്കറി കൃഷിക്ക് അർഹമായ പ്രാധാന്യം നൽകി നടപ്പാക്കണം.

5. കൊപ്രാറ-കായംകുളം തോട്ടിൽനിന്ന് ജലം സംഭരിച്ച് 3-ാം വാർഡിലും അനുബന്ധ വാർഡുകളിലും പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തണം.

6. ആറാം വാർഡിൽ മുണ്ടോലി പാടശേഖരത്തെ വെള്ളം ഒഴിഞ്ഞുപോകാൻ പീടികയിൽ വടക്കുവശത്തു കൂടി പടിഞ്ഞാറോട്ടു നിർമിച്ചിട്ടുള്ള ഓട എടുവാനാവശ്യമായ വീട് കോളനിക്ക് തെക്കു-കിഴക്കു ഭാഗത്തായി അവസാനിക്കുന്നു. എന്നാൽ, ഈ ഓടയുടെ നിക്ഷേപങ്ങളും പിച്ചിംഗ് കെട്ടാത്തതിനാൽ വസ്തു ഉടമകൾക്ക് നാശനഷ്ടങ്ങൾക്ക് ഇടയാക്കുന്നു. പിച്ചിംഗ് കെട്ടി ഓട സംരക്ഷിച്ച് ജലനിർഗമന ശേഷി ഉറപ്പാക്കണം.

7. ആറാം വാർഡിനു കിഴക്കുവശം ഡാണാപ്പടി-കാർത്തികള്ളി തോടിന്റെ പടിഞ്ഞാറേകര പിച്ചിംഗ് കെട്ടി മണ്ണൊലിപ്പു നിയന്ത്രിക്കണം. ഈ മണ്ണൊലിപ്പ് കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്.

8. വാർഡ് 1: നാലുകണ്ടത്തിൽ ഒരു സ്ലൂയിസ്-കം-കൾവർട്ട് നിർമിക്കുക.

വാർഡ് 2: (എ). മുളക്കീത്ത-കാരാന്തറ റോഡിൽ മരാട്ടു ഭാഗത്ത് (വടക്കോട്ട്) കാരന്തറ തോട്ടിലേക്ക് ഓട നിർമിക്കണം.

(ബി). വാപ്പനമ്പിൽ വടക്കുവശത്ത് കൃഷ്ണവിലാസത്തു കിഴക്കുവശത്ത് ഓട നിർമിക്കുക.

(സി). ആലിൻ ചുവടിനുവടക്ക് കൊയ്പള്ളി കിഴക്കുവശത്തും വടക്കുവശത്തും ഓട നിർമിക്കുക.

(ഡി). ആലിൻ ചുവടിനു വടക്കുവശം മുതൽ പര്യാരത്തു വടക്കുവശം വരെ ഓട നിർമിക്കുക.

വാർഡ് 4: കൂട്ടംകൈത-കന്നുകാലിപ്പാലം വഴിയിൽ നന്തുകാടൻ ചിറയിൽ ഷട്ടറോടുകൂടിയ പാലം നിർമിക്കുക.

വാർഡ് 7: (എ). നടയിൽ വടക്കുവശത്ത് ഓട നിർമിക്കുക.

(ബി): പൊന്നുതോട്ടിൽനിന്ന് കണ്ണന്തറ തെക്കുവശം വരെയുള്ള തോട് കാർത്തികള്ളി-കൊപ്രാറ തോടുമായി ബന്ധിപ്പിക്കുക.

വാർഡ് 8: (എ). മുണ്ടപ്പുള്ളി-പഴയച്ചിറ റോഡിൽ മുണ്ടപ്പുള്ളി മുതൽ പുത്തൻചിറ പാലം വരെ ഇരുവശവും പിച്ചിംഗ് കെട്ടണം.

(ബി). പഞ്ചായത്തിറ വായനശാല റോഡിൽ ആനകൊടിപ്പറമ്പിൽ പാലം നിർമിക്കുക.

5.2

മൃഗപരിപാലനം, മൽസ്യബന്ധനം

അനുബന്ധം

1. പഞ്ചായത്തുതലത്തിൽ എഴുർ നേഴ്സറി യൂണിറ്റ് സ്ഥാപിക്കുക. ഇവിടെനിന്നും രണ്ടു മാസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സൗജന്യനിരക്കിൽ നൽകുക.

2. സ്കൂൾ പൗൾട്രി ക്ലബുകൾ രൂപവൽക്കരിച്ച് അതുവഴി വിദ്യാർഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

3. മുട്ട ഉൽപാദക-വിപണന സഹകരണ സംഘം രൂപവൽക്കരിക്കുക.

4. താറാവു വളർത്തൽ വ്യാപിക്കുക. അതോടൊപ്പം താറാവു കർഷകർക്ക് ഗോതമ്പുലഭിക്കാൻ പെർമിറ്റ് സമ്പ്രദായം നടപ്പിലാക്കുക. വിതരണം റേഷൻ കട മുഖേന നടത്തുക.

5. സ്വയംതൊഴിൽ പദ്ധതിയായി ക്ഷീരമിത്ര പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കാൻ ആവശ്യമായ സഹായങ്ങൾ നൽകുക.

6. രോഗപ്രതിരോധ കുത്തിവെപ്പുകൾ സൗജന്യമായി നടപ്പാക്കുക.

8. കറവപ്പശുക്കളെ വാങ്ങാൻ പഞ്ചായത്ത് ഗ്രാന്റോടുകൂടി ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. പഞ്ചായത്തിനെ സമ്പൂർണ പോളിഷബാധയിൽനിന്ന് ഒഴിവാക്കുന്നതിന്റെ ഭാഗമായി വളർത്തുനായ്ക്കൾക്ക് കുത്തിവെപ്പ്, ലൈസൻസ് എന്നിവ കർശനമായി ഏർപ്പെടുത്തുക. ലൈസൻസില്ലാത്ത നായ്ക്കളെ നശിപ്പിക്കുക.

10. കാലിത്തൊഴുത്തു നിർമിക്കുന്നതിന് നിർധനരായ കർഷകർക്ക് സഹായധനം പഞ്ചായത്തിൽനിന്ന് ലഭ്യമാക്കുക.

11. കന്നുകാലികളെ ഇൻഷുർ ചെയ്യുന്നതിന് പഞ്ചായത്ത് സഹായം നൽകുക.

12. പഞ്ചായത്ത് മണിസിഡിയോടുകൂടി പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി നടപ്പാക്കുക.

13. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക. വയ്ക്കോൽ സമ്പുഷ്ടീകരണത്തിന് പഞ്ചായത്തിന്റെ ചുമതലയിൽ സംയോജിത പദ്ധതി നടപ്പാക്കുക.

14. കൂടുതൽ വിറ്റ് വരവ് ലക്ഷ്യമിടുന്നതിന് പ്രാദേശിക ഉപഭോഗം വർധിപ്പിക്കുക. അങ്കണവാടി, പ്രൈമറി സ്കൂൾ വിദ്യാർഥികൾക്ക് ആഴ്ചയിൽ 200 മി. ലി പാൽ വീതം നൽകുന്നതിന് പഞ്ചായത്ത് ധനസഹായം നൽകുക.

15. മിനി ക്യാറ്റിൽ ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ സബ്സിഡി ഏർപ്പെടുത്തുക, ഈ യൂണിറ്റുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

16. പ്രതിരോധ കുത്തിവെപ്പുകളും വന്ധ്യതാ പരിഹാര ക്യാമ്പുകളും സംഘടിപ്പിക്കാൻ പദ്ധതിയിരുത്തുക കാണിക്കുക. അകിടുവീക്ക രോഗ നിയന്ത്രണത്തിനായി ക്ലീൻ മിൽക്കിംഗ് കിറ്റുകൾ വിതരണം ചെയ്യുകൾ.

17. ആവശ്യമായ സജ്ജീകരണങ്ങളോടുകൂടി മൃഗാശുപത്രി വികസിപ്പിക്കുക.

18. അനധികൃത ഇറച്ചിവെട്ട് അവസാനിപ്പിച്ച് അംഗീകൃത അറവുശാല, സ്റ്റാൾ എന്നിവ സ്ഥാപിക്കാൻ പദ്ധതിയിടുക. ഇറച്ചിവെട്ടുകാർക്ക് ലൈസൻസ് കർശനമാക്കുക.

19. സ്വയം തൊഴിൽ സംരംഭമായി ബ്രോയിലർ ആടു വളർത്തൽ പ്രോൽസാഹിപ്പിക്കുക.

20. ഗോബർഗ്യാസ് പ്ലാൻറുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

21. മുയൽ വളർത്തലിന് സഹായം നൽകുക.

22. ശാസ്ത്രീയ മൃഗപരിപാലനത്തിന് കർഷകർക്കായി സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കുക.

23. പാരമ്പര്യ ക്ഷീരകർഷകർക്ക് ക്ഷേമനിധി, പെൻഷൻ എന്നിവ നടപ്പാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനമുണ്ടാകണം.

24. പാലിൻറെ ഗുണനിലവാരം പരിശോധിച്ച് തിട്ടപ്പെടുത്തുന്ന സംവിധാനം സർക്കാർ പുനഃപരിശോധിക്കുക.

25. ബീജസങ്കലനം നടത്തുന്നതിന് ഓരോ പ്രാവശ്യവും ഫീസീടാക്കുന്ന സമ്പ്രദായം മാറ്റി ഒരു ഫീസിന് രണ്ടു ബീജസങ്കലനം കൂടിയെങ്കിലും സൗജന്യമായി ചെയ്തുകിട്ടാനുള്ള സൗകര്യം സർക്കാർ പുനഃസ്ഥാപിക്കുക.

26. കാലിത്തീറ്റ നിർമാണ യൂനിറ്റ് ബ്ലോക്ക്-ജില്ലാതലത്തിൽ ആരംഭിക്കുക.

27. പഞ്ചായത്തിൻറെ ചുമതലയിൽ മത്സ്യവിത്ത് വിതരണം ചെയ്യുക.'നാട്ടിൻകുളം' പ്രോജക്ട് നടപ്പാക്കുക.

28. ചെറുകിട മൽസ്യത്തീറ്റ നിർമാണ യൂനിറ്റുകൾ സ്വയംതൊഴിൽ സംരംഭമായി ആരംഭിക്കാൻ പഞ്ചായത്തുതലത്തിൽ പദ്ധതിയിടുക.

29. മൽസ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുക.

5.3 വിദ്യാഭ്യാസം

ഭേദഗതി

അനുബന്ധം: സ്കൂളുകളിൽ ലൈബ്രറി, വാഹനാദി സൗകര്യങ്ങൾ ഏർപ്പെടുത്തണം

1. ഗ്രാമസഭാ നിർദേശങ്ങൾ 4, 9, 13 എന്നിവ നീക്കം ചെയ്തു.

അനുബന്ധം: സ്കൂളുകളിൽ ലൈബ്രറി, വാഹനാദി സൗകര്യങ്ങൾ ഏർപ്പെടുത്തണം.

5.4

കുടിവെള്ളം, പൊതുജനാരോഗ്യം

അനുബന്ധം

പഞ്ചായത്തിലെ വാട്ടർ ടാങ്കുകളിൽനിന്ന് വിതരണം ചെയ്യുന്ന ജലം മാലിന്യങ്ങൾ നിറഞ്ഞതാണ്. ശുദ്ധീകരണം കൃത്യമായി നടത്തണം. കാലാകാലങ്ങളിൽ ജലപരിശോധന നടത്തണം. ഇതിനായി പഞ്ചായത്തുതലത്തിൽ സമിതികൾ രൂപവത്കരിക്കണം. പൊതുടാപ്പുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ജനകീയ സമിതികൾ രൂപവത്കരികണകം. വരൾച്ചക്കാലത്ത് ആവശ്യമുള്ള സ്ഥത്ത് ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം ഏർപ്പടാക്കണം. പൊതുകുളങ്ങൾ പിച്ചിംഗ് കെട്ടി സംരക്ഷിക്കണം. കൃഷിക്കും മറ്റുമുള്ള ആവശ്യങ്ങൾക്കും ജലം വഭ്യമാകത്തക്കവിധം മോട്ടോർ സ്ഥാപിക്കണം.

ജലസ്രോതസ്സുകളിൽ തൊണ്ട് അഴുക്കുന്നത് നിരോധിക്കണം. പഴയ കിണറുകളും കുളങ്ങളും അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കണം. അതിനാവശ്യമായ സാമ്പത്തികസഹായം പഞ്ചായത്തിൽനിന്നും നൽകുക. പൊതുജനങ്ങളിൽനിന്ന് സംഭാവനകളും ഇതിലേക്കായി സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ താഴെപ്പറയുന്ന കുളങ്ങൾ സംരക്ഷിക്കുക:

1. 5-ാം വാർഡിലെ പട്ടികജാതി-പട്ടികവർഗ കോളനികളിലെ കുളം.
2. മറ്റേക്കര കോളനിയിലെ കുളം
3. വാർഡ് ഏഴിലെ കൈമൂട്ടിൽ കുളവും താഴൂമാം കുളവും.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താഴെപ്പറയുന്ന പ്രദേശങ്ങളിൽകൂടി പൈപ്പ് സ്ഥാപിക്കുക.

1. എസ്.എൻ.വി.എൽ.പി.എസിനു തെക്കോട്ടുമാറി ഒരു ടാപ്പ്.
2. കെ.വി. ജട്ടിമുതൽ കാട്ടിൽ മാർക്കറ്റുവരെയുള്ള ടാപ്പുകൾ തമ്മിലുള്ള അകലം കുറക്കുക.
3. കുന്നത്തുകാടിന് കിഴക്കുവശം മുതൽ വല്യരിക്കൽ കിഴക്കുവശം വരെയുള്ള റോഡിൽ ടാപ്പുകൾ സ്ഥാപിക്കുക.
4. അഞ്ചാം വാർഡിൽ കോളനിയുടെ തെക്കുവശത്ത് കിഴക്കേ ടാപ്പിലനിന്നും തെക്കോട്ടുമാറി ഒരു ടാപ്പ്.
5. വാർഡ് ആറിൽ പീടികയിൽ വക്കും വീട് കോളനി മുതൽ പുത്തൻതറ കിഴക്കുവശം വരെ.
6. 8-ാം വാർഡിൽ വാവേൽകടവിന്/കൊച്ചുമുണ്ടോരിക്കാവിന് കിഴക്കുവശം ഒരു ടാപ്പ്.
7. മൂലേപ്പറമ്പിൽ ഭാഗത്ത്.
9. 9-ാം വാർഡിൽ: കുന്നപ്പറമ്പിൽ -2, കൃഷ്ണൻതോപ്പ് -5, പുത്തുമുട്ടിൽ-2, ഇരഞ്ഞിമുട്ടിൽ-2, തെന്നാടിപ്പറമ്പിൽ-1, മണലോൽകിഴക്കുഭാഗം -4.

പൊതുജനാരോഗ്യം

1. കുട്ടികൾതൊട്ട് വ്യായാമം ശീലിക്കണം.
2. പഞ്ചായത്തുകളിലെ സ്കൂളുകളിലും അങ്കണവാടികളിലും വ്യായാമ പരിശീലനം നൽകുക.
3. ആരോഗ്യ പരിപാലനത്തിനായുള്ള ബോധവത്കരണം നടത്തുന്നതിന് ജനകീയ സമിതികൾ രൂപവത്കരിക്കണം.
4. ഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
5. അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾ ഗുണനിലവാരമുള്ളവയെന്ന് ഉറപ്പുവരുത്തുക.
6. പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള പഞ്ചായത്തുവക സ്ഥലത്ത് ആശുപത്രി സ്ഥാപിക്കുക.
7. ഹോട്ടലുകളിലെ ശുചിത്വം പരിശോധനക്കായി പ്രത്യേക കമ്മിറ്റി രൂപവത്കരിക്കുക.
8. കക്കൂസ് നിർമിക്കുന്നതിന് ആവശ്യക്കാർക്ക് ബാങ്ക് ലോൺ ലഭ്യമാക്കണം.
9. പ്രകൃതി ചികിത്സയെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് സംവിധാനം സംവിധാനം ഏർപ്പെടുത്തണം. പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിവിഹിതം വകകൊള്ളിച്ച് പദ്ധി രൂപവത്കരിക്കുകയും ചെയ്യണം.

പട്ടിക 1

ആരോഗ്യ സ്ഥാപനങ്ങൾ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/വാടക	ഉദ്യോഗസ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപനപരമായ പ്രശ്നങ്ങൾ
	[illegible] ആശുപത്രി	മറ്റുള്ളവ	സ്വന്തം	3	1974	[illegible]
-	[illegible] ആയുർവേദ ആശുപത്രി	ആയുർവേദം	വാടക	4	1954	[illegible]
3	പബ്ലിക് ഹെൽത്ത് സെന്റർ	അലോപ്പതി	വാടക	8	1993	[illegible]
	ഹൃദ ട്രസ്റ്റ് ഹോസ്പിറ്റൽ	പ്രൈവറ്റ് അലോപ്പതി	സ്വന്തം	17	1993	[illegible]
5	ദീപ ഹോസ്പിറ്റൽ	പ്രൈവറ്റ് അലോപ്പതി	സ്വന്തം	14	1981	[illegible]
6	മദർ ക്ലിനിക്	പ്രൈവറ്റ് അലോപ്പതി	സ്വന്തം	4		[illegible]

പകർച്ച വ്യാധി വിവരങ്ങൾ

പട്ടിക 2

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1992-93	240	360	370	330
93-94	270	350	300	280
94-95	280	360	320	310
95-96	305	350	330	365
ആകെ	1095	1420	1320	1285

5.5

വ്യവസായം

അനുബന്ധം

1. പ്രത്യേക മേഖലകളിൽ പണം മുടക്കാൻ കഴിവുള്ള വ്യക്തികളെ കണ്ടെത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോൽസാഹിപ്പിക്കുക.

2. സ്വയം തൊഴിൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിലേക്ക് അർഹരായ ഗുണഭോക്താക്കളെ പഞ്ചായത്തുസമിതി കണ്ടെത്തി ശുപാർശചെയ്യുകയും ശുപാർശചെയ്യപ്പെട്ടുവന്നവർക്ക് സാമ്പത്തിക സ്ഥാപനങ്ങൾ വായ്പ നൽകുകയും വേണം. വായ്പ തിരിച്ചടിക്കുന്നതിൽ പഞ്ചായത്തിനും ബാധ്യത ഉണ്ടായിരിക്കണം. അങ്ങനെ രണ്ടു വർഷത്തിന് താഴെ മുടക്കു മുതൽ വരുന്ന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനും സാമ്പത്തിക സ്ഥാപനങ്ങൾ വായ്പ നൽകുന്നതിന് പഞ്ചായത്തു സമിതിയുടെ ശുപാർശകൾ പരിഗണിക്കേണ്ടതാണ്.

3. 10 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വ്യവസായയൂണിറ്റുകളെ നികുതിയിൽനിന്ന് ഒഴിവാക്കേണ്ടതാണ്.

4. പഞ്ചായത്തുതലത്തിൽ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കണം.

5. പഞ്ചായത്തിൽ ഒരു വ്യവസായ മിനി എസ്റ്റേറ്റ് സ്ഥാപിക്കണം. ഇതിനായി ഒന്നര ഏക്കർ സ്ഥലം പഞ്ചായത്ത് അക്വയർ ചെയ്യേണ്ടതാണ്.

5.6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

അനുബന്ധം (ഊർജ്ജം, മാർക്കറ്റ്)

(കുറിപ്പ്: വികസന രേഖയിൽ ചേർക്കാൻ വിട്ടുപോയ ഊർജ്ജം, മാർക്കറ്റ് എന്നീ വിഷയങ്ങൾ പൂർണമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു.)

ഗതാഗതം

അനുബന്ധം:

1-ാം വാർഡിൽ കാട്ടിൽ മാർക്കറ്റ് പുത്തൻകുരിയിൽ ക്ഷേത്രത്തിന് തെക്ക് ഭാഗത്തേക്ക് തിരുമാനിച്ചിരിക്കുന്ന ഗ്രാവൽ റോഡും കലുങ്ക്പാലവും അതുവഴിയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ടി റോഡും പാലവും കാട്ടിൽ മാർക്കറ്റ് ദേവസ്വം ചിറ റോഡിൽ പുത്തൻവീട്ടിൽ വിടിനു വടക്കുവശവും കാട്ടിൽ മാർക്കറ്റിന് തെക്കുവശവും മധ്യേ കിഴക്കോട്ട് ഒരു കലിങ്ക് പാലവും അവിടെ നിന്നും അഞ്ചുതെങ്ങിൽ വരെ ഗ്രാവൽറോഡും നിർമ്മിക്കുക.

ഊർജ്ജം

വാർഡ് - 1

1. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പരിഹരിക്കണം
2. പഞ്ചായത്തുറോഡുകളിലെല്ലാം തന്നെ വഴിവിളക്കുകൾ സ്ഥാപിക്കുക.
3. വൈദ്യുതി ലഭിക്കാവുന്ന ഇലക്ട്രോണിക് ബെല്ലാസ്റ്റുകൾ ഉപയോഗപ്പെടുത്തുക.

വാർഡ് - 2

1. എല്ലാ ലക്ഷം വീടു കോളനികളിലും വൈദ്യുതികരിക്കണം.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പാനൂർ റോഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
3. മറ്റത്ത് പടിഞ്ഞാറുവശത്ത് തോടിനിരു കരകളിലും താമസിക്കുന്നവർക്ക് വൈദ്യുതി ലഭിക്കണം.
4. മണ്ണാം പറമ്പിൽ വടക്കുവശം താമസിക്കുന്നവർക്ക് വൈദ്യുതി ലഭ്യമാക്കണം.
5. മരാട്ട് ജംഗ്ഷൻ മുതൽ ത്രീ ഫേസ് സപ്ലൈ വേണം.

വാർഡ് - 3

1. ആവശ്യമുള്ള എല്ലാ വീടുകൾക്കും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.
2. ബയോഗ്യാസ് ഉപയോഗിക്കുന്നതിന് പരിശീലനം നൽകുകയും പ്ലാന്റു സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.
3. കല്ലേലി ജംഗ്ഷനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
4. എൻ. എച്ചിൽ ഡാണാപ്പടി പാലം മുതൽ കെ. വി. ജെട്ടി ജംഗ്ഷൻ വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

വൈദ്യുതി ഉപഭോഗം

ക്രമ നം	ആവശ്യം	കണക്ഷൻ
1.	ഗാർഹികാവശ്യം	2576
2.	വ്യാപാരാവശ്യം	414
3.	വ്യവസായാവശ്യം	28
4..	കൃഷി ആവശ്യം	40

ഊർജ്ജം - സ്ഥിതി വിവര പട്ടികകൾ
ട്രാൻസ്ഫോർമറുകൾ

ക്രമ നം.	പേര്	ഇനം	വാർഡ്
1	കെ. വി. ജെട്ടി	L. T.	
2	ആക്കാത്തറ	"	1
3	കാട്ടിൽ മാർക്കറ്റ്	"	9
4	വെട്ടിശ്ശേരി	"	1
5	കുട്ടംകൈത	"	4
6	ചെമ്പുതോട്	"	
7	നാരകത്ര	"	5
8	പാതിരംകുളങ്ങര	"	6
9	മണ്ണാന്തറ	"	7
10	എരിക്കാവ്	"	7
11	താമല്ലാക്കൽ	"	2

തെരുവു വിളക്കുകൾ

ക്രമ. നം	ഇനം	എണ്ണം
1	ബൾബുകൾ	216
2	ട്യൂബുകൾ	5
	ആകെ	221

ഹൗസ് കണക്ഷൻ - നിലവിൽ

ക്രമ. നം.	ഇനം	എണ്ണം
1	വൈദ്യുതീകരിച്ച വീടുകൾ	2140
2	വൈദ്യുതീകരിക്കാത്ത വീടുകൾ	3702

വൈദ്യുത് കണക്ഷന്
അപേക്ഷിച്ചവർ പട്ടിക

ക്രമ നം.	ഇനം	എണ്ണം
1	ഓർഡിനറി	110
2	ഒ. ടി. പി	29
3	ഒ. വൈ. ഇ. സി	16

മൻ വർഷം നൽകിയ കണക്ഷൻ

ഇനം	എണ്ണം
ഓർഡിനറി	82
ഒ. ടി. പി	3
ഒ. വൈ. ഇ. സി	38
ആകെ 123	

നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

ഗാർഹികാവശ്യം	വ്യാപാരം	വ്യവസായികം	കാർഷികം	ആകെ
2576	414	28	40	3058

വൈദ്യുതീകരണം - കോളനികൾ

ക്ര നം.	കോളനി	25+3	കണക്ഷൻ
1.	മല്ലേക്കര കോളനി		28
2.	ഗിരിജൻ കോളനി		8

ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിൽ

വാർഡ്	എണ്ണം
II	രണ്ട്
III	മൂന്ന്

ആകെ ആഞ്ച്

വാർഡ് 4

1. വൈദ്യുതിയില്ലാത്ത എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കണം.

2. കൂട്ടുംകൈതക്ക് കിഴക്കുവശം ട്രാൻസ്ഫോർമർ സ്ഥാപിച്ച് സി.വി.സി.എസ് 70-ലേക്ക് ത്രീഫേസ് സപ്ലൈ നൽകണം.

വാർഡ് 5

1. ശ്രീരംഗം-ഇടക്കണ്ണനല്ലൂർ റോഡിൽ വഴിവിളക്ക് സ്ഥാപിക്കുക.

2.കവാടം-മുണ്ടപ്പള്ളി റോഡിൽ വഴിവിളക്ക് സ്ഥാപിക്കുക.

3. മല്ലേക്കര കോളനി മുതൽ കമ്പട്ടിക്കവല വടക്കുവശം വരെ വഴിവിളക്ക് സ്ഥാപിക്കുകയും കടുവ ജംഗ്ഷൻ മുതൽ കുമാരപുരം കോളനി വരെ വൈദ്യുതി ലൈൻ നീട്ടുകയും വേണം.

4. നിലവിലുള്ള വഴിവിളക്കുകൾ കത്തിക്കുവാൻ ആവശ്യമായ നടപടിയുണ്ടാകണം.

5. ശ്രീരംഗം-വട്ടക്കായൽ റോഡിൽ കായത്ത് വീടിന് പടിഞ്ഞാറുവശത്തുനിന്നും പടിഞ്ഞാറോട്ടു ഇലക്ട്രിക് ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കാൻ ആവശ്യമായ ഉണ്ടാകണം.

വാർഡ് 6

1. അനന്തപുരം-വാലേക്കാടവു റോഡിൽ വഴിവിളക്ക് സ്ഥാപിക്കണം.

2. മുണ്ടോലി മുതൽ വടക്കോട്ട് ഉണിത്തറവരെ വഴിവിളക്കുകൾ സ്ഥാപിക്കണം.

വാർഡ് 7

1. കാരാവള്ളി മുതൽ നാരകത്ര വരെയും.

2. കണ്ണന്തറ മുതൽ വള്ളിയിൽ പടിഞ്ഞാറുവശം വരെയും.

3. ചെമ്പൻപടിക്കൽ മുതൽ മുതവമുക്കുവരെയും വഴിവിളക്കുകൾ സ്ഥാപിക്കുക.

4. മുതവമുക്കു മുതൽ വാലേക്കടവു വരെയുള്ള വഴിവിളക്ക് കത്തിക്കാനുള്ള സംവിധാനം വേണം.

5. മണ്ണാത്ത-മുതവമുക്ക് റോഡിൽ ലൈൻ വലിച്ച് ഇൻഡിവിജ് സംവിധാനമുണ്ടാകണം.

6. പാതിരാകുളങ്ങര ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കണം.

7. പൊയ്ത്ത് സെന്റർ മുതൽ കിഴക്കോട്ടു വടുതല വരെ വൈദ്യുതി വേണം. വഴിവിളക്ക് സ്ഥാപിക്കണം.

8. വൈദ്യുതി ലഭ്യമല്ലാത്ത എല്ലാ വീടുകൾക്കും വൈദ്യുതി ലഭ്യമാക്കണം.

9. ക്രാച്ചേരിയിൽനിന്ന് നടയിൽ ഭാഗത്തുകൂടി ഉണിക്കാത്തറ ജംഗ്ഷൻ വരെ ലൈൻ വലിച്ച് വൈദ്യുതി ലഭ്യമാക്കണം.

10. കായ്ക്കാട് ജംഗ്ഷൻ മുതൽ വടക്കോട്ട് ജംഗ്ഷൻ വരെ വൈദ്യുതി ലൈൻ സ്ഥാപിക്കുക.

വാർഡ് 8

1. മുണ്ടപ്പള്ളി പിറയിൽ നിന്ന് പടിഞ്ഞാറോട്ട് പഴയചിറ വഴി പണ്ടാരച്ചിറ വരെ വൈദ്യുതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

2. പുത്തൻചിറ പാലത്തിനു തെക്കുവശം ക്രാച്ചേരി ജംഗ്ഷനു കിഴക്കുവശം ദർഭയിൽ ജംഗ്ഷനു തെക്കുവശം ഈ സ്ഥലങ്ങളിൽ വൈദ്യുതി ലഭ്യമാകണം.

3. ഗ്രാമീണ റോഡുകളെല്ലാം തന്നെ വൈദ്യുതീകരിക്കണം.

വാർഡ് 9

1. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി ലഭ്യമാക്കണം.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

വാർഡ് 10

1. വിനുപ്പൻകൊടു ഭാഗത്ത് വൈദ്യുതി ലഭ്യമാക്കണം.

2. എല്ലാ റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

3. പുതിക്കാവ് യു.പി.എസിനു സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

പൊതു നിർദേങ്ങൾ (വികസന സെമിനാർ)

1. പഞ്ചായത്തു തലത്തിൽ ഇലക്ട്രിസിറ്റി സബ് എഞ്ചിനിയർ ഓഫീസ് ആരംഭിക്കണം. ഇതിനായി രണ്ടു വർഷം മുമ്പ് കുമാരപുരം പഞ്ചായത്തിന് അനുവദിച്ച സബ് എഞ്ചിനിയർ ഓഫീസ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം.

2. ട്രാൻസ്ഫോർമാർ: ഇപ്പോൾ ഹരിപ്പാട്, കരുവാറ്റ, കാർത്തികള്ളി എന്നി മൂന്ന് ഇലക്ട്രിസിറ്റി ഓഫീസുകളിൽനിന്നുമാണ് സപ്ലൈ ചെയ്യുന്നത്. ഇത് ഏകീകരിച്ച് കുമാരപുരം സബ് എഞ്ചിനിയർ ഓഫീസ് പരിധിയിൽനിന്നാക്കണം.

3. വോൾട്ടേജ്ക്ഷാമം: എരിക്കാവ് യു.പി.എസിനു സമീപപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. പഴയച്ചിറ ജംഗ്ഷനിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കണം.

മൂന്നാം വാർഡിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് സിയോൺ എൽ.പി.എസിനു സമീപം ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഈ പ്രദേശത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.

കെ.വി ജെട്ടി റോഡിലുള്ള (കിഴക്കെ ഗുരു മന്ദിരത്തിനു സമീപമുള്ള) ട്രാൻസ്ഫോർമറിൽനിന്നും കാരാന്തറ ജംഗ്ഷൻ വരെ ത്രീഫേസ് ലൈൻ വലിച്ച് ഈ പ്രദേശത്തുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

നാലാം വാർഡിൽ സി.വി.സി.എസ് 70-ന് സമീപം ട്രാൻസ്ഫോർമർ സ്ഥാപിച്ച് സി.വി.സി.എസ് 70 ലേക്ക് ത്രീഫേസ് സപ്ലൈ നൽകണം.

4. എല്ലാ വക്ഷംവീടു കോളനികളും വൈദ്യുതികരിക്കണം.

വാലുപറമ്പ് ലക്ഷംവീട് -വാർഡ് 3

പരിയാരം-പാനൂർ ലക്ഷംവീട് -വാർഡ് 2

5. പുതിയ ലൈനുകൾ

മുണ്ടപ്പള്ളി മുതൽ പഴയചിറവരെ ഇലക്ട്രിക് ലൈൻവലിച്ച് വഴിവിളക്ക് സ്ഥാപിക്കണം.

6. വഴിവിളക്ക്

പഞ്ചായത്തിന്റെ പ്രധാന റോഡുകൾ മുഴുവനും വൈദ്യുതീകരിക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

ശ്രീരംഗം ഇടക്കണ്ണമ്പള്ളി റോഡിൽ, മല്ലേക്കര കോളനിമുതൽ കമ്പട്ടിക്കൽവരെ, ശ്രീരംഗം വട്ടക്കായൽ റോഡിൽ കാര്യത്ത്വീടിന് പടിഞ്ഞാറുവശത്തുനിന്നും പടിഞ്ഞാറോട്ട് ലൈൻ വലിക്കണം. കാരാവള്ളിമുതൽ നാരകത്രവരെ. കണ്ണന്തര മുതൽ വള്ളിയാൽ പടിഞ്ഞാറുവശംവരെ, ചെമ്പൻ പടിക്കൽമുതൽ കിഴക്കോട്ട് വടുതലവരെ. ത്രാച്ചേരിയിൽനിന്നും നടയിൽഭാഗത്തുകൂടി ഉണിത്താറ ജംഗ്ഷൻവരെ.

7. അടുപ്പ്

1. പഞ്ചായത്തിൽ 1000 പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.

2. ബയോഗ്യാസ് പ്ലാന്റുകൾ 100 വീടുകളിൽ സ്ഥാപിക്കണം.

3. വിറകിനുവേണ്ടി പഞ്ചായത്തുവക സ്ഥലങ്ങളിലും തോടിന്റെ വശങ്ങളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുക.

മാർക്കറ്റ്

ഗ്രാമസഭാ നിർദേശങ്ങൾ പരിഗണിച്ചും വികസന സെമിനാറിലെ ചർച്ചകളുടെ അടിസ്ഥാനത്തിലും താഴെപറയുന്ന പൊതുനിർദേശങ്ങൾ അംഗീകരിച്ചു.

1. കുമാരപുരം പബ്ലിക് മാർക്കറ്റിനുവേണ്ടി വില്ലേജ് ഓഫീസിനു തെക്കുവശത്ത് റോഡിനു കിഴക്കുവശത്തുള്ള നിലവും അതിനോടുചേർന്ന സ്ഥലവും അക്വയർ ചെയ്യണം.

കമ്മ്യൂണിറ്റിഹാൾ, സാംസ്കാരിക നിലയം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവക്കായി എതിരേറ്റുപ്പ് ആലിനു കിഴക്കുവശത്തുള്ള വസ്തു അക്വയർ ചെയ്യാൻ നടപടി എടുക്കണം.

താമല്ലാക്കൽ ജംഗ്ഷനു സമീപം എൻ.എച്ചിന് പടിഞ്ഞാറുവശത്ത് ഗുരുമന്ദിരത്തിനു തെക്കുവശത്തായി കാണുന്ന ഇരുപുനിലം അക്വയർ ചെയ്ത് കൃഷിഭവൻ അടക്കമുള്ള ഗവ. ഓഫീസുകൾക്കായി കെട്ടിടം നിർമിക്കണം.

ഗ്രാമീണ പൊതുമാർക്കറ്റുകൾ:

1. കാട്ടിൽ മാർക്കറ്റ്
2. മുണ്ടപ്പുള്ളി എസ്.സി.ബി 1449 ന് സമീപം
3. പാണൂർ സൊസൈറ്റിക്കു സമീപം

സഹകരണ മാവേലി സ്റ്റോറുകൾ

1. കാട്ടിൽ മാർക്കറ്റ്
2. മുണ്ടപ്പുള്ളി (എസ്.സി.ബി 1449)
3. പാണൂർ സൊസൈറ്റി
4. കുട്ടംകൈത
5. ജയഭാരത് ലൈബ്രറിക്കു സമീപം
6. താമല്ലാക്കൽ ജംഗ്ഷൻ

ഊർജ്ജ സംരക്ഷണം

1. ജനകീയ സഹകരണത്തോടെ വൈദ്യുത പൈതുകളിലെ ടച്ചിംഗ് നിക്കം ചെയ്യുന്ന പരിപാടി ആവിഷ്കരിക്കണം.
2. വൈദ്യുത ഉപഭോഗം ഗണ്യമായും കുറയ്ക്കുന്നതിനും കുറഞ്ഞ വൈദ്യുതികൊണ്ട് മെച്ചമായ പ്രകാശം പരിക്കുന്നതിനും ഉതകുന്ന ഇലക്ട്രോണിക് ബല്ലാസ്റ്റുകളും സൗരോർജ്ജ പൈതുകളും വ്യാപകമാക്കുക.

5.7

പാർപ്പിടം, സാമൂഹ്യക്ഷേമം

പാർപ്പിടം

1. ഹരിജൻ ഗിരിജൻ കോളനികളായ മല്ലേക്കര, ചെന്നാട്ട് എന്നി കോളനികളിൽ ഇപ്പോൾ വീടുകളില്ലാത്ത കുടുംബങ്ങൾക്ക് അടിയന്തരമായി വീടുകൾ നിർമ്മിക്കണം.

2. പഞ്ചായത്തിൽ 8 വക്ഷംവീട് കോളനികൾ നിലവിലുണ്ട്. ഇതിൽ സ്ഥിരമായി വീടുകളില്ലാത്ത 74 കുടുംബങ്ങളുണ്ട്. ഇവർക്ക് സ്ഥിരമായ വീടുകൾ നിർമിക്കണം.

3. സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത നിർധനരായ ആളുകൾക്ക് ഭൂമിയും സ്ഥിരമായ വീടും ഉണ്ടാക്കാൻ ആവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്ന് അകലയർ ചെയ്ത് വീടുകൾ നിർമ്മിക്കണം. (ഇക്കാര്യത്തിൽ എസ്. സി/എസ്.ടി, മുന്നോക്ക പിന്നോക്ക വ്യത്യാസം പരിഗണിക്കരുത്).

4. പ്രകൃതിക്ഷോഭം, അഗ്നിബാധ എന്നിവമൂലം വീടുകൾ നഷ്ടപ്പെടുന്ന നിർധനരായ ആളുകൾക്ക് വീടുകൾ നിർമിച്ചുകൊടുക്കുവാൻ ഉതകുന്ന ഒരു സ്ഥിരം ഫണ്ട് പഞ്ചായത്തിൽ ഉണ്ടായിരിക്കണം.

5. ഐ.ആർ.ഡി.പി, ഹൗസിംഗ് ബോർഡ്, ഹരിജൻ ഗിരിജൻ ഡെവലപ്പർ ബോർഡുകൾ തുടങ്ങിയവയിൽനിന്ന് വീടുകൾ നിർമിക്കുവാൻ നൽകിയിട്ടുള്ള ധനസഹായത്തിന്റെ അപര്യാപ്തതമൂലം ഇപ്പോൾ പണിപൂർത്തിയാകാതെ കിടക്കുന്ന വീടുകൾ പൂർത്തികരിക്കുവാൻ ധനസഹായത്തിന്റെ വിതരണത്തിൽ ആവശ്യമായ മാറ്റവും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ടും അനുവദിക്കണം.

6. വിധവകൾ, വികലാംഗർ, ദീർഘകാലരോഗം പിടിപെട്ടവർ, വിവാഹിതരാകാതെ തന്നെ കുട്ടികൾ ഉള്ളവർ, സ്ഥിരമായ തൊഴിലില്ലാത്തവർ എന്നിവർക്ക് സ്ഥായിയായ വീട് നിർമ്മിക്കണം.

7. 20 സെന്റോ അതിനുതാഴെയോ ഭൂമിയുള്ളവർക്ക് ഭൂമിയിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലും അവരുടെ തൊഴിൽ പ്രധാന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർധനരാണെങ്കിൽ അവരേയും ഭവനനിർമാണ സ്കീമിൽ ഉൾപ്പെടുത്തണം.

8. പഞ്ചായത്തുതലത്തിൽ ഒരു അഗതിമന്ദിരം ഉണ്ടാക്കണം.

9. മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ സ്കീമിലുമുള്ള വീടുകൾക്കും സാനിറ്ററി സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

സാമൂഹ്യക്ഷേമം

1. വിവിധ പെൻഷൻ അർഹരായിട്ടുള്ളവർക്ക് വിവരം നേരിട്ട് അറിയിക്കുവാൻ പഞ്ചായത്തുതല സംവിധാനം വേണം.

2. ഐ.ആർ.ഡി.പി സ്കീമിൽ ദുർബലവിഭാഗങ്ങൾക്ക് കക്കൂസിനു വേണ്ടി ഇപ്പോൾ നൽകിവരുന്നത് 2500 രൂപയാണ്. എന്നാൽ പരിമിതമായ രീതിയിൽ (5 റിംഗ്, ഷ്യാസ് പൈപ്പ്, മൺപൈപ്പ്, ക്ലോസറ്റ്, കക്കൂസ് മുറിക്കുള്ള കട്ട, സിമന്റ് എന്നിവയുൾപ്പെടെ 6500 രൂപയ്ക്കു മേൽ ചെലവാക്കിയാൽ മാത്രമേ ഒരു കക്കൂസ് നിർമ്മിക്കുവാൻ കഴിയൂ. ആയതിനാൽ ഐ.ആർ.ഡി.പി സ്കീമിൽ കക്കൂസുകൾ നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക മുന്നിരട്ടിയായി വർധിപ്പിക്കണം. ഇതോടൊപ്പം പഞ്ചായത്തിൽനിന്നും അനുവദിക്കുന്ന കക്കൂസുകൾക്കും ബാധകമാക്കണം.

3. സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള റിപ്പോർട്ടുകൾ പൂർണമായും ശരിയല്ല. നാമമാത്രമായ ചില പ്രവർത്തനങ്ങൾ കൊണ്ട് അവർ കോടിപ്രവർത്തനങ്ങൾ അവകാശപ്പെടുന്നു.

4. വർഷത്തിൽ ആറുതവണയെങ്കിലും കൊതുകുനിവാരണത്തിന് മരുന്ന് തളിക്കണം. ലൈസൻസ് ഇല്ലാതെ വളർത്തുന്ന മുഴുവൻ നായ്ക്കളേയും കർശനമായി പിടികൂടണം. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കണം. എലിപ്പനിയുടെ വ്യാപനങ്ങൾ തടയുന്നതിനും കൃഷിനാശത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി എലി നശീകരണം ഒരുവർഷത്തിൽ രണ്ടുപ്രാവശ്യം വീതം നടപ്പിലാക്കണം. ഇതിനാവശ്യമായ എലിവിഷം പഞ്ചായത്തിലുള്ള മുഴുവൻ വീടുകൾക്കും ഒരേദിവസം തന്നെ വിതരണം ചെയ്യണം.

5. പൊതുസ്ഥലങ്ങളിൽ വച്ചുനടത്തുന്ന അറവുമൃഗങ്ങളെ കശാപ്പുചെയ്യലും ഇറച്ചിവിൽപനയും കർശനമായി തടയണം.

6. സാമൂഹ്യവിപത്തുകളിൽ മുഖം ദുരിതമനുഭവിക്കുന്നവർക്ക് അതിനിന്നും മോചനം ലഭിക്കുന്നതിന് ആവശ്യമായ നിർദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിന് വളന്റിയർമാർ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലുകൾ പഞ്ചായത്തുതലത്തിൽ രൂപവൽക്കരിക്കണം.

7. സ്ത്രീ തൊഴിലാളികൾ തിങ്ങിപാർക്കുന്ന കേന്ദ്രങ്ങളിൽ അവരുടെ മുഴുവൻസമയ സേവനം ലഭിക്കുന്ന ശിശുക്കളെ സംരക്ഷിക്കുവാൻ ആവശ്യമായ ക്രഷ് കേന്ദ്രങ്ങൾ സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്തോടുകൂടി പ്രവർത്തിപ്പിക്കണം.

8. അങ്കണവാടികളെ കേന്ദ്രമാക്കിക്കൊണ്ട് മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് പോഷകാഹാരവിതരണം സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്തോടുകൂടി പ്രവർത്തികമാക്കണം.

5.8 സംസ്കാരം

സാക്ഷരതയിൽ മുൻപന്തിയിലെങ്കിലും പൗരന്മാർ തങ്ങളുടെ കടമകളെക്കുറിച്ച് ബോധവാന്മാരല്ലതന്നെ. ഗ്രാമസഭായോഗങ്ങളുടെ അനുബന്ധപരിപാടിയിലൂടെയോ സംഘടനകൾ മുഖേനയോ ബോധവൽക്കരണ പരിപാടി ഊർജിതമാക്കി പ്രശ്നം പരിഹരിക്കണം.

ഗ്രന്ഥശാലകളും വായനശാലകളും

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും നില വളരെ പരിതാപകരമാണ്. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിനും ഇല്ലായ്മയുടെ കഥയാണ് പറയാനുള്ളത്.

താമല്ലാക്കൽ പബ്ലിക് ലൈബ്രറി, കൂട്ടംകൈത ഗ്രാമീണവായനശാല, കുമാരപുരം ചെന്നാട്ടു കോളനിയിലുള്ള വായനശാല എന്നിവ പ്രവർത്തന രഹിതമായികിടക്കുന്നു ഇവയ്ക്കെല്ലാം നഷ്ടപ്പെട്ട ജനകീയസ്വഭാവം വീണ്ടെടുക്കുകയും ഇവയെ പുനരുദ്ധരിക്കുകയും ചെയ്യേണ്ടതായുണ്ട്. അതാതു പ്രദേശത്തെ സന്നദ്ധസേന മുൻകൈയെടുത്ത് പ്രശ്നം പരിഹരിക്കണം.

കലാസാംസ്കാരിക സംഘടനകൾ

പാരമ്പര്യകലകൾ പരിപോഷിപ്പിക്കത്തക്കവിധം നിലവിലുള്ള സംഘടനകളെ പുനരുദ്ധരിക്കണം. കലാസാംസ്കാരിക സംഘടനകളെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് ഒരു കർമപരിപാടിക്ക് രൂപം നൽകുകയും ഇവയുടെ പ്രവർത്തനം വിലയിരുത്തുവാനും ആവശ്യമായ നിർദേശങ്ങൾ നൽകുവാനും ഒരു സമിതി രൂപീകരിക്കണം.

പഞ്ചായത്ത് സാംസ്കാരിക നിലയം

ഈ സ്ഥാപനത്തിന് വേണ്ടത്ര സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇതിനായി പഞ്ചായത്താഫീസിനു വടക്കുവശത്തുള്ള പുറമ്പോക്കു സ്ഥലത്ത് സാംസ്കാരിക നിലയത്തിനു ഒരു അനുബന്ധ കെട്ടിടം നിർമിക്കണം. ഒരു ഇൻഫർമേഷൻ സെന്ററായി സാംസ്കാരിക നിലയത്തെ വികസിപ്പിക്കണം.

കായികരംഗം

സ്കൂൾ തലത്തിൽ കായികരംഗം പുഷ്ടിപ്പെടുത്തണം. ഇതിനായി മാനേജ്മെൻറ്, പി.ടി.എ, ഡിപ്പാർട്ടുമെൻറ് എന്നിവയുടെ കൂട്ടായ നേതൃത്വം ഉണ്ടാകണം.

യുവജനങ്ങൾക്ക് കായിക പരിശീലനം നൽകുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു പരിശീലനകേന്ദ്രം ആരംഭിക്കണം. ഇതിനായി പരിശീലനം സിദ്ധിച്ച റിട്ട. അധ്യാപകർ, റിട്ട. ആർമി ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തണം.

സ്കൂൾതല കലാസമിതി

സ്കൂൾതലത്തിൽ കലാസമിതികൾ സംഘടിപ്പിച്ച് കലാപരിശീലനം കാര്യക്ഷമമാക്കണം. വായനശീലം വളർത്താൻ സ്കൂൾ തലത്തിൽ റിഡേഴ്സ് ക്ലബ് സംഘടിപ്പിക്കുക.

ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.

ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനം പുരോഗമിപ്പിക്കുന്നതിന് ആവശ്യമായി സഹായം പഞ്ചായത്തിൽനിന്നും ലഭ്യമാക്കുക.

കലാകായിക രംഗം പരിപോഷിപ്പിക്കുവാൻ 'കോളേജ്സവം' വളരെ ചിട്ടയായി സംഘടിപ്പിക്കുക.

പഞ്ചായത്തിൽ ഒരു കമ്യൂണിറ്റി ഹാളിന്റെ അഭാവം നിലനിൽക്കുന്നു. ഒരു കമ്യൂണിറ്റിഹാളും ഓഡിറ്റോറിയവും പണിയണം.

5.9

വനിതാ ക്ഷേമം

1. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിതാ വ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്യുക.

2. വാർഡടിസ്ഥാനത്തിൽ അതിന്റെ യൂണിറ്റ് പ്രവർത്തിപ്പിക്കുക.

3. മഹിളാ സംഘങ്ങൾ വികസിപ്പിക്കുകയും വെച്ചൂർ തുടങ്ങിയ നല്ലയിനം പശുക്കളെയും ആട്, കോഴി, താറാവ് മുതലായവയും വിതരണം ചെയ്യുക. പാൽ ഉൽപന്നങ്ങൾ ഉണ്ടാക്കി വിപണം ചെയ്യുന്നതിനുള്ള സൗകര്യവും പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുക.

4. പഞ്ചായത്തുതലത്തിൽ ഖാദി വ്യവസായ യൂണിറ്റ് വനിതകൾക്കായി അനുവദിക്കുകയും നേന്ത്രച്ച വളർത്തൽ, പട്ടുനൂൽപ്പുഴു, കൈത്തറി വസ്ത്രനിർമ്മാണം, ഷോപ്പിംഗ് സെന്റർ എന്നിവ അനുവദിക്കുക.

5. 700 ഓളം അംഗങ്ങളുള്ള എസ്.എൻ.ഡി.പി.എസ്.എസ്.എസ് വനിതാ സംഘത്തിന് 21 സെന്റ് സ്ഥലവും കെട്ടിടവും ഉണ്ട് അഭ്യസ്ഥ വിദ്യർക്കുപുറമെ സോപ്പു നിർമ്മാണം, തയ്യൽ, മത്സ്യകൃഷി തുടങ്ങിയവയ്ക്ക് പരിശീലനം സിദ്ധിച്ചവരുണ്ട്. കൂടാതെ മെഴുകുതിരി, ചന്ദനത്തിരി, വസ്ത്ര നിർമ്മാണം തുടങ്ങിയ പഞ്ചായത്തിന്റെ സഹായത്തോടെ നടത്തുവാൻ ആഗ്രഹിക്കുന്നു.

6. കുമാരപുരം പഞ്ചായത്തിലെ മുഴുവൻ വിധവകൾക്കും വിവാഹമോചിതർക്കും വികലാംഗർക്കുമായവർക്കും മുൻഗണന നൽകി, തൊഴിൽസംരംഭങ്ങളും പാർപ്പിട സൗകര്യവും നൽകുക.

7. കാർഷിക മേഖലയുടെ തകർച്ച കാരണം തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിൽ പോയിട്ടുള്ള മുഴുവൻ വനിതകളെയും തിരിച്ചുകൊണ്ടുവരുവാനും, തൊഴിലവസരങ്ങൾ ഉണ്ടാക്കി കൊടുക്കുവാനും നമ്മുടെ പഞ്ചായത്തിനു കഴിയണം.

8. വിവിധ ഗ്രൂപ്പുകൾ ചർച്ചചെയ്യുമ്പോൾ കൃഷി വ്യവസായം മുതലായവയിൽ സാന്ദ്രത്തികമായി നേരിടാൻ സ്ത്രീകൾക്കുകഴിയണം. സമൂഹഭദ്രതയും ക്ഷേമവും ഉറപ്പുവരുത്തുവാൻ സ്ത്രീകളുടെ നില മെച്ചപ്പെടണം.

9. അംഗവൈകല്യമുള്ളവരുടെ കണക്ക് ശരിയല്ലാത്തതിനാൽ വീണ്ടും സർവ്വെ നടക്കേണ്ടതാണ്.

10. മദ്യനിരോധനത്തിൽ വിദേശമദ്യം കൂടി ഉൾപ്പെടുത്തി പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം.

11. ഗ്രാമോദ്ധാരണ മഹിളാ സംഘത്തിന് വേണ്ടത്ര മെഷീനുകൾ ഇല്ലാത്തതിനാൽ പ്രവർത്തനം മാന്ദ്യത്തിലാണ്. കൂടുതൽ മെഷീനുകൾക്കുവേണ്ടി പഞ്ചായത്തു തല സഹായം ആവശ്യപ്പെടുന്നു.

12. പ്രിയദർശിനി മഹിളാ [illegible] അംഗീകൃതമാക്കണമെന്ന് താൽപര്യപ്പെടുന്നു.

13. രാമവിലാസം പാലം മുതൽ മുണ്ടാറ പാലം വരെയുള്ള ഇരുപതു കുടുംബങ്ങൾക്ക് [illegible] കുടിവെള്ളം, കക്കൂസ്, വിദ്യുച്ഛക്തി എന്നിവയ്ക്കുള്ള സഹായം നൽകണമെന്ന് അവിടെയുള്ളവർ താൽപര്യപ്പെടുന്നു.

14. മണ്ണാച്ചിറ തെക്കുവശത്തുള്ള തെങ്ങിൻതടിപ്പാലം മാറ്റി കോൺക്രീറ്റുപാലം ഉണ്ടാകണമെന്ന് താൽപര്യപ്പെടുന്നു.

15. വായനശാലകളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കണം.

5.10

സഹകരണം

ഭേദഗതികൾ

1 മുതൽ 21 വരെയുള്ള നിർദേശങ്ങളിൽ താഴെപറയുന്ന ഭേദഗതികൾ വരുത്തി.

1. ''സി.വി.സി.എസ് 381 ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന മുറയ്ക്ക് സി.വി.സി.എസ് 47 നെ സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്'' എന്ന് നിർദേശം 9 ഭേദഗതിക ചെയ്തു.

2. നിർദേശം 17 പൂർണമായി നീക്കം ചെയ്തു.

3. ''എസ്.സി.ബി 2147, എസ്.സി.ബി 1449 എന്നിവയുടെ ആഭിമുഖ്യത്തിൽ ഉപഭോക്തൃ വസ്തുക്കളുടെ വികസനത്തിനായി എല്ലാകാലവും പ്രവർത്തിക്കുന്ന ഓരോ താലൂക്ക് സ്റ്റോറുകൾ പ്രവർത്തിക്കണം'' എന്ന് നിർദേശം 20 ഭേദഗതി ചെയ്തു.

അനുബന്ധം:

1. പഞ്ചായത്തുതലത്തിൽ പച്ചക്കറിത്തോട്ടങ്ങൾ നിന്നും ചക്കിനി ഉത്പാദിപ്പിക്കുന്ന ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുക.

2. കയർ സംഘങ്ങൾക്ക് ആസ്തിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നൽകിവരുന്ന 60 ശതമാനം സാമ്പത്തിക സഹായം 90 ശതമാനമായി ഉയർത്തുക.

3. സർവീസ് സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന തുഴവാൻ കയറിന്റെയും തൊണ്ടുകൾ കയർ സംഘങ്ങൾക്ക് ഉണ്ടുണ്ടുന്നതിനുമുള്ള കർശനമായി ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം.

4. പഞ്ചായത്തുതലത്തിൽ പട്ടികവർഗ ഔഷധസസ്യകൃഷി സംസ്കരണ സഹകരണസംഘം രൂപവത്കരിക്കുക.

5. അഞ്ചാം വാർഡിൽ ഒരു തേനീച്ച വളർത്തൽ (പട്ടികവർഗ) സഹകരണസംഘം രൂപവത്കരിക്കുക.

6. കാലത്തിറ-കോഴിത്തിറ-മത്സ്യത്തിറ വനിതാ സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപവത്കരിക്കുക.

7. യന്ത്രറാട്ട് ഉപയോഗിച്ച് കയർഉത്പാദിപ്പിക്കുന്നതിന് വിദഗ്ധപരിശീലനം ലഭിക്കുന്ന തൊഴിലാളികൾക്ക് ന്യായമായ സ്റ്റൈപൻഡ് ലഭ്യമാക്കുക.

8. സഹകാര്യകയർ ഉൽപാദന മേഖലയിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കയർസംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുക.

9. എ. 710 കാർത്തികപ്പള്ളി താലൂക്ക് പട്ടികവർഗ്ഗസഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപറയുന്ന നിർദേശങ്ങൾ ഉന്നയിച്ചു -

1. സംഘാംഗങ്ങൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യപ്രദമായ വർക്ക്ഷെഡ് ഉണ്ടാക്കുന്നതിന് അനുവാദവും സാമ്പത്തികസഹായവും ലഭ്യമാക്കണം.

2. ചൂരൽ കസേര നിർമ്മാണത്തിന് അസംസ്കൃത വസ്തുവായ ചൂരൽ ഇടനിലക്കാരെ ഒഴിവാക്കി ആസ്ഥാനിൽനിന്ന് നേരിട്ട് ശേഖരിക്കാൻ അനുവാദവും ആവശ്യമായ സാമ്പത്തിക സഹായവും ഉണ്ടാകണം.

3. സംഘത്തിന്റെ താലൂക്ക് സ്റ്റോറിന് ആവശ്യമുള്ള വിൽപന വസ്തുക്കൾ സിവിൽ സപ്ലൈസ് വകുപ്പിലൂടെ ലഭ്യമാക്കുക.

4. സംഘത്തിന്റെ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തിന് ചുറ്റും മതിൽകെട്ടാൻ സാമ്പത്തിക സഹായം ഉണ്ടാകണം.

5. സംഘത്തിന് സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം കാലതാമസം ഒഴിവാക്കി എത്രയുംവേഗം ലഭ്യമാക്കുക.

9. പഞ്ചായത്തുതലത്തിൽ ഒരു വനിതാ താക്കാർ സഹകരണസംഘം രൂപവത്കരിക്കണം.

5.11

പട്ടികജാതി പട്ടികവർഗ ക്ഷേമം

1.പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ ഇന്നും ജാതി പീഡനം അനുഭവിക്കുന്നതായി പറയപ്പെടുന്നു. ആകയാൽ വാർഡുകൾതോറും ബോധവത്കരണം നടത്തി പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ നടപടി ഉണ്ടാകണം.

2. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് (എട്ടാം സ്റ്റാൻറിനുമുകളിൽ) പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഏതെങ്കിലും ഒരു കേന്ദ്രത്തിൽ സൗജന്യ ട്യൂഷൻ നടപ്പാക്കുകവഴി പിന്നോക്കാവസ്ഥ പരിഹരിക്കണം. ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപികയെ ഇതിലേക്ക് നിയോഗിക്കാവുന്നതാണ്.

3. എസ്.എസ്.എൽ.സി തോറ്റ വിദ്യാർഥികൾക്ക് പഞ്ചായത്തിൻെറ ചുമതലയിൽ സാങ്കേതിക പരിശീലനം നൽകി അവർക്ക് സ്വയം തൊഴിൽ സൗകര്യം ഉണ്ടാക്കണം. അവർക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കണം.

4. കാർഷിക വ്യാവസായിക രംഗങ്ങളിൽ അഭിരുചിയുള്ള പട്ടികജാതി/പട്ടികവർഗ കുടുംബങ്ങൾക്ക് പ്രോത്സാഹനം നൽകണം. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഇതിനായി സാംസ്കാരിക സംഘടനകൾ രൂപവത്കരിക്കുക.

5. പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് ഹരിപ്പാട് കേന്ദ്രീകരിച്ച് ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കുന്നതിന് പഞ്ചായത്ത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിനോടു ശുപാർശചെയ്യുക.

6. പട്ടികജാതി വികസനവകുപ്പിൻെറ കീഴിൽ ഹരിപ്പാട് കേന്ദ്രീകരിച്ചുപ്രവർത്തിക്കുന്ന ഐ.ടി.സി, എൻ.സി.വി.ടി തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുസമിതി ശുപാർശ ചെയ്യുക.

7. തൊഴിൽ ദാനപരിപാടി എന്ന നിലയ്ക്ക് 15 വീടുകൾക്ക് ഒരു ചെറുകിട യൂണിറ്റ് എന്ന കണക്കിൽ വ്യവസായ യൂണിറ്റ് സംഘടിപ്പിക്കുക. ഈ യൂണിറ്റുകളുടെ ഉൽപന്നങ്ങൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ വിറ്റഴിക്കുന്നതിന് സൗകര്യമുണ്ടാക്കുക.

8. എസ്.സി/എസ്.ടി വിഭാഗത്തിലെ കരകൗശല വിദഗ്ധർക്കായി കരകൗശല വസ്തുക്കളുടെ നിർമ്മാണം (പൂക്കൾ, പ്രതിമകൾ തുടങ്ങിയവ) ആരംഭിക്കുക. അംസ്കൃത വസ്തുക്കൾ ഇതിനായി പഞ്ചായത്ത് വിതരണം ചെയ്യുക.

9. റെഡിമെയ്ഡ് വസ്ത്രങ്ങൾ, ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.

10. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് ഗ്രാൻറുനൽകി വീടു വച്ചിട്ടുള്ളവരുടെ വീടുകൾക്ക് പഞ്ചായത്ത് കരം ഒഴിവാക്കുക.

11. വൈദ്യുതീകരിച്ചിട്ടും കറൻറു ലഭ്യമാകാത്ത വീടുകൾക്ക് കറൻറു ലഭിക്കുന്നതിന് ശുപാർശ നൽകുക.

12. കോളനികൾക്കുപുറത്ത് ഒറ്റപ്പെട്ടു താമസിക്കുന്ന എസ്.സി/എസ്.ടി കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കുക.

13. ആരോഗ്യസംരക്ഷണത്തിന് മാരകരോഗങ്ങൾ ബാധിച്ചവർക്ക് സാമ്പത്തിക സഹായം പഞ്ചായത്ത് ഏർപ്പെടുത്തുക.

5.12

വിഭവ സമാഹരണം

1. പഞ്ചായത്തു പ്രദേശത്തു നിർമിക്കുന്ന വൻകിട കെട്ടിടങ്ങൾക്ക് എഞ്ചിനീയർമാരിൽ നിന്നും വാല്വേഷൻ സർട്ടിഫിക്കേറ്റു ഹാജരാക്കിയതിനുശേഷം കോമൺ ചുമത്തുക.

2. കൃത്യസമയത്തു നികുതി അടയ്ക്കുന്നതിനുവേണ്ടി പ്രത്യേക ഇളവ് ഈടാക്കുക.

3. പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്കുഭൂമി ഒഴിപ്പിച്ചെടുക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിൽ ആയതിന് മാർക്കറ്റ് വില ഈടാക്കിക്കൊണ്ട് കയ്യേറ്റക്കാരന് പതിച്ചുകൊടുക്കുക.

4. മരണസർട്ടിഫിക്കേറ്റു നൽകുമ്പോൾ ആയതിന് ഇന്നുള്ള ഫീസ് അപര്യാപ്തമായതിനാൽ അതുപരിഷ്കരിച്ചു വർദ്ധിപ്പിക്കുക.

5. സൈക്കിൾ, ഉന്തുവണ്ടി തുടങ്ങിയവ വാഹനങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തുക.

6. പഞ്ചായത്തിന്റെ പൊതുജലാശയത്തിൽനിന്നും മണ്ണും ചെളിയും മറ്റും എടുക്കുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.


7. പഞ്ചായത്തുവക കുളങ്ങൾ മത്സ്യക്കൃഷിക്കുവേണ്ടി പാട്ടത്തിന് കൊടുക്കാവുന്നതാണ്

8. പഞ്ചായത്തിനുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ ശമ്പളംപറ്റിക്കൊണ്ട് ജോലി ചെയ്യുന്നവരിൽനിന്നും ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാവുന്നതാണ്.

9. നിലവിലുള്ള വസ്തുക്കരം 25 പൈസ സെന്റിന് എന്ന ക്രമത്തിൽ വർദ്ധിപ്പിക്കുക.

10. വിവാഹ രജിസ്ട്രേഷൻ കുറഞ്ഞത് 25 രൂപ ഫീസ് ഈടാക്കുക.

Best Compliments from:-



Kumarapuram Service Co-operative Bank Ltd., No. 1449

Erickavu P. O.

(Via) Karthikappally, Dist: Alappuzha, Kerala.

C. K. R. PANICKER
President

K. DAMODARAN
Secretary

THE KUMARAPURAM SERVICE CO-OP. BANK Ltd: No. 2147

Thamallakkal. P. O.
Alappuzha Dist., Kerala
Phone : 2485 HPD

രജിസ്ട്രേഷൻ	25..06..1116 (ME)
പ്രവർത്തനം	10..09..1116 (ME)
അംഗീകൃത ഓഹരി മൂലധനം	20 ലക്ഷം
പിരിഞ്ഞു കിട്ടിയത്	10,19,705 രൂപാ
നിക്ഷേപങ്ങൾ	80 ലക്ഷം
വായ്പ്പകൾ	83 ലക്ഷം
അംഗങ്ങളിൽ നിൽപുവായ്പ	143 ലക്ഷം

☞ അംഗങ്ങൾക്ക് കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് 50,000 രൂപ വരെ വായ്പ നൽകുന്നു.

☞ സ്വർണ്ണപണയത്തിൻമേൽ 50,000 രൂപ വരെ വായ്പ നൽകുന്നു.

☞ ആകർഷകമായ പലിശ നിരക്കിൽ എല്ലാവിധ നിക്ഷേപങ്ങളും സ്വീകരിക്കുന്നു.

☞ 25,000 രൂപാ സലയുള്ള ചിട്ടികൾ നടത്തുന്നു.

☞ വളം വിതരണം മാവേലി സ്റ്റോർ എന്നിവ നടത്തുന്നു.

കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ-വികസന സെമിനാറിന് ആശംസകൾ നേരുന്നു.

പ്രസിഡൻറ്
എ. കെ. രാജൻ

സെക്രട്ടറി
കെ. ദിവാകരൻ

പ്രിന്റിംഗ് : ഗ്രാഫ് ഹരിപ്പാട്, കരുവാറ്റാ